# കാലിക്കറ്റ് സർവ്വകലാശാല

## സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ

**ബി. എ. മലയാളം**

**സെമസ്റ്റർ IV**

**കോഴ്സ്**

# ഭാഷാശാസ്ത്രവും ഭാഷാചരിത്രവും

# 545

*തയ്യാറാക്കിയത് :*

**ഡോ. ബ്രിൻസി മാത്യു**
അസിസ്റ്റന്റ് പ്രൊഫസർ
ദേവമാതാ കോളേജ്
കുറവിലങ്ങാട്, കോട്ടയം

**കാലിക്കറ്റ് സർവ്വകലാശാല**

**സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ**

**ബി. എ. മലയാളം സെമസ്റ്റർ IV**

# ഭാഷാശാസ്ത്രവും ഭാഷാചരിത്രവും

*തയ്യാറാക്കിയത് :*

**ഡോ. ബ്രിൻസി മാത്യു**
അസിസ്റ്റന്റ് പ്രൊഫസർ
ദേവമാതാ കോളേജ്
കുറവിലങ്ങാട്, കോട്ടയം

# മൊഡ്യൂൾ 1

# ഭാഷാശാസ്ത്രപഠനം

## ഭാഷ

ആശയവിനിമയത്തിനുള്ള ഏറ്റവും നല്ല ഉപാധിയാണ് ഭാഷ. മനുഷ്യന് ലഭിച്ചിട്ടുള്ള ഏറ്റവും വലിയ സിദ്ധിവിശേഷമായ ഭാഷ സാംസ്കാരിക കൈമാറ്റത്തിനുള്ള ഉപാധികൂടിയാണ്. ഭാഷയുടെ സഹായത്തോടെയാണ് മനുഷ്യൻ ഭദ്രമായ സാമൂഹികജീവിതം കെട്ടിപ്പടുക്കുന്നത്. ഭാഷ മനുഷ്യനെ മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തനാക്കുന്നു. ആശയവിനിമയത്തിന് മനുഷ്യൻ ഭാഷ മാത്രമല്ല ഉപയോഗിക്കുന്നത്. ഭാവപ്രകടനം, ആംഗ്യം, അടയാളം, ഉപകരണം തുടങ്ങിയവയിലൂടെയും മനുഷ്യൻ ആശയവിനിമയം നടത്തുന്നു. ആശയവിനിമയത്തിനുവേണ്ടി മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ശബ്ദങ്ങളും ഭാഷാശബ്ദങ്ങളാകുന്നില്ല. ഉച്ചാരണാവയവങ്ങൾ ഉപയോഗിച്ചു പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ മാത്രമേ ഭാഷാശബ്ദങ്ങളാകൂ. സ്ഥലം, കാലം (space & time) എന്നിവയ്ക്കനുസരിച്ച് ഭാഷാ വ്യതിയാനം നടത്തുവാൻ മനുഷ്യനു മാത്രമേ സാധിക്കൂ. അടിസ്ഥാന ഉച്ചാരണശബ്ദങ്ങൾ (Basic Vocal Signal) ഉപയോഗിക്കുവാൻ കഴിയുന്നതിലുള്ള വൈവിധ്യം ആയിരിക്കാം വ്യത്യസ്ത ഭാഷാസ്വാംശീകരണത്തിന് മനുഷ്യന് പ്രാപ്തി നൽകിയത്. 11 മുതൽ 80 വരെ അടിസ്ഥാന ഉച്ചാരണശബ്ദങ്ങൾ ഉണ്ടാക്കാൻ മനുഷ്യനു കഴിയും.

ആശയവിനിമയം പരിമിതമായ തോതിൽ ചില മനുഷ്യേതര ജീവികളിലും നടക്കുന്നുണ്ട്. മൃഗഭാഷ എന്നു പറയാറുണ്ടെങ്കിലും മൃഗങ്ങളുടെ ആശയവിനിമയരീതി എന്നു പറയുന്നതാണ് ഉത്തമം. സങ്കീർണ്ണമായ ഒരു ആശയവിനിമയ ഉപാധി മനുഷ്യനുമാത്രം സ്വന്തമാണ്. മനുഷ്യേതര ജീവികളിൽ ജൈവികവൃത്തികളാണ് (Biological Behaviour) സാമാന്യമായി കാണുന്നത്. മനുഷ്യരുടേതാകട്ടെ പഠിതവൃത്തി(Learned Behaviour)യും. എല്ലാ ദേശങ്ങളിലെയും കാക്കകൾ കരയുന്നതും കുറുനരികൾ ഓരിയിടുന്നതും പട്ടികൾ കുരയ്ക്കുന്നതും കിളികൾ ചിലയ്ക്കുന്നതും ഒരുപോലെയാണ്. എന്നാൽ മനുഷ്യഭാഷകൾ ദേശം, വർഗ്ഗം, സാഹചര്യം എന്നിവയനുസരിച്ച് വിവിധ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നു.

### ഭാഷ – നിർവ്വചനം

ഭാഷയെ സംബന്ധിച്ച പ്രസിദ്ധമായ നിർവ്വചനങ്ങൾ താഴെ കൊടുക്കുന്നു.

1. “മനുഷ്യൻ ആശയവിനിമയത്തിനും വിചാരവികാരങ്ങൾ പ്രകടിപ്പിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന ഒരു കൃത്രിമസങ്കേതമാണ് ഭാഷ.” ("Language is a purely human and non-instinctive method of communicating ideas, emo-

tions and desires by means of systems of voluntarily produced symbols" )

- E. Sapir

2. “മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം” (“Speech is the representation of the experience of the mind")

– അരിസ്റ്റോട്ടിൽ

3. ‘‘സമൂഹം സഹവർത്തിത്വത്തിനുപയോഗിക്കുന്ന, സ്വേച്ഛാപരമായ വാചികപ്രതീകങ്ങളുടെ വ്യവസ്ഥയാണ് ഭാഷ” (“A language is a system of arbitrary vocal symbols, by means of which a social group co-operates”)

– ലിയോനാൾഡ് ബ്ലൂംഫീൽഡ്

4. ഒരു സമൂഹത്തിന്റെ ഭാഷയെന്നത് ആ സമൂഹത്തിലുണ്ടാകുന്ന ഭാഷണങ്ങളുടെ ആകെത്തുകയാണ് (“The totality of the utterances that can be made in a speech community is the language of that community”)

– ജെ. വാറ്റ്മോഗ്

5. സമസ്തസമുദായം അന്യോന്യം ആശയവിനിമയത്തിനുപയോഗിക്കുന്ന സാമ്പ്രദായിക സൂചകങ്ങളുടെ വ്യവസ്ഥയാണ് ഭാഷ (“Language is a system of conventional signals used for communication by a whole community”)

– എ. സി. ഗിംസൺ

6. ‘‘ഒരു പ്രത്യേകവിഭാഗം ആശയവിനിമയാർത്ഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണശബ്ദങ്ങളുടെ സ്വരൂപഘടനയോടുകൂടിയ പഠിതവൃത്തിയാണ് ഭാഷ”

– കെ. എം. പ്രഭാകരവാര്യർ

7. ‘‘നമ്മുടെ വികാരങ്ങളേയും വിചാരങ്ങളേയും അന്യോന്യം വിനിമയം ചെയ്യുന്നതിന് കണ്ഠനാളത്തേയും ആധ്യഗതങ്ങളായ അവയവങ്ങളേയും പ്രവർത്തിപ്പിക്കുന്നതിന്റെ ഫലമായുണ്ടാകുന്ന വിവിധ ധ്വനികളുടെ കൂട്ടമാണ് ഭാഷ’’

– കെ. ഗോദവർമ്മ

8. പരസ്പരം സഹകരിക്കുവാൻ സമൂഹം ഉപയോഗിക്കുന്ന സ്വേച്ഛാപരവാച്യചിഹ്നങ്ങളുടെ വ്യവസ്ഥയാണ് ഭാഷ.

– Block Bernard and Trager

9. ഏതെങ്കിലുമൊരു മനുഷ്യസഞ്ചയം ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതും, ഉപയോഗിക്കാവുന്നതുമായ നിശ്ചിത ഘടനയുള്ള

സ്വേച്ഛാപരവാച്യ ശബ്ദങ്ങളോ, ശബ്ദശ്രേണിയോ ആണ് ഭാഷ.”

– Carroll John

10. മനുഷ്യമനസ്സിലെ അന്തർഗത സ്വഭാവങ്ങളും (intrinsic properties) നമ്മുടെ വർഗ്ഗത്തിന്റെ ജനിതക സിദ്ധിയും (genetic endownaent) ഉൾക്കൊള്ളുന്ന പ്രാപഞ്ചിക നിയമങ്ങളുടെ ഒരു സവിശേഷഗണമാണ് ഭാഷ”

– Noam Chomsky

## ഭാഷയും ആശയവിനിമയവ്യവസ്ഥയും

ആശയം ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് എത്തുമ്പോഴാണ് ആശയവിനിമയം നടക്കുന്നത്. ആശയം പുറപ്പെടുന്ന സ്ഥലത്തെ ഉത്ഭവകേന്ദ്രം എന്നും എത്തുന്ന സ്ഥലത്തെ പ്രാപ്യസ്ഥാനം എന്നും പറയുന്നു. ആശയങ്ങൾ അമൂർത്തമാകയാൽ അതിന് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് സഞ്ചരിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ആശയത്തെ സഞ്ചാരയോഗ്യമായ വിധത്തിൽ സന്ദേശചിഹ്നങ്ങളാക്കി മാറ്റണം. ഈ പ്രക്രിയ നിർവ്വഹിക്കുന്ന ഘടകത്തെ പ്രേഷകം എന്നു പറയുന്നു. ആശയത്തെ സന്ദേശചിഹ്നങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് സങ്കേതനം. സന്ദേശചിഹ്നങ്ങൾ സഞ്ചരിക്കുന്ന മാർഗ്ഗമാണ് സന്ദേശമാധ്യമം. ഉത്ഭവകേന്ദ്രത്തിൽ ഉദിക്കുന്ന ആശയത്തെ പ്രേഷകം സങ്കേതനത്തിലൂടെ സന്ദേശചിഹ്നങ്ങളാക്കി മാറ്റുകയും അവ സന്ദേശമാധ്യമത്തിലൂടെ പ്രാപ്യസ്ഥാനത്ത് എത്തുകയും ചെയ്യുന്നു. പ്രാപ്യസ്ഥാനത്ത് ആശയസ്വീകരണം നടക്കുന്നതിന് സന്ദേശചിഹ്നങ്ങളെ ആശയങ്ങളായി പരിവർത്തനം ചെയ്യണം. ആ ക്രിയ നടത്തുന്ന ഘടകമാണ് സ്വീകരണി. സ്വീകരണി ആശയങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് വിസങ്കേതനം. എല്ലാത്തരത്തിലുമുള്ള ആശയവിനിമയങ്ങളിലും ഉത്ഭവകേന്ദ്രം, പ്രേഷകം, സന്ദേശമാധ്യമം, സ്വീകരണി, പ്രാപ്യസ്ഥാനം എന്നീ അഞ്ചു ഘടകങ്ങൾ ഉണ്ടായിരിക്കും. ഈ ഘടകങ്ങളിൽ നടക്കുന്ന പ്രക്രിയകൾ യഥാക്രമം ആശയോദ്ഭവം, സങ്കേതനം, സന്ദേശചിഹ്നങ്ങളുടെ സഞ്ചാരം, വിസങ്കേതനം, ആശയസ്വീകരണം എന്നിവയാണ്. ഈ വ്യവസ്ഥയെയാണ് ആശയവിനിമയ മാതൃക എന്നു പറയുന്നത്. ആശയവിനിമയ മാതൃകയിലെ ഘടകങ്ങളെയും സമാന്തര പ്രക്രിയകളെയും താഴെ കാണുംവിധം ചിത്രീകരിക്കാം.

**ഘടകങ്ങൾ**




**പ്രക്രിയകൾ**



ഭാഷണത്തിൽ വക്താവിന്റെ മസ്തിഷ്കത്തിൽ ഉദിക്കുന്ന ആശയത്തെ ഉച്ചാരണാവയവങ്ങൾ ഭാഷണചിഹ്നങ്ങളാക്കി മാറ്റുന്നു. ഭാഷണചിഹ്നങ്ങൾ (ശബ്ദതരംഗങ്ങൾ) അന്തരീക്ഷവായുവിലൂടെ സഞ്ചരിക്കുന്നു. ഭാഷണചിഹ്നങ്ങളെ ആശയങ്ങളാക്കി മാറ്റുന്നു. തുടർന്ന് ശ്രോതാവിന്റെ മസ്തിഷ്കം ആശയം സ്വീകരിക്കുന്നു.

## ആശയവിനിമയത്തെ സംബന്ധിച്ച കൂടുതൽ സങ്കീർണ്ണ സൂചനകൾ

1. ആശയവിനിമയത്തിലെ ആദ്യത്തേതും അവസാനത്തേതുമായ ഘടകങ്ങൾ സചേതനങ്ങൾ ആയിരിക്കണം. ആശയോദ്ഭവവും ആശയസ്വീകരണവും അചേതനങ്ങളിൽ നടക്കില്ല.

2. ഉദ്ഭവകേന്ദ്രവും പ്രാപ്യസ്ഥാനവും ഒരിടത്തുമാകാം. ഭാഷണ ക്രിയയിൽ ഒരാൾ തന്നെ വക്താവും ശ്രോതാവുമാകാം.

3. ആശയോദ്ഭവം, ആശയസ്വീകരണം എന്നിവ തലച്ചോറിലാണ് നടക്കുന്നത്. തലച്ചോറിന്റെ പ്രവർത്തനത്തെക്കുറിച്ച് പൂർണ്ണമായി അറിയാൻ കഴിഞ്ഞിട്ടില്ല.

4. സങ്കേതനത്തിൽ ആന്തരികചോദന ബാഹ്യപ്രതികരണത്തിന് കാരണമാവുന്നു. വിസങ്കേതനത്തിൽ ബാഹ്യചോദന (സന്ദേശചിഹ്നങ്ങൾ) ആന്തരിക പ്രതികരണത്തിന് കാരണമാവുന്നു. അതുകൊണ്ട് ഈ രണ്ടു പ്രക്രിയകളിലും ഭൗതികവും മാനസികവുമായ പ്രവർത്തനങ്ങൾ ഇടകലരുന്നു.

5. സന്ദേശചിഹ്നം, സന്ദേശമാധ്യമം എന്നിവയ്ക്ക് ചില ആശയവിനിമയ രീതികളിൽ രണ്ട് അനുക്രമാവസ്ഥകൾ ഉണ്ടാകാം. ഭാഷണത്തിൽ ആശയങ്ങളെ സന്ദേശചിഹ്നങ്ങളായി നേരിട്ട് പരാവർത്തനം ചെയ്യുന്നു. എന്നാൽ ലേഖനത്തിൽ ആദ്യം ആശയത്തെ ഭാഷണചിഹ്നങ്ങളായും പിന്നീട് ഭാഷണചിഹ്നങ്ങളെ ലിഖിതചിഹ്നങ്ങളായും (ലിപികൾ) മാറ്റുന്നു. അതുപോലെ ആശയസ്വീകരണതലത്തിൽ ആദ്യം ലിഖിതചിഹ്നങ്ങളെ ഭാഷണചിഹ്നങ്ങളായും പിന്നീട് ഭാഷണചിഹ്നങ്ങളെ ആശയങ്ങളായും മാറ്റുന്നു. ആദ്യത്തെ ചിഹ്നത്തെ പ്രാഥമികസന്ദേശചിഹ്നം എന്നും രണ്ടാമത്തേതിനെ ദ്വിതീയ സന്ദേശചിഹ്നം എന്നും പറയാം. അതനുസരിച്ച് ലേഖനത്തിലെ സങ്കേതവിസങ്കേതനങ്ങൾ ഇങ്ങനെയാണ്:

   ആശയം → പ്രാഥമിക സന്ദേശചിഹ്നം → ദ്വിതീയസന്ദേശചിഹ്നം
   (സങ്കേതനം)

   ദ്വിതീയ സന്ദേശചിഹ്നം → പ്രാഥമിക സന്ദേശചിഹ്നം → ആശയം
   (വിസങ്കേതനം)

   ടെലഫോണിലൂടെ സംസാരിക്കുമ്പോഴും ഈ രണ്ട് സങ്കേതന വിസങ്കേതനങ്ങൾ നടക്കുന്നുണ്ട്. ആദ്യം ആശയത്തെ ഭാഷണചിഹ്നങ്ങളായി (പ്രാഥമികം)

മാറ്റുന്നു. പിന്നീട് ഭാഷണചിഹ്നങ്ങളെ വൈദ്യുതതരംഗങ്ങളാക്കി (ദ്വിതീയം) മാറ്റുന്നു. വിസങ്കേതനത്തിൽ വൈദ്യുത തരംഗങ്ങളെ ഭാഷണചിഹ്നങ്ങളായും അവയെ ആശയങ്ങളായും മാറ്റുന്നു.

6. ഉത്ഭവകേന്ദ്രത്തിലെ ആശയം പ്രാപ്യസ്ഥാനം പൂർണ്ണമായും സ്വീകരിച്ചുകൊള്ളണമെന്നില്ല. വിനിമയം നടക്കുമ്പോൾ പലതരത്തിലുള്ള തടസ്സങ്ങൾക്കും വിധേയമായി ആശയത്തിനു കാലുഷ്യം, അപൂർണ്ണത, അവ്യക്തത എന്നിവ സംഭവിക്കാം. തടസ്സങ്ങൾക്ക് ചില ഉദാഹരണങ്ങൾ:

   1) ആശയത്തിലെ തെളിവില്ലായ്മ, 2) ആശയത്തിന് സമാന്തരമായ സന്ദേശചിഹ്നങ്ങൾതെരഞ്ഞെടുക്കുന്നതിൽ വരാവുന്ന പിഴവുകൾ, 3) സന്ദേശമാധ്യമത്തിന്റെ പ്രവർത്തനത്തിൽ സംഭവിക്കാവുന്ന പാകപ്പിഴകൾ, 4) സന്ദേശചിഹ്നങ്ങളുടെ സഞ്ചാരത്തിൽ ബാഹ്യസമ്മർദ്ദങ്ങൾ മൂലം ഉണ്ടാകാവുന്ന വൈകല്യങ്ങൾ, 5) സന്ദേശചിഹ്നങ്ങളെ ആശയങ്ങളായി മാറ്റുന്ന പ്രക്രിയയിലെ ശ്രദ്ധക്കുറവ്. ഇവയും സാന്ദർഭികമായ മറ്റ് പോരായ്മകളും ആശയവിനിമയത്തിന്റെ പൂർണ്ണഫലപ്രാപ്തിയിൽ പ്രതിബന്ധങ്ങൾ ഉണ്ടാക്കാം.

7. ആശയപ്രപഞ്ചം വളരെ വിപുലവും അനുസ്യൂതം വികസിക്കുന്നതുമാണ്. അതിലെ വ്യതിരിക്തഘടകങ്ങളെ പൂർണ്ണമായും പ്രതിഫലിപ്പിക്കാൻ ഭാഷാഘടകങ്ങൾക്ക് സാധിക്കുകയില്ല. ആശയലോകത്തിനും ഭാഷാവ്യവസ്ഥയ്ക്കും തമ്മിലുള്ള ബന്ധങ്ങൾ ഓരോ ഭാഷയിലും ഇതരഭാഷകളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ഒരു ഭാഷയിലെ വ്യവച്ഛേദങ്ങൾ മറ്റൊരു ഭാഷയിൽ സാധ്യമായെന്ന് വരില്ല. ഇങ്ങനെ ഓരോ ഭാഷയും ആശയപ്രപഞ്ചത്തെ ഓരോ വിധത്തിലാണ് പ്രകാശിപ്പിക്കുന്നത്. ഭാഷാഘടനയിലെ ഈ പരിമിതികൾ ആശയവിനിമയത്തിൽ പരിഗണിക്കേണ്ടിവരും.

8. ആശയവിനിമയ മാതൃകയിലെ മൂന്നാമത്തെ ഘടകമായ സന്ദേശചിഹ്നങ്ങളുടെ ഘടനയും പ്രയോഗസ്വഭാവങ്ങളുമാണ് സാമാന്യഭാഷാശാസ്ത്രത്തിലെ പ്രതിപാദ്യം. സങ്കേതവിസങ്കേതനങ്ങളിൽ മാനസികവൃത്തികൾ അടങ്ങിയിരുന്നതിനാൽ അവയെക്കുറിച്ചുള്ള പഠനം വിവരണാത്മക ശാസ്ത്രത്തിന്റെ അന്വേഷണപരിധിയിൽ പെടുന്നില്ല. അവ മനോഭാഷാവിജ്ഞാനത്തിലെ ചർച്ചാവിഷയങ്ങളാണ്.

## ഭാഷ – സവിശേഷതകൾ (Cheracteristics of Language)/

## ഭാഷ – വ്യാവർത്തക ധർമ്മങ്ങൾ

മറ്റെല്ലാ ആശയവിനിമയങ്ങളിൽ നിന്നും വ്യത്യസ്തമായി മനുഷ്യഭാഷയ്ക്കുള്ള സവിശേഷതകൾ – ഭാഷയുടെ വ്യാവർത്തക ധർമ്മങ്ങൾ – താഴെ ചേർക്കുന്നു.

1. ഭാഷയിലെ അടിസ്ഥാനമൂലകങ്ങൾ ഉച്ചരിതശബ്ദങ്ങളാണ്. ശബ്ദം പലതരത്തിലുണ്ട്. മനുഷ്യർ വായിലൂടെ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾക്ക് (ചിരി, കരച്ചിൽ, മൂളൽ, ചുമ, കൂവൽ, ചൂളംവിളി) വൈവിധ്യമുണ്ട്. ഇത്തരം

ശബ്ദങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ഭാഷണശബ്ദങ്ങൾ. അവ ഉച്ചരിതങ്ങളാണ്. ഉച്ചാരണാവയവങ്ങളുടെ വ്യവസ്ഥാപൂർവ്വമായ ചലനങ്ങൾ കൊണ്ട് ഉണ്ടാവുന്നവയാണ് ഉച്ചരിതശബ്ദങ്ങൾ. മനുഷ്യേതരജീവികൾ ആശയവിനിമയത്തിനുവേണ്ടി പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ ഉച്ചരിതങ്ങളല്ല.

2. ഭാഷയിലെ സ്വതന്ത്രങ്ങളായ അർത്ഥസൂചകശബ്ദങ്ങൾ - പദങ്ങൾ ചിഹ്നങ്ങളല്ല, പ്രതീകങ്ങളാണ്

ഭാഷ പ്രതീകാത്മകമാണ്. ആശയം, അർത്ഥം, വസ്തു എന്നിവയെ സൂചിപ്പിക്കുന്ന ചിഹ്നമാണ് പ്രതീകം. സൂചകത്തിനും സൂചിതത്തിനും തമ്മിൽ സ്വാഭാവികബന്ധമില്ലെങ്കിൽ ആ ബന്ധം ആരോപിച്ചതാണെങ്കിൽ സൂചകത്തെ പ്രതീകമെന്ന് പറയാം. സൂചകത്തിനും സൂചിതത്തിനും തമ്മിൽ സ്വാഭാവികബന്ധമുണ്ടെങ്കിൽ സൂചകത്തെ ചിഹ്നം എന്ന് പറയും. പ്രതീകത്തെ സൂചകമെന്നും സൂചിതമെന്നും വേർതിരിക്കാം. ഭാഷയിലെ ചിഹ്നങ്ങൾ വാക്കുകളാണ്. അവയിലെ ശബ്ദബിംബം (സൂചകം) മനസ്സിലുണ്ടാക്കുന്ന പ്രതിബിംബമാണ് സൂചിതം. സൂചിതത്തെ ഒരൊറ്റ ഭൗതിക വസ്തുവിലേക്ക് ചുരുക്കാനാവില്ല. അത് വസ്തുസങ്കല്പനം (Concept) ആണ്.

3. ഭാഷ അഭ്യസനം മൂലം ആർജിക്കുന്ന സിദ്ധിയാണ്. മനുഷ്യരിൽ സ്വാഭാവികമായ ജൈവിക സിദ്ധികളും അഭ്യസനം മൂലം ആർജ്ജിക്കുന്ന സിദ്ധികളുമുണ്ട്. ചിരിക്കുക, കരയുക, നടക്കുക തുടങ്ങിയവ ജൈവികസിദ്ധികളാണ്. അവയ്ക്ക് സവിശേഷസാഹചര്യങ്ങളോ പരിശീലനങ്ങളോ ആവശ്യമില്ല. മനുഷ്യേതരജീവികളിൽ ജൈവികവൃത്തികളാണ് സാമാന്യമായി കാണുന്നത്. മനുഷ്യർ അഭ്യസനത്തിലൂടെ നേടിയെടുക്കുന്ന സിദ്ധികളിൽ ഒന്നാണ് ഭാഷ. ജീവിതപരിവാര സ്വാധീനമാണ് ഭാഷാഭ്യസനത്തിന്റെ നിർണ്ണയഹേതു. മനുഷ്യഭാഷകൾ ദേശം, വർഗ്ഗം, സാഹചര്യം എന്നിവയനുസരിച്ച് വിവിധ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നു.

4. ഭാഷയുടെ ഘടന

ഘടകങ്ങളുടെ വ്യവസ്ഥാപൂർവ്വമായ സംയോജനമാണ് ഘടനയാകുന്നത്. ഘടകങ്ങളെ നിശ്ചിത നിയമങ്ങളൊന്നുമില്ലാതെ കലർത്തിയാൽ ഘടനയാവുകയില്ല. ഭാഷയും ഘടനയാണ്. ഭാഷയുടെ ഘടന സാധാരണ ഘടനകളിൽ നിന്ന് വ്യത്യസ്തമാണ്. വർണ്ണതലം, ശബ്ദതലം, വാക്യതലം എന്നീ രീതിയിൽ വിഭജനീയമായ സ്വരൂപഘടനയാണ് ഭാഷയ്ക്കുള്ളത്.

വർണ്ണതലം: ഭാഷാവ്യവസ്ഥയിലെ 3 തലങ്ങളിൽ ഏറ്റവും താഴെ വർണ്ണതലം. ഭാഷയിലെ മൗലികധ്വനിയാണ് വർണ്ണം. ഉദാ: അ, ഇ, ഉ, ക്, ത്, പ്.

രൂപതലം: വർണ്ണങ്ങളെ കൂട്ടിച്ചേർത്ത് രൂപതലം ഉണ്ടാക്കുന്നു. ഉദാ: തല = ത്+അ+ല്+അ, കുട്ടി = ക്+ഉ+ട്+ട്+ഇ.

ഭാഷയുടെ പ്രഥമതലത്തിലുള്ള മാത്രകളാണ് സ്വനങ്ങൾ (Syllable). പദാംഗങ്ങൾ ചേർന്ന് രൂപമാത്രകളും (morphs) രൂപമാത്രകളുടെ

സംയോജനത്തിലൂടെ പദങ്ങളും (words) ഉണ്ടാകുന്നു. പദസംയോജനത്തിലൂടെ അനന്തപദസംഹിതകളും (phrases) തുടർന്ന് വാക്യഘടനകളും സൃഷ്ടിക്കപ്പെടുന്നു. ചില നിയമങ്ങൾക്ക് വിധേയമായാണ് ഈ സംയോജനങ്ങളെല്ലാം നടക്കുന്നത്. ഈ നിയമവിധേയത്വമാണ് ഭാഷാസങ്കീർണ്ണതയ്ക്കാധാരം.

5. ഭാഷാസ്വഭാവം - കാലം ചെല്ലുന്തോറും മാറിക്കൊണ്ടിരിക്കും.

പരിണാമം ഭാഷകളുടെ പൊതുസ്വഭാവമാണ്. മാറ്റം സംഭവിക്കുന്നത് സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമാണ്. ഒരു ഭാഷയിലുണ്ടാകുന്ന മാറ്റം എല്ലാ കാലത്തും ഒരേ മാതിരിയാവില്ല. സാഹചര്യവ്യത്യാസങ്ങൾക്കനുസരിച്ച് മാറ്റത്തിന്റെ രീതിയും മാറും. വാമൊഴിയിലാണ് മാറ്റങ്ങൾ ആദ്യം സംഭവിക്കുക. ചിലപ്പോൾ വരമൊഴിയിൽ സംഭവിക്കുന്ന മാറ്റങ്ങൾ വാമൊഴിയിലേക്കും പകർന്നിരിക്കും. പുതിയ പദങ്ങൾ കടന്നുവരുന്നതും വിട്ടുപോകുന്നതും ഒന്നിനുപകരം മറ്റൊന്നു കടന്നുവരുന്നതും ഭാഷകളുടെ സാധാരണ സ്വഭാവമാണ്.

6. ഭാഷയുടെ സ്ഥലകാലാതീത സൂചന

മറ്റ് ജീവികളുടെ ആശയപ്രകാശനം സ്ഥലകാലബദ്ധമാണ്. ആശയപ്രകാശനം നടക്കുന്ന സ്ഥലത്ത്, ആ സമയത്ത് നടക്കുന്ന കാര്യങ്ങളേ അവയ്ക്ക് വിനിമയം ചെയ്യാനാവൂ. എന്നാൽ മനുഷ്യരുടെ ഭാഷാപ്രയോഗത്തിന് ഈ പരിമിതിയില്ല. ഗതകാലസംഭവങ്ങളെയും വിദൂരസ്ഥലത്തുള്ള സംഗതികളെയും പരാമർശിക്കുവാൻ മനുഷ്യഭാഷയ്ക്ക് കഴിയും.

7. ഭാഷ ആത്മപ്രകാശന ഉപാധിയാണ്

ഭാഷ ആശയവിനിമയത്തിനും ആത്മപ്രകാശനത്തിനുമുള്ള ഉപാധിയാണ്. മനുഷ്യനു മാത്രമേ ചിന്തകളെ ഭാഷയിലൂടെ പ്രകടിപ്പിക്കാനാവൂ. മനുഷ്യവർഗ്ഗത്തിനു മാത്രമുള്ളതും മനുഷ്യവർഗ്ഗത്തിനു മുഴുവനായുള്ളതും ആയ ഒന്നാണ് ഭാഷാസിദ്ധി

8. വികസനോന്മുഖത - സ്വീകരണ സന്നദ്ധത

ഭാഷയിലെ പദങ്ങളെ വൈവിധ്യത്തോടെ ക്രമീകരിച്ച് അനന്തമായി വാക്യങ്ങൾ ക്രമീകരിക്കാം.

9. സ്വാത്വവ്യതിയാനം

ഒരേ സമയം ഒരു വ്യക്തിക്ക് ശ്രോതാവായും വക്താവായും പ്രവർത്തിക്കാം.

10. പ്രയോഗവൈചിത്ര്യസാധ്യത

ഒരേ രൂപം തന്നെ വ്യത്യസ്ത ആശയസംവേദനത്തിനായി ഉപയോഗിക്കാം.

11. വിശേഷവൽക്കരണം

വിനിമയ അവയവങ്ങളുടെ പൂർണ്ണ പങ്കാളിത്തം ഭാഷാവിതരണത്തിൽ അനാവശ്യമാണ്. ഭക്ഷിക്കുകയോ നടക്കുകയോ ചെയ്യുമ്പോഴും മനുഷ്യന് ആശയവിനിമയത്തിൽ ഏർപ്പെടാം.

12. മനുഷ്യഭാഷ ചലനാത്മകവും സംസ്കാരസംരക്ഷണത്തിന് ഉപയുക്തവുമാണ്.

## ശിശുഭാഷ

ഒരു വ്യക്തിയുടെ ഭാഷയുടെ പരിണാഘട്ടങ്ങളെപ്പറ്റി പഠനങ്ങൾ നടന്നിട്ടുണ്ട്. ജനനം മുതൽ 15 വയസ്സുവരെ, 15 വയസ്സു മുതൽ 30 വയസ്സു വരെ, 30 മുതൽ 60 വയസ്സു വരെ, 60 നു ശേഷം എന്നിങ്ങനെയാണ് ക്രമം. ഒരു കുഞ്ഞ് പിറന്നുവീണ് 4–5 മാസം കഴിയുന്നതോടെ അസ്പഷ്ടശബ്ദങ്ങളിലൂടെ ആശയപ്രകാശനത്തിനുള്ള ശ്രമം ആരംഭിക്കുന്നു. ഒന്നൊന്നര വയസ്സാകുമ്പോഴേക്കും കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നു. ആ സമയം മുതൽ ഒറ്റപ്പദങ്ങൾ ഉപയോഗിച്ചു ഭാഷാപരീക്ഷണങ്ങൾ നടത്തുന്നു. രണ്ടു വയസ്സാകുമ്പോഴേക്കും ഒന്നിലധികം പദങ്ങൾ ചേർത്തുപയോഗിക്കാനും പഠിക്കുന്നു. 4 വയസ്സാകുമ്പോഴേക്കും മാതൃഭാഷയുടെ വാക്യഘടനകളിൽ ഏറിയ പങ്കും കുട്ടികൾ സ്വായത്തമാക്കുന്നു. ഇത്രയും ചുരുങ്ങിയ കാലഘട്ടത്തിൽ, ബൗദ്ധികമായി വളർച്ചയെത്താത്ത ശിശുക്കൾ, ഭാഷയെപ്പോലുള്ള ഒരു സങ്കീർണ്ണവ്യവസ്ഥ എങ്ങനെ ഉൾക്കൊള്ളുന്നുവെന്ന് ഭാഷാശാസ്ത്രകാരന്മാരും മനഃശാസ്ത്രജ്ഞന്മാരും അത്ഭുതപ്പെട്ടിട്ടുണ്ട്. ഭാഷാർജ്ജനത്തിനുള്ള വാസന മാനുഷികജന്മസിദ്ധിയായിരിക്കണം. അനുകൂല സാഹചര്യങ്ങളിൽ ഏത് മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും. കുഞ്ഞുങ്ങളുടെ ആദ്യകാലത്തെ ഭാഷാഗ്രഹണത്തിനും ഭാഷയുമായുള്ള സമ്പർക്കം അനിവാര്യമാണ്. എന്നാലും മാതൃഭാഷയെ – പരിസരം സംഭാവന ചെയ്യുന്ന മാതൃകയെ – അങ്ങനെതന്നെ അനുകരിക്കുകയല്ല ശിശുക്കൾ ചെയ്യുന്നത്. അനുകരണം അവരുടെ ഭാഷണപ്രക്രിയയുടെ സ്വഭാവമാണെന്നിരിക്കിലും മുതിർന്നവരുടെ ഭാഷയുടെ ആവർത്തനങ്ങളല്ല ശിശുഭാഷ. ഈ രണ്ടു ഭാഷാരീതികൾക്കും വ്യാകരണപരമായി സാരമായ വ്യത്യാസങ്ങൾ ഉണ്ട്.

കുട്ടികളുടെ ആദ്യശബ്ദപ്രകടനം പിറവിക്കരച്ചിലാണ്. ഈ കരച്ചിലും അതോടൊപ്പമുള്ള അവയവങ്ങളുടെ പിടച്ചിലും അന്തരീക്ഷവുമായി പൊരുത്തപ്പെടാനുള്ള സ്വാഭാവിക ശ്രമങ്ങളാണ്. ഗർഭപാത്രത്തിൽനിന്ന് വ്യത്യസ്തമായ സമ്മർദ്ദ – താപനിലകളുള്ള അന്തരീക്ഷം ഉളവാക്കുന്ന അസ്വാസ്ഥ്യത്തിൽനിന്നുള്ള ആശ്വാസത്തിനുവേണ്ടിയും രക്തസഞ്ചാരം ക്രമീകരിക്കുന്നതിനുവേണ്ടിയും ആണ് പ്രസവിച്ച ഉടനെ കുട്ടി കരയുന്നതും കൈകാലുകൾ കുടയുന്നതുമെല്ലാം. ഇവയെല്ലാം അനിച്ഛാവൃത്തികളാണ്.

പിറവിക്കരച്ചിലിൽ തുടങ്ങുന്ന ശിശുക്കളുടെ ശബ്ദപ്രകാശനങ്ങൾ അടുത്ത ആറു മാസക്കാലത്തേക്ക് ഭാഷയുമായി പ്രത്യക്ഷബന്ധം പുലർത്തുന്നില്ല. ഈ കാലഘട്ടത്തെ കുറുകൽ ഘട്ടം എന്ന് വിളിക്കും. വ്യതിരിക്ത സ്വഭാവമില്ലാത്ത കുറുകൽ ശബ്ദങ്ങളുടെ ഘട്ടമാണിത്. കുറുകൽ ശബ്ദങ്ങൾക്ക് ഏറെ ദൈർഘ്യമുണ്ടായിരിക്കുകയില്ല. ഈ ശബ്ദപ്രകാശനങ്ങൾ അബോധപൂർവ്വമായ അനിച്ഛാവൃത്തികളാണ്. ഉച്ചാരണാവയവങ്ങളുടെ നേരിട്ടുള്ള പങ്ക് കുറുകൽ

ശബ്ദങ്ങൾക്കില്ല.

അടുത്ത ഘട്ടം ഭാഷാഭ്യസനത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്നു. ദൈർഘ്യമില്ലാത്ത കുറുകൽ ശബ്ദങ്ങളിൽ നിന്നും നീണ്ടുനിൽക്കുന്ന ശബ്ദസംഘാതങ്ങളിലേയ്ക്കുള്ള മാറ്റമാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഉച്ചാരണാവയവങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള ശബ്ദപ്രകാശനങ്ങൾ നടക്കുന്ന ഘട്ടമാണിത്. കുട്ടികളെ സംബന്ധിച്ചിടത്തോളം രസകരമായ പരീക്ഷണഘട്ടം കൂടിയാണിത്. ഈ ഘട്ടത്തെ കൊഞ്ചൽ ഘട്ടം എന്നാണ് പറയുന്നത്. രണ്ട് മാറ്റങ്ങളാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഒന്ന് ശബ്ദപ്രകടനം ദീർഘമാകുന്നു. രണ്ട്, ഉച്ചാരണാവയവങ്ങളുടെ വ്യവസ്ഥാപിതചലനം ഈ ഘട്ടത്തിൽ പ്രകടമാകുന്നു. ഉച്ചാരണാവയവങ്ങളെ ക്രമീകൃതമായ രീതിയിൽ ഉപയോഗിക്കാനുള്ള പരിശീലനം ഈ ഘട്ടത്തിൽ ശിശുക്കൾ നടത്തുന്നു. എന്നാൽ ഈ ഘട്ടത്തിലും ഭാഷാപ്രയോഗം ആരംഭിക്കുന്നില്ല. ഭാഷാപ്രയോഗത്തിന് സ്വയം സന്നദ്ധരാക്കുന്ന രീതിയിൽ കുട്ടികളിൽ ചില പരിശീലനങ്ങൾ നടക്കുന്നതേയുള്ളൂ. ശിശുക്കളിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന ഉച്ചരിത ശബ്ദങ്ങൾ ഓഷ്ഠ്യങ്ങളായിരിക്കും എന്ന പൊതുധാരണ വേണ്ടത്ര അടിസ്ഥാനമുള്ളതല്ല. പല ശിശുഭാഷാപഠനങ്ങളിലും ആദ്യമായി ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങൾ ക്, ച് മുതലായവയാണെന്ന് കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഘട്ടത്തിന്റെ അവസാനത്തോടെ, സ്വരവ്യഞ്ജനങ്ങൾ വേർതിരിച്ചറിയാവുന്ന വിധത്തിൽ കുട്ടികളുടെ ഉച്ചാരണവൃത്തി വളരെ പുരോഗമിച്ചിരിക്കും.

അടുത്ത ഘട്ടത്തിലാണ് ശരിയായ അർത്ഥത്തിൽ കുട്ടികൾ ഭാഷയുമായി പ്രത്യക്ഷസമ്പർക്കം ആരംഭിക്കുന്നത്. ഏതാണ്ട് ഒന്നര വയസ്സാകുമ്പോൾ, കുട്ടികൾ ഒറ്റപ്പദങ്ങൾ ഉച്ചരിച്ചു തുടങ്ങും. എന്നാൽ ഏതെല്ലാം പദങ്ങളാണ് അവർ ഉച്ചരിച്ചുതുടങ്ങുന്നത് എന്നു കണ്ടുപിടിക്കുന്നത് എളുപ്പമല്ല. ആദ്യമൊക്കെ രണ്ടക്ഷരങ്ങളുള്ള പദങ്ങളാണ് കുട്ടികൾ ഉച്ചരിച്ചു തുടങ്ങുന്നത്. ഇത്തരം പദങ്ങൾക്ക് സന്ദർഭവ്യത്യാസങ്ങൾക്കനുസരിച്ച് ഒന്നിലധികം വിവക്ഷകൾ ഉണ്ടാവാം. മാത്രവുമല്ല, ആ ഒറ്റപ്പദങ്ങൾ വാക്യധർമ്മമുള്ളതാണ്. സാമാന്യവത്ക്കരണം, അമൂർത്തവത്ക്കരണം എന്നിവയുടെ പ്രാരംഭഘട്ടങ്ങൾ നടക്കുന്ന കാലമാണിത്. മസ്തിഷ്ക്കത്തിൽ ആശയങ്ങൾ സൂക്ഷിക്കുകയും അവയെ ഭാഷാമൂലകങ്ങളോട് ബന്ധപ്പെടുത്തുകയും ചെയ്യാൻ തുടങ്ങുന്നു. വസ്തുക്കളെ വിവേചിച്ചറിയാനുള്ള മസ്തിഷ്കവികാസം പതുക്കെപ്പതുക്കെയാണ് അവരിൽ ഉണ്ടാവുന്നത്. വിവേചിച്ചറിയാനുള്ള കഴിവിനെ മാതാപിതാക്കന്മാരും മറ്റ് കുടുംബാംഗങ്ങളും വാചികമായി പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കണം.

ഒറ്റപ്പദഘട്ടത്തിൽനിന്നുള്ള വികാസം പദസംഘാതഘട്ടത്തിലേക്കാണ്. ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഘട്ടമാണിത്. ഭാഷാഭ്യസനം വികസിക്കുന്നതനുസരിച്ച് അവർ അനിച്ഛാവൃത്തികളിലേക്ക് പ്രവേശിച്ചുതുടങ്ങും. അബോധമായ പ്രതികരണങ്ങളിൽ നിന്നും ബോധപൂർവ്വകമായ പ്രതികരണങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കും. അതിന്റെ ഫലമായി വസ്തുക്കളെയും പ്രവൃത്തികളെയും ഗുണങ്ങളെയും തിരിച്ചറിയാനുള്ള കഴിവും വർദ്ധിച്ചുവരുന്നു. ഈ ഘട്ടത്തിൽ അച്ഛനമ്മമാരും കുടുംബാംഗങ്ങളും കുട്ടികളുടെ ഭാഷാപ്രയോഗങ്ങളെ ശ്രദ്ധാപൂർവ്വം പോഷിപ്പിച്ചുകൊണ്ടേയിരിക്കണം. പലപ്പോഴും പോഷണവൃത്തികളുടെ അഭാവമോ പോരായ്മയോ ആണ് കുട്ടികളുടെ ഭാഷാവികാസത്തിൽ മാന്ദ്യം ഉണ്ടാക്കുന്നത്.

കുട്ടികൾ ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളുടെ ദ്വിപദവാക്യങ്ങളിൽ ശ്രദ്ധാർഹമായ ഒരു സാമാന്യസ്വഭാവം ഉള്ളതായി ശിശുഭാഷാപഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദ്വിപദ വാക്യത്തിന്റെ ഘടന ഒരു കേന്ദ്രപദവും ഒരു ആശ്രിതപദവും ചേർന്നതായിരിക്കും. കേന്ദ്രപദങ്ങളുടെ സംഖ്യ പരിമിതമായിരിക്കും. ആശ്രിതപദങ്ങളിലൂടെയാണ് വ്യത്യസ്തവ്യാകരണ ധർമ്മങ്ങളുള്ള പദങ്ങളുടെ വികാസം ഭാഷയിൽ സംഭവിക്കുന്നത്.

കുട്ടികൾ രണ്ട് പദങ്ങൾ ചേർത്ത് ഭാഷാപ്രയോഗം നടത്തുന്ന ഘട്ടം സുപ്രധാനമാണ്. ഒരു വാക്യത്തിലെ ആശയം മുഴുവൻ രണ്ട് പദങ്ങളിൽ ഒതുക്കുന്നതുകൊണ്ട് ഇത്തരം പ്രയോഗങ്ങളെ കമ്പിവാക്യങ്ങൾ എന്ന് പറയുന്നു. കമ്പി(ടെലഗ്രാം)യിലൂടെ സന്ദേശം അയയ്ക്കുമ്പോൾ നാം പൂർണ്ണവാക്യങ്ങൾ ഉപയോഗിക്കാറില്ല. ഘടനാപരമായ ഈ സങ്കുചിതത്വമാണ് രണ്ട് പദങ്ങൾ ചേർന്ന ശിശുസംഭാഷണത്തിന് ആ പേര് വരാൻ കാരണം. കുട്ടികളുടെ കമ്പിവാക്യങ്ങൾക്ക് സന്ദർഭത്തിനനുസരിച്ച് ഒന്നിലധികം ആശയങ്ങൾ ഉണ്ടാകും. കുട്ടികളിൽ ധാരണാശേഷിയേക്കാൾ പതുക്കെയാണ് പ്രകടനശേഷി വികസിക്കുന്നത്. ധാരണകളെ എല്ലാം അതേപോലെ ഭാഷയിലേക്ക് പരിവർത്തനം ചെയ്യാൻ കുട്ടികൾക്ക് സാധിക്കുകയില്ല.

രണ്ട് പദങ്ങൾ ചേർന്ന ഘടനയിൽനിന്ന് കൂടുതൽ പദങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള വാക്യങ്ങളിലേക്ക് കുട്ടികൾ വളരെവേഗം മുന്നേറുന്നു. പദസഞ്ചയത്തിന്റെ വികാസവും ഘടനാപരമായ വിപുലീകരണവും അത്ഭുതപ്പെടുത്തുന്ന രീതിയിൽ സംഭവിക്കുന്നു. ഭാഷണവികാസത്തോടൊപ്പം മുതിർന്നവരുടെ ഭാഷയിലെ വ്യാകരണപരമായ വ്യതിരിക്തധർമ്മങ്ങൾ ശിശുക്കളുടെ ഭാഷാപ്രയോഗത്തിലും കണ്ടുതുടങ്ങുന്നു. ധാരണയുടെ തലത്തിലെ സാമാന്യവത്ക്കരണം, അമൂർത്തവത്ക്കരണം എന്നിവ ഭാഷാപ്രകാശനതലത്തിലേക്കും വ്യാപിക്കുന്നു. അങ്ങനെ നാലു വയസ്സാകുന്നതോടെ കുട്ടികൾ അടിസ്ഥാനഭാഷാഘടന ഏതാണ്ട് പൂർണ്ണമായിത്തന്നെ സ്വാംശീകരിച്ചിരിക്കും.

## ജീൻ പിയാഷെയുടെ നിഗമനങ്ങൾ

ശിശുഭാഷയെപ്പറ്റി വളരെ ആധികാരികമായി പഠിച്ച സ്വിസ് പണ്ഡിതനായ ജീൻ പിയാഷെയുടെ അഭിപ്രായത്തിൽ ശിശുഭാഷയിൽ പ്രബലമായ 2 ഘട്ടങ്ങളുണ്ട്. (1) ആത്മനിഷ്ഠ ഘട്ടം. (2) സമൂഹാധിഷ്ഠിതഘട്ടം.

## ആത്മനിഷ്ഠഘട്ടം

സ്വയം തോന്നിയുള്ള ശിശുഭാഷണത്തെയാണ് പിയാഷേ ഈ ഘട്ടത്തിൽ ഉൾപ്പെടുത്തുന്നത്. പരിസരമേതെന്നോ ശ്രോതാവാരാണെന്നോ നോക്കാതെ ശിശു നടത്തുന്ന ഭാഷണത്തിലൂടെ ആത്മപ്രകാശനമാണ് നടക്കുന്നത്. ആവർത്തനം, ആത്മ ഭാഷണം, ദ്വന്ദ്വആത്മഭാഷണം എന്നിങ്ങനെ മൂന്നു തരത്തിലാണ് ശിശുഭാഷ വെളി പ്പെടുന്നത്. വാക്കുകളോ വാക്കുകൾ ഉൾക്കൊള്ളുന്ന ഭാഗങ്ങളോ ആവർത്തിച്ച് ഉച്ചരി ക്കുന്നതാണ് ആവർത്തനത്തിന്റെ സ്വഭാവം. ഇത് കുട്ടിയുടെ പില്ക്കാലത്തെ ഭാഷണ സ്വഭാവങ്ങളുടെ അടിസ്ഥാനമായിത്തീരുന്നു. കുട്ടി തന്നോടുതന്നെ സംസാരിക്കുന്ന താണ് ആത്മഭാഷണം. കളിപ്പാട്ടങ്ങളോടോ, ചായക്കൂട്ടുകളോടോ ആയിരിക്കും സംസാ

രിക്കുക. ദ്വന്ദ്വാത്മ സംഭാഷണം എന്ന അടുത്ത ഘട്ടത്തിന് ഒരു കേൾവിക്കാരൻ ആവശ്യമാണ്. അയാളോട് കുട്ടി സംസാരിക്കുന്നുവെങ്കിലും അയാളുടെ പ്രതികരണത്തെക്കുറിച്ച് കുട്ടി ശ്രദ്ധാലുവല്ല.

## സമൂഹാധിഷ്ഠിതഘട്ടം

കുട്ടി സമൂഹത്തിലെ മറ്റുള്ളവരുമായി ഇടപെടുകയും അവരുടെ ഭാഷണങ്ങളോട് പ്രതികരിക്കുകയും ചെയ്യുന്നതാണ് ഈ ഘട്ടത്തിലെ ഭാഷയുടെ സ്വഭാവം. പിയാഷെയുടെ അഭിപ്രായത്തിൽ ഇതിനെ അഞ്ചായി തരം തിരിക്കാം. മറ്റുള്ളവരുമായി ചിന്തകൾ കൈമാറുന്നതാണ് ഇതിലെ പ്രധാന അംശം. ചിന്തയുടെ വിനിമയം നടന്നുതുടങ്ങുന്ന ഈ ഘട്ടത്തിൽതന്നെ വിമർശനം എന്നു പിയാഷെ പറയുന്ന ഭാഷാസവിശേഷതകൾ കൂടി കുട്ടി പ്രദർശിപ്പിച്ചു തുടങ്ങും. സമൂഹാധിഷ്ഠിത ഘട്ടത്തിലെ പ്രധാന പ്രത്യേകത ശിശു മറ്റുള്ളവരെ ഭാഷകൊണ്ട് നിയന്ത്രിക്കുന്നു എന്നതാണ്. ആജ്ഞാപിക്കാനും അപേക്ഷിക്കാനും ഭീഷണിപ്പെടുത്താനും ശകാരിക്കാനും അവൻ ഭാഷ ഉപയോഗപ്പെടുത്തുന്നു. വിവിധാവശ്യങ്ങൾക്കായി ഭാഷയെ ഉപയോഗപ്പെടുത്താൻ ശിശുവിന് ഈ ഘട്ടത്തിൽ കഴിയുന്നു.

## ഭാഷാചിഹ്നം, സൂചക - സൂചിത വ്യത്യാസം

ഭാഷയിലെ സ്വതന്ത്രങ്ങളായ അർത്ഥസൂചക ശബ്ദങ്ങൾ - പദങ്ങൾ - ചിഹ്നങ്ങളല്ല, പ്രതീകങ്ങളാണ്. പ്രസിദ്ധ ഭാഷാശാസ്ത്രജ്ഞനായ സൊസ്യൂറിന്റെ അഭിപ്രായത്തിൽ ഭാഷയെന്നത് ചിഹ്നങ്ങളാൽ (signs) നിർമ്മിതമാണ്. ഈ ചിഹ്നങ്ങൾ സൂചകം (signifier) സൂചിതം (signified) എന്നിങ്ങനെ രണ്ടു തത്ത്വങ്ങൾ സമ്മേളിച്ചുണ്ടാകുന്ന ഇരട്ട സത്തയാണ്. സൂചകം ശബ്ദബിംബമാണ്. സൂചിതം ആശയബിംബമാണ്. മരം എന്ന ശബ്ദം സൂചകവും ഈ ശബ്ദം സൂചിപ്പിക്കുന്ന ആശയം സൂചിതവും. ഭാഷാചിഹ്നങ്ങൾ രണ്ടു വശമുള്ള ഒരു മാനസിക വസ്തുതയാണ്.

$$\text{ചിഹ്നം} = \frac{\text{സൂചകം}}{\text{സൂചിതം}}$$

സൂചക - സൂചിത ബന്ധം അവിഭാജ്യമാണ്. എങ്കിലും അത് സ്വേച്ഛാപരമാണ്, അഥവാ സാങ്കേതികമാണ്. ശബ്ദത്തിന്റെ ആന്തരിക ഗുണംകൊണ്ടല്ല അതിന് സൂചിതവുമായി ബന്ധമുണ്ടാകുന്നത്. ഈ ബന്ധം ഒരു ഭാഷണസമൂഹം പൊതുവായി പങ്കിടുന്ന ഒരു ധാരണ എന്ന നിലയിലാണ്. ഉദാഹരണമായി 'മാങ്ങ' എന്ന ചിഹ്നത്തിൽ മാങ്ങ എന്ന ശബ്ദം സൂചകവും അത് സൂചിപ്പിക്കുന്ന ആശയം സൂചിതവുമാണ്. വാക്കും അത് സൂചിപ്പിക്കുന്ന വസ്തുവുമായി അവിഭാജ്യബന്ധമൊന്നും ഇല്ലെന്നും ഒരു വാക്കിന് അർത്ഥം ലഭിക്കുന്നത് മറ്റ് വാക്കുകളുമായുള്ള വ്യത്യാസത്താലാണ് എന്നും സൊസ്യൂർ പറയുന്നു.

സൂചകത്തിനും സൂചിതത്തിനും തമ്മിൽ സ്വാഭാവികബന്ധമില്ലെങ്കിൽ, ആ ബന്ധം ആരോപിച്ചതാണെങ്കിൽ, സൂചകത്തെ, പ്രതീകം എന്നു പറയാം. ഇന്ത്യയിൽ 'കുടുംബാസൂത്രണം' എന്ന ആശയം സൂചിപ്പിക്കുവാൻ ചുവപ്പുമുക്കോണചിത്രം ഉപയോഗിച്ചുവരുന്നു. എന്നാൽ ചുവപ്പുമുക്കോണചിത്രത്തിനും കുടുംബാസൂത്രണം എന്ന

ആശയത്തിനും തമ്മിൽ സ്വാഭാവിക ബന്ധമൊന്നുമില്ല. അതായത് ചുവപ്പുമുക്കോണ ചിത്രത്തിനും കുടുംബാസൂത്രണത്തിനും തമ്മിലുള്ള ബന്ധം ആരോപിതമാണ്. അതുകൊണ്ട് ചുവപ്പുമുക്കോണചിത്രം പ്രതീകമാണ്. ഭാഷയിലെ പദങ്ങൾക്കും അവ സൂചിപ്പിക്കുന്ന ആശയങ്ങൾക്കും ആരോപിത ബന്ധമാണുള്ളത്. ഇങ്ങനെ പ്രതീകങ്ങളായതുകൊണ്ടാണ് ഒരേ ആശയത്തെ സൂചിപ്പിക്കാൻ വിഭിന്ന ഭാഷകളിൽ വ്യത്യസ്തപദങ്ങൾ ഉപയോഗിക്കുന്നത്.

## വാമൊഴിയും വരമൊഴിയും

ഭാഷയുടെ മുഖ്യമായ രണ്ട് പ്രകാശനമാധ്യമങ്ങളാണ് ഭാഷണവും (സംസാരിക്കൽ) ലേഖനവും (എഴുതൽ). ഇവ യഥാക്രമം വാമൊഴി, വരമൊഴി എന്നിങ്ങനെ അറിയപ്പെടുന്നു. ആദ്യകാല ഭാഷകളെല്ലാം തന്നെ വാമൊഴിയായിട്ടാണ് നിലനിന്നത്. ഇന്ന് ലോകത്തിൽ ഏകദേശം നാലായിരത്തോളം ഭാഷകളുണ്ട്. എന്നാൽ സ്വന്തമായ ലിപി സമ്പ്രദായവും സാഹിത്യവും ഉൾക്കൊള്ളുന്ന പുഷ്ടഭാഷകൾ കുറവാണ്. ചില ഭാഷകൾക്ക് എഴുത്തു സമ്പ്രദായവും സാഹിത്യവും ഇല്ല. അതിനാൽ ഭാഷകളെ പൊതുവെ സാഹിത്യഭാഷകളെന്നും സംസാരഭാഷകളെന്നും വേർതിരിക്കാവുന്നതാണ്.

വാമൊഴിയായി അനേകായിരം വർഷങ്ങൾ നിലനിന്നതിനുശേഷമാണ് പല ഭാഷകൾക്കും ലിപികൾ ആവിർഭവിച്ചത്. വാമൊഴിയാണ് പ്രാഥമികമെങ്കിലും വരമൊഴിക്കാണ് സമൂഹം പ്രാധാന്യം കല്പിക്കാറുള്ളത്.

വരമൊഴിയുടെ പ്രാമാണികതയ്ക്ക് മൂന്ന് കാരണങ്ങൾ ഉണ്ട്.

1. വിദ്യാഭ്യാസം, ഭരണം, സാഹിത്യം എന്നിവയിൽ വരമൊഴിയാണ് കൂടുതലായി ഉപയോഗിച്ചുവരുന്നത്.

2. ദേശം, സമൂഹം, വിദ്യാഭ്യാസനിലവാരം, പ്രായം എന്നിവയിലെ വ്യത്യാസം വാമൊഴിയിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നു.

3. വരമൊഴിക്ക് ദീർഘകാലം നിലനിൽക്കാനാവും.

ഇതൊക്കെയാണെങ്കിലും ആദ്യം ഉണ്ടായത് വാമൊഴിയാണ്. പ്രായോഗികമായ ആശയവിനിമയം നടക്കുന്നത് വരമൊഴിയെക്കാൾ വാമൊഴിയിലൂടെയാണ്.

ചില ഭാഷകളിൽ വാമൊഴി വരമൊഴിഭേദം വളരെ കൂടുതലായിരിക്കും. വരമൊഴിയിൽ നിന്ന് മലയാളത്തിലെ വാമൊഴിക്കുള്ള മുഖ്യ വ്യത്യാസം താഴെ കൊടുക്കുന്നു.

1. ഉച്ചാരണ വ്യത്യാസം : ഭാഷാശബ്ദങ്ങൾക്ക് സമാന്തരങ്ങളായ ലിപികൾ ഉപയോഗിച്ചാണ് നാം എഴുതുന്നത്. എഴുത്തു ഭാഷയെ അതേപോലെ വായിക്കുകയോ ഉച്ചരിക്കുകയോ ചെയ്യാറില്ല. ഭാഷയെ വാമൊഴിയായി ഉപയോഗിക്കുമ്പോൾ ഉച്ചാരണത്തിൽ സാരമായ വ്യത്യാസങ്ങൾ വരും.

   ഉദാ: ദയ, ലജ്ജ, ജയം എന്നൊക്കെയാണ് എഴുതുന്നതെങ്കിലും ദെയ, ലെജ്ജ, ജെയം എന്നൊക്കെയാണ് വായിക്കുന്നതും പറയുന്നതും. ഇല, വിളക്ക്, ഉലയ്ക്ക, കുളം എന്നിവ വാമൊഴിയിൽ എല, വെളക്ക്, ഒലയ്ക്ക, കൊളം എന്നാകാറുണ്ട്.

ഇങ്ങനെ എഴുത്തുഭാഷയിൽ നിന്ന് സംസാരഭാഷയിൽ പലതരത്തിലുള്ള ഉച്ചാരണ വ്യത്യാസങ്ങൾ ഉണ്ടാകുന്നു.

2. പദങ്ങൾ : സാമാന്യമായി വാമൊഴിയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പദങ്ങൾ ഉണ്ട്.

ഉദാ: മണ്ട (തല), മോന്ത (മുഖം), ദെണ്ണം (ദീനം), മേടിക്കുക (വാങ്ങുക), ഒത്തിരി (അധികം), പള്ള (വയറ്). പ്രാദേശികവും സാമൂഹികവും ആയ ഭാഷാഭേദങ്ങളിൽ ഇത്തരം പദങ്ങൾ ധാരാളം കാണും.

3. വ്യാകരണരൂപങ്ങൾ : വരമൊഴിയിൽ സാധാരണമായി ഉപയോഗിക്കാത്ത ചില വ്യാകരണ രൂപങ്ങൾ വാമൊഴിയിൽ പ്രത്യക്ഷപ്പെടാറുണ്ട്.

ഉദാ: കുറേശ്ശെ (കുറച്ചുവീതം), പക്ഷെങ്കില് (പക്ഷേ), വരത്തില്ല (വരില്ല), വന്നിന് (വന്നു).

4. അക്ഷരലോപം : പദങ്ങളെയും വ്യാകരണങ്ങളെയും അക്ഷരലോപം ചെയ്ത് പ്രയോഗിക്കുന്നത് വാമൊഴിയുടെ സാമാന്യ സ്വഭാവമാണ്.

ഉദാ: മോൻ (മകൻ), മോൾ (മകൾ), ചോപ്പ് (ചുവപ്പ്), പോണു (പോകുന്നു).

5. വ്യാക്ഷേപകം : വ്യാക്ഷേപക ശബ്ദങ്ങൾ വാമൊഴിയിൽ കൂടുതലായി ഉപയോഗിക്കുന്നു.

ഉദാ: പാവം, കഷ്ടം, എന്ത്, എന്റമ്മോ, അയ്യോ, ഹായ്.

6. അനുതാനം (ഈണം) : ഓരോ ഭാഷയ്ക്കും അതിന്റേതായ ഈണവ്യവസ്ഥയുണ്ട്. വാമൊഴിയിൽ അത് പ്രധാനമാണ്. അനുതാനരീതി സ്വാഭാവികമല്ലെങ്കിൽ ഭാഷണം കൃത്രിമമായിരിക്കും. അനുതാനങ്ങളുടെ വ്യത്യാസം അർത്ഥഭേദത്തിന് കാരണമാകും.

ഉദാ: ‘കാറിലാണ് വന്നത്’ എന്ന വാക്യത്തെ അനുതാന വ്യത്യാസത്തോടെ ഉച്ചരിച്ചാൽ ‘കാറിലാണ് വന്നത്’, ‘കാറിലാണോ വന്നത്?’ എന്നീ അർത്ഥങ്ങൾ ധ്വനിക്കും.

7. വ്യവഹാരചിഹ്നം : ഒന്നിലധികം ആൾക്കാർ തമ്മിലുള്ള ആശയവിനിമയമാണ് ഭാഷണക്രിയയിൽ നടക്കുന്നത്. ആ വ്യാപാരത്തെ നേരിട്ട് സൂചിപ്പിക്കുന്ന പല പദങ്ങളും ശബ്ദങ്ങളും ഭാഷണത്തിൽ ഉപയോഗിക്കും. ഈ മാതിരി സൂചകശബ്ദങ്ങളെ വ്യവഹാരചിഹ്നങ്ങൾ എന്ന് വിളിക്കാം. വ്യവഹാരചിഹ്നങ്ങളായി പദങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അവയ്ക്ക് കോശാർത്ഥങ്ങളല്ല ഉള്ളത്.

ഉദാ: അല്ലേ? പിന്നെ എന്തൊക്കെയുണ്ട് വിശേഷങ്ങൾ? ഇവിടെ ‘അല്ല’ എന്നതിന് അവയുടെ നിയതാർത്ഥമല്ല ഉള്ളത്. വരമൊഴിയിൽ ഈ മാതിരി വ്യവഹാരചിഹ്നപ്രയോഗങ്ങൾ കുറവാണ്.

8. സാമാജികഭാഷണം : സാമൂഹികബന്ധം നിലനിർത്തുന്നതിന് ഭാഷ മുഖ്യ പങ്കുവഹിക്കുന്നുണ്ട്. നാട്ടുനടപ്പനുസരിച്ചുള്ള ചില ഭാഷാപ്രയോഗങ്ങൾ

ചിലപ്പോൾ ഉപയോഗിക്കേണ്ടിവരും. 'എന്താ, സുഖം തന്നെയല്ലേ?', 'എന്നാ, അങ്ങന്യാവട്ടെ', 'ശരി പിന്നെ കാണാം', 'താങ്ക്സ്', 'സോറി' തുടങ്ങിയ സാമാജിക ഭാഷണങ്ങൾ വാമൊഴിയിലെ അവശ്യഘടകങ്ങളാണ്.

9. ലുപ്തവാക്യം : വ്യാകരണപരമായി പൂർണ്ണതയുള്ള വാക്യങ്ങൾ വാമൊഴിയിൽ വിരളമായേ ഉപയോഗിക്കാറുള്ളൂ. ലൗകികസാഹചര്യം, ഭാഷണസന്ദർഭം എന്നിവകൊണ്ട് വ്യക്തമാകുന്ന ആശയങ്ങൾക്ക് സമാനമായ പദങ്ങളെ വാമൊഴിപ്രയോഗത്തിൽ ഒഴിച്ചു നിറുത്തുന്നു. ഇങ്ങനെയുള്ള വാക്യങ്ങളാണ് ലുപ്തവാക്യങ്ങൾ.

ഉദാ: 'താൻ എങ്ങോട്ടാ പോകുന്നത്?' എന്നതിന് പകരം 'എങ്ങോട്ടാ?' എന്നു ചോദിച്ചാൽ മതി. വരമൊഴിയിൽ ലുപ്തവാക്യങ്ങൾ പ്രയോഗിക്കുന്ന സന്ദർഭങ്ങൾ കുറവായിരിക്കും.

10. ഭാഷണ തടസ്സങ്ങൾ : ഭാഷണക്രിയയുടെ തുടർച്ചയെ ബാധിക്കുന്ന എല്ലാത്തരം വ്യതിചലനങ്ങൾക്കുമുള്ള പേരാണ് ഭാഷണതടസ്സം. സംസാരിക്കുമ്പോൾ വാക്യത്തിനിടയിലുള്ള നിർത്തലുകൾ ആണ് പ്രധാനമായ ഭാഷണതടസ്സം. ഈ വിടവുകളെ നിരർത്ഥക ശബ്ദഖണ്ഡങ്ങൾ മൂലം നികത്താറുണ്ട്. വാക്യങ്ങൾ പൂർത്തിയാകുന്നതിനു മുമ്പു നിർത്തുക, ആവർത്തിക്കുക എന്നിങ്ങനെയും സംഭവിക്കാറുണ്ട്.

വരമൊഴിയിൽ വാമൊഴിയെ അപേക്ഷിച്ച് വ്യതിചലനങ്ങൾ കുറവായിരിക്കും. വിഷയം, ലക്ഷ്യം, സന്ദർഭം എന്നിവയിലെ വ്യത്യാസങ്ങൾ വരമൊഴിയിലും പ്രതിഫലിക്കും. എന്നാൽ വാമൊഴിയിൽ കാണുന്ന തരത്തിലുള്ള വ്യതിയാനങ്ങൾ വരമൊഴിയിൽ പ്രത്യക്ഷപ്പെടാനിടയില്ല. ദേശം, സമൂഹം, വിദ്യാഭ്യാസനിലവാരം, പ്രായം എന്നിവയനുസരിച്ച് വാമൊഴിയിൽ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ വരമൊഴി കൂടുതൽ കാലം ഒരേപോലെ നിൽക്കുന്നു. ഭാഷണം പ്രാഥമികവും ലേഖനം ദ്വിതീയവുമായി കരുതുന്ന പാരമ്പര്യമാണ് നിലനിന്നു വരുന്നത്. എന്നാൽ വരമൊഴിയേക്കാൾ വാമൊഴിയാണ് സ്വീകാര്യം എന്ന് സൊസ്യൂർ കരുതുന്നു. സൊസ്യൂറിന്റെ Langue/ Parole സങ്കല്പനത്തിൽ വരമൊഴിയെ പരിഗണിക്കുന്നതേയില്ല. സൊസ്യൂറിനെത്തുടർന്ന് നോം ചോംസ്കിയും വാമൊഴിയുടെ മഹത്വം സൂചിപ്പിക്കുന്നു. കാരണം ഭാഷണം ഉണ്ടായതിനുശേഷമാണ് ലേഖനവിദ്യ ഉണ്ടായത്. വാമൊഴിയുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ചില വാദഗതികൾ താഴെ പറയും പ്രകാരമാണ്.

1. നിത്യജീവിതത്തിൽ കൂടുതൽ ഉപയോഗിക്കുന്നത് ഭാഷണമാണ്.

2. വിവിധ ഭാഷകളിൽ ഒരേ ശബ്ദത്തിന്റെ ഉച്ചാരണം വ്യത്യസ്ത ലിപികളാൽ കുറിക്കപ്പെടുന്നു.

3. ലേഖനവിദ്യ അറിയില്ലാത്തവർക്ക് ഭാഷണത്തിലൂടെ ആശയവിനിമയം ചെയ്യാം.

4. മൈക്രോഫോൺ, ടെലഫോൺ, ടേപ്പ് റിക്കോർഡർ, റേഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ ഭാഷണത്തെയാണ് ആശ്രയിക്കുന്നത്.

5. ഉച്ചാരണത്തിൽ മാത്രം അതിവിദഗ്ദ്ധമായി കടന്നുവരുന്ന സവിശേഷതകൾക്ക് ലിഖിതരൂപത്തിൽ അർത്ഥവത്തായി പ്രവർത്തിക്കാനാവില്ല.

ഇതൊക്കെയാണെങ്കിലും എഴുതി സൂക്ഷിക്കുന്നവ കാലത്തെ അതിജീവിച്ചു നിലനിൽക്കും. ചുരുക്കത്തിൽ ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചം എന്നു പറയാനാവില്ല.

# ഭാഷാവൈവിധ്യങ്ങൾ

ആശയവിനിമയവ്യവസ്ഥയിൽ ആംഗ്യം, മുഖഭാവം, പ്രതീകം, ഭാഷ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങൾ ഉണ്ട്. അവയിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഷയെ പല മാനദണ്ഡങ്ങളെയും ആധാരമാക്കി വിവിധ രീതിയിൽ വർഗ്ഗീകരിക്കാനാവും.

## മാതൃഭാഷ, പ്രഥമഭാഷ, ദ്വിതീയഭാഷ

മാതൃഭാഷ എന്നാൽ അമ്മയുടെ ഭാഷയാണ്. വ്യക്തിബന്ധങ്ങളിൽ ഏറ്റവും സുദൃഢമായതും പാവനമായതും അമ്മയോടുള്ള വൈകാരിക ബന്ധമാണ്. ഒരു കുട്ടി ആദ്യം സംസാരിച്ചു തുടങ്ങുന്നത് അമ്മയുടെ ഭാഷയാണ്. ഭാഷ സ്വായത്തമാക്കാൻ കുട്ടികളെ സഹായിക്കുന്നതും അമ്മമാർ തന്നെ. എന്നാൽ സാമൂഹിക അവസ്ഥയും കുടുംബ വ്യവസ്ഥയും കൂടുതൽ സങ്കീർണ്ണമായതോടെ മാതൃഭാഷ എന്ന സങ്കല്പനത്തിന് ഉലച്ചിൽ വന്നു. മലയാളി ദമ്പതികൾ വിദേശത്ത് താമസിക്കുമ്പോഴും, മലയാളി പെൺകുട്ടി മലയാളിയല്ലാത്തവരെ വിവാഹം കഴിക്കുമ്പോഴുമൊക്കെ അവരുടെ കുട്ടികൾക്ക് മാതൃഭാഷയായി മലയാളത്തെ കരുതാൻ ബുദ്ധിമുട്ട് നേരിടേണ്ടിവരും. ആ കുട്ടികൾക്ക് മലയാളത്തോട് വൈകാരികബന്ധം തോന്നുകയില്ല. വിവാഹബന്ധം, വിദേശവാസം, വിദ്യാഭ്യാസ സാഹചര്യം എന്നിവ മാതൃഭാഷാ സങ്കല്പത്തിന് മാറ്റങ്ങൾ വരുത്തും. അങ്ങനെയുള്ള അവസരങ്ങളിൽ മാതൃഭാഷ എന്നതിനു പകരം ഒന്നാം ഭാഷ എന്ന് പ്രയോഗിക്കുന്നതാണ് കൂടുതൽ യോജിക്കുന്നത്. മാതൃഭാഷയെ ലോകത്താകമാനമുള്ള ജനതകളുടെയും പ്രഥമഭാഷയായി കരുതുന്ന ചില കാഴ്ചപ്പാടുകൾ ഉണ്ട്. ശിശുക്കൾ ജനിച്ചുവീഴുന്ന സാമൂഹിക പരിസരത്തിൽ ബോധപൂർവ്വമായോ, അബോധപൂർവ്വമായോ പഠിച്ചെടുക്കുന്ന ആദ്യഭാഷയാണത്. നാം ജീവിക്കുന്ന പരിസരവുമായി ഇണങ്ങിച്ചേർന്ന് വളർന്നതാണ് നമ്മുടെ മാതൃഭാഷ. നാം ജീവിക്കുന്ന പരിസരത്തിന്റെ ചൈതന്യം നിറഞ്ഞുനിൽക്കുന്നത് മാതൃഭാഷയിലാണ്. സംസ്കാരവും ജീവിതബോധവും നാം ഉൾക്കൊള്ളുന്നത് മാതൃഭാഷയിലൂടെയാണ്. ഒരുവന്റെ ചിന്തയുമായി ഏറ്റവും കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് മാതൃഭാഷയാണ്. ഏതാശയവും മനസ്സിൽ ആദ്യം ഉറവെടുക്കുന്നത് മാതൃഭാഷയിൽ കൂടിയാണ്. ഒരു വിഭാഗത്തിന്റെ സാംസ്കാരികവും സാമൂഹികവും ആയ ജീവിതവുമായി ഏറെ ബന്ധപ്പെട്ടതാണ് മാതൃഭാഷ. കുട്ടികളുടെ കലാപരവും സാഹിത്യപരവും ആയ കഴിവുകൾ മാതൃഭാഷയിലൂടെയാണ് വികസിക്കുന്നത്. ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചുള്ള അറിവ് ഉൾക്കൊള്ളുന്നതിനും ശാസ്ത്രവിഷയങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും മാതൃഭാഷയിലൂടെയുള്ള അഭ്യസനം സഹായിക്കുന്നു.

ജനിച്ചതിനുശേഷം ആദ്യമായി വശത്താക്കുന്ന ഭാഷ എന്ന അർത്ഥത്തിലല്ല 'ഒന്നാം ഭാഷ' എന്ന് പ്രയോഗിച്ചുവരുന്നത്. ഒരാൾക്ക് എറ്റവും സുഗമമായി

ഉപയോഗിക്കാവുന്ന ഭാഷ, അനൗപചാരിക സന്ദർഭങ്ങളിൽ സ്വാഭാവികമായി ഉപയോഗിക്കുന്ന ഭാഷ, വൈകാരികമായി അടുപ്പമുള്ള ഭാഷ എന്നെല്ലാമാണ് ഒന്നാം ഭാഷയുടെ സൂചകാർത്ഥങ്ങൾ. ചില സാഹചര്യങ്ങളിൽ ഒരാൾക്ക് രണ്ട് ഭാഷകൾ ഒന്നാം ഭാഷകളായിരിക്കും. അതായത് അയാളെ സംബന്ധിച്ചിടത്തോളം പ്രയോഗലാഘവം, സ്വാഭാവികത, വൈകാരികബന്ധം എന്നിവയിൽ രണ്ട് ഭാഷകൾക്ക് തുല്യപ്രാധാന്യമുണ്ടായിരിക്കും. അങ്ങനെയുള്ളവരെ ദ്വിഭാഷകർ എന്നു വിളിക്കാം.

വിദ്യാഭ്യാസമണ്ഡലങ്ങളിൽ ഒന്നാം ഭാഷയെന്ന് പറയുന്നത് വ്യത്യസ്ത അർത്ഥത്തിലാണ്. എല്ലാവരും നിർബന്ധമായി പഠിക്കേണ്ട ഭാഷ എന്നാണ് വിദ്യാലയങ്ങളിൽ ഒന്നാം ഭാഷയ്ക്ക് അർത്ഥം. ബ്രട്ടീഷ് ആധിപത്യക്കാലത്ത് ഇന്ത്യയിലെ ഉപരിവിദ്യാഭ്യാസകേന്ദ്രങ്ങളിൽ ഇംഗ്ലീഷിനെ ഒന്നാം ഭാഷയാക്കി. രണ്ടാം ഭാഷയെ ഐഛികമാക്കി. എന്നാൽ മാതൃഭാഷയേക്കാൾ വിദേശഭാഷയ്ക്ക് പ്രാഥമികത്വം കല്പിക്കുന്ന ഈ ഏർപ്പാട് ശരിയല്ലെന്ന് ബോധ്യപ്പെട്ടതിനാൽ പല സംസ്ഥാനങ്ങളിലും അതാത് പ്രദേശങ്ങളിലെ ഭാഷകളെ ഒന്നാം ഭാഷകളാക്കുകയും ഇംഗ്ലീഷിനെ രണ്ടാം സ്ഥാനത്തേക്ക് നീക്കുകയും ചെയ്തു. എന്നിട്ടും ഇംഗ്ലീഷ് നിർബന്ധഭാഷയായി തുടരുന്നു. പ്രാദേശികഭാഷതന്നെ ഒന്നാം ഭാഷയായി പഠിക്കണമെന്നില്ല. കേരളത്തിൽ കോളേജ് തലത്തിൽ ഇംഗ്ലീഷ് ഒന്നാം ഭാഷയായി തുടരുന്നു. രണ്ടാം ഭാഷ മലയാളമോ വേറെ ഏതെങ്കിലും ഭാഷയോ ആകാം. പ്രഥമഭാഷയുടെ അഭ്യസനത്തിനുശേഷം വളരെ ബോധപൂർവ്വമായി പഠിച്ചെടുക്കുന്ന ഭാഷകളെ ദ്വിതീയഭാഷ, തൃതീയഭാഷ എന്നൊക്കെ പറയാം. ഒന്നിൽ കൂടുതൽ ഭാഷകളറിയുന്ന വ്യക്തിയെ പോളിഗോട്ട് (Polygot) അഥവാ ബഹുഭാഷാപണ്ഡിതൻ എന്നു പറയുന്നു.

## വ്യവഹാരഭാഷ, ഔദ്യോഗികഭാഷ

ഒന്നിലധികം ആൾക്കാർ തമ്മിൽ ആശയവിനിമയത്തിനും സംഭാഷണത്തിനും ഉപയോഗിക്കുന്ന ഭാഷയാണ് വ്യവഹാരഭാഷ. വ്യവഹാരഭാഷയിൽ പല സൂചകശബ്ദങ്ങളും ഉപയോഗിക്കുന്നു. അവയ്ക്ക് പലപ്പോഴും കോശാർത്ഥങ്ങളെല്ലാം ഉണ്ട്. വ്യവഹാരചിഹ്നങ്ങളായി നിരർത്ഥകശബ്ദങ്ങളെയും ഉപയോഗിക്കാറുണ്ട്. ഏയ്, പിന്നെ, അതേയ് തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. എഴുത്തുഭാഷയെ അതേപോലെ വ്യവഹാരഭാഷയിൽ വായിക്കുകയോ ഉച്ചരിക്കുകയോ ചെയ്യാറില്ല. ഭാഷയെ വ്യവഹാരത്തിന് ഉപയോഗിക്കുമ്പോൾ ഉച്ചാരണത്തിൽ സാരമായ വ്യത്യാസങ്ങൾ വരും. വ്യവഹാരത്തിന് മാത്രമായി ഉപയോഗിക്കുന്ന പദങ്ങളുമുണ്ട്. പ്രാദേശികവും സാമൂഹികവും ആയ ഭാഷാഭേദങ്ങൾ ഇത്തരം പദങ്ങൾ ധാരാളം കാണാം.

ഭരണകാര്യങ്ങൾക്കുപയോഗിക്കുന്ന ഭാഷയാണ് ഭരണഭാഷ (Official Language). ഒരു ദേശത്തിൽ വ്യവഹരിക്കപ്പെടുന്ന ഏതെങ്കിലുമൊരു ഭാഷയാകണമെന്നില്ല ആ ദേശത്തിന്റെ ഔദ്യോഗികഭാഷ. എന്നാൽ ജനങ്ങളുടെ ഭാഷയായിരിക്കണം ഭരണഭാഷ. ജനങ്ങളുടെ ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. അതിന് ഭരണം അവർ മനസ്സിലാക്കണം. അപ്പോൾ ജനങ്ങളുടെ ഭാഷയിൽ ഭരണം നിർവ്വഹിക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ ഭരണഭാഷ ജനങ്ങളുടെ ഭാഷ ആയെങ്കിൽ മാത്രമേ ജനാധിപത്യം സാർത്ഥകമാവുകയുള്ളൂ. ജനാധിപത്യസംവിധാനത്തിനു മുമ്പുള്ള എല്ലാ ഭരണക്രമങ്ങളിലും ഒരു ന്യൂനപക്ഷത്തിന്റെ ഭാഷ ഭരണഭാഷ ആയിരുന്നു. മുഗളന്മാ

രുടെ കാലത്ത് പേർഷ്യനും ബ്രട്ടീഷുകാരുടെ കാലത്ത് ഇംഗ്ലീഷുമായിരുന്നു ഭരണഭാഷ. ഭാഷയുടേത് എന്നതുപോലെ ഭരണഭാഷയ്ക്കും ചില പ്രത്യേകതകളുണ്ട്. അത് ജനങ്ങളുടെ വൈകാരികവും ധാർമ്മികവുമായ വിഷയമാകണം. അർത്ഥബോധത്തോടെയുള്ള പദപ്രയോഗം കൊണ്ടേ നിർദ്ദിഷ്ടഫലം ഉണ്ടാകൂ. വാക്കിന്റെ രൂഢമൂലമായ അർത്ഥത്തിൽനിന്നു വ്യതിചലിച്ച് ഭാഷയെ വികലവും അർത്ഥശൂന്യവുമാക്കരുത്. ഭാഷയെന്നപോലെ ഭരണഭാഷയും സഞ്ചിതസംസ്കാരത്തിന്റെ പ്രതിഫലനമായിരിക്കണം. ലളിതവും സുതാര്യവും അർത്ഥശങ്കയ്ക്കിട നൽകാത്തതും ഔചിത്യപൂർണ്ണവുമായ ഭാഷയായിരിക്കണം ഭരണഭാഷ. ഭരണഭാഷാമാറ്റം കൊണ്ടു ലക്ഷ്യമാക്കുന്നത്, ആർക്കുവേണ്ടിയാണോ ഭരണം നടക്കുന്നത്, അവരുടെ രീതിക്കിണങ്ങിയ ഭരണം ഉണ്ടാകുക എന്നതാണ്. അല്ലെങ്കിൽ ഭരണസംസ്കാരമാറ്റം ഉണ്ടാകുക എന്നതാണ്.

**മാനകഭാഷ, മാനകേതരഭാഷ**

ഒരേ ഭാഷയ്ക്കുണ്ടാകുന്ന അനേകം ഭാഷാഭേദങ്ങൾ ആ ഭാഷ സംസാരിക്കുന്നവരുടെ ആശയസംവേദനത്തിൽ സൃഷ്ടിക്കുന്ന തടസ്സത്തിന് പരിഹാരമാണ് മാനകഭാഷ. ഭാഷാപരമായ സാമൂഹികവൃത്തികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മാനകീകരണം (standardisation) ആണ്. ശരിയായ പ്രയോഗത്തിൽ നിർവ്വഹിക്കുന്ന ഔപചാരിക വ്യവസ്ഥകളുടെ സ്വീകരണവും ക്രോഡീകരണവും ഒരു ഭാഷാസമൂഹത്തിൽ നിർവ്വഹിക്കപ്പെടുന്നതിനെയാണ് മാനകീകരണം എന്നു പറയുന്നത്. ഗ്രന്ഥങ്ങൾ, വിജ്ഞൻമാർ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയിലൂടെ ബോധപൂർവ്വം കൈകാര്യം ചെയ്യപ്പെടുന്നതിലൂടെ ഭാഷാഭേദങ്ങൾ ക്രോഡീകരിക്കപ്പെട്ട് മാനകഭാഷയാകുന്നു. മാനകഭാഷ വിശേഷവ്യവഹാരത്തിനാണ് കൂടുതലായും ഉപയോഗപ്പെടുത്തുന്നത്. മാനകം എന്നാൽ അടിസ്ഥാനമാതൃക, വൈവിധ്യങ്ങൾക്കെല്ലാം ആധാരമായ മൗലികരൂപം, സാമാന്യമായി സ്വീകാര്യമായ പ്രയോഗം എന്നെല്ലാം അർത്ഥം പറയാം. ഔപചാരികഭാഷയും വരമൊഴിയും മാനകഭാഷയോട് സ്വഭാവത്തിൽ അടുത്തുനിൽക്കുന്നു. വിദ്യാലയങ്ങളിൽ അധ്യാപനമാധ്യമമായി സ്വീകരിക്കുന്നത് മാനകഭാഷയാണ്. വ്യാകരണം രചിക്കുന്നത് മാനകഭാഷയെ അവലംബമാക്കിയാണ്. ഭാഷാശുദ്ധിയെക്കുറിച്ചുള്ള സങ്കല്പത്തിന്റെ അടിസ്ഥാനം മാനകഭാഷയിലായിരിക്കും. വിജ്ഞാനവിഷയങ്ങളെക്കുറിച്ച് ലേഖനങ്ങളും ഗ്രന്ഥങ്ങളും രചിക്കുന്നത് മാനകഭാഷയിലാകും. ആശയവിനിമയം എന്ന ലക്ഷ്യത്തിനുവേണ്ടി മാത്രം ഉപയോഗിക്കുന്നതും ഭാഷാസമൂഹത്തിലെ എല്ലാവർക്കും സ്വീകാര്യമായതും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാത്തതും പ്രയോക്താക്കൾ ശുദ്ധപ്രയോഗം എന്ന് കരുതുന്നതും ഔപചാരിക സന്ദർഭങ്ങളിൽ സമാന്യമായി ഉപയോഗിച്ചു വരുന്നതുമായ ഭാഷാരീതിയാണ് മാനകഭാഷ. ഭാഷയിലെ തെറ്റും ശരിയും നിർണ്ണയിക്കുന്നത് മാനകഭാഷയുടെ അടിസ്ഥാനത്തിലാണ്. ഒരു ഭാഷയ്ക്കുള്ളിലെ ഏത് ഭാഷാഭേദത്തിൽപ്പെട്ടവർക്ക് തമ്മിൽ ആശയവിനിമയം സാധ്യമാക്കുന്നതും ഏവർക്കും സ്വീകാര്യവുമായ കൃത്രിമഭാഷയാണ് മാനകഭാഷ. മനുഷ്യന്റെ ബോധപൂർവ്വമായ ഇടപെടൽ കൊണ്ടാണ് മാനകഭാഷ ഉണ്ടാകുന്നതെന്ന് ഹഡ്സൺ പറയുന്നു. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭാഷയുടെ രൂപമെന്ത് എന്നല്ല, ഉപയോഗിക്കേണ്ട ഭാഷയുടെ രൂപമെന്ത് എന്നാണ് മാനകഭാഷ കാണിച്ചുതരുന്നത്. ഇത് വ്യവഹാരഭാഷയുടെ ഏകീകരണത്തെ ലക്ഷ്യംവച്ച് സൃഷ്ടിക്കപ്പെടുന്ന ഒന്നാണ്. അന്തസ്സുറ്റ ഭാഷയായും ഔപചാരിക ഭാഷയായും ഇത് എല്ലായിടത്തും

അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. അതിനാൽത്തന്നെ ഭാഷാശാസ്ത്രജ്ഞർ ഇതിനെ മാതൃകാഭാഷയായി കാണുകയും എല്ലാ ഭാഷാവ്യതിയാനങ്ങളേയും ഇതിനോട് താരതമ്യം ചെയ്ത് ഭാഷാപ്രയോഗത്തിലെ തെറ്റുശരികളെക്കുറിച്ച് വിധിപറയുകയും ചെയ്യുന്നു. മാനകഭാഷയുടെ പ്രയോഗം ഔപചാരികതയുടെ ഭാഗം കൂടിയാണ്. മാനകഭാഷയിൽ വാക്കുകൾക്ക് മേലെയുള്ള വക്താവിന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടും. നാടൻ പദങ്ങളും പ്രയോഗങ്ങളും ഒഴിഞ്ഞുനില്ക്കുന്ന ഒരിടമാണിത്. ഔചിത്യം നോക്കിയാണ് വക്താവ് ഇവിടെ പദങ്ങൾ പ്രയോഗിക്കുക.

രാഷ്ട്രീയമായും സാംസ്കാരികമായും പ്രാധാന്യമുള്ള ഒരു പ്രദേശത്തെ ഉന്നതവിദ്യാഭ്യാസമുള്ള ആളുകൾ സംസാരിക്കുന്ന ഭാഷാഭേദമായിരിക്കും പരിനിഷ്ഠിത ഭാഷയാകാറുള്ളത്. ഔപചാരിക സന്ദർഭങ്ങളിലെ സംഭാഷണങ്ങളിലും ഔദ്യോഗിക കാര്യങ്ങളിലും വരമൊഴിയിലും പരിനിഷ്ഠിത ഭാഷയാണുപയോഗിക്കുന്നത്. വിദേശീയരെ പഠിപ്പിക്കാനും ഒരു ഭാഷയുടെ പരിനിഷ്ഠിത രൂപമായിരിക്കും തെരഞ്ഞെടുക്കുക. എല്ലാ ഭാഷാഭേദങ്ങളുടെയും സത്തുൾക്കൊണ്ടുകൊണ്ട് സകലരെയും ബന്ധിപ്പിക്കാനുള്ള മാർഗ്ഗം നിർമ്മിക്കുകയാണ് മാനകഭാഷയുടെ ലക്ഷ്യം. ഓരോ പ്രദേശത്തുള്ളവരും സംസാരിക്കുന്നത് ഓരോ ഭാഷാഭേദങ്ങളിലാണ്. അവ മാനകേതരമാണ് (Sub-standard). മാനകേതരം എന്ന വാക്കിന് മ്ലേച്ഛം എന്നർത്ഥമില്ല. കൃത്രിമമായി നിർവചിച്ച മാനങ്ങളിൽ (standard) നിന്ന് വ്യതിരിക്തമായത് എന്നർത്ഥം. യഥാർത്ഥത്തിൽ സത്യമായത് ഭാഷാഭേദങ്ങളാണ്. അവയുടെ പൊതുപ്രാപ്യസ്ഥാനം മാത്രമാണ് മാനകഭാഷ.

വിദ്യാഭ്യാസപദ്ധതികളിലൊന്നിലും മാനകേതരഭാഷ കടന്നുവരാത്തതു കൊണ്ട് അവയെ ഇകഴ്ത്തുന്നവർപോലും ഉച്ചാരണനിമിഷങ്ങളിൽ സ്വീകരിക്കുന്നത് മാനകേതരഭാഷാഭേദങ്ങളെയാണ്. ഏതൊരു വ്യക്തിയും തന്റെ ഭാഷാഭേദത്തെ ഹൃദയത്തിൽ സംവഹിക്കുന്നു. അതുകൊണ്ടുതന്നെ ഭാഷാഭേദത്തിന്റെ സ്വീകാര്യത പ്രകടനപരതയെക്കാൾ ആത്മസംബന്ധമാണ്.

## ജീവൽഭാഷ – മൃതഭാഷ (Living Language - Dead Language)

വാമൊഴിയായി നിലനിൽക്കുന്ന, ആശയവിനിമയത്തിനുപയോഗിക്കുന്ന ഭാഷകളെയാണ് ജീവിക്കുന്ന ഭാഷകളായി കരുതിവരുന്നത്. വാമൊഴിയായി പ്രചാരത്തിലില്ലാത്തവയെ മൃതഭാഷകൾ എന്നുപറഞ്ഞുവരുന്നു. ജീവിക്കുന്ന ഭാഷകൾ എന്ന അർത്ഥത്തിൽ വാമൊഴികളെ ജീവദ്ഭാഷകൾ എന്ന് വിളിക്കാം. സംസാരഭാഷയെന്ന നിലയിൽ സജീവമാണ് ജീവൽഭാഷ. ഉദാഹരണം ഇംഗ്ലീഷ്, ഹിന്ദി, മലയാളം തുടങ്ങിയവ.

ഒരു കാലത്ത് ആശയവിനിമയാർത്ഥം ഉപയോഗിച്ചിരിക്കാമെങ്കിലും ഇപ്പോൾ സാഹിത്യാദികോശങ്ങളിൽ മാത്രം ഒതുങ്ങിപ്പോയ ഭാഷകളെയാണ് മൃതഭാഷകൾ എന്നു പറയുന്നത്. ഒരു ജനതയും മൃതഭാഷയെ സംസാരഭാഷയായി ഉപയോഗിക്കുന്നില്ല. കൃത്രിമമായി ജീവിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾ മൃതഭാഷകളിൽ കാര്യമായ സ്വാധീനമൊന്നും ചെലുത്താറില്ല. ഉദാഹരണം ലാറ്റിൻ, ഹീബ്രു, സംസ്കൃതം. ഈ ഭാഷകൾ സമ്പന്നമായ പ്രാചീന ഭാഷകളാണ്. മാത്രവുമല്ല, ഒട്ടേറെ ആധുനിക ഭാഷകളുടെ സ്രോതഭാഷകളുമാണ്.

പ്രാചീന കേരളഭാഷയെ ആധുനിക മലയാളമാക്കിയതിൽ സംസ്കൃതസ്വാധീനം വഹിച്ച പങ്ക് ശ്രദ്ധാർഹമാണ്. ഒട്ടേറെ സംസ്കൃതപദങ്ങൾ തദ്ഭവങ്ങളായും തത്സമങ്ങളായും മലയാളം സ്വീകരിച്ചിട്ടുണ്ട്. നിത്യവ്യവഹാരത്തിലുള്ള പല പദങ്ങളും സംസ്കൃതത്തിൽ നിന്നോ പ്രാകൃതങ്ങളിൽ നിന്നോ അതേ രൂപത്തിലും വേഷപ്പകർച്ചയോടും മലയാളത്തിലേക്ക് കടന്നുവന്നവയാണ്. സംസ്കൃതസ്വാധീനം ഭാരതത്തെ സംബന്ധിച്ചിടത്തോളം ഭാഷാപരമായ സ്വാധീനം മാത്രമല്ല. സാഹിത്യം, ശാസ്ത്രം, അനുഷ്ഠാനം എന്നിവയിൽക്കൂടി സംസ്കൃതഭാഷയുടെ സ്വാധീനം ഇന്നു അനുഭവപ്പെടുന്നുണ്ട്.

ഇന്ന് വാമൊഴിയായി പ്രചാരത്തിലില്ല എന്നതുകൊണ്ടുമാത്രം ഒരു ഭാഷ മൃതമായിത്തീരുന്നില്ല. ഇന്നും ജനവർഗ്ഗങ്ങളിൽ പല തരത്തിൽ സ്വാധീനം ചെലുത്തുന്ന ഭാഷകളെ മരിച്ച ഭാഷകൾ എന്നു വിളിക്കുന്നതിനുപകരം പൗരാണിക ഭാഷകൾ എന്നോ ക്ലാസിക് ഭാഷകൾ എന്നോ വിളിക്കുന്നതാണ് കൂടുതൽ അഭികാമ്യം. പണ്ട് നിലവിലിരുന്ന പല ഭാഷകളും പ്രയോഗത്തിൽ നിന്ന് തീർത്തും മറന്നുപോയിട്ടുണ്ട്. ഹിറ്റൈറ്റ്, ഗോഥിക്, കാർണിഷ്, പ്രഷ്യൻ, എറ്റ്റസ്ക്കൻ എന്നീ

പാശ്ചാത്യഭാഷകളും ഭാരതത്തിൽ നിലനിന്നിരുന്ന പ്രാകൃതഭാഷകളും പ്രയോഗ ത്തിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നതുകൊണ്ട് അവയെ മൃതഭാഷകൾ എന്നു വിളിക്കുന്നതിൽ സാംഗത്യമുണ്ട്.

## ഭാഷാശാസ്ത്രം

ഭാഷയുടെ ശാസ്ത്രീയപഠനമാണ് ഭാഷാശാസ്ത്രം. ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കാനുള്ള ശ്രമമാണ് ഭാഷാശാസ്ത്രപഠനം ലക്ഷ്യമാക്കുന്നത്. ഭാഷാശാസ്ത്രം എല്ലാ ഭാഷകൾക്കും തുല്യ പ്രാധാന്യം നൽകുന്നു. ഭാഷാശാസ്ത്രത്തിന്റെ സമീപന രീതികൾ വിവിധങ്ങളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അവയെ അമേരിക്കൻ സ്കൂൾ, പ്രാഗ് സ്കൂൾ, ബ്രട്ടീഷ് സ്കൂൾ, റഷ്യൻ സ്കൂൾ, കോപ്പൻഹേഗൻ സ്കൂൾ എന്നി ങ്ങനെ തരംതിരിച്ചിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിൽ സസൂർ പാരീസിലും ജനീവയിലും താൻ പഠിപ്പിച്ചിരുന്ന 'സമഗ്രവും വസ്തുനിഷ്ഠവുമായ ഭാഷാപഗ്രഥനം' എന്ന വിഷയത്തിനു നൽകിയ പേരാണ് ഭാഷാശാസ്ത്രം. മനുഷ്യന്റെ ആത്മപ്രത്യ ക്ഷീഭാവത്തിലേക്കുള്ള ആദ്യപടിയാണ് ഭാഷാശാസ്ത്രം എന്ന് ബ്ലൂം ഫീൽഡ് ചൂണ്ടി ക്കാട്ടി. സ്വനവിജ്ഞാനം, സ്വനിമവിജ്ഞാനം, അക്ഷരവിജ്ഞാനം, രൂപിമവിജ്ഞാനം, രൂപിമസ്വനിമവിജ്ഞാനം, വാക്യഘടനാവിജ്ഞാനം, അർത്ഥവിജ്ഞാനം, പ്രായോഗി കഭാഷാശാസ്ത്രം, ശൈലീവിജ്ഞാനം, സാമൂഹിക ഭാഷാപഠനം തുടങ്ങിയവ ഭാഷാ ശാസ്ത്രത്തിലെ വ്യത്യസ്ത പഠനശാഖകളാണ്.

## ആധുനിക ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനധാരണകൾ

1. ഭാഷണം പ്രഥമികവും എഴുത്ത് ദ്വിതീയവുമാണ്. എഴുത്തിനേക്കാൾ പ്രാധാന്യം ഭാഷണത്തിനാണെന്ന് പറയാനുള്ള കാരണങ്ങളിവയാണ്: നിത്യജീവിതത്തിൽ നാം എഴുത്തിനേക്കാൾ അധികം ഭാഷണമാണ് ഉപയോഗപ്പെടുത്തുന്നത്. ലിപി സമ്പ്രദായം നിലവിലില്ലാത്ത ഭാഷകളുണ്ട്. എന്നാൽ ഭാഷണരൂപമില്ലാത്ത ഒരൊറ്റ ഭാഷയുമില്ല. എല്ലാ ഭാഷകളിലും ആദ്യം രൂപപ്പെട്ടത് ഭാഷണരൂപമാ ണ്. ശിശുക്കൾ ആദ്യം പഠിക്കുന്നത് സംസാരിക്കാനാണ്, പിന്നീടാണ് എഴുത്ത് സ്വായത്തമാക്കുന്നത്.

2. 'അധമഭാഷ' എന്നൊന്നില്ല. ഭാഷാശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ എല്ലാ ഭാഷ കൾക്കും തുല്യപ്രാധാന്യമാണ്. ആശയവിനിമയം എന്ന ലക്ഷ്യം നിറവേറ്റുന്ന തിൽ എല്ലാ ഭാഷകളും ഒരുപോലെ ഫലപ്രദമാണ്.

3. ഭാഷകൾക്ക് മാറ്റം സ്വാഭാവികമാണ്. കാലാന്തരത്തിലൂടെയുള്ള പരിണാമം ഭാഷ യുടെ സ്വഭാവമാണ്. പദതലത്തിലും വർണ്ണതലത്തിലും അർത്ഥതലത്തിലും സംഭവിക്കുന്ന പരിണാമങ്ങൾ സ്വാഭാവികമാണ്.

4. ശുദ്ധഭാഷയെന്ന സങ്കല്പനമില്ല. ഭാഷയ്ക്ക് സമൂഹത്തിലുള്ള സ്ഥാനവും ഭാ ഷയുടെ ശുദ്ധതയും തമ്മിൽ ബന്ധമില്ല.

5. ഭാഷാശാസ്ത്രം വിവരണാത്മകമാണ്. നിർദ്ദേശാത്മകമല്ല. നിർദ്ദേശാത്മകവ്യാ

കരണം ഭാഷകൾ ഉപയോഗിക്കേണ്ട ഭാഷാനിയമങ്ങളും രൂപങ്ങളും നിർദ്ദേശിക്കുന്നു. വിവരണാത്മകവ്യാകരണം ഭാഷകൾ ഉപയോഗിക്കുന്ന നിയമങ്ങളേതെല്ലാമെന്ന് വിവരിക്കുന്നു. ഇന്നരൂപം ഉപയോഗിക്കണമെന്ന് അടിച്ചേൽപിക്കൽ ഭാഷാശാസ്ത്രസങ്കല്പനത്തിൽ ഇല്ല.

## ഭാഷാപഗ്രഥനരീതികൾ

ഏതുവിഷയത്തേയും ലക്ഷ്യഭേദമനുസരിച്ച് പല രീതികളിൽ അപഗ്രഥിക്കാനാവും. ഭാഷയെപ്പോലെയുള്ള സങ്കീർണ്ണവ്യവസ്ഥകളെയും പല അടിസ്ഥാനങ്ങളിൽ വിവിധ സമീപനരീതികളിലൂടെ വിശകലനം ചെയ്യാനാവും. അങ്ങനെയുള്ള അപഗ്രഥനരീതികൾ ചുവടെ ചേർക്കുന്നു.

### 1. ഏകകാലികം (Synchronic)

ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലിക പഠനം. (A study of language at a given point of time is called synchronic). നിശ്ചിതകാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി പഠനം നടത്താം. ആധുനിക ഭാഷാശാസ്ത്രത്തിന്റെ ആരംഭഘട്ടത്തിൽ ഈ തരത്തിലുള്ള അപഗ്രഥനത്തിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്. വസ്തുതകൾ വിവരിക്കുക ഘടനയെ വ്യക്തമാക്കുക എന്ന അർത്ഥത്തിൽ ഏകകാലിക പഠനങ്ങൾക്ക് സാമാന്യമായി അവലംബിക്കുന്ന സമീപനരീതിയെ വിവരണാത്മകം എന്നും ഘടനാത്മകം എന്നും വിളിക്കുന്നു. ഭാഷാശാസ്ത്രത്തിൽ ഏകകാലികപഠനം മാത്രമല്ല ഉള്ളത്. എന്നാലും ഏകകാലിക പഠനത്തിലെ വിവരണാത്മക രീതിക്ക് പ്രാധാന്യം ലഭിച്ചത് ഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്. വിവരണാത്മക രീതിയുടെ പ്രത്യേകതകൾ:

- വസ്തുനിഷ്ഠമായ വിവരണം മാത്രമാണ് പഠനലക്ഷ്യം
- സംഭരിച്ച വസ്തുതകളെ അവലംബമാക്കിയാണ് അപഗ്രഥനം നടത്തുന്നത്.
- ഇന്ന പ്രയോഗം ശരി, മറ്റുള്ളവയെല്ലാം തെറ്റ് എന്ന വിധിനിർണ്ണയം നടത്തുന്നില്ല. വ്യത്യസ്ത പ്രയോഗങ്ങളെ അവ ഏതു സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയേ ഉള്ളൂ.
- ഭാഷാപ്രയോഗത്തിലുള്ള എല്ലാ തലങ്ങളിലേയും ഘടകങ്ങളേയും അവയുടെ സംയോജന രീതിയേയും വ്യക്തമാക്കുന്ന തരത്തിലുള്ള അപഗ്രഥാത്മക രീതി അവലംബിക്കുന്നു.

ഏകകാലികം എന്നതിൽ കാലദൈർഘ്യത്തെക്കുറിച്ചുള്ള നിഷ്കൃഷ്ട വിവക്ഷയില്ല. പരിണാമങ്ങൾക്ക് വിധേയമായി സ്വഭാവമാറ്റം കാണിക്കുന്ന ഭാഷാമാതൃകകളെ ഈ സമീപനരീതികളിലൂടെ വിശകലനം ചെയ്യാറില്ല. ഉദാഹരണമായി മലയാളത്തിലെ മണിപ്രവാളശൈലിയെക്കുറിച്ച് വിവരണാത്മക രീതിയിലുള്ള ഏകകാലിക പഠനം അസാധ്യമാണ്. കാരണം പ്രാചീനം, മധ്യം, ആധുനികം എന്നിങ്ങനെ മണിപ്രവാളകാവ്യശൈലി കാലിക പരിണാമങ്ങളോടെ

വളർന്നുവന്നിട്ടുണ്ട്. ഭാഷാഭേദങ്ങൾ, കൃതികളിലെ ഭാഷകൾ, ആദിവാസിഭാഷകൾ തുടങ്ങിയവ ഈ രീതിയിലുള്ള അപഗ്രഥനത്തിന് വഴങ്ങുന്നവയായിരിക്കും. ഭാഷകസമൂഹത്തെ സംബന്ധിച്ചിടത്തോളം ഏകകാലിക അപഗ്രഥനരീതിയാണ് പ്രധാനമായത്. ഏകകാലിക അപഗ്രഥനത്തിന് ഒരേയൊരു വീക്ഷണകോൺ മാത്രമേയുള്ളൂ ഭാഷകൾ. ഭാഷകരിൽ നിന്ന് തെളിവു ശേഖരിച്ചുകൊണ്ടാണ് ഈ പഠനം മുന്നേറുന്നത്. ഏകകാലിക ഭാഷാശാസ്ത്രമെന്നാൽ താർക്കികവും മനഃശാസ്ത്രപരവുമായ ബന്ധങ്ങളെ ഇഴചേർത്തു നിർമ്മിച്ച പ്രതിഭാസമാണ്. അത് ഭാഷകരുടെ കൂട്ടായ വിചിന്തനത്തിൽ ഒരു വ്യവസ്ഥ നിർമ്മിച്ചെടുക്കുന്നു.

## 2. ബഹുകാലികം (Diachronic)

എല്ലാ ഭാഷകളും കാലഘട്ടത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും. ഭാഷയുടെ ഈ പരിണാമസ്വഭാവമാണ് ബഹുകാലികപഠനത്തിൽ അന്വേഷിക്കുന്നത്. ദീർഘമായ കാലയളവിൽ സംഭവിക്കുന്ന ഭാഷാപരിണാമത്തിന്റെ അപഗ്രഥനമാണ് ബഹുകാലികം. (A study of language changes during a course of time is diachronic). ബഹുകാലിക അപഗ്രഥനം നടത്തുന്നവർ ഭാഷയെ അല്ല, അതിനെ മാറ്റിമറിച്ച സംഭവങ്ങളെയാണ് പ്രധാനമായി എണ്ണുന്നത്. ബഹുകാലിക അപഗ്രഥനത്തിനാകട്ടെ രണ്ട് വീക്ഷണവൈവിധ്യങ്ങൾ ഉണ്ട്. (1) ഒരു നിശ്ചിത സമയദൈർഘ്യത്തിലൊതുങ്ങുന്നത്. (2) കാലചക്രത്തിൽ നിന്ന് പുറകോട്ടുപോകുന്നത്. ഇതിന്റെ ഫലമായി അപഗ്രഥനത്തിന്റെ നടപടിക്രമത്തിൽ ഇരട്ട സാധ്യതകൾ ഉത്ഭവം കൊള്ളുന്നു. ബഹുകാലിക ഭാഷാശാസ്ത്രത്തിൽ ഒരു ചലനാത്മക ശക്തിയുടെ സാന്നിധ്യം നിലവിലുണ്ട്. അതിൽ ദൃശ്യമാകുന്ന സംഭവങ്ങൾ പലപ്പോഴും യാദൃച്ഛികവും വൈയക്തികവും ആണ്. ബഹുകാലിക പഠനത്തിൽ താർക്കിക-മനഃശാസ്ത്ര പ്രതിഭാസങ്ങളെ ഭാഷകരുടെ കൂട്ടായ്മ തിരിച്ചറിയുന്നില്ല. അത് വ്യവസ്ഥ രൂപപ്പെടുത്തുന്നില്ല. എന്നാൽ വ്യവസ്ഥയ്ക്കു വിധേയമല്ലാതെയുള്ള കൈമാറ്റം സാധ്യമാക്കുകയും ചെയ്യുന്നു.

ബഹുകാലികപഠനം ഭാഷയുടെ ചരിത്രം അറിയുന്നതിനുവേണ്ടിയാണ്. ഈ അന്വേഷണം പൂർണ്ണമായും വസ്തുനിഷ്ഠമായിരിക്കും എന്ന് പറയാനാവില്ല. കാരണം മാറ്റത്തിന്റെ സ്വഭാവങ്ങൾ വെളിപ്പെടുത്തുന്ന രേഖകൾ, വിശേഷിച്ചും ആദ്യകാലങ്ങളിലെ രേഖകൾ കിട്ടിയെന്നു വരില്ല. അങ്ങനെ വരുമ്പോൾ സാഹചര്യത്തെളിവുകളെ ആശ്രയിച്ച് അനുമാനത്തിലൂടെ ചിത്രരചന നടത്തേണ്ടിവരും. സാമൂഹികസ്ഥിതി, രാഷ്ട്രീയസ്ഥിതി, ഇതരഭാഷകളുമായുള്ള സമ്പർക്കം തുടങ്ങിയ സാഹചര്യങ്ങൾ ഭാഷാപരിണാമത്തെ നിയന്ത്രിച്ചിരിക്കും. അവയുടെ പശ്ചാത്തലത്തിൽ മാത്രമേ ബഹുകാലിക പഠനം സമഗ്രരീതിയിൽ നടത്താനാവൂ.

## 3. താരതമ്യാത്മക ഭാഷാശാസ്ത്രം (തുലനാത്മക ഭാഷാശാസ്ത്രം) (Comparative Linguistics or Historical Linguistics)

രണ്ട് ബഹുകാലിക ഭാഷാപഠനങ്ങളുടെ താരതമ്യമാണ് താരതമ്യാത്മക ഭാഷാശാസ്ത്രം അഥവാ ചരിത്രാത്മക ഭാഷാപഗ്രഥനം. ഒരു ഭാഷയുടെ പരിണാമചരിത്രം അന്വേഷിക്കുന്നതിനുപകരം ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മക പഠനത്തിൽ ആരായുന്നത്. ഒരു മൂലഭാഷയിൽ നിന്ന്

പിരിഞ്ഞുവരുന്നതെന്ന് കരുതാവുന്ന ഭാഷയുടെ സമൂഹത്തെയാണ് ഭാഷാഗോത്രം എന്ന് പറയുന്നത്. ഏതെല്ലാം ഭാഷകളെയാണ് ഒരു ഗോത്രമായി പരിഗണിക്കാവുന്നത്?, ഗോത്രത്തിന്റെ സാമാന്യസ്വഭാവമെന്ത്?, മൂലഭാഷയുടെ സ്വഭാവമെന്ത്?, അംഗഭാഷകൾ ഏതെല്ലാം?, എപ്പോൾ മാറ്റങ്ങളിലൂടെ സ്വതന്ത്രഭാഷകളായി?, അംഗഭാഷകൾക്ക് തമ്മിലുള്ള അടുപ്പവും അകൽച്ചയും നിർണ്ണയിക്കുന്നതെങ്ങനെ തുടങ്ങിയ കാര്യങ്ങളാണ് താരതമ്യാത്മക (തുലനാത്മക) പഠനത്തിൽ വിശകലനം ചെയ്യുന്നത്. ജൈവികബന്ധമുള്ള സജാതീയ ഭാഷകൾ ഏതെല്ലാമെന്ന് നിർണ്ണയിക്കുന്നതിലും പ്രാഗ്ഭാഷയുടെ സ്വഭാവം പുനർ നിർമ്മാണം ചെയ്യുന്നതിലും സാമാന്യമായ ചില അടിസ്ഥാന തത്ത്വങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. (1) താരതമ്യപഠനത്തിന് തെരഞ്ഞെടുക്കുന്ന ഭാഷാരൂപങ്ങൾ പ്രാദേശിക രൂപങ്ങൾ ആയിരിക്കണം. പരകീയ രൂപങ്ങൾ ഒഴിവാക്കണം. (2) ഭിന്നഭാഷകളിലെ യാദൃച്ഛിക രൂപസാദൃശ്യങ്ങൾ ഗോത്രബന്ധത്തെ സൂചിപ്പിക്കുന്നതായി കരുതരുത്. ഉദാ: എയ്റ്റ് (ഇംഗ്ലീഷ്) - എട്ട് (മലയാളം), അറൈവൽ (ഇംഗ്ലീഷ്) - എത്തൽ (മലയാളം). (3) ഒരു ഭാഷയിൽ സംഭവിച്ച പരിണാമം നിശ്ചിതസാഹചര്യത്തിലാണെങ്കിൽ ആ പരിണാമം ചരിത്രപരമായി സംഭവിച്ചതായിരിക്കണം. (4) ഭൂമിശാസ്ത്രപരമായി അകന്ന അംഗഭാഷകളിൽ ഒരേ ഭാഷാസ്വഭാവം കാണുന്നുവെങ്കിൽ അത് പ്രാഗ് ഭാഷാസ്വഭാവമായിരിക്കാൻ സാധ്യതയുണ്ട്. (5) പൂർവ്വഭാഷാസ്വഭാവങ്ങൾ എല്ലാ അംഗഭാഷകളിലും ഏറ്റക്കുറച്ചിലോടെ കാണും. അംഗഭാഷകളെ സ്വതന്ത്രഭാഷകളാക്കിയത് അതാത് ഭാഷകളിൽ സംഭവിച്ച നവപ്രവർത്തനങ്ങൾ ആണ്. (6) സമാനമായ നവപ്രവർത്തനങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ ഭാഷകൾ അടുപ്പമുള്ളവയും വ്യത്യസ്തമായ നവപ്രവർത്തനങ്ങളാണെങ്കിൽ അവ അകൽച്ചയുള്ളവയുമായിരിക്കും.

## 4. വ്യതിരേകാത്മകം (Contrastive)

രണ്ട് ഭാഷകളിലെ വ്യാകരണവ്യവസ്ഥയിലെ സാദൃശ്യ വൈസാദൃശ്യങ്ങൾ വ്യക്തമാക്കുന്ന പഠനരീതിയാണിത്. വർത്തമാനകാല ഭാഷകളെയാണ് സാധാരണ നിലയിൽ പഠനത്തിന് തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്ന ഭാഷകൾ സജാതീയങ്ങളാകണമെന്നില്ല. ഇത് ഏകകാലിക രീതിയാണ്. താരതമ്യപ്പെടുത്തുന്നതുകൊണ്ട് താരതമ്യാത്മക സ്വഭാവവും ഇതിനുണ്ട്. അന്യഭാഷാപഠനത്തിന് സഹായകമായിരിക്കും എന്ന പരികല്പന ഈ അപഗ്രഥനത്തിൽ അന്തർഭവിച്ചിട്ടുണ്ട്. മറ്റൊരു ഭാഷ പഠിക്കുമ്പോൾ മാതൃഭാഷയിൽ നിന്ന് അത് ഏതെല്ലാം തരത്തിൽ വ്യത്യസ്തമായിരിക്കുന്നുവെന്ന അറിവ് ആ ഭാഷ സ്വാംശീകരിക്കുന്നത് എളുപ്പമാക്കും എന്ന വിശ്വാസമാണ് വ്യതിരേകാത്മക പഠനത്തിലുള്ളത്. സ്രോതഭാഷയുടേയും ലക്ഷ്യഭാഷയുടേയും വ്യാകരണനിയമങ്ങൾ തമ്മിലുള്ള വ്യത്യാസം ക്രമപ്പെടുത്തി കമ്പ്യൂട്ടറിനു നൽകിയാൽ സ്വയം വിവർത്തന പ്രക്രിയയിൽ ഇടപെടാൻ കഴിയും. യന്ത്രവിവർത്തനത്തെക്കുറിച്ച് പുതിയ പരീക്ഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വ്യതിരേകാത്മക പഠനത്തിന് വളരെ പ്രസക്തിയുണ്ട്. വിവിധ രാഷ്ട്രങ്ങൾ തമ്മിലുള്ള ആശയവിനിമയം വളരെയധികം സുഗമമാക്കാനുള്ള പദ്ധതിയായിരിക്കും യന്ത്രവിവർത്തനം. ഇത്തരം പരീക്ഷണങ്ങൾക്ക് സ്രോതഭാഷയുടേയും ലക്ഷ്യഭാഷയുടേയും വ്യാകരണ

ഘടനകൾക്കുള്ള സാജാത്യവൈജാത്യങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കുന്നത് അത്യാവശ്യമാണ്. ആ നിലയിൽ വ്യതിരേകാത്മക പഠനങ്ങൾ ശാസ്ത്രപുരോഗതിയെയും സഹായിക്കുന്നു.

## 5. പ്രയുക്തഭാഷാശാസ്ത്രം (Applied Linguistics)

ഭാഷകളിലെ താത്വികവും പ്രായോഗികവുമായ എല്ലാ പ്രശ്നങ്ങളെയും നിർദ്ധാരണം ചെയ്യുകയും അവയുടെ പരിഹാരം കാണാൻ ശ്രമിക്കുകയുമാണ് പ്രയുക്തഭാഷാശാസ്ത്രം ചെയ്യുന്നത്. ഭാഷാപ്രയോഗവുമായി ബന്ധപ്പെടുന്ന എല്ലാ വശങ്ങളേയും കൈകാര്യം ചെയ്യാൻ തക്കവിധം വിശാലമാണ് പ്രയുക്തഭാഷാശാസ്ത്രത്തിന്റെ മേഖല. നിഘണ്ടുക്കൾ നിർമ്മിക്കുന്നതിൽ ഉള്ളടങ്ങുന്ന താത്വികവും പ്രായോഗികവുമായ എല്ലാ പ്രശ്നങ്ങൾക്കും സമാധാനം നൽകാൻ പ്രയുക്തഭാഷാശാസ്ത്രം ശ്രമിക്കുന്നു. വിവർത്തന വിജ്ഞാനമാണ് ഭാഷാശാസ്ത്രത്തിൽ നിന്നും വെളിച്ചമുൾക്കൊണ്ട മറ്റൊരു പ്രയുക്ത മേഖല. വിവർത്തന സമമൂല്യത, ചലനാത്മക സമമൂല്യത, വിവർത്തന വ്യതിചലനം, പുനഃസൃഷ്ടി, ഇത്യാദി സങ്കല്പങ്ങൾ രൂപപ്പെട്ടതോടെ വിവർത്തന രംഗത്ത് മൂല്യനിർണ്ണയം, നിരൂപണം, ഗുണനിലവാര പരിശോധന, പരിശീലനം, ഉപകരണ നിർമ്മിതി എന്നീ മണ്ഡലങ്ങളിൽ പൂർവ്വാധികം ശാസ്ത്രീയത വന്നു ചേർന്നിട്ടുണ്ട്.

## ഘടനാത്മക സമീപനം

ഏകകാലിക പഠനത്തിന് സാമാന്യമായി അവലംബിക്കുന്ന സമീപന രീതിയാണ് ഘടനാത്മകം. ആധുനിക ഭാഷാശാസ്ത്രത്തിന്റെ ആദ്യഘട്ടത്തിൽ വാക്യാപഗ്രഥനത്തിന് ഘടനാത്മക രീതിയെയാണ് അവലംബമാക്കിയത്. വാക്യം ഘടനയാണ്. ഘടകങ്ങളുടെ വ്യവസ്ഥാപൂർവ്വമായ സംയോഗത്തെയാണ് ഘടന എന്നു പറയുന്നത്. വാക്യത്തിലെ പ്രാഥമിക ഘടകങ്ങൾ പദങ്ങളാണ്. പ്രകൃതി-പ്രത്യയങ്ങൾ വാക്യഘടനയുടെ പ്രാഥമിക ഘടകങ്ങൾ അല്ല. വാക്യത്തിൽ ഏതെല്ലാം പദങ്ങൾ ഏതേത് സ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെടും എന്നും അങ്ങനെ പ്രത്യക്ഷപ്പെടുന്ന പദങ്ങൾക്ക് തമ്മിലുള്ള ഘടനാപരമായ ബന്ധം എന്ത് എന്നും ഘടനാത്മക സമീപനം ഉപയോഗിച്ചുള്ള വാക്യവിശകലനത്തിൽ വ്യക്തമാക്കുന്നു. വാക്യത്തിൽ അടുത്ത ബന്ധം പുലർത്തുന്ന ഘടകങ്ങളെ സന്നിഹിത ഘടകങ്ങൾ എന്ന് പറയുന്നു. ഒരു വാക്യത്തിലെ സന്നിഹിത ഘടകങ്ങളെ ക്രമീകമായി പിരിച്ചുകാണിക്കുന്ന പ്രക്രിയയാണ് സന്നിഹിതഘടകാപഗ്രഥനം. ഉദാ: കേരള/മുഖ്യമന്ത്രി/അടുത്ത/ വെള്ളിയാഴ്ച/ദില്ലിക്ക്/പോകുന്നുണ്ട്. ഇവിടെ വാക്യഘടകങ്ങളെ പടിപടിയായി പിരിച്ചുകാണിച്ചിരിക്കുന്നു. വിഭജനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ഘടകങ്ങൾക്ക് തമ്മിലുള്ള ബന്ധമാണ്. ഒരു ക്രിയ മാത്രമുള്ള ഘടനയാണ് സരളവാക്യം. ഘടനാപരമായി, സരളവാക്യങ്ങൾക്ക് പല ഉപവിഭാഗങ്ങൾ ഉണ്ട്. സംയോജകവാക്യം, സ്ഥിതിവാക്യം, അകർമകവാക്യം, സകർമകവാക്യം, പ്രയോജകവാക്യം, കർമണിവാക്യം, നിഷേധവാക്യം, ചോദ്യവാക്യം, വിധിവാക്യം, നിയോജകവാക്യം, ആശംസാവാക്യം, അവധാരണവാക്യം മുതലായവ. ഇവയിൽ ചിലതിന് ഉപഘടകങ്ങളും ഉണ്ടാകും. നിഷേധവാക്യത്തിന് അന്യോന്യനിഷേധം, സംസർഗനിഷേധം എന്ന് രണ്ട് മുഖ്യവിഭാഗങ്ങൾ ഉണ്ട്. ഒന്നിലധികം സരളവാക്യങ്ങൾ ചേർന്ന് സംയുക്തവാക്യങ്ങൾ ഉണ്ടാവുന്നു. സംയുക്തവാക്യത്തിൽ പ്രധാനമായും

രണ്ട് തരത്തിലുള്ള ഘടനകളുണ്ട്. ഒന്നിലധികം അംഗിവാക്യങ്ങൾ ചേരുന്നത് സങ്കരവാക്യം. അംഗിവാക്യത്തോട് ഒന്നോ അധികമോ അംഗവാക്യങ്ങൾ ചേർന്ന് പലതരത്തിൽ സങ്കീർണ്ണവാക്യങ്ങൾ ഉണ്ടാവുന്നു.

ഘടനാബന്ധത്തിന്റെ അടിസ്ഥാനത്തിൽ പദബന്ധങ്ങളെ രണ്ടായി വർഗീകരിക്കാം. കേരള മുഖ്യമന്ത്രി / അടുത്ത വെള്ളിയാഴ്ച / ദില്ലിക്ക് പോകുന്നുണ്ട്. എന്ന വാക്യത്തിൽ മൂന്ന് പദബന്ധങ്ങളുണ്ട്. ആദ്യ രണ്ടെണ്ണം വിശേഷണപദവും ഒരു ശീർഷകപദവും ചേർന്നതാണ്. രണ്ടിലും ശീർഷകങ്ങൾ നാമങ്ങളാണ്. ഇത്തരം ഘടനകളെ നാമബന്ധപദങ്ങൾ എന്ന് പറയും. വിശേഷണപദം ഇല്ലാതെയുള്ള പദബന്ധങ്ങളെ കേന്ദ്രീകൃത ഘടന എന്നു പറയും. ചിലപ്പോൾ ക്രിയാപദബന്ധങ്ങളും കേന്ദ്രീകൃത ഘടനകളായി വരും. കേന്ദ്രീകൃത ഘടനയിൽ സാധാരണനിലയിൽ വിശേഷണപദങ്ങൾക്ക് ശേഷമാണ് ശീർഷകപദം. ചുരുക്കം ചില ഘടനകളിൽ വിശേഷണപദം ശീർഷകത്തിന് ശേഷവും വരാറുണ്ട്. വിശേഷണവിശേഷ്യ

ബന്ധത്തെപ്പോലെ ഘടനാപരമായി ദൃഢബന്ധമുള്ളതല്ല വിഭക്തിബന്ധം. ഇത്തരം ഘടനകളെ വികേന്ദ്രീകൃതഘടന എന്നു പറയുന്നു.

## ഭാഷാവിഭജന രീതികൾ

ലോകഭാഷകളുടെ കൃത്യമായ എണ്ണം നിശ്ചയിക്കുക ബുദ്ധിമുട്ടാണ്. താരതമ്യേന അപ്രധാനമായ ഭാഷകളെക്കൂടി ഉൾപ്പെടുത്തിയെങ്കിലേ ലോകഭാഷകളുടെ കണക്കെടുപ്പ് പൂർണ്ണമാവുകയുള്ളൂ. ഭാഷകളുടെ പ്രധാന വിഭജനരീതികൾ.

1. അനുവംശികം

2. കക്ഷ്യാപരം

### 1. അനുവംശികം (Genelogical) അല്ലെങ്കിൽ ഗോത്രവിഭജനരീതി

ഭാഷകളുടെ വർഗ്ഗീകരണത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ് ജൈവിക ബന്ധം അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണം. ജൈവികബന്ധം എന്നാൽ ഔത്പത്തിക ബന്ധത്തെ സൂചിപ്പിക്കുന്നു. ഒരു പ്രാഗ്ഭാഷ (മൂലഭാഷ)യിൽ നിന്ന് പല കാലങ്ങളായി വിവിധതരം മാറ്റങ്ങളിലൂടെ വിഭിന്നദേശങ്ങളിൽ വളർന്നുവന്ന് സ്വതന്ത്രഭാഷകളായിത്തീരുന്നവയെയാണ് ജൈവികബന്ധമുള്ള ഭാഷകൾ എന്നു പറയുന്നത്. ഒരു മൂലഭാഷയിൽ നിന്ന് പിരിഞ്ഞുവന്നതെന്ന് അനുമാനിക്കാവുന്ന സ്വതന്ത്രഭാഷകളുടെ സമൂഹത്തെ ഭാഷാകുടുംബം അല്ലെങ്കിൽ ഭാഷാഗോത്രം എന്നു പറയുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് ഭാഷാഗോത്രം എന്ന സങ്കല്പത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ തുടങ്ങുന്നത്. പാശ്ചാത്യഭാഷാപണ്ഡിതന്മാർ ഭാരതത്തിലെ ക്ലാസ്സിക് ഭാഷയായ സംസ്കൃതം പഠിക്കാൻ തുടങ്ങിയതോടെയാണ് ഭാഷാഗോത്രസങ്കല്പത്തിന് പ്രേരകമായ പശ്ചാത്തലം ഉണ്ടായത്. പ്രാചീന പാശ്ചാത്യഭാഷകളായ ഗ്രീക്ക്, ലാറ്റിൻ എന്നിവയ്ക്കും പൗരാണിക പരസ്യഭാഷയായ സംസ്കൃതത്തിനും തമ്മിലുള്ള യാദൃച്ഛികമല്ലാത്ത സ്വഭാവസാദൃശ്യം അവരുടെ ശ്രദ്ധയിൽപ്പെട്ടു. ആ വഴിക്കുള്ള അന്വേഷണങ്ങൾ ഭാഷയുടെ ആനുവംശിക വർഗ്ഗീകരണത്തിനുള്ള സാധ്യതയിലേക്ക് ചെന്നെത്തുകയും ചെയ്തു. സംസ്കൃതത്തിനും ലാറ്റിൻ ഭാഷയ്ക്കും പദതലത്തിലും വ്യാകരണതലത്തിലും സാദൃശ്യമുണ്ടെന്ന് ആദ്യമായി 1767-ൽ സൂചിപ്പിച്ചത് ഫ്രഞ്ച് ജസ്യൂട്ട് പാതിരിയായ കോർദോ ആണ്. ഭാഷാഗോത്രസങ്കല്പനത്തെക്കുറിച്ചുള്ള പഠനങ്ങൾക്ക് തുടക്കമിട്ടത് ബംഗാളിലെ മുഖ്യ ന്യായാധിപനായിരുന്ന സർ വില്യം ജോൺസ് 1786 ഫെബ്രുവരിയിൽ കൽക്കത്തയിലെ ഏഷ്യാറ്റിക് സൊസൈറ്റിയിൽ നടത്തിയ ഒരു പ്രഭാഷണമാണ്. 19-ാം നൂറ്റാണ്ടിൽ ഭാഷകളുടെ താരതമ്യപഠനവും അതിനെ അടിസ്ഥാനമാക്കിയുള്ള അനുവംശികവർഗീകരണവും വിപുലമായ തോതിൽ നടന്നു. ഈ അന്വേഷണങ്ങളുടെ ആദ്യകാലാചാര്യന്മാർ ഡന്മാർക്കുകാരായ റസ്മസ് റസ്ക്, അമേരിക്കക്കാരനായ ഫ്റാൻസ് ബോപ് എന്നിവരാണ്.

ചരിത്രാതീതകാലത്ത് ഒരിടത്ത് വസിച്ചിരുന്ന ഒരുകൂട്ടം ആൾക്കാർ ഏതോ ഒരു ഭാഷ സംസാരിച്ചിരുന്നു. ഈ സമൂഹത്തിൽനിന്ന് പല കാലങ്ങളിൽ പല ദേശങ്ങളിലേക്ക് പലരും മാറി. അങ്ങനെ വൈവിധ്യമുള്ള പരിതസ്ഥിതിയിൽ കഴിഞ്ഞുകൂടിയവ

രുടെ സംസാരരീതികൾക്ക് കാലക്രമത്തിൽ മാറ്റമുണ്ടായി. അതിന്റെ ഫലമായി ഓരോ ദേശത്തെ ഭാഷയും മൂലഭാഷയിൽ നിന്ന് അകലുകയും കാലാന്തരത്തിൽ സ്വതന്ത്രഭാഷയാവുകയും ചെയ്തിരിക്കണം. ജൈവികബന്ധമുള്ള ഭാഷകളുടെ കുടുംബം ഉണ്ടായത് ഈ രീതിയിലായിരിക്കണം. ലോകഭാഷകളിൽ ഭൂരിഭാഗത്തെയും ഗോത്രങ്ങളായി വർഗീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങൾ

## 1. ഇൻഡോ - യൂറോപ്യൻ ഗോത്രം

സംസാരിക്കുന്നവരുടെ എണ്ണം നോക്കിയാൽ ലോകഭാഷാഗോത്രങ്ങളിൽ ഏറ്റവും വലുത് ഇൻഡോ - യൂറോപ്യനാണ്. ഈ ഗോത്രത്തിലെ ഭാഷകൾ പണ്ട് പ്രചരിച്ചിരുന്നത് ഇന്ത്യയിലും യൂറോപ്പിലും ഉൾപ്പെട്ട പ്രദേശങ്ങളിലായിരുന്നതുകൊണ്ടാണ് ഗോത്രത്തിന് ആ പേര് നൽകിയത്. എന്നാൽ ഇന്ന് ഈ ഭാഷ സംസാരിക്കുന്നവർ മറ്റ് പല ഭൂഖണ്ഡങ്ങളിലും ഉണ്ട്. തെക്ക് ശ്രീലങ്ക മുതൽ വടക്ക് ഐസ്‌ലാൻഡ് വരെയും കിഴക്ക് ആസാം മുതൽ പടിഞ്ഞാറ് പോർച്ചുഗൽ വരെയും ഈ ഗോത്രത്തിലെ ഭാഷ സംസാരിക്കുന്നു. ക്രിസ്തുവിനു മുമ്പ് ഏകദേശം 4000 ആണ്ടിൽ വാമൊഴിയായി നിലനിന്ന ഭാഷയാണ് പ്രാഗ് - ഇൻഡോ - യൂറോപ്യൻ. ഈ മൂലഭാഷ സംസാരിച്ചിരുന്നവരുടെ ആസ്ഥാനം മധ്യ യൂറോപ്പിലോ കരിങ്കടലിന് സമീപത്തോ ആയിരിക്കണം. ഇവരുടെ ദേശാടനം മൂലം ഉണ്ടായ വർഗീകരണത്തിൽ ശതം ഭാഷകളും കെന്റം ഭാഷകളും രൂപപ്പെട്ടു. ഇൻഡോ - യൂറോപ്യനിലെ കിഴക്കൻ ഭാഗത്തെ ഭാഷയാണ് ശതം ഭാഷകൾ. പടിഞ്ഞാറൻ ശാഖകളിലെ ഭാഷയാണ് കെന്റം. ഇൻഡോ യൂറോപ്യനിൽ പല ഉപശാഖകളുണ്ട്.

- ഇൻഡോ - ഇറാനിയൻ
- ജർമാനിക്
- ഗ്രീക്ക്
- ഇറ്റാലിക്ക്
- കെൽറ്റിക്ക്
- ബാൽറ്റോസ്ലാവിക്
- അനറ്റോലിയൻ
- അർമിനിയൻ
- റ്റൊക്കേറിയൻ
- ത്രക്കോഫ് റൈജിയൻ

ഇവയിൽ ഇൻഡോ-ഇറാനിയൻ ശാഖയാണ് അംഗഭാഷകളുടെ എണ്ണം, സംസാരിക്കുന്ന ജനങ്ങളുടെ എണ്ണം, പ്രാചീന സാഹിത്യ സംപുഷ്ടി, പ്രാചീന ലിഖിതരേഖകളുടെ ലഭ്യത എന്നിവയിൽ മുമ്പിൽ നിൽക്കുന്നത്. ഇതിൽ ഇൻഡോ-ഇറാനിയൻ ശാഖയ്ക്ക് രണ്ട് ഉപശാഖകളുണ്ട്.

ഇൻഡോ ഇറാനിയൻ

ഇറാനിയം (പടിഞ്ഞാറൻ ശാഖ)
- പാക്കിസ്ഥാൻ
- അഫ്ഗാനിസ്ഥാൻ
- സോവിയറ്റ് യൂണിയൻ
- ഇറാൻ
- ഇറാക്ക്
- തുർക്കി
- സിറിയ

ഇൻഡിക് (കിഴക്കൻ ശാഖ)
- ഇൻഡ്യ
- പാക്കിസ്ഥാൻ
- ബംഗ്ലാദേശ്
- നേപ്പാൾ
- ശ്രീലങ്ക

കിഴക്കൻ ശാഖ ഇൻഡോ ആര്യൻ എന്ന് ഇന്ന് അറിയപ്പെടുന്നു

**ഇൻഡോ-ആര്യൻ ഉപഗോത്രത്തിലെ ഭാഷകൾ**

- സംസ്കൃതം
- ഉറുദു
- മറാഠി
- ഗുജറാത്തി
- കാശ്മീരി
- അസമിസ്
- ഒറിയ
- സിംഹള (ശ്രീലങ്ക)
- ഹിന്ദി
- സിന്ധി
- കൊങ്കണി
- പഞ്ചാബി
- ഡോഗ്രി
- ബംഗാളി
- നേപ്പാളി (നേപ്പാൾ)
- മഗൽ (മിനിക്കോയ്)

**2. സീനോ – റ്റിബറ്റൻ ഗോത്രം**

സംസാരിക്കുന്നവരുടെ എണ്ണംകൊണ്ട് രണ്ടാം സ്ഥാനത്തുള്ളതാണ് ഈ ഗോത്രം. റ്റിബറ്റോ – ബർമൻ, സിനിറ്റിക് എന്നീ രണ്ട് ഉപശാഖകൾ ഈ ഗോത്രത്തിലുണ്ട്.

സിനോ – ടിബറ്റൻ

റ്റിബറ്റോ – ബർമൻ

- താ‌യ് (താ‌യ്‌ലന്റ്, ചൈന, വിയറ്റ്നാം)
- ബർമീസ് (ബർമ)
- ലാവോ (ഉത്തര ലാവോസ്)
- റ്റിബറ്റൻ (റ്റിബറ്റ്, ഭൂട്ടാൻ, നേപ്പാൾ)

സിനിറ്റിക്

- ചൈനീസ്
- മൻഡരിൻ
- വുഫുകി-എനീസ്
- കാന്റൊനിസ്
- ഹ്സ്യങ്
- കൻ

സിനിറ്റിക് ഉപശാഖയിലെ ഏറ്റവും പ്രധാനപ്പെട്ട ചൈനീസ് ഭാഷയാണ് ലോക ഭാഷകളിൽ ജനസംഖ്യകൊണ്ട് ഏറ്റവും മുമ്പിൽ.

### 3. യുറാൾ – അൾറ്റെയ്ക്

മധ്യ റഷ്യ മുതൽ പെസഫിക് സമുദ്രം വരെയുള്ള പ്രദേശങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന ഭാഷകൾ ഈ ഗോത്രത്തിൽപെടുന്നു. ലാപിഡ്, ടർക്കിഷ്, മംഗോൾ തുടങ്ങിയവ പ്രധാന ഭാഷകൾ.

### 4. സെമിറ്റോ – ഹാമിറ്റിക്

അറേബ്യൻ ഉപഭൂഖണ്ഡം മുതൽ വടക്ക് കാക്കസ് പർവ്വതനിരവരെയും തെക്ക് ഭൂമധ്യരേഖവരെയുമുള്ള ദേശങ്ങളിൽ ഉപയോഗിക്കുന്ന ഭാഷകൾ ഈ ഗോത്രത്തിൽ പെടുന്നു.

ഇൻഡോ – യൂറോപ്യൻ കഴിഞ്ഞാൽ പിന്നീട് പ്രാധാന്യം അർഹിക്കുന്ന ഗോത്രമാണ് സെമിറ്റിക്. ഹീബ്രു, അസ്സീറിയൻ, ഫിനിഷ്യൻ, അറബിക് തുടങ്ങിയ ഭാഷകൾ ഇതിൽ ഉൾപ്പെടുന്നു. ഈ ഗോത്രത്തിന് നോഹയുടെ പുത്രനായ ഷെമ്മിന്റെ പിൻമുറക്കാരുടെ വ്യവഹാരഭാഷയെന്ന നിലയ്ക്കാണ് സെമിറ്റിക് എന്ന് പേര് ലഭിച്ചത്. ലോകത്തെ മിക്ക ഭാഷകളും ഉപയോഗിക്കുന്ന അക്ഷരമാലയുടെ ലിപി സമ്പ്രദായ

ങ്ങൾ സെമിറ്റിക് ഗോത്രത്തിൽ നിന്നും അനുകരിക്കപ്പെട്ടവയാണ്. ഈ ഭാഷകൾ വൈകൃതകക്ഷ്യയിലുൾപ്പെടുന്നു.

ഹാമിറ്റിക് ഗോത്രത്തിനും സെമിറ്റിക് ഗോത്രത്തിനും പൊതുവായ ഒരു പൂർവ്വ ഭാഗം ഉണ്ടായിരുന്നുവെന്ന് ഭാഷാപണ്ഡിതർ കരുതുന്നു. ഈജിപ്ഷ്യൻ, കോപ്റ്റിക്, ബെർബർ, എത്തിയോപിക് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

## 5. മറ്റു പ്രധാന ഗോത്രങ്ങൾ

### i) ആസ്ട്രിക് ഗോത്രം

ഇൻഡോനേഷ്യൻ, പോളിനേഷ്യൻ, ഖാസി, മുണ്ടാ തുടങ്ങിയ ഭാഷകൾ ആസ്ട്രിക് ഗോത്രത്തിൽ പെടുന്നു. മുണ്ട ഉപശാഖയിൽ ഒറീസ, മധ്യപ്രദേശ്, ബംഗാൾ എന്നിവിടങ്ങളിൽ ചിതറിക്കിടക്കുന്ന ഗിരിവർഗ്ഗക്കാർ സംസാരിച്ചുവരുന്ന സന്താലി, മുണ്ടാരി, കൊർവ തുടങ്ങിയ ഭാഷകൾ ഉൾപ്പെടുന്നു. മുണ്ട ഭാഷയ്ക്ക് ലിപിയില്ല.

### ii) ബാണ്ടുഗോത്രം

സ്വാഹീലി, ഡുവാല, ബെംബ തുടങ്ങിയ നൂറിലധികം ഭാഷകൾ ഉൾപ്പെടുന്ന ഗോത്രമാണിത്. തെക്കേ ആഫ്രിക്കയുടെ ദക്ഷിണഭാഗങ്ങളിലും മധ്യഭാഗങ്ങളിലും സംസാരിക്കുന്ന ഭാഷകൾ ഈ ഗോത്രത്തിൽ പെടുന്നു.

## 6. ഭാരതീയ ഭാഷകൾ

ഭാരതീയ ഭാഷകൾ ഗോത്രപരമായി നാലു വകുപ്പിൽ പെടുന്നു. 124 ഭാഷകളടങ്ങിയ ഇൻഡോ ആര്യൻ, 73 ഭാഷകളുള്ള സീനോ-ടിബറ്റൻ, 30 ഭാഷകളുള്ള ദ്രാവിഡം, 23 ഭാഷകളുള്ള ദക്ഷിണ-പൂർവ്വേഷ്യൻ. ഇവിടെ സൂചിപ്പിച്ച എണ്ണത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളാണുള്ളത്. ഇൻഡോ ആര്യൻ, സിനോ - ടിബറ്റൻ എന്നിവയെക്കുറിച്ച് നേരത്തെ പരാമർശിച്ചതാണ്. ദക്ഷിണ-പൂർവ്വേഷ്യൻ ഭാഷ തെക്കൻ ചീനക്കടലിനും ഇന്ത്യയുടെ മധ്യഭാഗത്തിനുമിടയിലുള്ള ദേശങ്ങളിലാണ് ഉപയോഗത്തിലിരിക്കുന്നത്. മലയാളം ഉൾപ്പെടുന്ന ഗോത്രമാണ് ദ്രാവിഡം.

ദ്രാവിഡഗോത്രം

**ദ്രാവിഡഗോത്രം**

ഉത്തരദ്രാവിഡം | മധ്യദ്രാവിഡം | ദക്ഷിണദ്രാവിഡം

1971 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം മുപ്പത് ദ്രാവിഡ ഭാഷകളാണുള്ളത്. ഭാഷാശാസ്ത്രപഠനങ്ങളിൽ ഇരുപത്തിയൊന്ന് ദ്രാവിഡഭാഷകളെക്കുറിച്ചാണ് അസ

ന്ദിഗ്ധമായി ചൂണ്ടിക്കാണിക്കുന്നത്. ദ്രാവിഡഭാഷകളെക്കുറിച്ച് ആദ്യമായി സമഗ്രപഠനം നടത്തിയ ഗവേഷകനാണ് റോബർട്ട് കാൽഡ്വൽ. അദ്ദേഹത്തിന്റെ 'ദ്രാവിഡഭാഷകളുടെ അഥവാ ദക്ഷിണേന്ത്യൻ ഭാഷകളുടെ തുലനാത്മക വ്യാകരണം എന്ന ഗ്രന്ഥം 1856-ൽ പ്രസിദ്ധീകരിച്ചു. ദ്രാവിഡഗോത്രത്തിന് മൂന്ന് ഉപശാഖകളുണ്ട്.

ഓരോ ഭാഷയും നിലവിലിരിക്കുന്ന പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഭാഷ** | **പ്രദേശം** |
|---|---|
| **ഉത്തരദ്രാവിഡം** | |
| ബ്രാഹുയി | പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇറാൻ, പഴയ യു. എസ്. എസ്.ആർ എന്നിവിടങ്ങളിലെ ചില സ്ഥലങ്ങളിൽ |
| കൂർഖ് | ഛോട്ടാ നാഗ്പൂർ |
| മാൽത്തോ | രാജ്മഹൽ കുന്നിന്റെ പ്രദേശങ്ങൾ |
| **മധ്യദ്രാവിഡം** | |
| തെലുങ്ക് | ആന്ധ്രപ്രദേശ്, കർണ്ണാടകം, തമിഴ്നാട് പ്രവിശ്യകൾ |
| ഗോണ്ടി | മഹാരാഷ്ട്ര, മധ്യപ്രദേശ്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലെ ഉൾനാടുകൾ |
| മുണ്ട, പെർഗോ ഗദബ | കോരാപുട്ടിലും സമീപസ്ഥമായ അന്ധ്രപ്രദേശിന്റെ ഭാഗങ്ങളിലും |
| കുയി, കുവി | മഹാനദീതീരത്തെ പർവ്വതപ്രദേശങ്ങളിൽ |
| **ദക്ഷിണദ്രാവിഡം** | |
| മലയാളം | കേരളം, ലക്ഷദ്വീപ് (തമിഴ്നാടിനോട് ചേർന്ന കന്യാകുമാരി ജില്ല, നീലഗിരി പ്രദേശങ്ങൾ) |
| കന്നടം | കർണ്ണാടകം (ആന്ധ്ര, തമിഴ് അതിർത്തി ദേശങ്ങൾ) |
| തമിഴ് | തമിഴ്നാട് (കേരളം, കർണ്ണാടകം, ആന്ധ്ര എന്നിവിടങ്ങളിലെ അതിർത്തി ദേശങ്ങൾ) |
| തോദാ, കോത കുടക് | തമിഴ് (കന്നട - മലയാള ഭാഷകളുടെ സംഗമം ഉള്ള നീലഗിരി പ്രദേശം) |
| തുളു | മംഗലാപുരത്തിന് സമീപ പ്രദേശങ്ങൾ |

ദ്രാവിഡഗോത്രത്തിൽ തനതുലിപിയും സാഹിത്യവുമുള്ള തെലുഗു, തമിഴ്, കന്നടം, മലയാളം എന്നിവ പുഷ്ട ഭാഷകളാണ്. സംസാരിക്കുന്നവരുടെ എണ്ണമനുസരിച്ച് തെലുഗു ഒന്നാം സ്ഥാനത്തും തമിഴ്, കന്നടം, മലയാളം എന്നിവ യഥാക്രമം രണ്ടും

മൂന്നും നാലും സ്ഥാനങ്ങളിലുമാണ്.

ദക്ഷിണ ശാഖയിലെ ഏഴ് സ്വതന്ത്രഭാഷകളുടെ പ്രഭവമായ മൂലഭാഷയെ പൂർവ്വ -ദക്ഷിണദ്രാവിഡം എന്ന് വിളിക്കാം. ഈ മൂലഭാഷയിൽ നിന്ന് ആദ്യം വേർപെട്ടത് തുളുവാണ്. പിന്നീട് ഓരോ കാലഘട്ടങ്ങളിൽ കന്നടം, തോദ, കോത, കൊടഗു എന്നിവയും സ്വതന്ത്രങ്ങളായി. ശേഷിച്ചത് പൂർവ്വ തമിഴ് മലയാളം. ഇന്നത്തെ തമിഴിനും മലയാളത്തിനും പ്രഭവമായ ഈ ഭാഷയാണ് പഴന്തമിഴ്. പഴന്തമിഴിൽ നിന്നാണ് ആധുനിക തമിഴും മലയാളവും സ്വതന്ത്രഭാഷകളാകുന്നത്. ലിഖിത സാഹിത്യത്തിൽ തമിഴിനാണ് ഏറ്റവും പഴക്കം.

സംശ്ലിഷ്ടകക്ഷ്യയുടെ സ്വഭാവസവിശേഷതകൾ ഉൾക്കൊള്ളുന്ന ദ്രാവിഡഗോത്രത്തിലെ ഭാഷകളിൽ ചിലത് വൈകൃതകക്ഷ്യയുടെ സ്വഭാവസവിശേഷതകളിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നു. പ്രധാനമായും തെക്കേ ഇന്ത്യയാണ് ഈ ഗോത്രത്തിനടിസ്ഥാനം. അടിസ്ഥാനപദങ്ങളെയും വ്യാകരണസവിശേഷതകളെയും അടിസ്ഥാനമാക്കി ദ്രാവിഡത്തെ ഒരു പ്രത്യേക ഗോത്രമായി കണക്കാക്കാം. സർവ്വനാമങ്ങളും സംഖ്യാനാമങ്ങളും അടിസ്ഥാനപദങ്ങളിൽ പെടുന്നു. ഇവ രണ്ടും താരതമ്യപ്പെടുത്തുമ്പോൾ സർവ്വനാമങ്ങൾക്കും സംഖ്യാനാമങ്ങൾക്കും രൂപപരവും അർത്ഥപരവുമായ ഏകത കാണാം.

- ലിംഗവ്യവസ്ഥ - അർത്ഥത്തെ അടിസ്ഥാനമാക്കിയാണ് ദ്രാവിഡത്തിലെ ലിംഗവ്യവസ്ഥ
- വചനവ്യവസ്ഥ - ദ്രാവിഡത്തിൽ ഏകവചനവും ബഹുവചനവും മാത്രം.
- ദ്രാവിഡത്തിൽ വിഭക്തി പ്രകൃതിയുടെമേൽ ഒന്നൊന്നായി പ്രത്യയം ചേർത്താണ് ഉപയോഗിക്കുന്നത്.
- ഉത്തമപുരുഷ സർവ്വനാമങ്ങൾക്ക് ദ്രാവിഡത്തിൽ രണ്ട് ബഹുവചനരൂപങ്ങൾ ഉണ്ട്.
- വിവേചക സർവ്വനാമം ദ്രാവിഡത്തിൽ മാത്രമേ ഉള്ളൂ.
- വ്യാക്ഷേപകസർവ്വനാമം ദ്രാവിഡത്തിൽ ഇല്ല. പേരെച്ചങ്ങൾ ഉപയോഗിച്ചാണ് അവയുടെ ധർമ്മം നിറവേറ്റുന്നത്.
- ഭേദകങ്ങളുടെ സംവിധാനം വ്യത്യസ്തമാണ്.
- നിഷേധരൂപങ്ങളിലെ വ്യത്യാസം പ്രകടമാണ്.
- അക്ഷരമാലയിലെ വ്യത്യാസം ദ്രാവിഡഗോത്രത്തിന്റെ പ്രത്യേകതയാണ്.

ഈ പ്രത്യേകതകളെ കണക്കിലെടുത്ത് ദ്രാവിഡത്തെ പ്രത്യേക ഗോത്രമായി കണക്കാക്കാം.

## 2. കക്ഷ്യാവിഭജനം (Typological)

രൂപഘടനയെ അടിസ്ഥാനമാക്കി ഭാഷകളെ വിഭജിക്കുന്ന രീതിയാണ് കക്ഷ്യാവിഭജനം. പദങ്ങളുടെ ആന്തരിക ഘടനയും പദങ്ങൾ വാക്യത്തിൽ പ്രത്യക്ഷപ്പെടുന്ന

രീതികളെ ആസ്പദമാക്കി വാക്യഘടനയിൽ വരുന്ന മാറ്റങ്ങളും ആധാരമാക്കി രണ്ട് തരത്തിലുള്ള കക്ഷ്യാവിഭജനത്തിന് സാധ്യതയുണ്ട്. രൂപഘടനയെ അടിസ്ഥാനമാക്കി ഭാഷകളെ പ്രാകൃതം, സംശ്ലിഷ്ടം, വൈകൃതം, സംഘടിതം എന്നിങ്ങനെ നാലായി തിരിക്കാം.

### 1. രൂപഘടനയെ അടിസ്ഥാനമാക്കിയുള്ള വിഭജനം

### i) പ്രാകൃതഘടന (Isolative)

പ്രകൃതിക്ക് പ്രാധാന്യമുള്ളത് എന്ന അർത്ഥത്തിലാണ് കക്ഷ്യയ്ക്ക് പ്രാകൃതം എന്ന് പേരിട്ടത്. വാക്യത്തിൽ വ്യാകരണധർമ്മങ്ങളെ സൂചിപ്പിക്കാൻ പ്രത്യയങ്ങൾ ഉപയോഗിക്കുന്നില്ല എന്നതാണ് ഈ കക്ഷ്യയുടെ സ്വഭാവം. പ്രത്യയങ്ങൾ ചേർത്ത് പ്രകൃതികൾക്ക് രൂപഭേദങ്ങൾ വരുത്തി പുതിയ അർത്ഥബന്ധങ്ങൾ ഉത്പാദിപ്പിക്കാതെ, പ്രകൃതികൾ മാത്രം ഉപയോഗിച്ച് വാക്യാശയം വ്യക്തമാക്കുന്നു. പ്രകൃതികൾ മാത്രം ഉപയോഗിച്ചുകൊണ്ടുള്ള അയഞ്ഞ ഘടനയാണ് പ്രാകൃതകക്ഷ്യയുടെ സാമാന്യ സ്വഭാവം. ചൈനീസ്, റ്റിബറ്റൻ, ബർമീസ്, സയാമീസ് തുടങ്ങിയ ഭാഷകൾ ഈ സ്വഭാവം പ്രദർശിപ്പിക്കുന്നു.

### ii) വൈകൃതകക്ഷ്യ (Inflexianal)

പ്രകൃതിക്ക് മുമ്പും പിമ്പും പ്രത്യയം ചേരുക, പ്രകൃതിക്ക് ഭിന്ന സാഹചര്യങ്ങളിൽ രൂപമാറ്റം വരുക, ഒന്നിലധികം അർത്ഥങ്ങളും വ്യാകരണധർമ്മങ്ങളും ഒരേ പ്രത്യയത്തിൽ അലിഞ്ഞുചേരുക എന്നിവയാണ് വൈകൃതകക്ഷ്യയുടെ സാമാന്യസ്വഭാവങ്ങൾ. പ്രകൃതിക്ക് സാഹചര്യമനുസരിച്ച് പല വികാരങ്ങൾ (മാറ്റങ്ങൾ) വരുന്നു എന്ന അർത്ഥത്തിലാണ് കക്ഷ്യയ്ക്ക് വൈകൃതം എന്നപേര് വന്നത്. പദങ്ങളുടെ കേന്ദ്രാശയത്തെ കുറിക്കുന്ന രൂപമൂലകവും (പ്രകൃതി -root) അതിന് മറ്റു പദങ്ങളുമായുള്ള ബന്ധത്തേയോ അതിന്റെ തന്നെ ഭാവവ്യത്യാസങ്ങളെയോ കുറിക്കുന്ന മറ്റു രൂപമൂലകങ്ങളും (പ്രത്യയങ്ങൾ) വേർതിരിച്ചറിയാനാവാത്തവിധം ഒന്നുചേർന്നാണ് ഇത്തരം ഭാഷകളിൽ കാണുക. സംസ്കൃതത്തിലെ 'ഹൃ' എന്ന ധാതുവിൽ നിന്ന് പ്രഹരതി (അടിക്കുന്നു), ആഹരതി (കൊണ്ടുവരുന്നു), വിഹരതി (കളിക്കുന്നു), സംഹരതി (കൊല്ലുന്നു), പരിഹരതി (പരിഹരിക്കുന്നു) എന്നിങ്ങനെ വിഭിന്നരൂപങ്ങൾ ഉണ്ടാവുന്നത് വൈകൃതകക്ഷ്യാസ്വഭാവം കാണിക്കുന്നു. സംസ്കൃതം, ഇംഗ്ലീഷ്, റഷ്യൻ, അറബി തുടങ്ങിയ ഭാഷകൾ വൈകൃതസ്വഭാവമുള്ളവയാണ്.

### iii) സംശ്ലിഷ്ടകക്ഷ്യ (Agglutinative)

പ്രകൃതിയോട് പ്രത്യയങ്ങൾ ഒന്നിനുപുറകെ മറ്റൊന്ന് എന്ന രീതിയിൽ ചേർത്ത് ദീർഘപദഘടനകൾ സൃഷ്ടിക്കുക എന്നതാണ് ഈ കക്ഷ്യയിൽ ഉൾപ്പെട്ട ഭാഷകളുടെ സാമാന്യസ്വഭാവം. കൂടിച്ചേരുക എന്നർത്ഥമുള്ള സംശ്ലേഷിക്കുക എന്ന വാക്കിൽ നിന്നാണ് കക്ഷ്യാസംജ്ഞ ഉണ്ടായത്. മിടുക്കന്മാരോട് എന്ന ഘടന മിടുക്ക് (പ്രകൃതി) അൻ (പുല്ലിംഗം), മാർ (ബഹുവചനം), ഓട് (സംയോജികാ വിഭക്തി) എന്നിവ ചേർന്നുണ്ടായതാണ്. ചേരുന്ന പ്രത്യയങ്ങളിൽ ഓരോന്നിനും വിശേഷാർത്ഥമുണ്ടായിരിക്കും. ടർക്കിഷ് സംശ്ലിഷ്ടസ്വഭാവം കാണിക്കുന്നു. മലയാളവും സാമാന്യമായി സംശ്ലിഷ്ടസ്വഭാവമുള്ള ഭാഷയാണ്.

### iv) സംഘടിതകക്ഷ്യ (Incorporative Language)

മറ്റ് കക്ഷ്യകളിൽ സ്വതന്ത്രപദങ്ങളുടെ സമാഹാരമായിരിക്കും വാക്യം. സംഘടിതകക്ഷ്യയിൽ പദങ്ങളെ സംയോജിപ്പിച്ച് വാക്യഘടന ഒറ്റപ്പദംപോലെയാക്കുന്നു. പദങ്ങൾ സംഘടിക്കുന്നു എന്ന സ്വഭാവം പരിഗണിച്ചാണ് കക്ഷ്യയ്ക്ക് സംഘടിതം എന്ന പേര് കിട്ടിയത്. അമേരിക്കൻ - ഇൻഡ്യൻ ഭാഷകളിൽ പലതും ഈ സ്വഭാവമുള്ളവയാണ്. മറ്റ് ഭാഷകളിൽ നിരവധി പദങ്ങൾകൊണ്ട് പറഞ്ഞുതീർക്കേണ്ട കാര്യം ഈ കക്ഷ്യയിൽപ്പെട്ട ഭാഷകളിൽ ഒറ്റപ്പദംകൊണ്ട് സാധിക്കുന്നു. ഗ്രീൻലാന്റ് ഭാഷ ഇതിന് ഉദാഹരണമാണ്.

eztakit - എനിക്കതറിഞ്ഞുകൂടാ

eztakiat - എനിക്കതറിഞ്ഞുകൂടാ ചെറുക്കാ

eztakinat - എനിക്കതറിഞ്ഞുകൂടാ പെണ്ണേ

### v) അപഗ്രഥിത കക്ഷ്യ (Analytive Language)

വൈകൃതകക്ഷ്യയിൽപ്പെട്ട ഭാഷകൾ തന്നെ വളർച്ചയുടെ ഘട്ടത്തിൽ കൂടുതൽ അപഗ്രഥനസ്വഭാവം പ്രദർശിപ്പിക്കുന്നു. വൈകൃതക്ഷ്യയിൽപ്പെടുന്ന ഇൻഡോ യൂറോപ്യൻ ഭാഷകളിൽ പ്രത്യയം പ്രകൃതിയിൽ നിന്നു വേർതിരിച്ചെടുക്കാനാവാത്തവണ്ണം സ്ഥിതി ചെയ്യുന്നു. കാലക്രമത്തിൽ ഉച്ചാരണത്തിലും മറ്റും വരുന്ന മാറ്റങ്ങൾ കാരണം പദങ്ങൾ അവയുടെ ആദിരൂപത്തിൽനിന്നും വളരെ അകന്നുപോകുവാൻ ഇടയാകുന്നു. ഇങ്ങനെ വിഭ്രമജനകമായ ഒരവസ്ഥ വൈകൃതകക്ഷ്യയിൽപ്പെട്ട ഭാഷകളിൽ വരുമ്പോൾ പ്രത്യയങ്ങളുടെ സ്ഥാനത്ത് ഗതികളും അനുപ്രയോഗധാതുക്കളും ക്രിയാവിശേഷണങ്ങളും പ്രയുക്തങ്ങളാക്കി ഭാഷയെ അപഗ്രഥിതകക്ഷ്യയിൽ ഉൾപ്പെടുത്തേണ്ടിവരും. വൈകൃതകക്ഷ്യയിലെ ഭാഷകളുടെ അനുക്രമമായ വളർച്ചയിൽ സംഭവിക്കുന്ന ഒരുഘട്ടം മാത്രമാകയാൽ ഇതിനെ പ്രത്യേകിച്ചൊരു കക്ഷ്യയായി ഗണിക്കേണ്ടതില്ലെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

കക്ഷ്യകൾ ഭാഷകളുടെ പരിണാമഘട്ടങ്ങളെ കാണിക്കുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. മലയാളത്തിന്റെ ഇപ്പോഴത്തെ നില സംശ്ലിഷ്ടകക്ഷ്യയിൽ നിന്ന് വൈകൃതകക്ഷ്യയിലേക്ക് കയറുവാനുള്ള പടിവാതിലാകുന്നുവെന്ന് ഏ. ആർ. രാജരാജവർമ്മ കേരളപാണിനീയത്തിൽ പറഞ്ഞിട്ടുണ്ട്.

## 2. പദക്രമീകരണം അടിസ്ഥാനമാക്കിയുള്ള വിഭജനം

വാക്യാംഗങ്ങളായ മൂന്ന് മുഖ്യപദങ്ങളെ കർത്താവ് (subject), കർമ്മം (object), ക്രിയ (verb) എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ വർഗ്ഗീകരണം. ഇവയുടെ ആദ്യാക്ഷരങ്ങളായ എസ്. ഒ. വി എന്നിവ ഉപയോഗിച്ച് ഭാഷകളെ വർഗങ്ങളായി തിരിച്ചിരിക്കുന്നു. മലയാളത്തിലെ സ്വാഭാവികമായ ഘടന കർത്താവ് (എസ്), കർമ്മം (ഒ), ക്രിയ (വി) എന്ന ക്രമമാണുള്ളത്. ഇംഗ്ലീഷിലേത് 'എസ്-വി-ഒ' ആണ്. ഇങ്ങനെ ലോകഭാഷകളെ എസ്-വി-ഒ, എസ്-ഒ-വി, വി-എസ്-ഒ തുടങ്ങിയ ഭാഷാവർഗ്ഗങ്ങളായി തരംതിരിക്കാം. ഭാഷകളുടെ ആന്തരികഘടന മനസ്സിലാക്കുന്നതിനും

ഇത് സഹായകരമാണ്.

## മൊഡ്യൂൾ രണ്ട്

# സ്വനവിജ്ഞാനം

ഭാഷയിലെ അടിസ്ഥാന ശാബ്ദിക മാത്രകളാണ് സ്വനം. ഉച്ചാരണ ശബ്ങ്ങളെയാണ് സാങ്കേതികാർത്ഥത്തിൽ സ്വനം (phone) എന്ന് വിവക്ഷിക്കുന്നത്. സ്വനങ്ങൾക്ക് അർത്ഥഭേദനിർബന്ധം ഇല്ല. അതായത് അർത്ഥഭേദസാധ്യതകളിൽ സ്വനങ്ങൾ സജീവമാകുന്നില്ല എന്നർത്ഥം. വ്യത്യസ്ത സ്വഭാവങ്ങളോടുകൂടിയ സ്വനങ്ങളുടെ ഉത്പാദനം ഉച്ചാരണാവയവങ്ങളുടെ വൈചിത്ര്യത്തിലാണ് നടക്കുന്നത്. ഉച്ചാരണത്തിന് മാത്രമായുള്ള അവയവങ്ങളൊന്നും മനുഷ്യശരീരത്തിലില്ല. സ്വനോത്പാദനത്തിൽ പങ്കെടുക്കുന്ന മൗഖികാവയവങ്ങൾക്ക് മറ്റ് ജൈവിക ധർമ്മങ്ങളുണ്ട്. ഈ മൗഖികാവയവങ്ങളുടെ പ്രവർത്തന വ്യത്യാസങ്ങളാണ് ഭിന്നസ്വഭാവമുള്ള സ്വനങ്ങളുടെ പ്രകാശനത്തിന് ആധാരം. സ്വനവ്യതിയാനം അർത്ഥഭേദം ഉണ്ടാക്കാത്തതുകൊണ്ട് വരമൊഴിയിൽ സ്വനത്തിന് പ്രസക്തിയില്ല. എന്നാൽ വാമൊഴിയിൽ സ്വനം അതീവ പ്രസക്തമാണ്. സ്വനങ്ങളെക്കുറിച്ചുള്ള പഠനമാണ് സ്വനവിജ്ഞാനം അഥവാ 'Phonetics'. സ്വനങ്ങളുടെ എല്ലാ സ്വഭാവസവിശേഷതകളും സ്വനവിജ്ഞാനം ഉൾക്കൊള്ളുന്നു. സ്വനങ്ങളുടെ ഉത്പാദനം, സഞ്ചാരം, സ്വീകരണം എന്നിവ സ്വനവിജ്ഞാനം ചർച്ച ചെയ്യുന്നു. Phonetics is that branch of linguistics deals with the charecterestics of speech sounds. മനുഷ്യന്റെ ഉച്ചാരണാവയവങ്ങൾക്ക് എണ്ണമറ്റ ശബ്ദവൈവിധ്യം പുറപ്പെടുവിക്കാൻ കഴിയും. അവയിൽ ഏതാനും ചിലതു മാത്രമേ ഓരോ ഭാഷയും ഉപയോഗിക്കുന്നുള്ളൂ. ഭാഷണശബ്ദങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനത്തിൽ മൂന്നു പഠനരീതികൾ അവലംബിക്കാറുണ്ട്. (1) അവയവാസ്പദം, (2) ശ്രവണാസ്പദം (3) സ്വനഭൗതികം. ഈ മൂന്ന് രീതികളെയും സ്വനവിജ്ഞാനത്തിലെ മൂന്ന് ഉൾപ്പിരിവുകളായി പരിഗണിക്കാം.

### 1. അവയവാസ്പദം (Articulatory Phonetics)

" ഉച്ചാരണാവയവങ്ങളുടെ സഹായത്താൽ എപ്രകാരം ഭാഷണശബ്ദങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് ഉച്ചാരണസ്വനവിജ്ഞാനം നിരൂപിക്കുന്നു. അവയവാസ്പദമായ ഈ പഠനശാഖയാണ് ഭാഷാശാസ്ത്രജ്ഞരുടെ മുഖ്യ വിഹാരരംഗം. ഭാഷാശബ്ദങ്ങൾ ഉച്ചരിതങ്ങളാണ്. സ്വനനാളം മുതൽ ചുണ്ടുകൾ വരെയുള്ള മൗഖികപഥത്തിലെ സ്ഥിരാസ്ഥിരങ്ങളായ അവയവങ്ങളുടെ പലതരത്തിലുള്ള പ്രവർത്തനങ്ങൾ കൊണ്ടാണ് സ്വനോത്പാദനം നടക്കുന്നത്. ഓരോ സ്വനത്തിന്റെ പ്രകാശനത്തിലും ഏതെല്ലാം ഉച്ചാരണാവയവങ്ങൾ ഏതെല്ലാം തരത്തിൽ പ്രവർത്തിക്കുന്നു എന്നാണ് അവയവാസ്പദ സ്വനവിജ്ഞാനത്തിൽ വിവരിക്കുന്നത്. ഉച്ചാരണാവയവങ്ങളുടെ പ്രവർത്തനരീതി സംസാരിക്കുന്നവർക്കുതന്നെ ഒരു പരിധിവരെ അനുഭവിച്ചറിയുവാൻ കഴിയും. അവയവാസ്പദ സ്വനവിജ്ഞാനത്തിനുള്ള മെച്ചം ഇതാണ്. വസ്തുനിഷ്ഠമായി താര

തമ്യേന ലളിതമായ രീതിയിൽ ഉച്ചാരണക്രിയയിലെ വിശദാംശങ്ങൾ വിവരിക്കാൻ കഴിയുന്നു. മറ്റ് രണ്ട് രീതികളെക്കാൾ ഭാഷാശാസ്ത്രത്തിൽ ഈ രീതിക്ക് പ്രാധാന്യം കല്പിച്ചിരിക്കുന്നത് അതുകൊണ്ടാണ്.

## 2. ശ്രവണാസ്പദം (Auditory Phonetics)

സ്വനസ്വീകരണം ജീവശാസ്ത്രവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ശ്രവണാസ്പദമായ ഈ ശാഖയെ ശ്രവണാസ്പദസ്വനവിജ്ഞാനം (Auditory Phonetics) എന്നു പറയുന്നു. ചെവിയെ പുറം ചെവി, നടുച്ചെവി, ഉൾച്ചെവി എന്നിങ്ങനെ വിഭജിക്കാം. വായുവിലൂടെ സഞ്ചരിച്ചെത്തുന്ന ശബ്ദതരംഗങ്ങളെ പുറം ചെവിയുടെ ബഹിർഭാഗമായ കാത് സ്വീകരിക്കുകയും കർണ്ണരന്ധ്രത്തിലേക്ക് കടത്തിവിടുകയും ചെയ്യുന്നു. ഈ തരംഗങ്ങൾ കർണ്ണപടത്തെ കമ്പനം ചെയ്യിക്കുന്നു. കർണ്ണപടത്തിന്റെ കമ്പനം മധ്യകർണ്ണത്തിലെ അസ്ഥികളിലേക്ക് സംക്രമിക്കുന്നു. ഈ കമ്പനങ്ങൾ മധ്യകർണ്ണത്തിലെത്തുകയും ശ്രവണനാഡി മുഖേന തലച്ചോറിലേക്ക് വഹിക്കപ്പെടുകയും ചെയ്യുന്നു. ഉച്ചാരണ ക്രിയപോലെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതല്ല ശ്രവണക്രിയ. ചെവിയിലെ ആന്തരികാവയവങ്ങളെക്കുറിച്ച് അറിയാമെങ്കിലും ശബ്ദസ്വീകരണം എന്ന പ്രക്രിയയെക്കുറിച്ച് സൂക്ഷ്മമായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ചെവിയുടെ ആന്തരികതലത്തിൽ വച്ച് ശബ്ദങ്ങളെ സ്വീകരിക്കുന്നുണ്ടെങ്കിലും അവയുടെ തിരിച്ചറിവ് നടക്കുന്നത് മസ്തിഷ്ക്കത്തിലാണ്. ചെവിയിൽ നിന്ന് മസ്തിഷ്ക്കത്തിലേക്ക് ശബ്ദതരംഗങ്ങളെക്കുറിച്ചുള്ള സന്ദേശങ്ങൾ അയയ്ക്കുന്നത് കർണനാഡികളാണ്. മസ്തിഷ്ക്കമാണ് ശബ്ദവ്യവച്ഛേദനവും ശബ്ദസംഘാതങ്ങൾ സൂചിപ്പിക്കുന്ന ആശയങ്ങൾ ഏതെന്ന നിർണയനവും നടത്തുന്നത്. ചെവിക്കകത്തുള്ള ശബ്ദക്രിയയെക്കുറിച്ച് സാമാന്യമായി അറിയാൻ കഴിയുമെങ്കിലും മസ്തിഷ്ക്കത്തിൽ നടക്കുന്ന തിരിച്ചറിയൽ പ്രക്രിയ വസ്തുനിഷ്ഠാപഗ്രഥനത്തിന് അപ്രാപ്യമാണ്. അതുകൊണ്ടാണ് ശ്രവണാസ്പദസ്വനവിജ്ഞാനത്തിൽ ഏറെ പുരോഗതി ഉണ്ടാകാത്തത്.

## 3. സ്വനഭൗതികം (Accousstics Phonetics) (ശബ്ദതരംഗാസ്പദം)

ഉച്ചരിതശബ്ദങ്ങളുടെ ഭൗതികസ്വഭാവം അപഗ്രഥിച്ച് പഠിക്കുന്ന രീതിയാണ് ഭൗതിക സ്വനവിജ്ഞാനം. ശബ്ദത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനം ഭൗതിക വിജ്ഞാനത്തിന്റെ ഭാഗമാണ്. അതിൽ എല്ലാത്തരം ശബ്ദങ്ങളെയും വിശകലനം ചെയ്യുന്നു. ഉച്ചാരണാവയവങ്ങൾ ഉപയോഗിച്ച് സൃഷ്ടിക്കുന്ന ഭാഷണശബ്ദങ്ങൾ തരംഗരൂപത്തിലാണ് വായുവിലൂടെ സഞ്ചരിക്കുന്നത്. തരംഗങ്ങൾക്ക് സഞ്ചരിക്കാൻ മാധ്യമം ആവശ്യമാണ്. എല്ലാ ശബ്ദങ്ങളും കേൾക്കാൻ മനുഷ്യന് സാധിക്കില്ല. ഒരു സെക്കൻഡിൽ 20 നും 20000 നും ഇടയ്ക്ക് ആവൃത്തിയുള്ള ശബ്ദങ്ങളേ മനുഷ്യന് കേൾക്കാനാവൂ. ശബ്ദതരംഗങ്ങളുടെ പ്രവേഗം, മാധ്യമത്തിന്റെ സാന്ദ്രത, വ്യാപ്തി എന്നിവയെ ആശ്രയിച്ചിരിക്കുന്നു. മാധ്യമത്തിന്റെ സ്വഭാവം ശബ്ദതരംഗങ്ങളുടെ സഞ്ചാരവേഗതയെ നിയന്ത്രിക്കുന്നു. ഊർജ്ജതന്ത്രത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കനുസരിച്ചുതന്നെയാണ് ഭൗതികസ്വനവിജ്ഞാനത്തിലെ അപഗ്രഥനവും നടത്തുന്നത്. ഉച്ചാരണ ക്രിയയ്ക്ക് ശേഷം അന്തരീക്ഷവായുവിലുണ്ടാകുന്ന ശബ്ദതരംഗങ്ങളുടെ ഭൗതികഗുണങ്ങളെയാണ് കൃത്യമായി അളന്ന് തിട്ടപ്പെടുത്തി പഠിക്കുന്നത്. തരംഗത്തിന്റെ ദൈർഘ്യം, ആവൃത്തി, സ്ഥായിഭേദം, തീവ്രത എന്നിവയെല്ലാം നിരീക്ഷണത്തിലൂടെ അറിയാനാവില്ല. ഭാഷാശബ്ദങ്ങളുടെ ഭൗതിക ഗുണങ്ങൾ അറിയുന്നതിന് ഉപകരണങ്ങൾ ആവശ്യ

മായി വരുന്നു. ഇങ്ങനെ യന്ത്രോപകരണങ്ങളുടെ സഹായത്താൽ നടത്തുന്ന പഠനമായതുകൊണ്ട് ഇത് പരീക്ഷണസ്വനവിജ്ഞാനമാണ്.

സാമാന്യഭാഷാശാസ്ത്രത്തിൽ സ്വനസ്വീകരണത്തിന് അവയവാസ്പദ (ഉച്ചാരണാധിഷ്ഠിത) രീതിയെയാണ് അവലംബിക്കുന്നത്. മറ്റ് രണ്ട് രീതികളിലുമുള്ള സങ്കീർണതകൾ ഈ അപഗ്രഥനത്തിൽ ഇല്ലാത്തതാണ് അത് സ്വീകരിക്കാൻ പ്രേരകമായത്.

## ഉപസ്വനങ്ങൾ (Allophones)

സ്വനവിജ്ഞാനത്തിൽ ഉച്ചാരണക്രിയയിലെ വ്യത്യാസമനുസരിച്ച് സ്വനങ്ങളെ വർഗ്ഗീകരിക്കുന്നു. ഇവിടെ രണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്ന്, ഓരോ സ്വനത്തിന്റെയും ഉത്പാദനത്തിന് ആധാരമായ ഉച്ചാരണക്രിയയെ വേർതിരിച്ച് കാണിച്ചാണ് ആ സ്വനം ഏത് വർഗ്ഗത്തിൽ പെടുന്നുവെന്ന് നിർണ്ണയിക്കുന്നത്. ഉച്ചാരണക്രിയ എല്ലാ ഭാഷകരിലും എല്ലാ സമയത്തും ഒരേ മാതിരിയായിരിക്കില്ല. വ്യക്തിഭേദവും സന്ദർഭഭേദവും ഉച്ചാരണത്തിൽ മാറ്റങ്ങൾ വരുത്തും. രണ്ട്, സ്വനിമവിജ്ഞാനത്തിൽ സ്വനത്തെ തനിച്ചെടുത്താണ് അതിന്റെ ഉച്ചാരണസ്വഭാവം വിവരിക്കുന്നത്. ഭാഷണത്തിൽ സ്വനങ്ങൾ ഒറ്റയൊറ്റയായല്ല പ്രത്യക്ഷപ്പെടുന്നത്. ഭാഷണശൃംഖലയിൽ കൂടിച്ചേർന്നുവരുമ്പോൾ, സ്വനങ്ങൾക്ക് സ്വഭാവമാറ്റം ഉണ്ടാകാം. ഇങ്ങനെ ഉച്ചാരണത്തിൽ പ്രത്യക്ഷപ്പെടുന്ന അസ്ഥിരസ്വഭാവമുള്ള സ്വനങ്ങളെ അധഃസ്വനങ്ങൾ എന്ന് പറയുന്നു. സാദൃശ്യമുള്ള സ്വനസമൂഹങ്ങൾക്കു വ്യത്യയം ഇല്ലെങ്കിൽ അവയെ ഒരു സ്വനിമത്തിന്റെ ഉപസ്വനങ്ങൾ ആയി കണക്കാക്കാം. സ്വനിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനങ്ങൾ ആണ് ഉപസ്വനങ്ങൾ (Allophones are positional variants of phonemes). ഉപസ്വനങ്ങൾ അർത്ഥവ്യതിയാനത്തിന് കാരണമാകില്ല.

കരം, പകരം, ഭയങ്കരം - ഒരേ ലിപി കൊണ്ട് കുറിക്കപ്പെടുന്ന ഇവയിലെ 'ക' കാരങ്ങൾക്ക് ഉച്ചാരണഭേദം ഉണ്ടെങ്കിലും അവ ഒരേ സ്വനിമത്തിന്റെ സ്ഥാനവ്യതിയാനങ്ങൾ മാത്രമാണ്. 'കരം' എന്ന പദത്തിലെ 'ക' കാരത്തിന്റെ ഉച്ചാരണം 'പകരം' എന്ന പദത്തിൽ പ്രതിഷ്ഠിച്ചാൽ അർത്ഥവ്യതിയാനം സംഭവിക്കുന്നില്ല എന്നർത്ഥം. ഒരേ സ്വനിമത്തിന്റെ ഉപസ്വനങ്ങൾ ഒരേ സ്വനികമണ്ഡലത്തിൽ പ്രത്യക്ഷപ്പെടുകയില്ല. ഉപസ്വനങ്ങളുടെ പ്രത്യക്ഷീകരണസ്ഥാനങ്ങൾ പ്രവചനീയമായിരിക്കും. ഭാഷയുടെ താളമറിയുന്നവർക്കു മാത്രമേ പ്രത്യക്ഷീകരണസ്ഥാനങ്ങളെപ്പറ്റി ബോധമുണ്ടാകൂ. ആ സ്ഥാനങ്ങളുടെ ഉപയോഗമറിയാത്തതുകൊണ്ടാണ് മാതൃഭാഷയല്ലാത്ത ഭാഷ ഉപയോഗിക്കുമ്പോൾ കേൾവിക്കാർക്ക് ഹാസ്യം ഭാവം നിറയുന്നത്. "ഒരേ സ്വനിക സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സദൃശ്യസ്വഭാവമുള്ളതും പ്രവചനീയപ്രത്യക്ഷ സ്ഥാനങ്ങളോടു കൂടിയതും ആയ സ്വനങ്ങളാണ് ഉപസ്വനങ്ങൾ."

## ഉച്ചാരണാവയവങ്ങൾ

മനുഷ്യശരീരത്തിന്റെ പകുതിയിലേറെ ഭാഗം ഉച്ചാരണപ്രക്രിയയിൽ ഭാഗഭാക്കാകുന്നു. എന്നാൽ ഭാഷണസ്വനങ്ങളുടെ ഉത്പാദനത്തിനായി മാത്രം പ്രത്യേക അവയവങ്ങളൊന്നും മനുഷ്യനില്ല. രുചിയറിയാനുള്ള നാക്കും ശ്വസനത്തിനുപയോഗിക്കുന്ന നാസികയും ഉച്ചാരണ പ്രക്രിയയിൽ മുഖ്യ പങ്കുവഹിക്കുന്നു.




| | | | | | |
|---|---|---|---|---|---|
| 1. | നാസാദ്വാരം | 2. | നാവ് | 3. | കണ്ഠനാളം |
| 4. | ശ്വാസനാളം | 5. | i)മേൽച്ചുണ്ട്<br>ii)കീഴ്ച്ചുണ്ട് | 6. | പല്ലുകൾ |
| 7. | ജിഹ്വാഗ്രം | 8. | ജിഹ്വാതലം | 9. | ജിഹ്വാമധ്യം |
| 10. | ജിഹ്വാമൂലം | 11. | വർത്സം | 12. | കഠിനതാലു |

13. മൂർധാവ് 14. മൃദുതാലു 15. പ്രജിഹ്വ

16. ഉപജിഹ്വ 17. സ്വനപേടകം 18. സ്വനപാളികൾ

**ഭാഷണശബ്ദമുളവാക്കാൻ സഹായിക്കുന്ന അവയവങ്ങൾ**

1. **പ്രാചീരം (Diaphram)**: ഉദരത്തിനും നെഞ്ചിനുമിടയിലുള്ള മാംസളമായ ഭിത്തിയാണ് പ്രാചീരം. ഇതിന്റെ പ്രവർത്തനം കൊണ്ടാണ് ശ്വാസകോശങ്ങൾക്ക് വികാസ സങ്കോചങ്ങൾ ഉണ്ടാകുന്നത്. ശബ്ദോച്ചാരണത്തിനായി ശ്വാസകോശങ്ങളിൽ വായു സംഭരിക്കപ്പെടുകയും നിയന്ത്രണത്തോടെ പുറത്തേക്കു വിടുകയും ചെയ്യുന്നു. ഉചിതമായ ഭാഷണശബ്ദങ്ങളുണ്ടാക്കുന്നതിന് ശ്വാസകോശത്തിൽ നിന്നുവരുന്ന വായുവിനെ നിയന്ത്രിക്കുന്നു.

2. **ഉരസ്ഥപേശികൾ**: വാരിയെല്ലുകളെ തമ്മിൽ ഘടിപ്പിക്കുന്ന മാംസപേശികളാണിത്. വക്ഷോദരഭിത്തിയുടെ (പ്രാചീരം) പ്രവർത്തനത്തിൽ സഹായിക്കുന്നു. വക്ഷോദരഭിത്തി കീഴോട്ടമരുമ്പോൾ അതോടൊത്ത് ഈ മാംസപേശികൾ അയയുകയും വാരിയെല്ലുകൾ അകലുകയും ചെയ്യും. ശ്വാസകോശത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ ഈ പ്രവർത്തനം സഹായിക്കും.

3. **ശ്വാസകോശങ്ങൾ (Lungs)** : വക്ഷോദരഭിത്തിയുടെയും ഉരസ്ഥപേശികളുടെയും പ്രവർത്തനത്തിന് വിധേയമായി വായുവിനെ ഉൾക്കൊള്ളുകയും, നിയന്ത്രിതമായി പുറത്തേക്കു വിടുകയും ചെയ്യുകയാണ് ശബ്ദോത്പാദനത്തിൽ ശ്വാസകോശം ചെയ്യുന്നത്.

4. **ശ്വാസനാളം (Trachea)** : ശ്വാസകോശങ്ങളിൽ നിന്ന് വായുവിനെ വായ്ക്കകത്തെത്തിക്കുന്നത് ശ്വാസനാളമാണ്. ശ്വാസനാളത്തിന്റെ ഉപരിഭാഗം ശബ്ദോത്പാദനത്തിൽ പ്രാധാന്യമർഹിക്കുന്നു. കഴുത്തിൽ താടിക്കു താഴെയായി ഒരു മുഴപോലെ കാണുന്ന ഭാഗമാണിതിന്റെ സ്ഥാനം. ഇതിന് കൃകം (larynx) എന്നു പറയുന്നു. കൃകത്തിനുള്ളിൽ വിലങ്ങനെ കിടക്കുന്ന രണ്ടു പാടകളുണ്ട്. ഇവയെ ശബ്ദഗ്രന്ഥികളെന്നോ ശബ്ദതന്ത്രികളെന്നോ (vocal chords) വിളിക്കാം.

    കൃകത്തിന്റെ പിന്നിൽ നിന്ന് മുൻഭാഗം വരെ വ്യാപിച്ചു കിടക്കുന്ന ശബ്ദഗ്രന്ഥികൾ രണ്ടു വശത്തേയ്ക്കുമകന്നു ദീർഘവൃത്താകൃതിയിലുള്ള ഒരു വിടവുണ്ടാക്കുന്നു. ഈ വിടവിലൂടെയാണ് ശബ്ദോച്ചാരണത്തിൽ വായു പ്രവാഹം ആസ്യരന്ധ്രത്തിലേക്കു കടക്കുന്നത്. ശബ്ദതന്ത്രികൾക്കിടയിലുള്ള വിടവിനെ ശ്വാസനാളമുഖം (Glottis) എന്നു വ്യവഹരിക്കാം. നാളമുഖം ആവശ്യാനുസരണം വലുതാക്കുകയോ ചെറുതാക്കുകയോ അടയ്ക്കുകയോ ചെയ്യാം. നാളമുഖം അടഞ്ഞോ വളരെ ചുരുങ്ങിയോ ഇരിക്കുമ്പോൾ ശ്വാസത്തെ ബഹിർഗമിച്ചാൽ ശബ്ദതന്ത്രികൾക്കു പ്രകമ്പനമുണ്ടാകും. ശ്വാസനാളത്തിനു മുകളിലായി തരുണാസ്ഥിനിർമ്മിതമായ ഒരു മൂടിയുണ്ട്. ഇതിന്റെ പ്രധാന ഉപയോഗം ജലമോ ഭക്ഷണസാധനങ്ങളോ ശ്വാസമാർഗ്ഗത്തിനകത്തു കടക്കാതെ രക്ഷിക്കുകയാണ്. ശ്വാസോച്ഛ്വാസവേളയിലും ഭാഷണശബ്ദങ്ങൾ പുറപ്പെടുവിക്കുമ്പോഴും ഇതു തുറന്നിരിക്കും. ശബ്ദോത്പാദനത്തിൽ ഈ അവയവത്തിനു വലിയ പ്രാധാന്യമില്ല.

5. **ഗളം (Pharynx)** : അന്നനാളിയും ശ്വാസനാളിയും തമ്മിൽ ചേരുന്ന ഭാഗത്തിനാണ് ഗളം എന്നു പറയുന്നത്. ശ്വാസനാളമുഖത്തിൽ നിന്നും ഗളത്തിലേയ്ക്കാണ് വായു കടക്കുന്നത്. ആസ്യരന്ധ്രം വഴിയായോ നാസിക വഴിയായോ വായുവിനു ഗതിഭേദം നേരിടുന്നത് ഗളത്തിൽ നിന്നാണ്.

6. **ആസ്യാവയവങ്ങൾ** : ഉച്ചാരണത്തിനുപയോഗിക്കുന്ന ആസ്യാവയവങ്ങളെ സ്ഥിരങ്ങളെന്നും ചരങ്ങളെന്നും രണ്ടായി തിരിക്കാം. ഉച്ചാരണവേളയിൽ ചലനമില്ലാത്ത അവയവങ്ങളാണ് സ്ഥിരങ്ങൾ. ചലിക്കുന്നവ ചരങ്ങളും.

എ) **സ്ഥിരങ്ങൾ**: പല്ല് (teeth), അതിനു പുറകിലുള്ള കട്ടികൂടിയ ഊന് (teeth ridge), താലു (Palate), കഠിനതാലു (Hard Palate), മൂർദ്ധാവ് (cerebrum) എന്നിവയാണ് സ്ഥിരങ്ങൾ. ഇവ മേൽവായുടെ ഭാഗങ്ങൾ മാത്രമാണ്.

ബി) **ചരങ്ങൾ** : ചുണ്ട്, നാക്ക്, മൃദുതാലു, ചെറുനാക്ക് (uvula) എന്നിവയാണ് ചരങ്ങൾ. ഇവയുടെ പ്രവർത്തനത്തിന് സ്ഥിരങ്ങളുടെ പ്രവർത്തനത്തെക്കാൾ പ്രാധാന്യം കൂടുതലുണ്ട്. അതിനാൽ ഇവയെക്കുറിച്ച് കൂടുതലായി പറഞ്ഞുവയ്ക്കുന്നു.

i) ***ചുണ്ടുകൾ*** : കീഴ്ച്ചുണ്ടിനാണ് കൂടുതൽ പ്രാധാന്യം. മേൽച്ചുണ്ടിനെക്കാൾ കൂടുതലായി ചലനശക്തി ഇതിനാണ്. മേൽച്ചുണ്ടുമായി ചേർന്ന് വായുപ്രവാഹത്തെ പൂർണ്ണമായി രോധിക്കുന്നതിനും ചെറിയ ഒരു വിടവിൽക്കൂടി വെളിയിലേക്കു വിടുന്നതിനും ഇതിനു കഴിയും. രണ്ട് ചുണ്ടുകളും മുന്നോട്ടു നീണ്ട് തടസ്സം കൂടാതെ വായുവിനെ വെളിയിലേക്ക് വിടാനും മേൽവരിയിലെ പല്ലുമായി ചേർന്ന് വായുമാർഗ്ഗത്തെ പൂർണ്ണമായോ ഭാഗികമായോ രോധിക്കാനും കീഴ്ച്ചുണ്ടിനു കഴിയും. ചുണ്ടുകളുടെ അഗ്രഭാഗത്തിന്റെ പ്രകമ്പനം കൊണ്ടുണ്ടാവുന്ന ശബ്ദങ്ങളും കീഴ്ച്ചുണ്ടിന്റെയും മേൽച്ചുണ്ടിന്റെയും മധ്യഭാഗങ്ങൾ ചേർന്ന് രണ്ടു വശങ്ങളിലൂടെയും വായു വെളിയിൽ വിടുന്നതിൽ നിന്നുണ്ടാകുന്ന ശബ്ദങ്ങളും ലോകത്തിന്റെ ചില ഭാഗങ്ങളിൽ ഭാഷണശബ്ദങ്ങളായി ഉപയോഗപ്പെടുത്താറുണ്ട്.

ii) ***നാക്ക്*** : മനുഷ്യശരീരത്തിലെ ഏറ്റവും കൂടുതൽ അയവുള്ള അവയവമാണ് നാക്ക്. നാക്കിന്റെ എല്ലാ ഭാഗങ്ങളും എങ്ങോട്ടും ചലിക്കുന്നവയാണ്. നാവിനെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

*എ) ജിഹ്വാഗ്രം (Apex or tip of the toungue)*

ഭാഷണത്തിൽ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് നാവിന്റെ ഈ ഭാഗമാണ്. പല്ലുകളുമായും മോണയുമായും മൂർദ്ധാവുമായുള്ള സ്പർശം കൊണ്ട് വിവിധ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ ജിഹ്വാഗ്രത്തിന്റെ വിഭ്രമങ്ങൾ സഹായിക്കുന്നു.

*ബി) ജിഹ്വോപാഗ്രം (Front of the toungue)*

ജിഹ്വാഗ്രത്തെ തുടർന്നു ഒന്നര ഇഞ്ചുവരെ പുറകോട്ടുള്ള ജിഹ്വാ തലത്തെയാണ് ജിഹ്വോപാഗ്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കഠിനതാലു ജിഹ്വോപാഗ്രത്തിനു നേരെ മുകളിലാണ്. വായടച്ചി രിക്കുമ്പോൾ സാധാരണയായി ജിഹ്വോപാഗ്രവും കഠിനതാലുവും ചേർന്നിരിക്കും. ജിഹ്വോപാഗ്രവും കഠിനതാലുവുമായി ചേർന്നു ശബ്ദോച്ചാരണത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ സ്വരശബ്ദങ്ങ ളുടെ ഉച്ചാരണത്തിൽ വൈവിധ്യം വരുത്തുന്നതിനാവശ്യമായ രൂപ ഭേദം വായ്ക്കുണ്ടാക്കുന്നതിനും ജിഹ്വോപാഗ്രം സഹായിക്കുന്നു.

*സി) ജിഹ്വാമൂലം (Back of the toungue)*

ജിഹ്വോപാഗ്രത്തിനു പുറകിലുള്ള ജിഹ്വാഭാഗത്തെ ജിഹ്വാമൂലം എന്നു വിളിക്കുന്നു. ഈ ഭാഗത്തിനു നേരെ മുകളിലായി മൃദു താലു സ്ഥിതി ചെയ്യുന്നു. മൃദുതാലുവും ജിഹ്വാമൂലവുമായി സ്പർശിച്ചിട്ട് വിവിധ ശബ്ദങ്ങളുണ്ടാകുന്നു.

iii) **മൃദുതാലു** : മേൽവായിൽ മോണയെ തുടർന്നു കഠിനതാലുവും അതിന്റെ പിന്നിലായി മൃദുതാലുവും സ്ഥിതി ചെയ്യുന്നു. ഗളത്തി ലെത്തുന്ന വായുവിനെ നാസാരന്ധ്രത്തിലേക്ക് കടത്തുകയോ കട ക്കാതെ നിയന്ത്രിക്കുകയോ ചെയ്യുന്നത് മൃദുതാലുവാണ്. വായു വിനെ പൂർണ്ണമായും നാസാമാർഗ്ഗത്തിലൂടെ തിരിച്ചുവിടാനും ഒരേ സമയം മൂക്കിലും വായിലും കൂടി കടത്തിവിടാനും ഇതിന്റെ ചല നങ്ങൾക്കു കഴിയും.

iv) **ചെറുനാക്ക്** : മൃദുതാലുവിന്റെ പിൻഭാഗം കോണാകൃതിയിൽ കീഴേയ്ക്കു ലംബമായി കിടക്കുന്നതിനെയാണ് ചെറുനാക്കെന്നു പറയുന്നത്. ജിഹ്വാമൂലം പ്രത്യേകതരത്തിൽ പിന്നിലേയ്ക്കു വളച്ച് വായുവിനെ തിരിച്ചുവിട്ട് ഉൾനാക്കിനെ പ്രകമ്പിക്കാൻ കഴിയും.

ശ്വാസകോശങ്ങളിൽ നിന്ന് കൃകം വഴിയായി വായിലെത്തിച്ചേരുന്ന വായുവിനെ ഉച്ചാരണാവയവങ്ങൾ പല തരത്തിൽ നിയന്ത്രിക്കുന്നു. പല സ്ഥലങ്ങളിൽ തടഞ്ഞും ചിലപ്പോൾ ഞെക്കി ഞെരുക്കിയും ചിലപ്പോൾ ഒരു തടസ്സവുമില്ലാതെ സ്വതന്ത്രമായും വായുവിനെ വായിൽക്കൂടിയോ മൂക്കിൽക്കൂടെയോ വെളിയിലേക്കു വിടുന്നു. ഈ ഗതി യിൽ വായുടെ ആകൃതിക്കുണ്ടാകുന്ന മാറ്റങ്ങൾ, വായുവിനെ വെളിയിലേയ്ക്കു വിടുന്ന രീതി ഇവയെല്ലാം ശബ്ദഭേദങ്ങൾക്കു കാരണമാകുന്നു.

## സ്വനവർഗ്ഗീകരണം

### സ്വരങ്ങൾ

സ്വരങ്ങൾ സ്വയം ഉച്ചാരണക്ഷമങ്ങളായ ശബ്ദങ്ങളാണ്. അവ മൂലശബ്ദങ്ങ ളാണ്. തമിഴ് വ്യാകരണഗ്രന്ഥങ്ങളിൽ സ്വരങ്ങളെ 'ഉയിർ' എന്നാണ് വ്യവഹരിക്കുന്ന ത്. സ്വരങ്ങളെ വർഗ്ഗീകരിക്കുന്നതിന് മൂന്ന് അടിസ്ഥാനങ്ങളാണുള്ളത്.

1. നാവിന്റെ ഏത് ഭാഗം ഉച്ചാരണത്തിൽ പങ്കെടുക്കുന്നു എന്നതിനെ ആധാര

മാക്കി സ്വരങ്ങളെ മൂന്നായി വിഭജിക്കാം. ഈ വർഗ്ഗീകരണത്തിനുവേണ്ടി നാവിനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

മുൻഭാഗം, കേന്ദ്രഭാഗം, പിൻഭാഗം. സ്വരോച്ചാരണത്തിൽ നാവിന്റെ മുൻഭാഗമാണ് പങ്കെടുക്കുന്നതെങ്കിൽ അപ്പോൾ ഉച്ചരിക്കപ്പെടുന്ന സ്വരങ്ങളെ മുൻസ്വരങ്ങൾ എന്നും കേന്ദ്രഭാഗമാണെങ്കിൽ കേന്ദ്രസ്വരങ്ങൾ എന്നും പിൻഭാഗമാണെങ്കിൽ പിൻസ്വരങ്ങൾ എന്നും വിഭജിക്കാം.

2. സ്വരോച്ചാരണത്തിൽ നാവിന്റെ ഉയർച്ച താഴ്ച്ചകളെ ആധാരമാക്കിയുള്ളതാണ് രണ്ടാമത്തെ വിഭജനം. സൗകര്യത്തിനുവേണ്ടി നാവിന്റെ ഉച്ചനിമ്നാവസ്ഥകളെ ഏഴായി തരംതിരിക്കുന്നു. ഏറ്റവും ഉയർന്ന സ്ഥാനം ഉച്ചം. ഏറ്റവും താഴ്ന്നത് നിമ്നം. ഇടയ്ക്കുള്ള അഞ്ചും ചേർത്ത് സ്ഥാനങ്ങൾ ഉയരത്തിൽ നിന്ന് താഴോട്ട് എന്ന ക്രമത്തിൽ ഉച്ചം, നിമ്നോച്ചം, ഉച്ചമധ്യം, മധ്യം, നിമ്നമധ്യം, ഉച്ചനിമ്നം, നിമ്നം എന്നിങ്ങനെ ഏഴാണ്. ഈ വർഗ്ഗീകരണത്തെ മറ്റൊരു തരത്തിൽ ലഘൂകരിച്ചും കാണിക്കാം. നാവ് ഉയർന്നിരിക്കുമ്പോൾ, അതായത് മേൽവായ്ത്തട്ടിനോട് അടുക്കുമ്പോൾ വിടവ് താരതമ്യേന കുറഞ്ഞിരിക്കും. ഇതിനെ സംവൃതം (അടഞ്ഞ അവസ്ഥ) എന്നു പറയുന്നു. നാവ് താഴ്ന്നിരിക്കുമ്പോൾ മേലെ വായ്ത്തട്ടിൽ നിന്ന് അകന്ന് വിടവ് അധികമായിരിക്കും. ആ നിലയെ വിവൃതം (തുറന്ന അവസ്ഥ) എന്ന് പറയുന്നു. ഉയർച്ചയുടെ മധ്യാവസ്ഥയ്ക്ക് അർധസംവൃതം എന്നോ അർധവിവൃതം (പാതി അടഞ്ഞതോ പാതി തുറന്നതോ ആയ അവസ്ഥ) എന്നോ പറയാം. ഈ രീതിയിൽ സ്വരോച്ചാരണത്തിലെ ഉച്ചിനിമ്നാവസ്ഥകളെ മൂന്നായി മാത്രമേ വിഭജിക്കുന്നുള്ളൂ.

3. മൂന്നാമത്തെ വർഗ്ഗീകരണത്തിന്റെ അടിസ്ഥാനം സ്വരോച്ചാരണത്തിൽ ചുണ്ടുകൾ ഉരുണ്ടിരിക്കുന്നുവോ ഉരുളാതെ പരന്നിരിക്കുന്നുവോ എന്ന പരിഗണനയാണ്. ചുണ്ടുകൾ ഏതാണ്ട് വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്നവയെ വർത്തുള സ്വരങ്ങൾ എന്നും പരത്തി ഉച്ചരിക്കുന്നവയെ അവർത്തുള സ്വരങ്ങൾ എന്നും പറയുന്നു.

ഈ വർഗ്ഗീകരണമനുസരിച്ച്, മലയാളത്തിലെ അടിസ്ഥാന സ്വരങ്ങളുടെ സ്വനികവിവരണം താഴെ കൊടുക്കുന്നു.

| | | **സ്വരം** | | | |
|---|---|---|---|---|---|
| | അഗ്രം | കേന്ദ്രം | മൂല | | |
| | അവർത്തുളിതം | വർത്തുളനം | വർത്തുളിതം | | |
| | | അപ്രസക്തം | | | |
| ഉച്ചം | ഇ | - | ഉ | | 2 |
| മധ്യം | എ | - | ഒ | | 2 |
| നിമ്നം | | അ | - | | 1 |
| | | | | ഌ | 1 |

ആകെ 6

ഇ – ഉച്ചവും അവർത്തുളിതവുമായ മുൻസ്വരം

എ – മധ്യവും അവർത്തുളിതവുമായ മുൻസ്വരം

അ – നിമ്നവും അവർത്തുളിതവുമായ മുൻസ്വരം

ഉ – ഉച്ചവും വർത്തുളിതവുമായ പിൻസ്വരം

ഒ – മധ്യവും വർത്തുളിതവുമായ പിൻസ്വരം

സംവൃത-ഉകാരം മധ്യവും അവർത്തുളിതവുമായ കേന്ദ്രസ്വരമാണ്.

## മാനസ്വരങ്ങൾ

സ്വരസ്വനങ്ങളെ അർത്ഥശങ്ക കൂടാതെ നിർവ്വചിക്കാൻ സഹായകമായി അംഗീകരിക്കാവുന്ന സൂചനാസ്ഥാനങ്ങൾ എന്ന നിലയ്ക്ക് ബ്രട്ടീഷ് സ്വനവിജ്ഞാനിയായ ഡാനിയെൽ ജോൺസ് ഒന്നാം ലോകമഹായുദ്ധകാലത്ത് എട്ട് മാനസ്വനങ്ങൾ നിർവ്വചിച്ചുദാഹരിച്ചു. വ്യാകരണപരമായ ചർച്ചകളിലും ഭാഷാപഠനങ്ങളിലും ഉച്ചാരണപരിശീലനത്തിലും ഭാഷണവൈകല്യങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യമായിരുന്നു ഇതിനു പുറകിൽ. കാലാന്തരത്തിൽ പ്രിൻസിപ്പിൾസ് ഓഫ് ദി ഇന്റർനാഷണൽ ഫൊണറ്റിക് അസോസിയേഷൻ പോലുള്ള പ്രാമാണിക പ്രസിദ്ധീകരണങ്ങളുടെ അംഗീകാരവും ഈ സ്വനനിർവ്വചന സമ്പ്രദായത്തിന് ലഭിച്ചു.

നാവിന്റെ ഏറ്റവും ഉയർന്നഭാഗം (നാവിൻമുഴ – Hump of the toungue) ഏറ്റവും ഉയർന്നു മുമ്പോട്ടുനീങ്ങി സ്ഥിതി ചെയ്യുമ്പോൾ ഉണ്ടാകുന്നതും ‘i’ എന്നു രേഖപ്പെടുത്താറുള്ളതുമായ ഉച്ചതമവും അഗ്രതമവുമായ സ്വരവും നാവിൻമുഴ ഏറ്റവും താഴ്ന്നു പിന്നോട്ടു നീങ്ങി സ്ഥിതി ചെയ്യുമ്പോൾ ഉണ്ടാവുന്നതും ‘u’ എന്നു രേഖപ്പെടുത്താറുള്ളതുമായ നിമ്നതമവും മൂലതമവുമായ സ്വരവുമാണ് മാനസ്വരവ്യവസ്ഥയുടെ ഉച്ചാരണപരമായ അടിസ്ഥാനം. ഇവയെ കീലസ്വരങ്ങൾ (hinge Vowels) എന്നു പറയുന്നു.

**(Cardinal Vowel Trapezium)**



ഇതിന്റെ ആധാരരേഖ, വലതുപാർശ്വം, ഉപരിരേഖ എന്നിവ 2:3:4 എന്ന അനുപാതത്തിലാണ്. ഒന്നുമുതൽ നാലുവരെയും അഞ്ചുമുതൽ എട്ടുവരെയുമുള്ള മാനസ്വരങ്ങളിൽ അടുത്തടുത്തുള്ള ഓരോ ജോഡിയും തമ്മിൽ ശ്രവണപരമായി അനുഭവപ്പെടുന്ന അകലം തുല്യമായിരിക്കും. ഉച്ചാരണപരമായ വസ്തുസ്ഥിതി വ്യത്യസ്തമാണ്. അകലത്തിന്റെ കാര്യത്തിൽ ചുണ്ടുകളുടെ വർത്തുളനം ഏറ്റവും കൂടിയത് u വിനും ഏറ്റവും കുറവ് a യ്ക്കുമാണ്.

ലോകഭാഷകളിൽ ഒന്നിലും പ്രചരിക്കുന്ന സ്വരങ്ങളല്ല മാനസ്വരങ്ങൾ. വ്യക്തവും സൂക്ഷ്മവും ഏറെക്കുറെ അന്തരാഷ്ട്രീയവുമായ അംഗീകാരം നേടിയവയുമായ സൂചനാസ്ഥാനങ്ങൾ മാത്രമാണവ. ഈ അടിസ്ഥാന സ്വനവ്യവസ്ഥയുടെ പ്രയോജനം ഒരു ഉദാഹരണത്തിലൂടെ വ്യക്തമാകും. മലയാളത്തിലെ 'കുടുക്ക്' എന്ന പദം ഉച്ചരിക്കുമ്പോൾ ആദ്യത്തെ 2 സ്വരങ്ങളും വിവൃത ഉകാരമായാണ് എഴുത്തിൽ കാണിക്കുന്നത്. (കുടുക്ക് = ക്+ഉ+ട്+ഉ+ക്+ക്+ഉ). അവസാനത്തെ സ്വരം സംവൃത ഉകാരമായി വ്യത്യസ്തലിപിയിൽ കാണിക്കുന്നു. 'ട്+ഉ' ഇവിടെ 'ട' കാരത്തിനുശേഷം വരുന്ന സ്വരം പൂർണ്ണ സംവൃതമോ പൂർണ്ണ വിവൃതമോ അല്ല. ആ സ്വരത്തിന്റെ സ്ഥാനം ഏതെന്ന് മാനസ്വരവ്യവസ്ഥ കാണിക്കുന്ന രേഖാചിത്രത്തിൽ കൃത്യമായി അടയാളപ്പെടുത്താൻ കഴിയും. ഇപ്രകാരം സ്വരോച്ചാരണത്തിലെ സൂക്ഷ്മസ്വഭാവങ്ങൾ തിട്ടപ്പെടുത്താൻ മാനസ്വരവ്യവസ്ഥയ്ക്ക് കഴിയുന്നു. ഭാഷാ പഠനത്തിനുള്ള ഉച്ചാരണ പരിശീലനത്തിനും ഭാഷണ വൈകല്യം ഒഴിവാക്കുന്നതിനും മാനസ്വരങ്ങൾ സഹായകരമാണ്.

**പ്രയോഗപരത**



1. i (he, see) – 'ഇ' കാരം ഉപയോഗിക്കുന്നു.
2. e (get, any) – 'എ' കാരം.
3. ɛ (hair, Bird, girl) – 'എ' കാരത്തിനും 'ഇ' കാരത്തിനും ഇടയ്ക്കുള്ള ഉച്ചാരണം.
4. a (man, can) – 'എ' കാരത്തിന്റെ മട്ടിലുള്ള 'അ' കാരം.
5. α (pass, card) – 'ആ' എന്ന ഉച്ചാരണം
6. (not, doll) – 'ഒ' എന്ന ഉച്ചാരണം.
7. O (lot, hot) – 'ഓ' എന്ന ഉച്ചാരണം.
8. u (put, lock) – 'ഉ' എന്ന ഉച്ചാരണം

## വ്യഞ്ജന വർഗ്ഗീകരണം

സ്വരസഹായത്തോടുകൂടി വ്യഞ്ജിക്കുന്നതാണ് വ്യഞ്ജനം. തമിഴ് വ്യാകരണ ഗ്രന്ഥങ്ങളിൽ വ്യഞ്ജനങ്ങളെ 'മെയ്യ്' എന്ന് വ്യവഹരിക്കുന്നു. വ്യഞ്ജനങ്ങളുടെ ഉച്ചാരണത്തിൽ വായുപ്രവാഹം ഏതെങ്കിലും വിധത്തിൽ തടസ്സത്തിനോ ഗതിഭേദത്തിനോ വിധേയമാണ്. സ്വരോച്ചാരണത്തേക്കാൾ സങ്കീർണ്ണമാണ് വ്യഞ്ജനോച്ചാരണം. വ്യഞ്ജനങ്ങളുടെ വർഗ്ഗീകരണവും കൂടുതൽ വിപുലമാണ്. മൂന്ന് അടിസ്ഥാനങ്ങളിലാണ് വ്യഞ്ജനവർഗ്ഗീകരണം നടത്തുന്നത്. (1) ഉച്ചാരണസ്ഥാനം (2) ഉച്ചാരണരീതി (3) ശ്വാസിനാദിഭേദം.

### 1. ഉച്ചാരണസ്ഥാനം

നിശ്വാസവായു ഭാഷണപഥത്തിലൂടെ പുറത്തുപോകുമ്പോൾ ഏതെങ്കിലുമൊരിടത്ത് പൂർണ്ണമായോ ഭാഗികമായോ തടസ്സം ഏർപ്പെടുമ്പോഴാണ് വ്യഞ്ജനോച്ചാരണം നടക്കുന്നത്. ഏത് സ്ഥാനത്താണ് തടസ്സം ഉണ്ടാവുന്നത് എന്നതിനെ ആസ്പദമാക്കി വ്യഞ്ജനങ്ങളെ അകത്തുനിന്ന് പുറത്തേക്ക് എന്ന ക്രമത്തിൽ കണ്ഠ്യം, മൂർധന്യം, താലവ്യം, വർത്സ്യം, ദന്ത്യം, ഓഷ്ഠ്യം എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. ഇവയ്ക്കു പുറമേ ശ്വാസനാളത്തിന്റെ മുകൾഭാഗം (കണ്ഠനാളശീർഷകം) അതിന്റെ കീഴ്ഭാഗം (കണ്ഠനാളപാദകം, ശ്വാസദ്വാരീയം), സ്വനപേടകം (നാദതന്തുകസ്പർശം) എന്നീ സ്ഥാനങ്ങളിൽ വെച്ചും ഉച്ചാരണം നടക്കുന്നുണ്ട്.

മലയാളത്തിലെ വ്യഞ്ജനങ്ങളുടെ സ്ഥാനമനുസരിച്ചുള്ള വിഭജനം

കണ്ഠ്യം – ക വർഗം

മൂർധന്യം – ട വർഗം, ഷ്, ള്, ഴ്

താലവ്യം – ച വർഗം, ശ്, യ്

വർത്സ്യം – വർത്സ്യവർഗം (റ്റ്, ന്), സ്, ല്, ര്, റ്

ദന്ത്യം - ത വർഗം

ഓഷ്ഠ്യം - പ വർഗം, വ്

കണ്ഠനാളശീർഷകം - ഹ്

**വിശദീകരണങ്ങൾ**

1. താലവ്യങ്ങളുടെ ഉച്ചാരണസ്ഥാനം മൂർധാവിന്റെയും വർത്സ്യത്തിന്റെയും ഇടയ്ക്കാണ്.

2. 'സ' കാരത്തിന്റെ സ്പർശസ്ഥാനം പല്ലിനും ഊനിനും ഇടയ്ക്കാകാം. അതനുസരിച്ച് 'സ'കാരം ദന്ത്യവർത്സ്യമാകാം.

3. 'ര' കാരോച്ചാരണത്തിൽ പല്ലിലും ഊനിലും സ്പർശം ഉണ്ടാകാം. അതനുസരിച്ച് 'ര' കാരം ദന്ത്യവർത്സ്യമാണെന്ന് പറയാം. 'റ' കാരത്തെ വർത്സ്യമായി പരിഗണിക്കാം.

4. 'വ' കാരോച്ചാരണത്തിൽ കീഴ്ച്ചുണ്ട് മേൽവരിപ്പല്ലിനോടാണ് അടുക്കുന്നത്. അതുകൊണ്ട് 'വ' കാരം ഓഷ്ഠ്യദന്തമാണ്.

5. 'പ' വർഗ്ഗ സ്വനങ്ങളെ ഓഷ്ഠ്യം എന്നതിനു പകരം ദ്വയോഷ്ഠ്യം എന്ന് പറയാം.

6. 'ഹ' കാരത്തെ കണ്ഠ്യമായും ഉച്ചരിക്കാറുണ്ട്.

## 2. ഉച്ചാരണരീതി

ഉച്ചാരണക്രിയയെ ആസ്പദമാക്കി വ്യഞ്ജനങ്ങളെ പല തരത്തിൽ വർഗ്ഗീകരിക്കാം.

### എ) വിരാമം (സ്പർശം) (Stops)

ഉച്ചാരണാവയവം ഉച്ചാരണസ്ഥാനത്ത് പൂർണ്ണമായി സ്പർശിച്ച് നിശ്വാസവായുവിനെ പുറത്ത് വിടുമ്പോൾ ഉണ്ടാകുന്നതാണ് വിരാമസ്വനം. വിരാമോച്ചാരണത്തിൽ നിശ്വാസവായുവെ വായിലൂടെ പുറത്ത് വിടുന്നതിന് പകരം നാസാദ്വാരത്തിലൂടെയാണ് പുറത്തുവിടുന്നതെങ്കിൽ അത്തരം വിരാമങ്ങൾ അനുനാസികങ്ങളാകും. മലയാളത്തിലെ ക, ട, ത, പ വർഗ്ഗങ്ങളിലെ സ്വനങ്ങളെല്ലാം വിരാമങ്ങളാണ്. ങ്, ഞ്, ണ്, ന്, മ് - അനുനാസികങ്ങളാണ്.

### ബി) ഘർഷം (ഘർഷി, സംഘർഷി) (fricatives)

സ്പർശസ്വനോച്ചാരണത്തിൽ ഉച്ചാരണസ്ഥാനത്ത് പൂർണ്ണതടസ്സം ഉണ്ടാവുന്നു. ചിലപ്പോൾ തടസ്സം പൂർണ്ണമാവാതെ ഉച്ചാരണാവയവത്തിനും ഉച്ചാരണസ്ഥാനത്തിനും ഇടയിൽ നേരിയ വിടവുണ്ടാകുമ്പോൾ, ആ വിടവിലൂടെ നിശ്വാസവായു തിക്കിത്തിരക്കി പുറത്തേക്കു പോകുന്നു. വായു പുറത്തേക്കു പോകുമ്പോൾ ഘർഷം (ഉരസൽ) ഉണ്ടാവുന്നു. ഇങ്ങനെയുള്ള ഉച്ചാരണരീതിയുടെ ഫലമായി ഉണ്ടാവുന്ന സ്വനങ്ങളാണ് ഘർഷസ്വനങ്ങൾ. വിടവിന്റെ ആകൃതിഭേദം രണ്ടുതരത്തിലുള്ള ഘർഷസ്വനങ്ങൾ ഉണ്ടാ

ക്കുന്നു.

1. വിടവ് തിരശ്ചീനമാണെങ്കിൽ അപ്പോഴുണ്ടാകുന്ന ഘർഷസ്വനങ്ങളെ ദീർഘ ഘർഷങ്ങൾ (വിവരഘർഷങ്ങൾ) എന്നു പറയുന്നു. ഉദാ: ശ്, സ്.

2. വിടവിന്റെ ആകൃതി ഏതാണ്ട് വൃത്തരൂപത്തിലാണെങ്കിൽ അത്തരം സ്വനങ്ങളെ നാളീഘർഷങ്ങൾ എന്നു പറയുന്നു. ഉദാ: ഷ്, ഹ്

## 3. വിരാമഘർഷം (സ്പർശഘർഷം) (Affricates)

സ്പർശത്തിന്റെയും ഘർഷത്തിന്റെയും സ്വഭാവങ്ങൾ കലർന്നുവരുന്ന ഉച്ചാരണം. സ്പർശം കഴിഞ്ഞാൽ നിശ്വാസവായുവിനെ പുറത്തേക്ക് വിടുന്നതിന് കാലതാമസം വരുന്നതിനാൽ ആ സമയത്ത് ഉച്ചാരണത്തിന് ഘർഷമുണ്ടാകുന്നു. അങ്ങനെയുണ്ടാകുന്ന സ്വനങ്ങളാണ് വിരാമഘർഷങ്ങൾ. ഉദാ: ച, ഛ, ജ, ഝ.

## 4. കമ്പിതസ്വനങ്ങൾ (ത്രാസസ്വനങ്ങൾ) (Trills)

ഉച്ചാരണ അവയവം ഉച്ചാരണസ്ഥാനത്ത് ഒന്നു തൊടുന്നതിനു പകരം രണ്ടോ മൂന്നോ അതിലധികമോ തുടർച്ചയായി തൊട്ടും വിട്ടും ഉച്ചരിച്ചാൽ കമ്പിതസ്വനങ്ങൾ രൂപപ്പെടുന്നു. മലയാളത്തിലെ 'റ' കാരത്തിന് കമ്പിത സ്വനമാണുള്ളത്.

## 5. ഉൽക്ഷിപ്തം (ദ്രുതസ്പർശം) (Rolled or Flap)

ഉച്ചാരണ അവയവം ഉച്ചാരണ സ്ഥാനത്ത് വേഗത്തിൽ ഒരു തവണ സ്പർശിച്ച് അത്രയും വേഗത്തിൽ തന്നെ പിൻവാങ്ങുന്നു. ഉദാ: ര

## 6. പാർശ്വികം (Laterals)

ഉച്ചാരണ അവയവം ഉച്ചാരണസ്ഥാനത്തിന്റെ മധ്യഭാഗത്തുമാത്രം സ്പർശിച്ച് നിശ്വാസവായുവിനെ രണ്ടു വശങ്ങളിലൂടെയും പുറത്തേക്ക് വിടുമ്പോഴാണ് പാർശ്വിക സ്വനങ്ങൾ ഉല്പാദിക്കപ്പെടുന്നത്. ഉദാ: ല, ള.

## 7. പ്രവാഹി (Continuant)

ഉച്ചാരണ അവയവം ഉച്ചാരണസ്ഥാനത്തിന്റെ ഇരുവശങ്ങളിലും സ്പർശിക്കുന്നു. അപ്പോൾ നിശ്വാസവായു സുഗമമായി നടുവിലൂടെ പുറത്തേക്കു വരുന്നു. അപ്പോൾ പ്രവാഹധ്വനികൾ ഉണ്ടാകുന്നു. ഉദാ: യ, വ, ഴ.

## 8. മഹാപ്രാണം

സ്പർശത്തിനുശേഷം നിശ്വാസവായുവിനെ സമ്മർദ്ദത്തോടുകൂടി പുറത്തേക്ക് വിടുമ്പോഴുണ്ടാകുന്ന ധ്വനികളെ മഹാപ്രാണങ്ങൾ എന്നു പറയുന്നു. (സ്പർശികൾ ഉച്ചരിക്കുമ്പോൾ ശ്വാസവായു ഒരു സ്ഫോടനത്തോടെ പുറത്തേക്ക് വിട്ടാൽ മഹാപ്രാണം ഉച്ചരിക്കപ്പെടുന്നു.) അതിഖരവും ഘോഷങ്ങളും മഹാപ്രാണങ്ങളാണ്.

ഖരം അതിഖരമാകുന്നത് 'ഹ' കാരാദേശത്താലാണ് എന്ന കേരളപാണിനീയ വീക്ഷണം. (ഉദാ: ക്+ഹ = ഖ) ആധുനിക ഭാഷാശാസ്ത്രജ്ഞന്മാർ ഇത് അംഗീകരിക്കുന്നില്ല.

## 9. പ്രതിവേഷ്ടിതം

ഉച്ചാരണസമയത്ത് നാവിന്റെ അഗ്രം പുറകോട്ടു മടങ്ങി അതിന്റെ അടിഭാഗം ഉച്ചാരണസ്ഥാനത്ത് സ്പർശിക്കുകയോ അതിനോട് അടുക്കുകയോ ചെയ്താൽ സ്വനത്തിന് പ്രതിവേഷ്ടിതം എന്ന ധ്വനി ഉണ്ടാകുന്നു.

ഉദാ: 'ട' കാരം, ഷ, ള, ഴ.

ഇങ്ങനെ ഉച്ചാരണരീതിയെ അടിസ്ഥാനമാക്കി വ്യഞ്ജനങ്ങളെ ഒമ്പതായി തിരിച്ചിരിക്കുന്നു.

## 3. ശ്വാസി - നാദിഭേദം

ശ്വാസനാളത്തിന്റെ മുകളറ്റത്തുള്ള കൃകത്തിനകത്ത് നേരിയ രണ്ടു പടലങ്ങളുണ്ട്. ഈ പടലങ്ങളെ സ്വനപാളികൾ അഥവാ നാദതന്തുക്കൾ എന്നു പറയുന്നു. ഉച്ചാരണസമയത്ത് സ്വനപേടകത്തിലൂടെ ഉച്ഛ്വാസവായു പോകുമ്പോൾ നാദതന്തുക്കൾ തുറന്നിരുന്നാൽ ഉച്ഛ്വാസവായു തടസ്സമില്ലാതെ പുറത്തേക്ക് പോകുന്നു. അപ്പോഴുണ്ടാകുന്ന ധ്വനികളാണ് ശ്വാസികൾ. നാദതന്തുക്കൾ വലിഞ്ഞുമുറുകി അല്പം അടഞ്ഞിരുന്നാൽ വായുപ്രവാഹം അവയെ ത്രസിപ്പിക്കും. ത്രസനം കൊണ്ടുണ്ടാകുന്ന മുഴക്കമുള്ള ധ്വനിയാണ് നാദികൾ.

മലയാളത്തിലെ ഖരങ്ങൾ, അതിഖരങ്ങൾ, ശ, ഷ, സ എന്നിവ ശ്വാസികളും സ്വരങ്ങൾ, മൃദുക്കൾ, ഘോഷങ്ങൾ, അനുനാസികങ്ങൾ, യ, ര, ല, റ, വ, ഴ, ഹ എന്നിവ നാദികളുമാണ്.

# ലീനധ്വനികൾ (അധഃസ്വനങ്ങൾ) (Supra Segmentals)

 ഒരു ശബ്ദത്തിന്റെ ധ്വനിയെ പോഷിപ്പിക്കുകയോ വിശേഷിപ്പിക്കുകയോ ചെയ്യുന്ന സ്വന്തമായ ഉച്ചാരണസാധ്യത ഇല്ലാത്ത ധ്വനികളാണ് ലീനധ്വനികൾ. സ്വരങ്ങളെയും വ്യഞ്ജനങ്ങളെയും ഉച്ചാരണരീതി ആധാരമാക്കി വേർതിരിച്ച് കാണിക്കാൻ കഴിയാത്തതുകൊണ്ട് അവയെ വ്യതിരിക്ത സ്വനങ്ങൾ (പരിഛിന്നസ്വനങ്ങൾ) എന്നു പറയുന്നു. ഈ വ്യതിരിക്ത ധ്വനികളിൽ അലിഞ്ഞു ചേർന്നിരിക്കുന്നവയാണ് ലീനധ്വനികൾ. വ്യതിരിക്ത ഖണ്ഡങ്ങളായി പിരിച്ചു കാണിക്കാൻ കഴിയാത്തവ എന്ന അർത്ഥത്തിൽ അധിഖണ്ഡസവിശേഷതകൾ എന്നും വ്യതിരിക്ത സ്വനങ്ങളുടെ ഉച്ചാരണത്തിന് ഉപരിയായി കേൾക്കാൻ കഴിയുന്ന ധ്വനികൾ അടിസ്ഥാനത്തിൽ ഉപരിധ്വനികൾ എന്നും പറയുന്നു. ദൈർഘ്യം, സ്ഥായി, ഈണം, ദാർഢ്യം, വിരാമം എന്നീ ലീനധ്വനികളെ ചുവടെ വിശദീകരിക്കുന്നു.

## i) ദൈർഘ്യം (ഹ്രസ്വ - ദീർഘ ഭേദം)

ഹ്രസ്വാക്ഷരങ്ങൾ ഉച്ചരിക്കുന്നതിനേക്കാൾ കൂടുതൽ സമയം ദീർഘാക്ഷരത്തിന് എടുക്കുന്നു. സ്വരങ്ങളുടെ ഹ്രസ്വദീർഘ ഉച്ചാരണം മലയാളത്തിൽ പ്രധാനമാണ്. അത്

## വ്യഞ്ജനവർഗ്ഗീകരണം

| | ഓഷ്ഠ്യം | | ഓഷ്ഠ്യദന്ത്യം | ദന്ത്യം | | ദന്ത്യവർത്സ്യം | | വർത്സ്യം | | മൂർധന്യം | | താലവ്യം | | മൃദുതാലവ്യം | | എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ശ്വാസി | നാദി | നാദി | ശ്വാസി | നാദി | ശ്വാസി | നാദി | ശ്വാസി | നാദി | ശ്വാസി | നാദി | ശ്വാസി | നാദി | ശ്വാസി | നാദി | |
| സ്പർശം | പ | ബ | | ത | ദ | | | ഺ | | ട | ഡ | | | ക | ഗ | 9 |
| സ്പർശഘർഷം | | | | | | | | | | | | ച | ജ | | | 2 |
| അനുനാസികം | | മ | | | ന | | | | ഩ | | ണ | | ഞ | | ങ | 6 |
| പാർശ്വികം | | | | | | | | | ല | | ള | | | | | 2 |
| ഉൽക്ഷിപ്തം | | | | | | | ര | | റ | | | | | | | 2 |
| ഘർഷം | | | | | | സ | | | | ഷ | | ശ | | ഹ | | 4 |
| പ്രവാഹി | | | വ | | | | | | | | ഴ | | യ | | | 3 |
| ആകെ | | | | | | | | | | | | | | | | 28 |

അർത്ഥവ്യത്യാസം ഉണ്ടാകും.

ഉദാ: കല്ലം, കാലം

കെട്ടു, കേട്ടു

ഇതേ വ്യത്യാസം വ്യഞ്ജനത്തിലും ഉണ്ട്. ഇരട്ടിച്ച വ്യഞ്ജനങ്ങളെ വ്യഞ്ജനങ്ങളുടെ ദീർഘമായി കാണാം. അവയുടെ ഉച്ചാരണത്തിൽ സ്പർശത്തിന്റെ സമയം കൂടുതലാകുന്നു. വ്യഞ്ജനത്തിന്റെ ഇരട്ടിപ്പിൽ രണ്ട് ഉച്ചാരണത്തിന്റെ യോഗമില്ല. കാരണം ഇവിടെ ഉച്ചാരണപ്രക്രിയ ആവർത്തിക്കുകയല്ല നീളുകയാണ്. നീളലാണ് ഇരട്ടിപ്പിൽ സംഭവിക്കുന്നത്. അതുകൊണ്ട് പ്പ, ട്ട, ത്ത, ഞ്ഞ, മ്മ ഇവയൊക്കെ ദീർഘവ്യഞ്ജനങ്ങളാണ്. വ്യഞ്ജനങ്ങളിലെ ഹ്രസ്വദീർഘഭേദവും മലയാളത്തിൽ അർത്ഥവ്യാവർത്തനത്തിന് കാരണമാകുന്നു.

ഉദാ : പടി, പട്ടി

പാതി, പാത്തി

അല, അല്ല

## ii) ബലം/ആധ്മാനം/ആയ്മാനം/ദാർഢ്യം (stress)

പദാംഗത്തിന്റെ ഉച്ചാരണത്തിനുള്ള ദാർഢ്യത്തെയാണ് ആധ്മാനം എന്നു പറയുന്നത്. ഉച്ചാരണ വേളയിൽ നിശ്വാസവായുവിന്റെ സമ്മർദ്ദം അധികമാക്കിയാണ് ഉച്ചാരണ ദാർഢ്യം വരുത്തുന്നത്. ഉച്ചാരണദാർഢ്യത്തിന്റെ സമ്മർദ്ദമനുസരിച്ച് പ്രാഥമികോച്ചാരണ ദാർഢ്യം, ദ്വിതീയോച്ചാരണ ദാർഢ്യം, തൃതീയോച്ചാരണ ദാർഢ്യം എന്നിങ്ങനെ വിഭജിക്കാം. രണ്ടു തരത്തിലാണ് സന്ദേശ വിനിമയത്തിൽ ബലം ഉപയോഗപ്പെടുത്തുന്നത് (1) വിവക്ഷയ്ക്കനുസൃതമായി വാക്യത്തിന്റെ ഏതു ഭാഗത്തും നൽകാവുന്ന ബലം. (2) വർണ്ണവിജ്ഞാനപരമായി ഭാഷണത്തിന്റെ നിയത ഭാഗങ്ങളിൽ നൽകാവുന്ന സവിശേഷത. ഇത് കൂടുതലും ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ കണ്ടുവരുന്നു. ആദ്യത്തേതിന് ഉദാഹരണം:

രാമുവാണ് പായസം കുടിച്ചത്

(കർതൃപദ പ്രാധാന്യം)

രാമു പായസമാണ് കുടിച്ചത്

(കർമ്മപദ പ്രാധാന്യം)

രണ്ടാമത്തേതിന് ഉദാഹരണം :

father

about എന്നീ പദങ്ങളിൽ യഥാക്രമം f ഉം a യും ബലത്തോടെ ഉച്ചരിക്കുന്നു. ഇവയെ യഥാക്രമം sentence stress എന്നും word stress എന്നും വിളിക്കാം.

ചില ഭാഷകളിൽ ദാർഢ്യത്തിന് കൂടുതൽ പ്രാധാന്യമുണ്ട്. യൂറോപ്യൻ ഭാഷകൾ ഇതിനുദാഹരണമാണ്. ഓരോ വാക്കും ഇന്ന ദാർഢ്യത്തോടെ ഉച്ചരിക്കണമെന്ന

വ്യവസ്ഥയുണ്ട്.

ഉദാ : Subject എന്ന പദത്തിലെ ആദ്യ ആക്ഷരം (Sub) ബലത്തിൽ പറഞ്ഞാൽ നാമവും ject ന് ബലം നൽകിയാൽ ക്രിയയും ആകും.

## iii) സ്ഥായി (താനം) (Pitch)

ഉച്ചാരണത്തിൽ ധ്വനികൾക്കുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ സ്ഥായിഭേദം എന്നു പറയുന്നു. നാദതന്തുക്കളുടെ ഭ്രമണവ്യത്യാസമാണ് സ്ഥായിഭേദം ഉണ്ടാക്കുന്നത്. നാദ തന്തുക്കളുടെ കനവേഗം കൂടുകയും കുറയുകയും ചെയ്യുന്നതിന് ആനുപാതികമായി സ്ഥായി ഉയരുകയും താഴുകയും ചെയ്യുന്നു. മലയാളത്തിലെ ഭാഷാഭേദങ്ങളിലെ ശ്രവ ണപരമായ വ്യത്യാസം ഓരോന്നിലെയും സ്ഥായിവ്യവസ്ഥയിലുള്ള വ്യത്യാസം മൂല മാണ്. ചില ഭാഷകളിൽ പദഘടനയിലെ സ്ഥായി വ്യവസ്ഥയിൽ വരുന്ന മാറ്റം അർത്ഥ വ്യത്യാസം ഉണ്ടാക്കും. ഉദാഹരണമായി നൈജീരിയയിലെ വാമൊഴികളിൽ ഒന്നായ 'നുപ്പെ'യിൽ 'ബാ' എന്ന വാക്ക് ഉച്ചസ്ഥായിയിൽ ഉച്ചരിച്ചാൽ 'കയ്പുള്ളത്' എന്നും നിമ്ന സ്ഥായിയിൽ ഉച്ചരിച്ചാൽ 'എണ്ണുക' എന്നുമാണ് അർത്ഥം. ഇങ്ങനെ പദങ്ങ ളിലെ സ്ഥായി വ്യത്യാസം അർത്ഥവ്യത്യാസം ഉളവാക്കുന്ന ഭാഷകളെ താനഭാഷകൾ എന്നു പറയാം. ഉദാ: ചൈനീസ് ഭാഷ. സ്ഥായി വ്യത്യാസങ്ങളെ നിമ്നം, മധ്യം, ഉച്ചം, അത്യുച്ചം എന്നിങ്ങനെ വിഭജിക്കാം.

## iv) ഈണം (അനുതാനം) Tone

ഏതു ഭാഷയിലെ വാക്യ ഉച്ചാരണത്തിനും സ്വാഭാവികമായ ഈണം ഉണ്ടായി രിക്കും. ഘടകപദങ്ങളിലെ സ്ഥായി വിന്യസനക്രമത്തെയാണ് ഈണം എന്നു പറയു ന്നത്. വാക്യത്തിന്റെ ഈണം നിർണ്ണയിക്കുന്നതിൽ ആരോഹണം, അവരോഹണം, സമത എന്നിവയ്ക്ക് പങ്കുണ്ട്. മലയാളത്തിൽ ഈണവ്യവസ്ഥയിലുള്ള വ്യത്യാസം വാക്യാർത്ഥഭേദം സൃഷ്ടിയ്ക്കും. ഉദാ: അവൻ ജയിച്ചു. (പ്രസ്ഥാവന) – സമതസ്ഥായി അവൻ ജയിച്ചു? (തോറ്റു എന്ന വിപരീതാർത്ഥം) – ആരോഹണസ്ഥായി.

വാക്യത്തിലെ ഈണവ്യത്യാസം കൊണ്ട് ഭിന്നാർത്ഥങ്ങൾ ഉളവാക്കുന്ന ഭാഷ കളെ ഈണഭാഷകൾ എന്നു പറയുന്നു. ഉദാഹരണം മലയാളം, ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച് തുടങ്ങിയവ.

## v) വിരാമം

ഏതൊരു വാക്യത്തെയും പദങ്ങളായി വിഭജിക്കാം. ഒരു വാക്യം വേഗത്തിൽ ഉച്ചരിക്കുമ്പോൾ ഒറ്റ ശ്വാസത്തിൽ ഒതുക്കാമെങ്കിലും സാവധാനമുള്ള ഉച്ചാരണത്തിൽ ഭാഷകൻ 'വിരാമങ്ങൾ' ഉണ്ടാക്കിക്കൊണ്ടായിരിക്കും അത് നിർവ്വഹിക്കുക.

ഉദാ: രാമന്റെ സീതയെ/ രാവണൻ/ കട്ടുകൊണ്ട് പോയി.

പദം തിരിച്ചോ വിഭജനരേഖകളിലോ വിരാമം നല്കി ഈ വാക്യം ഉച്ചരിക്കാം. ഇങ്ങനെ പദത്തെ പിരിച്ചോ വിരാമമിട്ടോ എഴുതുന്നതിനെ വിരാമം അല്ലെങ്കിൽ pause എന്നു പറയുന്നു.

## സഹോച്ചാരണം

ചലകരണം ഏതു ഉച്ചാരണസ്ഥാനത്തെയാണോ ഭാഗികമായോ പൂർണ്ണമായോ സ്പർശിക്കുന്നത് ആ സ്ഥാനത്തെ കണക്കിലെടുത്താണ് വ്യഞ്ജനങ്ങളെ ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, മൂർധന്യം, താലവ്യം എന്നിങ്ങനെ വിഭജിക്കുന്നത്. എങ്കിലും സാധാരണ ഉച്ചാരണങ്ങളിൽ ഒരു പ്രത്യേക അതിർത്തിക്കുള്ളിൽ സ്വനോച്ചാരണം നടക്കണമെന്നില്ല. ഒരു സ്വരത്തിന്റെ ഉച്ചാരണക്രിയയിൽ മറ്റൊരു ധ്വനികൂടി അലിഞ്ഞുചേർന്നെന്നുവരാം. ഇങ്ങനെയുള്ള ആശ്രിതോച്ചാരണത്തെ സഹോച്ചാരണം എന്നു പറയുന്നു. സാധാരണമായി ഒരു ഉച്ചാരണക്രിയയിൽ ഒരു ഉച്ചാരണം മാത്രമേ സംഭവിക്കൂ. പ്രധാനപ്പെട്ട സഹോച്ചാരണങ്ങൾ താഴെ പറയുന്നവയാണ്.

### i) ഓഷ്ഠീകരണം

ഓഷ്ഠ്യങ്ങളല്ലാത്ത സ്വരോച്ചാരണവേളയിൽ ചുണ്ടിനെ വർത്തുളീകരിച്ചാൽ ആ സ്വനങ്ങൾക്ക് ഓഷ്ഠീകരണം സഹോച്ചാരണമായി തീരുന്നു.

മലയാളത്തിൽ 'വ'യ്ക്ക് മുമ്പ് വരുന്ന വ്യഞ്ജനങ്ങൾക്ക് ഓഷ്ഠീകരണം സംഭവിക്കുന്നു.

ഉദാ : സ്വന്തം എന്ന പദത്തിൽ 'സ' ഉച്ചരിക്കുമ്പോൾ ചുണ്ടിന് വർത്തുളീകരണം വരുന്നു.

### ii) താലവ്യീകരണം

താലവ്യസ്വനങ്ങളല്ലാത്ത വ്യഞ്ജനങ്ങളെയെല്ലാം താലവീകരണത്തോടെ ഉച്ചരിക്കാം. ഉദാ : നായ്ക്കുട്ടി, കായ്ക്കറി മുതലായ പദങ്ങളിലെ ഇരട്ടിച്ച 'ക' കാരത്തിന്റെ ഉച്ചാരണവും അമ്മയ്ക്ക്, തേക്കുക മുതലായവയിലെ ഇരട്ടിച്ച 'ക' കാരോച്ചാരണവും താരതമ്യപ്പെടുത്തുമ്പോൾ ആദ്യത്തെ രണ്ടു പദങ്ങളിലെ 'ക്ക' ഉച്ചാരണം ശുദ്ധമായ മൃദുതാലവ്യമാണ്. എന്നാൽ രണ്ടാമത്തെ പദങ്ങളിൽ 'ക്ക' എന്ന ശബ്ദത്തിന് താലവ്യീകരണം ആണ് നടന്നത്. മൃദുതാലവ്യമായ അനുനാസിക ശബ്ദങ്ങൾക്കും താലവ്യീകരണം സംഭവിക്കാം. ഉദാ: മത്തങ്ങ, തേങ്ങ – ഇവിടെ 'ങ്ങ' കാരത്തെ താലവ്യീകരണത്തോടെയാണ് ഉച്ചരിക്കുന്നത്.

### iii) മൂർധന്യീകരണം / പ്രതിവേഷ്ടനം

മൂർധന്യങ്ങളല്ലാത്ത സ്വനം ഉച്ചരിക്കുമ്പോൾ നാവിന്റെ അറ്റം വളഞ്ഞ് കഠിനതാലുവിനോട് അടുക്കുമ്പോൾ മൂർധന്യീകരണം നടക്കുന്നു.

### iv) അനുനാസികീകരണം

അനുനാസികങ്ങളല്ലാത്ത സ്വനങ്ങളിൽ അനുനാസികത്വം കലരുന്നതിനെയാണ് അനുനാസികീകരണം എന്നു പറയുന്നത്. സ്വരങ്ങൾക്ക് പോലെ വ്യഞ്ജനത്തിനും അനുനാസികീകരണം സംഭവിക്കാം. സ്പർശങ്ങൾ ഒഴിച്ചുള്ള വ്യഞ്ജനസ്വനങ്ങളെ മാത്രമേ ഈ സഹോച്ചാരണം സ്വാധീനിക്കൂ. ശരി, അതെ എന്നെല്ലാം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന മൂളലിൽ 'ആ' എന്ന സ്വരത്തോട് സദൃശ്യമായ ഒരു സ്വരത്തെ അനുനാസികീകരണത്തോടുകൂടി ഉച്ചരിക്കുന്നു. 'മിനുങ്ങുന്നു' എന്ന പദം സ്വാഭാവികമായി ഉച്ചരിക്കുമ്പോൾ അതിലെ നാല് സ്വരങ്ങളെയും അനുനാസികീകരണത്തോടെ ഉച്ചരിക്കുന്നു.

## അക്ഷരം

വ്യഞ്ജനത്തോടുകൂടിയോ കൂടാതെയോ ഉള്ള സ്വരമാണ് സിലബിൾ അഥവാ അക്ഷരം. അക്ഷരം എന്ന സംജ്ഞ പല അർത്ഥങ്ങളിലും മലയാളത്തിൽ പ്രയോഗിച്ചുവരുന്നുണ്ട്. അക്ഷരമാല എന്ന പദം ലിപിവ്യവസ്ഥ, വർണവ്യവസ്ഥ എന്നീ അർത്ഥത്തിലും പ്രയോഗിച്ചുവരുന്നു. ഭാഷാശാസ്ത്രത്തിൽ അക്ഷരം എന്ന സംജ്ഞ ഭാഷാണഖണ്ഡം എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. ഗുണ്ടർട്ടിന്റെ വ്യാകരണത്തിൽ ഈ അർത്ഥത്തിൽ പദാംഗം എന്ന് ഉപയോഗിച്ചിരിക്കുന്നു. സമീപസ്ഥമായ ഒന്നിലേറെ ഭാഷണാംശങ്ങളെ ഒരേ സമയം കൈകാര്യം ചെയ്യാൻ സിലബിളിന്റെ വിന്യാസം സഹായിക്കുന്നു. ഭാഷണപ്രക്രിയയിൽ എല്ലാ ഭാഷണശബ്ദങ്ങളുടെയും ഉച്ചത ഒരുപോലെയായിരിക്കില്ല. ഈ ഏറ്റക്കുറച്ചിലുകൾക്ക് കാരണം ശ്വാസകോശത്തിൽ നിന്നും ബഹിർഗമിക്കുന്ന വായുവിന്റെ അളവും തത്ഫലമായി സംഭവിക്കുന്ന സ്വനതന്തുക്കളുടെ കമ്പനവേഗത്തിലുള്ള വ്യതിയാനവുമാണ്. സ്വരങ്ങൾക്കാണ് (vocoids) വ്യഞ്ജനങ്ങളെക്കാൾ (contoids) ഉച്ചത. ഉത്പാദനവേളയിൽ വായുവിന്റെ തടസ്സം കൂടാതെയുള്ള ബഹിർഗമനം ഉണ്ടാകുന്നതുകൊണ്ടാണ് സ്വരങ്ങൾക്ക് ഉച്ചതയേറുന്നത്.

നിമ്നമധ്യ സ്വരങ്ങൾക്കാണ് (low central) അത്യധികമായ ഉച്ചതയുള്ളത്. വായുവിന് സ്വച്ഛമായി കടന്നുപോകാനുള്ള സാധ്യതയും ശീഘ്രകമ്പനവും ഉള്ള സ്വരങ്ങൾക്കാണ് (ഉദാ: എ) ഏറ്റവും കൂടുതൽ ഉച്ചത. ഉച്ചാഗ്രസ്വരങ്ങൾക്കാണ് (ഉദാ: ഐ) ഏറ്റവും കുറഞ്ഞ ഉച്ചതയുള്ളത്. നാദിവ്യഞ്ജനങ്ങൾ ശ്വാസിവ്യഞ്ജനങ്ങളേക്കാൾ ഉച്ചതയുള്ളവയാണ്. സ്പർശങ്ങളെക്കാൾ ഉച്ചതയുള്ളവയാണ് പ്രവാഹികൾ. ഉച്ചതയിലുള്ള ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ഭാഷണത്തിൽ വ്യതിയാനങ്ങൾ സംഭവിക്കുന്നു. അക്ഷരത്തെ സംബന്ധിക്കുന്ന സിദ്ധാന്തങ്ങൾക്കടിസ്ഥാനം മേൽപ്പറഞ്ഞ വസ്തുതകളാണ്.

### അക്ഷരസിദ്ധാന്തങ്ങൾ

### 1. പ്രാമുഖ്യസിദ്ധാന്തം (Prominance Theory)

ഭാഷണത്തിലുള്ള ഉച്ചതയുടെയും പ്രാമുഖ്യത്തിന്റെയും അടിസ്ഥാനത്തിൽ ഉച്ചാരണസ്വനങ്ങളെ വർഗ്ഗീകരിക്കുന്ന പ്രക്രിയയാണിത്. ഉച്ചതയിൽ ഉള്ള ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് ഭാഷണത്തിൽ അങ്ങിങ്ങായി ശൃംഗങ്ങളും താഴ്വരകളും ഉണ്ടാകുന്നു. ഒരു അക്ഷരത്തിൽ ഒന്നിലധികം സ്വനങ്ങൾ ഉണ്ടായിരിക്കുകയും ഒന്ന് മറ്റൊന്നിനേക്കാൾ ഉച്ചതയിലായിരിക്കുകയും ചെയ്താൽ ഉച്ചത കുറഞ്ഞ സ്വരത്തെ അർധസ്വരം/അർധവ്യഞ്ജനം എന്നു പറയുന്നു. അർധസ്വരങ്ങൾ സ്വരങ്ങളോട് ചേർന്ന് സ്വരസംയുക്തം ഉണ്ടാകുന്നു. ഈ സിദ്ധാന്തപ്രകാരം ഉച്ചതയുടെ ശൃംഗങ്ങളും താഴ്വരകളും അടങ്ങിയ ഭാഷണഘടകമാണ് അക്ഷരം എന്നു പറയുന്നത്. അക്ഷരത്തിന്റെ കേന്ദ്രം എന്നു പറയുന്നത് ആ അക്ഷരത്തിൽ ഉൾപ്പെടുന്ന ഏറ്റവും ഉച്ചസ്ഥായിയിൽ ഉള്ള സ്വരമാണ്. സി. എഫ്. ഹോക്കറ്റിന്റെ നിർവ്വചനപ്രകാരം onset, peak, code എന്നീ പദങ്ങളാണ് അക്ഷരവിവരണത്തിന് പ്രസക്തമാവുക.

Onset – അക്ഷര ഉച്ചാരണത്തിന്റെ ആരംഭം

Peak – കേന്ദ്രം

code – കേന്ദ്രത്തിനുശേഷവും തൊട്ടടുത്ത അക്ഷരത്തിന്റെ Onset ന് മുമ്പും വരുന്ന തെന്തോ അത്.

ഒരക്ഷരത്തിന്റെ code അടുത്ത അക്ഷരത്തിന്റെ onset-ൽ നിന്ന് കൃത്യമായി വേർതിരിക്കാനാവുന്നില്ലെങ്കിൽ രണ്ടിനേയും ചേർത്ത് interlude എന്നാണ് ഭാഷാശാസ്ത്രജ്ഞർ വിവക്ഷിക്കുന്നത്.

## 2. ഉരസ്പന്ദസിദ്ധാന്തം (Chest - Pulse Theory)

ആർ. എച്ച്. സ്റ്റെറ്റ്സൺ എന്ന വ്യക്തിയുടെ പേരിലാണ് ഈ സിദ്ധാന്തം അറിയപ്പെടുന്നത്. ശ്വാസകോശത്തിൽ നിന്നും വായുവിന്റെ ഒരംശം പുറത്തേക്കു പോകുമ്പോഴുണ്ടാകുന്ന ഭാഷണാംശമാണ് ഒരു ഉരസ്പന്ദം കൊണ്ട് (chest pulse) സൃഷ്ടിക്കപ്പെടുന്നത്. വായുവിന്റെ ഒരംശം ബഹിർഗമിക്കുന്നതിന് കാരണമായ ഓരോ ഉരസ്പന്ദവും ഓരോ അക്ഷരത്തെ സൃഷ്ടിക്കും.

ഉരസ്പന്ദം മൂലമുണ്ടാകുന്ന പേശീസങ്കോചം ബലമായും അല്ലാതെയുമിരിക്കാം. പേശീസങ്കോചം ബലമാണെങ്കിൽ ബലസിലബിൾ (stressed syllable) ഉണ്ടാകുന്നു. ഓരോ സിലബിളിനെയും അതിലുൾപ്പെടുന്ന സ്വരവ്യഞ്ജനങ്ങളുടെ അടിസ്ഥാനത്തിൽ സ്വരം, വ്യഞ്ജനസ്വരം, സ്വരവ്യഞ്ജനം, വ്യഞ്ജനസ്വരവ്യഞ്ജനം എന്നിങ്ങനെ തിരിക്കാം (V, CV, VC, CVC). വായുപ്രവാഹം ഒട്ടും തടയാതെ വിടുന്ന സിലബിളിന്റെ കേന്ദ്രം സ്വരമാണ്. CVC എന്ന ഉദാഹരണത്തിൽ ആദ്യവ്യഞ്ജനം ഉച്ചരിക്കുമ്പോൾ വായുപ്രവാഹം തടയപ്പെടുകയും പിന്നീട് സ്വരം ഉച്ചരിക്കുമ്പോൾ ബന്ധിതവായു മോചിക്കപ്പെടുകയും പിന്നീട് വ്യഞ്ജനം ഉച്ചരിക്കുമ്പോൾ അത് തടയപ്പെടുകയും ചെയ്യുന്നു. ആദ്യ വ്യഞ്ജനത്തെ മോചകവ്യഞ്ജനം എന്നും പിന്നീട് വരുന്ന വ്യഞ്ജനത്തെ രോധകവ്യഞ്ജനം എന്നും പറയുന്നു. സ്വരത്തിലവസാനിക്കുന്ന സിലബിൾ അതു കൊണ്ടുതന്നെ വിവൃതസിലബിൾ (open syllable) ആണ് വ്യഞ്ജനത്തിലവസാനിക്കുന്നവ സംവൃതസിലബിളും (closed syllable).

## 3. ധർമ്മാത്മക സിദ്ധാന്തം

സ്വരങ്ങളുടെയും വ്യഞ്ജനങ്ങളുടെയും വിതരണ സാധ്യതകളെ അവയുടെ പരസ്പര ബന്ധം ആസ്പദമാക്കി അക്ഷരനിർവചനം നടത്തുവാൻ ഒ. കോണർ തുടങ്ങിയവർ ശ്രമിച്ചു. അപഗ്രഥനവിധേയമായ ഭാഷകളിൽ ഏതെല്ലാം സ്വനിമങ്ങൾക്ക് സിലബിൾ കേന്ദ്രമായി വർത്തിക്കാൻ കഴിവുണ്ടെന്ന് നിർണ്ണയിക്കുകയാണ് അദ്ദേഹം ചെയ്തത്. പൂർണ്ണസ്വരങ്ങൾ ഇല്ലാത്ത എന്നാൽ ശൃംഗങ്ങൾ (peak) ദൃശ്യമാകുന്ന അക്ഷരങ്ങളുള്ള ചില ഭാഷകളെങ്കിലും ഉണ്ടെന്ന് ഈ സിദ്ധാന്തം തെളിയിച്ചു. ഇംഗ്ലീഷിലെ Bottom, Button, Bottle തുടങ്ങിയ പദങ്ങളിൽ വ്യഞ്ജനങ്ങളാണ് അക്ഷരകേന്ദ്രമായി വർത്തിക്കുന്നത്. അക്ഷരകേന്ദ്രസ്ഥാനം വഹിക്കുന്ന വ്യഞ്ജനസ്വഭാവത്തെ സൂചിപ്പിക്കാൻ സിലബിസിറ്റി എന്ന പദം ഉപയോഗിച്ചുവരുന്നു. അത്തരം വ്യഞ്ജനങ്ങളെ syllabic contoid എന്നു വിളിക്കുന്നു. അനുനാസികങ്ങൾ പലപ്പോഴും syllabic contoid ആണ്.

## 4. സംവൃതി – വിവൃതി സിദ്ധാന്തം (Closure - Opening Thoery)

മിക്ക ഭാഷകളിലും അക്ഷരങ്ങൾക്കിടയിലുള്ള അതിർത്തി നിർണ്ണയിക്കാൻ എളുപ്പമല്ല. റോമൻ ഭാഷകളിൽ ഈ അതിർത്തി കൃത്യമായി രേഖപ്പെടുത്താൻ കഴിയും. അവയിൽ ഒരു വ്യഞ്ജനമോ വ്യഞ്ജനസംയുക്തമോ അക്ഷരകേന്ദ്രത്തിന് മുമ്പ് വരികയാണെങ്കിൽ അക്ഷരത്തിന്റെ അതിർത്തി അവയുടെ മുമ്പിലാണ് വരിക.

സ്വനനാളത്തിൽ അനുക്രമം അനുഭവപ്പെടുന്ന സംവൃതി – വിവൃതി എന്നിവയെ ആസ്പദമാക്കി സിലബിളുകളുടെ അതിർത്തികളും കേന്ദ്രങ്ങളും നിർണ്ണയിക്കാൻ സസ്യൂറിനെപ്പോലെയുള്ളവർ ശ്രമിച്ചു. > എന്ന ചിഹ്നം കൊണ്ട് സംവൃതിയും < എന്ന ചിഹ്നം കൊണ്ട് വിവൃതിയും രേഖപ്പെടുത്താമെങ്കിൽ ‘വികാരം’ എന്ന പദം താഴെക്കാണുന്ന രീതിയിൽ അടയാളപ്പെടുത്താം.

വികാരം = വ് ഇ ക് ആ ര് അ മ്

< > < > < > <

## മലയാള അക്ഷരങ്ങൾ

സ്വരമോ സ്വരത്തിന് മുമ്പ് ഒന്നോ രണ്ടോ മൂന്നോ വ്യഞ്ജനങ്ങളോ പിമ്പ് ഒരു വ്യഞ്ജനമോ വരാവുന്ന രീതിയിൽ മലയാള അക്ഷരങ്ങൾ നിബന്ധിക്കാം. വ്യഞ്ജനം = C, സ്വരം = V ആണെങ്കിൽ

V = അ

CV = ക (ക്+അ)

CCV = ക്ര (ക്+റ്+അ)

CCCV = സ്ത്ര (സ്+ത്+റ്+അ)

ഇംഗ്ലീഷിൽ നിന്നും വ്യത്യസ്തമായി മലയാളത്തിൽ വർണ്ണവ്യവസ്ഥയല്ല, അക്ഷരവ്യവസ്ഥയാണുള്ളത്. ഇംഗ്ലീഷുകാർ വർണ്ണമാല ഉപയോഗിക്കുമ്പോൾ മലയാളികൾ അക്ഷരമാലയാണ് സ്വീകരിച്ചിരിക്കുന്നത്. മലയാളത്തിന്റെ ലിപി വ്യവസ്ഥ ആക്ഷരിക (syllabic) ആണ്. ലിപി വ്യവസ്ഥയിലെ ഓരോ ഏകകങ്ങളും ഓരോ സിലബിൾ മാത്രം. മലയാള വൃത്തശാസ്ത്രം ചിട്ടപ്പെടുത്തിയിരിക്കുന്നത് സിലബിൾ ശൃംഗങ്ങളെ അടിസ്ഥാനമാക്കിയാണ്. ഉച്ചാരണത്തിനാവശ്യമായ സമയത്തെ ആസ്പദമാക്കി അക്ഷരങ്ങളെ ‘ഗുരു’ എന്നും ‘ലഘു’ എന്നും വേർതിരിക്കാം. ലഘു ഉച്ചരിക്കാൻ ഒരു മാത്ര ആവശ്യമെങ്കിൽ ഗുരു ഉച്ചരിക്കാൻ രണ്ടു മാത്രയാണ്.

## അക്ഷരമാല

അക്ഷരങ്ങളെ ക്രമത്തിൽ എഴുതുന്ന പട്ടികയാണ് അക്ഷരമാല അഥവാ വർണമാല. അക്ഷരങ്ങളെ രേഖപ്പെടുത്തുന്ന ചിത്രങ്ങളുടെ പട്ടികയാണിത്. കേരളപാണിനീയമനുസരിച്ച് 53 ആണ് അക്ഷരസംഖ്യ. ആധുനിക മലയാള ഭാഷയുടെ അക്ഷരമാലയിൽ 13 സ്വരങ്ങളും 36 വ്യഞ്ജനങ്ങളും ഉൾപ്പെടെ 49 അക്ഷരങ്ങളാണുള്ളത്.

സ്വരങ്ങൾ

സമാനാക്ഷരം | സന്ധ്യക്ഷരം

ഹ്രസ്വം : അ ഇ ഉ ഋ | എ ഒ – –

ദീർഘം : ആ ഈ ഊ | ഏ ഓ ഐ ഔ

## വ്യഞ്ജനങ്ങൾ

| | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം വർഗ്ഗാക്ഷരങ്ങൾ |
|---|---|---|---|---|---|
| കവർഗം | ക | ഖ | ഗ | ഘ | ങ |
| ചവർഗം | ച | ഛ | ജ | ഝ | ഞ |
| ടവർഗം | ട | ഠ | ഡ | ഢ | ണ |
| തവർഗം | ത | ഥ | ദ | ധ | ന |
| പവർഗം | പ | ഫ | ബ | ഭ | മ |
| യ | ര | ല | വ | - | മധ്യമം |
| ശ | ഷ | സ | - | - | ഊഷ്മാവ് |
| ഹ | - | - | - | - | ഘോഷി |
| ള | ഴ | റ | - | - | ദ്രാവിഡ മധ്യമം |

**വർണം** : ഒരു ഭാഷയിലെ മൗലിക ധ്വനി. ഉദാ: അ, ക്

**അക്ഷരം** : സ്വരമോ സ്വരം ചേർന്ന വ്യഞ്ജനമോ ആണ് അക്ഷരം.
ഉദാ: ആ, ക

**സ്വരം** : സ്വന്തവും സ്വതന്ത്രവുമായ ഉച്ചാരണമുള്ള വർണം. അ, ഇ

**വ്യഞ്ജനം** : സ്വരം ചേർന്നാൽ മാത്രം ഉച്ചാരണസ്ഫുടത നേടുന്ന വർണം.
ഉദാ: ക് + അ = ക

**ലിപി** : വർണത്തിന്റെയോ അക്ഷരത്തിന്റെയോ രേഖാരൂപം. ഉദാ: അ, ഇ.

## ഉപലിപി (ഉപചിഹ്നം)

സ്വരങ്ങൾ വ്യഞ്ജനങ്ങളോടു ചേരുമ്പോൾ അതിന്റെ സാന്നിധ്യം അറിയിക്കാൻ ഉപയോഗിക്കുന്നത്.

ഉദാ : ഇ - ി

ഈ - ീ

ആ - ാ

ഉ - ു

## അക്ഷരലിപിയും (Sylalbary) വർണ്ണലിപിയും (Alphabetic Script)

ഇന്ന് പരിഷ്കൃതഭാഷകളിൽ ഉപയോഗിച്ചുവരുന്ന ലിപിവ്യവസ്ഥകൾ രണ്ട് വിഭാഗത്തിൽപ്പെടുന്നു. അക്ഷരലിപിയും വർണലിപിയും. ലിഖിതരീതി പൂർണ്ണമായും സാങ്കേതികവ്യവസ്ഥയായിത്തീർന്ന അവസ്ഥയെയാണ് അക്ഷരലിപിയും വർണലിപിയും പ്രതിനിധാനം ചെയ്യുന്നത്. ഈ ലിപി വ്യവസ്ഥകളിൽ ഓരോ ലിപിയും ഒരു വർണത്തെയോ വർണസംഘാതത്തെയോ പ്രതിനിധാനം ചെയ്യുന്നു. ഭാഷണത്തിലുള്ള ഓരോ സ്വനിമത്തിനും പ്രത്യേകം ചിഹ്നങ്ങൾ നൽകി എഴുതുന്ന സമ്പ്രദായമാണ് വർണ്ണലിപി. ഭാഷയിലെ ഏറ്റവും ചെറിയ അടിസ്ഥാന ഏകകം വരെ ഇതിലൂടെ ശാസ്ത്രീയമായി രേഖപ്പെടുത്താൻ കഴിയും. വർണ്ണമാലയെ ആണ് ഇംഗ്ലീഷിൽ Alphabet എന്നു പറയുന്നത്. സ്വരങ്ങളോ സ്വരം ചേർന്ന വ്യഞ്ജനമോ ആണ് അക്ഷരം. അക്ഷരം പദാംഗമാണ്. ഉച്ചരിക്കുന്ന ഓരോ ഘടകവും ഓരോ അക്ഷരമാണ്. മലയാളം സ്വീകരിച്ചിരിക്കുന്നത് അക്ഷരമാലയാണ്. അക്ഷരത്തെക്കുറിക്കാൻ എഴുത്തിൽ അക്ഷരലിപി ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെ ഭാഷയിലെ ശബ്ദവ്യവസ്ഥയ്ക്ക് സമാന്തരമായ ലിപിവ്യവസ്ഥയുടെ പ്രയോഗം ലേഖന പ്രക്രിയയെ വളരെയധികം ലഘൂകരിച്ചു. അക്ഷരലിപിയിൽ ഭാഷയിലെ അക്ഷരങ്ങളെയാണ് ലിപികൾ പ്രതിനിധാനം ചെയ്യുന്നത്. കവിത എന്ന പദത്തിൽ ആറ് വർണങ്ങൾ (ക്+അ+വ്+ഇ+ത്+അ) ഉണ്ടെങ്കിലും മൂന്ന് അക്ഷരങ്ങളേ ഉള്ളൂ. അക്ഷരലിപിയിലാവുമ്പോൾ ആ പദം മൂന്ന് ലിപികൾ കൊണ്ട് രേഖപ്പെടുത്തും. കവിത എന്ന മലയാളപദം എഴുതുമ്പോൾ നാല് ലിപികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും അവയിലൊന്ന് ഇകാരത്തിന്റെ ഉപലിപിയാണ്. ഇതേപദം വർണലിപിയിലാവുമ്പോൾ ആറ് ലിപികൾ വേണ്ടിവരും.

## കേരളത്തിന്റെ ലിപിചരിത്രം

പ്രാചീനമനുഷ്യന്റെ ശിലാചിത്രങ്ങളിലും കെട്ടുവിദ്യകളിലും ലേഖനവിദ്യകളിലേക്ക് മനുഷ്യൻ നീങ്ങുന്നതിന്റെ സൂചനകൾ കാണാം. തുടർന്നുണ്ടായ ചിത്രലേഖനത്തെയും ആശയലേഖനത്തെയും സാങ്കേതികാർത്ഥത്തിൽ ലിപി വ്യവസ്ഥയാണെന്ന് പറയാനാവില്ല. ഭാരതത്തിൽ നിന്ന് കിട്ടിയ ഏറ്റവും പഴക്കമേറിയ ലിപികൾ സിന്ധുനദീതടത്തിൽ നിന്നാണ്. വായിക്കാൻ കഴിഞ്ഞ ആദ്യത്ത ഭാരതീയ ലിപി ബ്രാഹ്മി ലിപിയാണ്. ക്രി. മു. അഞ്ചും നാലും നൂറ്റാണ്ടുകളിലെ ചില രേഖകളിലാണ് ബ്രാഹ്മിയുടെ ആദ്യ മാതൃകകൾ കണ്ടെത്തിയത്. ബ്രാഹ്മി ലിപി ബ്രഹ്മാവ് സൃഷ്ടിച്ചതാണെന്ന് വിശ്വാസമുണ്ട്. ഡോ. ബുച്ച്ലറിന്റെ അഭിപ്രായത്തിൽ ബി. സി 1000 മാണ്ടോടുകൂടി ഇന്ത്യൻ കച്ചവടക്കാർ ബാബിലോണിയയിൽ നിന്ന് പകർത്തിക്കൊണ്ടുവന്നതാണ് ഈ ലിപി. പിന്നീട് ഭാരതീയ ശബ്ദശാസ്ത്രമനുസരിച്ച് ആവശ്യമായ വ്യതിയാനം വരുത്തി ബ്രാഹ്മി ലിപി രൂപപ്പെടുത്തി. ഈ ലിപി വ്യാപകമായി പ്രചരിച്ചത് മൗര്യചക്രവർത്തിയായ അശോകന്റെ ശിലാലിഖിതങ്ങളിലൂടെയാണ്. ബ്രാഹ്മിലിപിയിൽ നിന്നാണ് ഭാരതത്തിലെ എല്ലാ ലിപി വ്യവസ്ഥകളും ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതെന്ന് കരുതപ്പെടുന്നു. പ്രാചീനഭാരതത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് പ്രചാരത്തിലിരുന്ന ലിപി വ്യവസ്ഥയാണ് ഖരോഷ്ഠി. ഇതിന്റെ ഉത്ഭവം സെമിറ്റിക് ലേഖന സമ്പ്രദായത്തിന്റെ ഒരുപശാഖയായ അരാമൈക്കിൽ നിന്നാണെന്ന് അനുമാനിക്കാം.

കേരളത്തിൽ ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത് രണ്ടുതരം ലിപി വ്യവസ്ഥകളാണ്. വട്ടെഴുത്തും കോലെഴുത്തും. വട്ടെഴുത്ത് ദക്ഷിണേന്ത്യയിലാകെ പ്രചാരത്തിലു

ണ്ടായിരുന്നു. ഈ ലിപി വ്യവസ്ഥയ്ക്ക് പല പ്രാദേശികഭേദങ്ങളും ഉണ്ടായിരുന്നു. വക്രരേഖകൾ അധികമുള്ളതുകൊണ്ടാണ് വട്ടെഴുത്ത് എന്ന പേരുണ്ടായത് എന്നൊരഭിപ്രായമുണ്ട്. വട്ടെഴുത്തല്ല, വെട്ടെഴുത്താണ് എന്നാണ് മറുപക്ഷം. ശിലകളിലും ചെമ്പുതകിടുകളിലും വെട്ടി (സമ്മർദ്ദത്തോടെ) രേഖപ്പെടുത്തുന്നതിനാലാണ് വെട്ടെഴുത്തായതത്രേ. പ്രചാരം വട്ടെഴുത്ത് എന്ന പേരിനാണ്. വട്ടെഴുത്തിന്റെ പ്രഭവം ദക്ഷിണബ്രാഹ്മിയാണ്. ഉത്തരകേരളത്തിൽ പ്രചാരത്തിലിരുന്നതും വട്ടെഴുത്തിന്റെ വകഭേദവുമായ ലിപി സമ്പ്രദായമാണ് കോലെഴുത്ത്. കോലുകൊണ്ട് വരച്ചുണ്ടാക്കുന്നത് എന്നാണ് പേരിനർത്ഥം.

വട്ടെഴുത്തിന് വേറെയും രണ്ട് പേരുകൾ ഉണ്ടായിരുന്നു. കുറ്റലനാഥ ക്ഷേത്രത്തിൽ ഈ ലിപിയെ 'വട്ടം' എന്നു പരാമർശിക്കുന്നുണ്ട്. വട്ടെഴുത്ത് കേരളത്തിലെ തെക്കൻ പ്രദേശങ്ങളിലാണ് ധാരാളമായി ഉപയോഗിച്ചിരുന്നത്. അതിനാൽ അതിനെ തെക്കൻ മലയാളം എന്ന് വ്യവഹരിക്കാനിടയായി. വട്ടെഴുത്തിലുള്ള ശാസനങ്ങളിലും മറ്റും തുടക്കത്തിൽ 'നമോനാരായണ' എന്ന മംഗളവാക്യം കാണുന്നതിനാൽ ഈ ലിപിയെ 'നാനംമോനം' എന്നു വിളിച്ചുവന്നു. സ്വാതിതിരുന്നാളിന്റെ കാലം വരെ തിരുവിതാംകൂർ സർക്കാർ വക രേഖകളിൽ ഉപയോഗിച്ചിരുന്ന വട്ടെഴുത്തിൽ 'മലയാണ്മ' എന്നും 'മലയാം തമിഴ്' എന്നും സൂചിപ്പിച്ചിരുന്നു.

വട്ടെഴുത്തിലും കോലെഴുത്തിലും തമിഴക്ഷരങ്ങൾക്ക് സമാന്തരമായ ലിപികളേ ഉണ്ടായിരുന്നുള്ളൂ. ദക്ഷിണേന്ത്യയിൽ സംസ്കൃതഭാഷയ്ക്ക് പ്രചാരം വന്നതോടെ സംസ്കൃത സ്വാധീനം ലിപി വ്യവസ്ഥയിലേക്കും വ്യാപിച്ചു. സംസ്കൃതഗ്രന്ഥങ്ങളെ അതേപടി പകർത്തുമ്പോഴും ദ്രാവിഡേതര വർണങ്ങളുള്ള സംസ്കൃത തത്സമങ്ങളെ പ്രാദേശിക ഭാഷകളിൽ പ്രയോഗിക്കുമ്പോഴും വട്ടെഴുത്തിലെ ലിപികൾ മാത്രം ഉപയോഗിച്ചാൽ മതിയാവില്ല. അങ്ങനെയാണ് പുതിയ ലിപികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള നൂതനരീതി നടപ്പിലായത്.

കൊലെഴുത്തിനെക്കുറിച്ചും പല വാദങ്ങൾ നിലവിലുണ്ട്. കോയിൽ എഴുത്തുകൾ – രാജാക്കന്മാരുടെ ശാസനങ്ങൾ എഴുതിയിരുന്ന ലിപികൾ എന്ന അർത്ഥത്തിലും കോലെഴുത്ത് പ്രയോഗിക്കാറുണ്ട്. കോലുകൊണ്ട് എഴുതുന്നതിനാൽ കോലെഴുത്ത് എന്ന പേരു സിദ്ധിച്ചെന്ന മറ്റൊരുപ നിഗമനവും ഉണ്ട്. മൂർച്ചയുള്ള എഴുത്താണി, ഉളി എന്നിവയെ 'കോലു' എന്നു വിളിക്കാറുണ്ട്. ഇവകൊണ്ട് അക്ഷരചിഹ്നങ്ങൾ കൊത്തി രൂപപ്പെടുത്തുന്ന സമ്പ്രദായത്തെ കോലെഴുത്ത് എന്ന് വിളിച്ചുപോന്നു. കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളായ കൊച്ചി മലബാർ ഉൾപ്പെട്ട കോലത്തു നാട്ടിലാണ് കോലെഴുത്തിനു പ്രചുര പ്രചാരമുണ്ടായിരുന്നത്. കോലത്തുനാടുമായി ബന്ധപ്പെട്ടത് എന്ന അർത്ഥത്തിലായിരിക്കാം ഇതിന് കോലെഴുത്ത് എന്ന സംജ്ഞ ഉണ്ടായതെന്നും ഊഹിക്കുന്നു. ഇതും ബ്രാഹ്മി ലിപിയിൽ നിന്നും രൂപാന്തരം പ്രാപിച്ചതാണ്.

ബ്രാഹ്മി ലിപിയിൽ നിന്നും ജനിച്ച മറ്റൊരു ലിപി സമ്പ്രദായമാണ് ഗ്രന്ഥാക്ഷരം. ക്രി. പി. ഏഴാം ശതകം മുതൽ ഗ്രന്ഥലിപി ദക്ഷിണേന്ത്യയിൽ പ്രചാരത്തിൽ വന്നു. ഗ്രന്ഥലിപിയുടെ പ്രാദേശികഭേദം കേരളത്തിലും ഉപയോഗിക്കാൻ തുടങ്ങി. കേരളത്തിൽ ഈ ലിപിക്ക് തുളുമലയാളം, ആര്യ എഴുത്ത് എന്നീ പേരുകളും ഉണ്ട്. 'സ്വസ്തിശ്രീ' പോലുള്ള മംഗളാചരണ പദങ്ങൾ ഗ്രന്ഥാക്ഷരത്തിൽ മാത്രമേ എഴുതാനാവൂ. വട്ടെഴുത്തുകൊണ്ട് അമ്മാതിരി സംസ്കൃതപദങ്ങൾ എഴുതാനാവില്ല.

സംസ്കൃതപദങ്ങൾ കുറിക്കുവാൻ ഗ്രന്ഥാക്ഷരങ്ങൾ കൂടുതലായി ഉപയോഗിച്ചു തുടങ്ങി. ആര്യ എഴുത്ത് പ്രയോഗത്തിൽ കൊണ്ടുവന്നത് എഴുത്തച്ഛനാണെന്ന പൊതു ധാരണ ശരിയല്ല. എഴുത്തച്ഛനു മുമ്പുതന്നെ ദ്രാവിഡേതര വർണങ്ങളുള്ള സംസ്കൃത തത്സമങ്ങൾ മലയാള കൃതികളിൽ (ഉദാ: കൃഷ്ണഗാഥ) ഉപയോഗിച്ചിരുന്നു. ഗ്രന്ഥലിപിയുടെ പരിഷ്ക്കരിച്ച രൂപമാണ് ആധുനിക മലയാള ലിപി.

ഉത്തരകേരളത്തിൽ പ്രചാരമുള്ള ലിപിയാണ് അറബി-മലയാളം ലിപി. മലബാറിലെ മുസ്ലീങ്ങൾ അറബി ഭാഷയും മലയാളവും കലർത്തിയ ഒരുതരം മണിപ്രവാളത്തിൽ പാട്ടുകളും ഏതാനും ഗദ്യകൃതികളും രചിച്ചിട്ടുണ്ട്. ഈ ഭാഷയെ മാപ്പിള മലയാളം എന്നു പറയുന്നു. അതിന്റെ ലിഖിത രൂപമാണ് അറബി-മലയാളം ലിപി. മലയാളത്തിലുള്ള അക്ഷരങ്ങൾക്കു പുറമേ പതിമൂന്ന് അക്ഷരങ്ങൾകൂടി ചേർത്താണ് അറബി-മലയാളം ലിപി രൂപപ്പെടുത്തിയിട്ടുള്ളത്.

അച്ചടിയുടെ ആവിർഭാവത്തോടെ ലിപിവ്യവസ്ഥയിൽ മാനകീകരണം വരുത്തിയിട്ടുണ്ട്. അച്ചടിലിപികളിലും പലപ്പോഴായി രൂപഭേദങ്ങൾ വന്നിട്ടുണ്ട്.

## മലയാള ലിപിയിലെ വൈഷമ്യങ്ങൾ

- മലയാള ലിപിയുടെ വക്രത കുട്ടികൾക്ക് എഴുതാൻ ബുദ്ധിമുട്ടുണ്ടാക്കും. ഞ
- മലയാള അക്ഷരമാലയിലെ 53 അക്ഷരങ്ങളെയും എഴുതാനുള്ള ലിപി മലയാളത്തിന് ഇല്ല. ഇംഗ്ലീഷിലെ 'ta' യുടെ ധ്വനിയുള്ള വർണ്ണത്തിനും ' ' എന്ന അനുനാസികത്തിനും ഇവയുടെ ദ്വിത്വങ്ങൾക്കും ലിപിയില്ല.
- ഭാഷയിലെ കേവലസ്വരങ്ങളുടെയെല്ലാം ദീർഘത്തെക്കാണിക്കുവാൻ ഇപ്പോൾ പല മാതിരിയിൽ എഴുതുന്നതിനാൽ അസൗകര്യങ്ങളുണ്ട്. അവയ്ക്ക് ഒരു ഏകീകൃതസ്വഭാവമില്ല.
- വ്യഞ്ജനങ്ങളോടു ചേർന്നുവരുന്ന സ്വരങ്ങളുടെ ചിഹ്നത്തിന്റെ സ്ഥാനം ഇപ്പോൾ പല രീതിയിലാണ് കാണിക്കുന്നത്.
- ദീർഘസ്വരങ്ങൾക്ക് പല ചിഹ്നങ്ങളാണുള്ളത്.
- സംവൃതോകാരത്തെ വ്യഞ്ജനങ്ങളുടെ അന്ത്യത്തിൽ നിലനിറുത്തിയും അല്ലാതെയും ഇന്ന് എഴുതുന്നു.
- മലയാളത്തിലെ വ്യഞ്ജനങ്ങളുടെ ഇരട്ടിച്ച രൂപങ്ങൾക്ക് ഇപ്പോൾ ഐകരൂപ്യം ഇല്ല.
- മലയാളത്തിലെ ചില്ലക്ഷരങ്ങൾ പ്രായോഗികമായി ബുദ്ധിമുട്ടുളവാക്കുന്നു.

- സംയുക്തവ്യഞ്ജനം എഴുതുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നു.

# സ്വനിമവിജ്ഞാനം

അർത്ഥവ്യത്യാസത്തിന് കാരണമാകുന്ന സ്വരത്തെ സ്വനിമം എന്നു പറയുന്നു. A phoneme is a minimal distinctive unit in the sound system of a language. പറ, പട, പന, പത എന്നീ പദങ്ങളിൽ ഒരൊറ്റ സ്വനത്തിന്റെ വ്യത്യാസമാണ് അർത്ഥവ്യത്യാസം ജനിപ്പിക്കുന്നത്. ഒരു സ്വനത്തിനു പകരമുള്ള മറ്റൊരു സ്വനത്തിന്റെ ആഗമനം അർത്ഥവ്യത്യാസത്തിന് കാരണമാകുന്നു. അതിനാൽ റ്, ട്, ന്, ത് എന്നിവയ്ക്ക് വ്യക്തമായ സ്വനിമത്വം ഉണ്ടെന്ന് പറയാം.

## നിർവ്വചനങ്ങൾ

1. താൻ ഉച്ചരിക്കുന്നതും കേൾക്കുന്നതും ആയ ശബ്ദഖണ്ഡങ്ങൾ ഇന്നതാണെന്ന് ഭാഷകന് ധാരണയുണ്ടായിരിക്കും. ആ ധാരണയ്ക്ക് അടിസ്ഥാനമായ ഭാഷണശബ്ദമാണ് സ്വനിമം

(എഡ്വേർഡ് സപീർ)

2. ഒരേ സ്വനിക സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും ശ്രവണം, ഉച്ചാരണം എന്നിവയിൽ സമാനസ്വഭാവമുള്ളതുമായ ഭാഷണശബ്ദങ്ങളുടെ സമൂഹം

(ഡാനിയൽ ജോൺസ്)

3. വേർതിരിച്ച കാണിക്കാൻ കഴിയുന്ന ഭാഷണശബ്ദാഭിലക്ഷണങ്ങളിലെ ഏറ്റവും ചെറിയ മാത്ര

(ലിയനാർഡ് ബ്ലൂം ഫീൽഡ്)

4. ഒരു ഭാഷയുടെ സ്വനവ്യവസ്ഥയിലെ പരസ്പരവൈരുധ്യത്തോടുകൂടി വർത്തിക്കുന്ന മൂലകം

(സി. എഫ്. ഹോക്കറ്റ്)

5. പരസ്പരവൈരുധ്യമില്ലാത്തതും സ്വാഭാവസദൃശ്യമുള്ളതുമായ സ്വനങ്ങളുടെ വർഗം

(ബി. ബ്ലോക്)

6. ഒരു പ്രത്യേക ഭാഷയുടെ അപഗ്രഥനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന ആ ഭാഷയിലെ അടിസ്ഥാന ശാബ്ദിക മാത്രയാണ് സ്വനിമം

(കെ. എൽ. പൈക്)

മേൽകൊടുത്ത നിർവ്വചനങ്ങളെല്ലാം ഓരോ തരത്തിലുള്ള സ്വനിമത്തിന്റെ പ്രത്യേകതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

1. ഒരു ഭാഷ സംസാരിക്കുമ്പോൾ ഉച്ചരിക്കുന്ന സ്വനങ്ങളിലെ എല്ലാ ശാബ്ദിക സ്വഭാവങ്ങളും അർത്ഥബോധത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ളതല്ല. അർത്ഥഗ്രഹണത്തിന് ആവശ്യമായ ശാബ്ദികഘടകങ്ങളെയാണ് സ്വനിമങ്ങൾ എന്നു പറയുന്നത്.

2. ഒരു സാധാരണ ഭാഷകന് താൻ സംസാരിക്കുന്ന ഭാഷയിലെ സ്വനിമങ്ങളെക്കുറിച്ചേ ധാരണയുള്ളൂ. ഏതെല്ലാം സ്വനങ്ങളാണ് ഉച്ചരിക്കുന്നത് എന്ന് തിരിച്ചറിയാൻ കഴിയില്ല.

3. എല്ലാ ഭാഷകൾക്കും പൊതുവായ ശാബ്ദിക ഘടകമാണ് സ്വനം. സ്വനിമം പ്രത്യേക ഭാഷകളിലെ ശാബ്ദിക മാത്രയും.

4. ഒന്നിലധികം ഭാഷകൾക്ക് പൊതുവായ സ്വനിമങ്ങൾ ഇല്ല.

5. ഒരു സ്വനിമത്തിന് എല്ലാ സാഹചര്യങ്ങളിലും ഒരേ മാതിരിയുള്ള ഉച്ചാരണമാണ് ഉള്ളതെങ്കിൽ അതിനെ ലളിതസ്വനിമം എന്ന് പറയാം. മലയാളത്തിൽ ഞ, ന, ല, ള, ര, റ, സ, ഷ, ശ, ഴ, യ എന്നിവ ലളിത സ്വനിമങ്ങളാണ്. വ്യത്യസ്ത സാഹചര്യങ്ങളിൽ ഭിന്നോച്ചാരണങ്ങൾ ഉള്ളവയെ സങ്കീർണസ്വനിമം എന്ന് പറയാം.

## സ്വനിമനിർണ്ണയം (പൂർവ്വകല്പനകൾ)

1954-ൽ കെ. എൽ. പൈക് രചിച്ച 'ഫൊണിമിക്സ് : എ ടെക്നിക് ഫോർ റഡ്യൂസിംഗ് ലാംഗ്വേജസ് റ്റു റൈറ്റിംഗ്' എന്ന ഗ്രന്ഥത്തിൽ സ്വനിമനിർണയത്തിൽ ഓർത്തിരിക്കേണ്ട അടിസ്ഥാന തത്ത്വങ്ങൾ വിശദീകരിക്കുന്നു. ഇവയെ പൈക്കിന്റെ പൂർവ്വകല്പനകൾ എന്നു പറഞ്ഞുവരുന്നു. പൈക് ചൂണ്ടിക്കാട്ടുന്ന മുഖ്യമായ പൂർവ്വ കല്പനകൾ ചുവടെ ചേർക്കുന്നു.

1. സ്വനിമങ്ങൾ പ്രത്യക്ഷപ്പെടുന്ന സാഹചര്യങ്ങളുടെ വ്യത്യാസം അനുസരിച്ച് അതിന്റെ സ്വഭാവങ്ങളിലും വ്യത്യാസം വരുന്നു.

   എല്ലാ സ്വനങ്ങൾക്കും എല്ലാ സാഹചര്യങ്ങളിലും ഒരേ മാതിരിയുള്ള ഉച്ചാരണമല്ല ഉള്ളത്. സാഹചര്യം മാറുന്നതനുസരിച്ച് സ്വനങ്ങളുടെ സ്വഭാവത്തിൽ വ്യത്യാസം വരാം.

   ഉദാ : കടൽ

   ചുരിക

   ഇതിൽ ആദ്യത്തെ പദത്തിൽ 'ക'കാരം പദാദിയിലാണ്. അതുകൊണ്ട് കണ്ഠ്യോച്ചാരണമാകുന്നു. രണ്ടാമത്തെ പദത്തിൽ 'ക'കാര ഉച്ചാരണത്തിൽ താലവ്യത്വം കലരുന്നു. കാരണം മുൻ സ്വരമായ 'ഇ'കാരത്തിനു ശേഷമാണ് 'ക'കാരം വരുന്നത്.

2. സ്വനവ്യവസ്ഥ ഐകരൂപ്യത്തിൽ എത്തിച്ചേരാനുള്ള പ്രവണത പ്രദർശിപ്പിക്കും.

   സമാന്യാവസ്ഥയിൽ നിന്ന് മാറി നിൽക്കുന്ന സ്വഭാവങ്ങളും ഭാഷയിലുണ്ടാകും. അങ്ങനെയുള്ള വ്യതിയാനങ്ങൾ സാമാന്യവ്യവസ്ഥയുമായി

പൊരുത്തപ്പെടാനുള്ള നീക്കങ്ങൾ ഭാഷാപ്രയോഗത്തിൽ ഉണ്ടാവാൻ സാധ്യത ഉണ്ട്.

ഉദാ : മലയാളത്തിലെ അനുനാസികം ഒഴിച്ചുള്ള 'ച'വർഗ്ഗ സ്വരങ്ങൾ സ്വനപരമായി വിരാമ ഘർഷമാണ്. മറ്റു വർഗ്ഗാക്ഷരങ്ങളിൽ നിന്നുള്ള വ്യതിയാനമാണിത്. എന്നാൽ സ്വനിമതലത്തിൽ അവ വിരാമങ്ങളെപ്പോലെ പെരുമാറുന്നു.

3. അർത്ഥഭേദത്തിന് കാരണമാവാത്ത ഉച്ചാരണങ്ങൾക്ക് സ്വനിമപദവി നല്കേണ്ടതില്ല. അവയ്ക്ക് വ്യതിരിക്ത ലിപികൾ ആവശ്യമില്ല.

അർത്ഥം വ്യാവർത്തിപ്പിക്കുക എന്നത് സ്വനിമത്തിന്റെ സ്വഭാവമാണ്. അതിന് ഉതകുന്ന ശബ്ദഖണ്ഡങ്ങളെ മാത്രമേ സ്വനിമങ്ങളായി പരിഗണിക്കേണ്ടതുള്ളൂ.

4. വ്യത്യസ്ത ഭാഷകളിലെ സ്വനിമങ്ങൾ നിർണയിക്കുമ്പോൾ അതാത് ഭാഷകളുടെ സ്വനഘടനാസ്വഭാവങ്ങൾ പരിഗണിച്ച് ആവശ്യമായ പുതിയ വ്യവസ്ഥീകരണങ്ങൾ നടത്തേണ്ടിവരും.

## സ്വനിമാപഗ്രഥനം (Phonemic Inventory)

 ഒരു ഭാഷയിലെ സ്വനങ്ങളെ തരം തിരിച്ച് സ്വനങ്ങളും ഉപസ്വനങ്ങളും നിർണ്ണയിക്കുന്നതിനുള്ള ഉപാധിയാണ് സ്വനിമനിർണ്ണയനോപാധി. സ്വനിമ അപഗ്രഥനത്തിന്റെ നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു.

1. ദത്ത സംഭരണം
2. സ്വനപ്പട്ടിക തയ്യാറാക്കൽ
3. വ്യത്യയം
4. പൂരകബന്ധം
5. സ്വതന്ത്ര പരിവർത്തനം

## 1. ദത്തസംഭരണം / ആകരശേഖരണം (Data collection)

സ്വനിമാപഗ്രഥനത്തിന് ആദ്യം ചെയ്യേണ്ടത് വിശകലനത്തിന് ആവശ്യമായ വസ്തുതകൾ ശേഖരിക്കുകയാണ്. അതിനു മുമ്പ് ആ ഭാഷയിലെ സ്വനങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കണം. അതിനുവേണ്ടി ആ ഭാഷയിലെ ആവേദകരുടെ സഹായത്തോടെ കുറെ പദങ്ങൾ ശേഖരിക്കണം. ഏതാണ്ട് 5000 പദങ്ങൾ ശേഖരിച്ചാൽ എല്ലാ സ്വനങ്ങളെക്കുറിച്ചും അറിയാൻ കഴിയും. ആ ഭാഷ നന്നായി സംസാരിക്കുന്നവരിൽ നിന്ന് നേരിട്ടാണ് ശബ്ദങ്ങൾ ശേഖരിക്കേണ്ടത്. ആരിൽ നിന്നാണോ പദങ്ങൾ ശേഖരിക്കുന്നത് അവരെ ആവേദകർ എന്നു പറയുന്നു. ഉച്ചാരണത്തിൽ ആ ഭാഷയുടെ തനിമ പൂർണ്ണമായും സംരക്ഷിക്കുന്നവരായിരിക്കണം അവർ. അങ്ങനെയുള്ളവർ അധികം വിദ്യാഭ്യാസം ഇല്ലാത്തവർ, പ്രായക്കൂടുതൽ ഉള്ളവർ, ഇതര ഭാഷാ സമ്പർക്കം ഇല്ലാത്തവർ തുടങ്ങിയവരായിരിക്കും. ഇവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിന് മുൻകൂട്ടി ഒരു ചോദ്യാവലി തയ്യാറാക്കണം. ഇങ്ങനെ ശേഖരിച്ച പദങ്ങളാണ് പ്രാഥമിക

ദത്തം. ഇവയെ പകർത്തിയെടുക്കേണ്ടത് സ്വനലിപിയിലാണ്.

## 2. സ്വനപ്പട്ടിക തയ്യാറാക്കൽ (Phonetic Chart)

ശേഖരിച്ച ദത്തത്തിൽ ഉൾപ്പെടുന്ന എല്ലാ സ്വനങ്ങളെയും അവയുടെ ഉച്ചാരണസ്വഭാവം അനുസരിച്ച് ക്രമീകരിച്ച് പട്ടിക തയ്യാറാക്കുകയാണ് അടുത്ത ഘട്ടം. സാദൃശ്യോച്ചാരണ സ്വഭാവം ഉള്ളവയെ വേർതിരിച്ചു കാണിച്ചുകൊണ്ടാവണം പട്ടിക ക്രമീകരിക്കേണ്ടത്. സ്വനികമായി സാദൃശ്യം ഉള്ളവയെ വേർതിരിക്കുക. ഇങ്ങനെ വ്യഞ്ജനങ്ങളെ വേർതിരിക്കുമ്പോൾ തന്നെ ആ ഭാഷയെക്കുറിച്ച് സാമാന്യമായി അറിയാൻ കഴിയും. ഈ സ്വനവ്യവസ്ഥ നിർണ്ണയിച്ചാണ് സ്വനിമവ്യവസ്ഥ നിർണ്ണയിക്കുന്നത്.

## 3. വ്യത്യയം (Contrast)

സ്വനപ്പട്ടികയിലെ സ്വഭാവ സാദൃശ്യം ഉള്ള സ്വനങ്ങൾ അർത്ഥവ്യാവർത്തനത്തിന് കാരണമാകുന്നുണ്ടോ എന്നാണ് ഇവിടെ പരിശോധിക്കുന്നത്. ഒരേ ശാബ്ദിക പരിസരത്തിൽ പ്രത്യക്ഷപ്പെട്ടു അർത്ഥവ്യത്യാസം ജനിപ്പിക്കുന്ന സ്വനയുഗ്മങ്ങളെ വ്യത്യയമുള്ള ജോഡികൾ എന്നു പറയാം. വ്യത്യയമുള്ള ജോഡികളിലുൾപ്പെടുന്ന സ്വനങ്ങൾ വ്യത്യസ്ത സ്വനിമങ്ങളായിരിക്കും. സ്വനിമയ നിർണ്ണയം നടത്തുന്നതിന്റെ ഉപാധിയാണ് വ്യത്യയസ്ഥാപനം. A change in one sound produces a change in meaning. ഒരൊറ്റ ശബ്ദത്തിന്റെ സ്വനത്തിന്റെ വ്യത്യാസം കൊണ്ടായിരിക്കണം വ്യത്യയം സ്ഥാപിക്കപ്പെടേണ്ടത്. വ്യത്യയം രണ്ടു തരം.

i) അല്പവ്യത്യയ ജോഡികൾ (അല്പതമ സാദൃശ്യ ജോഡികൾ) (Minimal Pairs)

ii) അല്പേതര വ്യത്യയ ജോഡികൾ (ഉപാല്പതമം / ന്യൂനകല്പതമം) (Sub Minimal Pairs)

## i) അല്പവ്യത്യയ ജോഡികൾ

രണ്ട് പദങ്ങളിൽ സമാന സ്ഥാനത്ത് പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളുടെ വ്യത്യാസം അർത്ഥവ്യത്യാസം സൃഷ്ടിക്കുന്നുവെങ്കിൽ ആ പദജോഡിയെ അല്പവ്യത്യയജോഡി എന്ന് പറയും. ഒരേ സ്ഥാനത്തുള്ള ഒരു വർണ്ണത്തിന്റെ ഭേദം മൂലം അർത്ഥവ്യതിയാനം സംഭവിക്കുകയാണിവിടെ.

**ചില അല്പവ്യത്യയ ജോഡികൾ**

| | | | | |
|---|---|---|---|---|
| (ഇ - എ) | - | ഇത്ര | : | എത്ര |
| (ഇ - അ) | - | ഇല | : | അല |
| (അ - ഉ) | - | കര | : | കുര |
| (ല - ള) | - | പുലി | : | പുളി |
| (ര - റ) | - | കരി | : | കറി |
| (ള - ഴ) | - | കുളി | : | കുഴി |

(ണ - മ) - നാണം : നാമം

### ii) അല്പേതര വ്യത്യയ ജോഡി

പദാദിയിലോ പദമധ്യത്തിലോ പദാന്ത്യത്തിലോ ഏതെങ്കിലും നിശ്ചിത സ്ഥാനത്ത് ഉച്ചാരണത്തിൽ വ്യത്യാസത്തിന് കാരണമാകുന്നത് അല്പേതര വ്യത്യയ ജോഡികൾ എന്ന് പറയപ്പെടുന്നു.

ഉദാ : പലം - ബലം. യഥാർത്ഥത്തിലുള്ള ഇവയുടെ ഉച്ചാരണം പലം - ബെലം എന്നാണ്.

പലം = പ് + അ + ല് + അം

ബെലം = ബ് + എ + ല് + അം

ബലം എന്നതിന്റെ ഉച്ചാരണം മാത്രമാണ് ബെലം.

തളം - ദളം എന്നത് മറ്റൊരു ഉദാഹരണമാണ്.

### 4. പൂരകബന്ധം (Complimentation)

പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾക്ക് തമ്മിലൂള്ള ബന്ധത്തെയാണ് പൂരകബന്ധം എന്നു പറയുന്നത്. ഒരേ സ്വനിമത്തിന്റെ ഉപസ്വനങ്ങളാണ് ഇങ്ങനെ പൂരകവിതരണത്തിൽ ഏർപ്പെടുന്നത്. ചില സ്വനങ്ങൾ പദത്തിന്റെ ചില പ്രത്യേക സ്ഥാനങ്ങളിൽ മാത്രമേ ഉപയോഗിക്കാറുള്ളൂ.

ഉദാ : മലയാളത്തിലെ 'ട' കാരം താഴെ കാണുന്ന സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നു.

1. പദാദിയിൽ - ടിപ്പണി, ടവ്വൽ, ടാപ്പ്, ടിക്കറ്റ്, ടെലിഗ്രാം, ടെലിഫോൺ, ടൗൺ
2. പദമധ്യത്തിൽ - കുടം, തടാകം, പീടിക, മടിയിൽ
3. പദമധ്യത്തിൽ ഇരട്ടിച്ചു വരുന്നത് - പട്ടിക, ചട്ടുകം, കാട്ടാന
4. സവർണ്ണ അനുനാസികത്തിന് ശേഷം വരുന്നത് - മണ്ടൻ, ഉണ്ട്, കൊണ്ടാടുക
5. മറ്റു വ്യഞ്ജനങ്ങളോട് ചേർന്ന് - നഷ്ടം, നാട്യം, ട്രെയിൻ

അഞ്ചു വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും മൂന്നു ഉച്ചാരണങ്ങളാണ് 'ട' കാരത്തിനുള്ളത് പദാദിയിലും ഇരട്ടിപ്പിലും ഇതര വ്യഞ്ജനങ്ങളോട് ചേരുമ്പോഴും ശ്വാസിയായ മൂർധന്യ (പ്രതിവേഷ്ടിത) വിരാമം (S1), പദമധ്യത്തിൽ സ്വരങ്ങൾക്കിടയിൽ വരുമ്പോൾ നാദിയായ മൂർധന്യ (പ്രതിവേഷ്ടിത) ഉൽക്ഷിപ്തം (S2), സവർണാനുനാസികത്തിന് ശേഷം അല്പനാദത്വം കലർന്ന മൂർധന്യ (പ്രതിവേഷ്ടിത) വിരാമം (S3). ഈ മൂന്ന് സ്വനങ്ങളുടെയും (S1), (S2), (S3) പ്രത്യക്ഷവത്ക്കരണം സാഹചര്യബദ്ധമാണ്. അവ എവിടെയായാലും പ്രത്യക്ഷപ്പെടുന്നുവെന്ന് പ്രവചിക്കാനാകും. ഇങ്ങനെ പ്രവചനീയ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളെയാണ് ഉപസ്വനങ്ങൾ എന്നു

പറയുന്നത്. ഉപസ്വനങ്ങൾക്കു തമ്മിലുള്ള ബന്ധമാണ് പൂരകബന്ധം. സ്വനസാദൃശ്യം ഉള്ളവയും പൂരകബന്ധത്തോട് ചേർന്നവയുമായ ഉപസ്വനങ്ങളെ ചേർത്ത് ഒരു സ്വനിമമായി പരിഗണിക്കുന്നു. അങ്ങനെ മലയാളത്തിലെ ട കാരം എന്ന സ്വനിമത്തിന് മൂന്ന് ഉപസ്വനങ്ങൾ ഉണ്ട്. അവയുടെ വിതരണം

| | | |
|---|---|---|
| | [S1] | പദാദിയിലും ഇരട്ടിപ്പിലും വ്യഞ്ജനസംയുക്തങ്ങളിലും |
| /S/ = | [S2] | സ്വരങ്ങൾക്കിടയിൽ |
| | [S3] | സവർണാനുനാസികത്തിന് ശേഷം |

## ഭാഗിക പൂരകബന്ധം / ഭാഗിക പൂരക വിതരണം / ആംശിക പൂരണം (Partial Complimenatation)

സ്വനസാദൃശ്യമുള്ള രണ്ടു സ്വനങ്ങൾ ഒരു സാഹചര്യത്തിൽ വ്യത്യയത്തോടെയും മറ്റു സാഹചര്യത്തിൽ പൂരക വിതരണത്തോടെയും ഇരിക്കാം. പരിസരഭേദമനുസരിച്ച് വ്യത്യയവും പൂരകവിതരണവും പ്രദർശിപ്പിക്കുന്ന സ്വനിമങ്ങൾക്ക് ഭാഗികപൂരകബന്ധം എന്നു പറയാം. രണ്ടു സ്വനങ്ങൾ ചില സാഹചര്യത്തിൽ വ്യത്യയത്തോടെയും മറ്റു ചിലയിടങ്ങളിൽ പൂരകബന്ധത്തോടെയും പ്രത്യക്ഷപ്പെടുന്നു. എങ്കിൽ ആ സ്ഥിതിയെ ഭാഗിക പൂരകബന്ധം ഉള്ളവയെന്നു പറയാം.

ഉദാ : എന്നാൽ (വർത്സ്യം) ഞാൻ മൂലം

എന്നാൽ (ദന്ത്യം) അങ്ങനെയെങ്കിൽ

അന്നമ്മ (പേര്)

അന്നമ്മ = അന്ന് + അമ്മ

മലയാളത്തിലെ ദന്ത്യ വത്സ്യ അനുനാസികങ്ങൾക്ക് പദമധ്യത്തിൽ ഇരട്ടിച്ച് പ്രത്യക്ഷപ്പെടുമ്പോഴേ വ്യത്യയം ഉള്ളൂ. ഇരട്ടിപ്പില്ലാതെ മറ്റിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഈ അനുനാസികങ്ങൾ പൂരകബന്ധം പ്രദർശിപ്പിക്കുന്നു. അതനുസരിച്ച് പദാദിയിൽ 'യ' കാരം തുടർന്നു വരാത്തപ്പോഴും (ഉദാ : നല്ല, നെഞ്ച്, നുണ) പദമധ്യത്തിൽ സമസ്താനീയ സ്പർശത്തിനു മുമ്പും (ഉദാ : പന്തം, സിന്ദൂരം) ത്, ഗ്, സ് എന്നിവയ്ക്കു ശേഷവും (ഉദാ : രത്നം, അഗ്നി, സ്നേഹം) ദന്ത്യ അനുനാസികമാണ് ഉച്ചരിക്കപ്പെടുന്നത്. മറ്റിടങ്ങളിൽ വർത്സ്യ അനുനാസികവും. ഇരട്ടിപ്പിൽ അർത്ഥ വ്യാവർത്തനശേഷി ഉള്ളതിനാൽ ഇവയെ വ്യത്യസ്ത സ്വനിമങ്ങളായി തന്നെ പരിഗണിക്കാം.

## ബഹുവിധപൂരണം (Multiple Complementation)

ഒരേ സ്വനസാദൃശ്യമുള്ളതും വ്യത്യസ്ത സ്വനിമങ്ങൾ ചേരുന്നതുമായ രണ്ടു സ്വനങ്ങളോട് പൂരകവിതരണത്തിൽ വർത്തിക്കുന്നതാണ് ബഹുവിധപൂരണം/ ബഹുവിധ പൂരകവിതരണം. ഒരു സ്വനം മറ്റു രണ്ട് സ്വനങ്ങളുമായി പൂരക വിതരണം നടത്തുന്നതാണ് ബഹുവിധ പൂരകവികരണം.

ഉദാ : ഉണ്ടു (വിവൃതം) – ഉണ്ട് (സംവൃതം)

ഇവിടെ അർത്ഥ വ്യത്യാസം ഉണ്ടാകുന്നതിനാൽ ഉണ്ടു, ഉണ്ട് എന്നിവയിലെ ഉ കാരങ്ങൾ വ്യത്യസ്ത സ്വനിമങ്ങളാണ്.

ഉദാ : തണുപ്പ് - ത് + അ + ണ് + ഉ + പ് + പ്

ഈ പദത്തിലെ 'ഉ'കാര ഉച്ചാരണം വേറെ രീതിയിലാണ്. എഴുതി കാണിച്ചതുപോലെ വിവൃത 'ഉ'കാരമല്ല. അതായത് തണുപ്പ് എന്നതിലെ 'ഉ' കാരം 'ഉണ്ടു' എന്നതിലെ 'ഉ' കാരത്തിനോടും 'ഉണ്ട്' എന്നതിലെ ഉകാരത്തിനോടും പൂരക വിതരണത്തിലാണെന്നു കാണാം. പദമധ്യത്തിലുള്ള 'ഉ' കാരം പദാന്ത്യത്തിൽ വർണ 'ഉ' കാരത്തോടും 'ഉണ്ട്' എന്നതിലെ സംവൃത ഉകാരത്തോടും ചേർക്കുമ്പോൾ ആ രണ്ട് ജോഡികളും കേന്ദ്ര സ്വനിമത്തിന്റെ ഉപസ്വന ജോഡികളാണെന്നു സാരം.

## സ്വനിമിക ലയനം (Phonemic Overlapping)

പദമധ്യത്തിലും പദാദിയിലും ര, റ എന്നിവയ്ക്ക് സ്വത്വമുണ്ടെങ്കിലും പദാന്തത്തിൽ അവ തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ ഒന്നായിപ്പോകുന്നു. (ർ) ഇത്തരത്തിലുള്ള അലിഞ്ഞു ചേരലിനെയാണ് സ്വനിമിക ലയനം എന്നു വിളിക്കുന്നത്. പദമധ്യത്തിലും പദാദിയിലും കാണുന്ന വ്യത്യയം പദാന്തത്തിൽ അപ്രസക്തമാകുന്നു.

പദാദി = രവം - റവ

പദമധ്യം = പാര - പാറ

പദാന്തം = നീര് - നീറ് - നീർ

പദാദിമധ്യങ്ങളിൽ കാണുന്ന വ്യത്യയം പദാന്തത്തിൽ നിർവീര്യമായിപ്പോകുന്ന ഇത്തരം സന്ദർഭങ്ങളെയാണ് പ്രാക് ഭാഷാശാസ്ത്രജ്ഞർ പ്രതിയോഗ നിർവിഷമീകരണം (Nutralization of opposition) എന്നു വിവക്ഷിക്കുന്നത്.

## 5. സ്വതന്ത്ര പരിവർത്തനം (Free Variation)

ചിലപ്പോൾ ഒരു പദത്തിന് പരക്കെ അംഗീകരിക്കപ്പെട്ട രണ്ട് ഉച്ചാരണങ്ങൾ ഉണ്ടായേക്കാം. അത്തരം ഉച്ചാരണഭേദങ്ങളെയാണ് സ്വതന്ത്ര പരിവർത്തനം എന്നു വിവക്ഷിക്കുന്നത്. അർത്ഥഭേദം വരുത്താതെ ഒരേ പദത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്ത് രണ്ട് സ്വനിമങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ആ സ്വനിമങ്ങൾക്ക് സ്വതന്ത്ര പരിവർത്തനം സംഭവിക്കുന്നു എന്ന് പറയാം.

സ്വതന്ത്രപരിവർത്തനം രണ്ടു രീതിയിലുണ്ട്. സ്വതന്ത്രപരിവർത്തനം പ്രവചനീയ സാഹചര്യത്തിലാണെങ്കിൽ അതിനെ സോപാധിക സ്വതന്ത്രപരിവർത്തനം എന്ന് പറയും. വ്യവസ്ഥാപൂർവ്വ സ്വതന്ത്രപരിവർത്തനം എന്നും ഇതറിയപ്പെടുന്നു.

ഒരു സ്വനം ഏതൊരു സ്ഥാനത്തു പ്രത്യക്ഷപ്പെട്ടാലും അതിന് ഒരു ഉച്ചാരണഭേദംകൂടി ഉണ്ടെങ്കിൽ അത് വ്യവസ്ഥേതര സ്വതന്ത്രപരിവർത്തനമാണ്. പരിവർത്തനങ്ങൾ ഏതു സാഹചര്യത്തിൽ സംഭവിക്കുന്നുവെന്ന് വ്യക്തമല്ലാത്ത ഇവയെ നിരുപാധിക സ്വതന്ത്രപരിവർത്തനങ്ങൾ എന്നും പറയും.

**ഉദാഹരണങ്ങൾ**

1. ക - വ - ആകുക - ആവുക

പോകുക - പോവുക

ചാകുക - ചാവുക

കൂകുക - കൂവുക

(സോപാധിക സ്വതന്ത്രപരിവർത്തനം)

2. ഉ - ഇ - വരുക - വരിക

തരുക - തരിക

പോരുക - പോരിക

ചെരുപ്പ് - ചെരിപ്പ്

എരുവ് - എരിവ്

ഇരുമ്പ് - ഇരിമ്പ്

3. മ - വ - അമ്മാമൻ - അമ്മാവൻ

ചുമപ്പ് - ചുവപ്പ്

ചുമര് - ചുവര്

മസൂരി - വസൂരി

മിഴുങ്ങി - വിഴുങ്ങി

മണ്ണൻ - വണ്ണൻ

(ഉ - ഇ, മ - വ പരിവർത്തനങ്ങൾ ഏതു സാഹചര്യത്തിൽ സംഭവിക്കുന്നുവെന്ന് വ്യക്തമല്ലായ്കയാൽ അവ നിരുപാധിക സ്വതന്ത്രപരിവർത്തനങ്ങളാണ്.)

എന്നാൽ

കുളം - കൊളം

മകൻ - മഹൻ

നമ്മൾ - നോം/ഞമ്മൾ

വഴി - വയി

ഈ ഉദാഹരണങ്ങളിലെ സ്വനിമമാറ്റങ്ങൾ (ഭാഷാഭേദവ്യത്യാസം) സ്വതന്ത്രപരിവർത്തനങ്ങൾ അല്ല. ഭാഷാസമൂഹത്തിൽ രണ്ടും പ്രത്യക്ഷപ്പെടുകയും അവ രണ്ടും അംഗീകൃത വ്യവസ്ഥയായി പരിഗണിക്കപ്പെടുകയും ചെയ്താലേ സ്വതന്ത്രപരിവർത്തനങ്ങളാകൂ.

## വർണ്ണസംയുക്തങ്ങൾ (Diphthongs)

ഒരു സ്വരവും അഗണ്യമായ ഒരു സ്വരസാന്നിധ്യവും ചേർന്നാൽ സ്വരസംയുക്തം ആകും. സ്വരസാന്നിധ്യം വ്യക്തമായി തിരിച്ചറിയാമെങ്കിൽ അതിനെ രണ്ടു സ്വരങ്ങളായി കരുതാം. സ്വരസാന്നിധ്യം അവ്യക്തമാണെങ്കിൽ അതിനെ സ്വരസംയുക്തം എന്നു പറയുന്നു.

ഉദാ : ഐ, ഔ

എ + ഇ = എയ് - ഐ ഉദാ : ദൈവം, ജൈവം

അ + ഇ = അയ് - ഐ ഉദാ : ഐശ്വര്യം, കൈത്തലം

അ + ഉ = അവ് - ഔ ഉദാ : ഔഷധം

എ + ഉ = എവ് - ഔ ഉദാ : യൗവ്വനം, ഗൗരവം

രണ്ടു സ്വരങ്ങൾ ചേരുമ്പോൾ രണ്ടാമത്തെ സ്വരം അർദ്ധസ്വരം ആകും. അതിനെ സന്തായകം (glide) എന്നു പറയുന്നു. വ്യഞ്ജനങ്ങളുടെ ചങ്ങലകൾ ഒരുമിച്ച് ചേർന്ന് വ്യഞ്ജന സംയുക്തങ്ങൾ ഉണ്ടാകും.

## രൂപിമവിജ്ഞാനം

അർത്ഥവിനിമയം സാധ്യമാക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ഏകകമാണ് രൂപിമം. അർത്ഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകമാണ് രൂപിമം. "A morpheme is a meningful unit in the gramatical system of a language''. Morphemes are the smallest individually meaningful elements in the utterances of a language. A morpheme is the smallest unit of form that has meaning in a given language.

വ്യതിരിക്താർത്ഥവും വ്യതിരിക്ത രൂപവുമുള്ള ഭാഷയിലെ ഏറ്റവും ചെറിയ ഘടകമാണ് രൂപിമം. രൂപിമത്തെത്തന്നെയാണ് കേരളപാണിനി 'ശബ്ദം' എന്നു പറഞ്ഞത്. വർണ്ണങ്ങൾ കൂട്ടിച്ചേർത്തുച്ചരിക്കുന്ന അക്ഷരക്കൂട്ടമാണ് ശബ്ദം.

രൂപിമങ്ങൾ സ്വനിമങ്ങളെ പോലെ തന്നെ അടിസ്ഥാനപരമായ ഏകകങ്ങളാണ്. രൂപിമം വ്യാകരണതലത്തിലെ ഏകകമാണെങ്കിൽ സ്വനിമം ശാബ്ദിക തലത്തിലെ ഏകകമാണ്. രൂപിമം അർത്ഥപ്രദാനശേഷി ഉള്ളതാണെങ്കിൽ സ്വനിമം അർത്ഥവ്യതിയാനത്തിന് കാരണമാകുന്നു. ഒരേ അർത്ഥമുള്ള ഒന്നിലധികം രൂപങ്ങളുണ്ടെങ്കിൽ അവയെ ഒരു രൂപിമമായി കരുതാം. സമാനാർത്ഥ രൂപങ്ങളെ ഉപരൂപങ്ങൾ എന്ന് വിളിക്കാം. മലയാളത്തിലെ ഭൂതകാലപ്രത്യയങ്ങൾ ത്, ഇ എന്നിവയാണ്. അവ ഒരു രൂപിമത്തിന്റെ ഉപരൂപങ്ങളാണ്. മറ്റൊരു രൂപത്തോട് സ്വനപരമായും അർത്ഥപരമായും സാദൃശ്യം കല്പിക്കാൻ കഴിയാത്ത ഭാഷാരൂപമാണ് രൂപിമം എന്ന് ബ്ലൂം ഫീൽഡ് രൂപിമത്തെ നിർവ്വചിക്കുന്നു.

### രൂപിമനിർണയനം

രൂപിമനിർണയനത്തിന് ആധാരമാക്കേണ്ട നാല് അടിസ്ഥാന തത്ത്വങ്ങൾ:

1. സമാനാർത്ഥവും സമാനസ്വനിമഘടനയും ഉള്ള രൂപങ്ങൾ ഒരേ രൂപിമത്തിൽ ഉൾപ്പെടുന്നു.

സ്ത്രീകൾ, കവികൾ, കുട്ടികൾ, ചെടികൾ, പുഴകൾ, കല്ലുകൾ എന്നിവയിലെല്ലാം 'കൾ' എന്ന രൂപം ആവർത്തിച്ചിരിക്കുന്നു. 'കൾ' ബഹുത്വത്തെ സൂചിപ്പിക്കുന്ന രൂപിമമാണ്.

2. ആർത്ഥിക സമാനതയുള്ള രൂപങ്ങൾക്ക് സ്വനിമസാദൃശ്യമില്ലെങ്കിലും ആ സ്വനിമ വ്യത്യാസം സമീപ സ്വനത്തിന്റെ സ്വാധീനഫലമാണെങ്കിൽ അവയെ ഒരേ രൂപിമമായി പരിഗണിക്കാം.

മരങ്ങൾ, നിങ്ങൾ, കുഞ്ഞുങ്ങൾ എന്നിവയിൽ 'കൾ' ന് പകരം 'ങ്ങൾ' എന്ന വ്യത്യസ്തരൂപം സാഹചര്യബദ്ധമാണ്. 'ക' കാരത്തിന്റെ സാന്നിധ്യം ഓഷ്ഠ്യമായ അനുനാസികത്തെ കണ്ഠ്യാനുനാസികമാക്കി മാറ്റുന്നു. സമീപസ്ഥ സ്വനങ്ങളുടെ സ്വാധീനം കൊണ്ട് സന്ധിയിൽ സ്വനങ്ങൾ സമാനസ്വഭാവമുള്ളതായി തീരുന്നതാണ് വർണ്ണ സമീകരണം അഥവാ സവർണ്ണനം. ഇത് മൂന്ന് വിധം

i) **പൂർവ്വസവർണ്ണനം** : പൂർവ്വപദത്തിന്റെ അവസാനം വരുന്ന വ്യഞ്ജനത്തിന്റെ വർഗ്ഗത്തിലേക്ക് ഉത്തരപദത്തിന്റെ ആദ്യവ്യഞ്ജനം മാറുന്നതാണ് പൂർവ്വ സവർണ്ണനം.

ഉദാ : വിൺ + തലം = വിൺ + ടലം = വിണ്ടലം

ii) **പരസവർണ്ണനം** : പൂർവ്വപദത്തിന്റെ വ്യഞ്ജനം ഉത്തരപദാദിയിലെ വ്യഞ്ജനത്തിന്റെ വർഗ്ഗത്തിലേക്ക് മാറ്റുന്നത് പരസവർണ്ണനം.

ഉദാ : താൻ + കൾ = താങ് + കൾ = താങ്കൾ

iii) **ഉഭയസവർണ്ണനം** : രണ്ടു പ്രവണതകളും (പൂർവ്വസവർണ്ണനവും പരസവർണ്ണനവും) ഒരു രൂപത്തിൽ സംഭവിക്കുന്നത്.

ഉദാ : കുളങ്ങര = കുളങ് + കര (പരസവർണ്ണനം)

കുളങ് + ങര = കുളങ്ങര (പൂർവ്വസവർണ്ണനം)

അതുകൊണ്ട് കൾ/ങ്ങൾ എന്നീ രണ്ടു രൂപങ്ങളും ഒരേ രൂപിമത്തിന്റെ പ്രത്യക്ഷവൽക്കരങ്ങളാണ്.

3. ആർത്ഥികസമാനതയുള്ള രൂപങ്ങൾക്ക് സ്വനിമസാദൃശ്യമില്ലെങ്കിലും, പൂരകബന്ധത്തോടെയാണ് പ്രത്യക്ഷപ്പെടുന്നതെങ്കിൽ അവയെ ഒരേ രൂപിമമായി പരിഗണിക്കാം.

ഉദാഹരണം മലയാളത്തിലെ ബഹുവചനപ്രത്യയങ്ങൾ 'കൾ'-ന് പുറമേ 'മാർ', 'അർ' എന്നീ രണ്ടെണ്ണം കൂടി ഉണ്ട്.

ഉദാ : കൾ – സ്ത്രീകൾ, കുട്ടികൾ, കവികൾ

അർ – മിടുക്കർ, ചിലർ

മാർ – മിടുക്കന്മാർ, അമ്മമാർ

'കൾ'-ന്റെ ഉപരൂപങ്ങളാണ് മാർ, അർ എന്നിവ.

4. സ്വനിമഘടനയിൽ വ്യത്യാസമില്ലാത്ത രൂപങ്ങൾക്ക് അർത്ഥ വ്യത്യാസമുണ്ടെങ്കിൽ അവയെ വ്യത്യസ്ത രൂപിമങ്ങളായി കരുതണം.

ഉദാ : വേല (തൊഴിൽ) - വേല (ഉത്സവം) വ്യത്യസ്ത രൂപിമങ്ങളാണ്.

## രൂപിമ വിഭാഗങ്ങൾ

### 1. സ്വതന്ത്രരൂപിമം (Free Morpheme)

സ്വയമൊരു പദമായി നിലകൊള്ളാൻ കഴിയുന്ന രൂപിമത്തെയാണ് സ്വതന്ത്രരൂപിമം എന്നു വിവക്ഷിക്കുന്നത്.

They can stand on their own as independant words.

ഉദാ : നാമം - അമ്മ, മരം, കുട്ടി, വീട്

ക്രിയ - ഓടുക, ചാടുക, പാടുക

നാമവിശേഷണം - നല്ല കുട്ടി, വലിയ മരം, കറുത്ത പശു

ക്രിയാവിശേഷണം - വേഗത്തിൽ ഓടി, ഉറക്കെ പാടി

ഘടകങ്ങൾ - എന്നാൽ, പക്ഷേ, എങ്കിൽ.

### 2. ബദ്ധരൂപിമം/ആശ്രിതരൂപിമം (Bound Morpheme)

മറ്റൊന്നിനോടു ചേരുമ്പോൾ അർത്ഥം ധ്വനിപ്പിക്കുന്ന രൂപിമം. വൃക്ഷത്തിൽ ചുറ്റിപ്പടരുന്ന വള്ളികൾ പോലെയാണ് ആശ്രിതരൂപിമങ്ങളുടെ അസ്തിത്വം. സ്വന്തമായ അർത്ഥം അവയ്ക്കുണ്ടെങ്കിലും സ്വതന്ത്രരൂപിമങ്ങളുടെ ഭാഗമല്ലാതെ അവയെ വാക്യത്തിൽ പ്രയോഗിക്കാനാവില്ല.

ഉദാ : ഉടെ, ന്റെ, കൾ, അർ

ഇവ ലിംഗ, വചന, വിഭക്തി പ്രത്യയങ്ങളോടും കാലം, പ്രകാരം, പ്രയോഗം ഇവയോടും ചേരുന്നു.

| | | |
|---|---|---|
| ഉദാ : അവൻ | അവന്റെ | അമ്മയുടെ |
| അവൾ | അവനാൽ | രാമന്റെ |
| അവർ | അവനിൽ | |

## ഉപരൂപങ്ങൾ (Allomorphs)

രൂപിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനമാണ് ഉപരൂപങ്ങൾ.

"The members or variance of a morpheme are called allomorph.

An allomorph can be defined as a varient concrete realisation of a mor-

pheme which occurs in a certain definable environment.

## തനതുരൂപിമം

ചില രൂപിമങ്ങൾക്ക് ഒരൊറ്റ ഉപരൂപം മാത്രമേ കാണൂ. അവിടെ രൂപിമവും ഉപരൂപവും ഒന്നുതന്നെയായിത്തീരുന്നു. തനതുരൂപിമം (single morpheme) എന്നിതിനെ വിവക്ഷിക്കാം. മലയാളത്തിലെ പ്രയോജികാവിഭക്തിപ്രത്യയം തനതു രൂപിമത്തിന് ഉദാഹരണമാണ്.

ഉദാ : അവൻ + ആൽ = അവനാൽ

അവൾ + ആൽ = അവളാൽ

അവർ + ആൽ = അവരാൽ

## ബഹുരൂപിമം

പരിസരഭേദമനുസരിച്ച് രൂപവ്യതിയാനം കൈക്കൊള്ളുന്ന രൂപിമങ്ങൾ ഉണ്ട്. അവയെ ബഹുരൂപിമം (plural morpheme) എന്നു പറയുന്നു. പരിസരവ്യത്യാസത്തിനനുസരിച്ച് ബഹുരൂപിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനങ്ങൾ രൂപഭേദത്തോടെ നിലകൊള്ളുന്നു. മലയാളത്തിലെ സംബന്ധികാ വിഭക്തി പ്രത്യയം ഇതിനുദാഹരണമാണ്.

## ശൂന്യരൂപിമം

ചിലയിടങ്ങളിൽ പ്രത്യേകം അർത്ഥം കുറിക്കാൻ പ്രത്യയങ്ങൾ ചേർക്കാതെയും ഇരിക്കാം. യാതൊരു പ്രത്യയങ്ങളും ചേർക്കാതെ തന്നെ പ്രത്യയം ചേർത്ത ഫലം പ്രദാനം ചെയ്യുന്ന അവസ്ഥയിലാണ് ശൂന്യരൂപം (zero morpheme) പ്രസക്തമാകുന്നത്. ഈ സാങ്കല്പികമായ ശൂന്യാവസ്ഥയെ ശൂന്യരൂപം എന്നു പറയുന്നു.

ഉദാ : നൂറു രൂപ (ഇതിൽ രൂപ എന്നത് ബഹുവചനരൂപമാണ്. പക്ഷെ ബഹുവചനപ്രത്യയം ഇല്ല)

ആശ കുട നിവർത്തി (എ എന്ന പ്രതിഗ്രാഹികവിഭക്തി ഇല്ല.)

നിർദ്ദേശികാ വിഭക്തിയെയും ശൂന്യരൂപമായി കണക്കാക്കാം.

നിർദ്ദേശികാ വിഭക്തിക്ക് പ്രത്യയമില്ലെങ്കിലും അർത്ഥവ്യത്യാസം പ്രകടമായതുകൊണ്ട് ഇതും ശൂന്യരൂപമാണ്.

## സ്വനിമാധിഷ്ഠിത ഉപരൂപങ്ങൾ

ഉപരൂപങ്ങളുടെ പ്രത്യക്ഷവത്ക്കരണം സ്വനിമ സാഹചര്യങ്ങളോട് ബന്ധപ്പെട്ടതാണെങ്കിൽ അവയെ സ്വനിമാധിഷ്ഠിത ഉപരൂപങ്ങൾ എന്നു പറയും.

ഉദാ : മലയാളത്തിലെ ഉദ്ദേശികാ വിഭക്തിയുടെ പ്രത്യയങ്ങൾ

(ക്ക്, ഉ്) (ഉ്) - കേന്ദ്രമധ്യസ്വരം

'നാ'ന്തങ്ങൾക്ക് ശേഷം 'നാ'യിൽ അവസാനിക്കുന്ന പ്രകൃതികൾക്കു ശേഷം കേന്ദ്രമധ്യസ്വരം വരും.

ഉദാ : അവന്, ശ്രീകാന്തിന്. മറ്റിടങ്ങളിൽ 'ക്ക്' പ്രത്യയം വരും.

## രൂപാധിഷ്ഠിത ഉപരൂപങ്ങൾ

പ്രത്യക്ഷപ്പെടുന്ന സ്വനിമസാഹചര്യം നിർണയിക്കാനാവാത്ത ഉപരൂപങ്ങളെ രൂപാധിഷ്ഠിത ഉപരൂപങ്ങൾ എന്ന് പറയും.

ഉദാ : മലയാളത്തിലെ ബഹുവചനപ്രത്യയങ്ങൾ

കൾ, മാർ, അർ

## അർത്ഥാധിഷ്ഠിത ഉപരൂപങ്ങൾ

അർത്ഥാസ്പദമായ ഉപരൂപങ്ങളും ഉണ്ട്. നിയോജകപ്രകാരത്തിന് പ്രകൃതി (വാ, പോ, താ) കേന്ദ്രമധ്യസ്വരം (നടക്ക്), ഉകാരം (നടക്കു), ഇൻ (നടക്കിൻ) തുടങ്ങിയ പല രൂപങ്ങളും ഉണ്ട്. ഇവയുടെ വിതരണം സ്വനിമാധിഷ്ഠിതമോ രൂപാധിഷ്ഠിതമോ അല്ല. കേന്ദ്രസ്വരം ചേരുമ്പോൾ ബഹുമാനരാഹിത്യവും 'ഉ'കാരം ചേരുമ്പോൾ ബഹുമനസൂചകത്വവും 'ഇൻ' ചേരുമ്പോൾ ബഹുത്വാർത്ഥവും ഉണ്ടാവുന്നു. ഈ മാതിരിയുള്ള രൂപങ്ങളെ അർത്ഥാധിഷ്ഠിത ഉപരൂപങ്ങൾ എന്നു പറയാം.

## രിക്തരൂപിമം (Empty Morpheme)

കേരളപാണിനി പറയുന്ന അംഗപ്രത്യയം അഥവാ ഇടനില ഇതുതന്നെയാണ് ഭാഷാശാസ്ത്രത്തിൽ പറയുന്ന രിക്ത രൂപിമം. ഭാഷാശാസ്ത്രത്തിൽ വരുന്ന നിർത്ഥക രൂപങ്ങളാണ് രിക്തരൂപിമങ്ങൾ. പ്രകൃതിയോട് പ്രത്യയം ചേരുമ്പോൾ അർത്ഥപരമായി ഒരു വ്യത്യാസവും വരുത്താത്തവയാണ് രിക്തരൂപിമം.

| | | | | |
|---|---|---|---|---|
| ഉദാ : | രാജാവ് | + ഇൻ | + | ആൽ |
| | സ്വതന്ത്രരൂപിമം | രിക്തരൂപിമം | | ആശ്രിതരൂപിമം |

## ആദേശരൂപിമം (Substitute Morpheme)

അർത്ഥഭേദം സൂചിപ്പിക്കുവാൻ പ്രകൃതികളുടെ ആന്തരികഘടനയിൽ മാറ്റം വരുത്തുന്നതാണ് ആദേശരൂപിമം. ഇത് വൈകൃതകക്ഷ്യയിൽപെട്ട ഭാഷയിൽ കാണുന്നു.

ഉദാ : Man - Men

Run - Ran

ഗായകൻ - ഗായിക

## വിബന്ധ രൂപിമം (Discontinuous Morpheme)

ഒരു വിശേഷാർത്ഥം സൂചിപ്പിക്കുവാൻ വാക്യത്തിലെ രണ്ടു പദങ്ങളിൽ വ്യത്യസ്തമായ രൂപങ്ങൾ അനുപ്രയോഗിക്കുന്നുവെങ്കിൽ ആ രൂപങ്ങളെ ഒന്നിച്ച് ഒരു രൂപിമമായി കരുതാം. 'എല്ലാ' എന്ന നാമവിശേഷണത്തിനു ശേഷം വരുന്ന വിശേഷനാമത്തിൽ 'ഉം' ചേരുന്നു.

ഉദാ : എല്ലാ മനുഷ്യരും. ഇവിടെ നാമവിശേഷണരൂപം 'എല്ലാ – ഉം' ആണെന്ന് പറയാം. ഈ രൂപിമം ചേർന്നു വരാത്തതിനാൽ ഇത് വിബന്ധരൂപിമമാണ്.

## അനുബന്ധരൂപിമം (Adictive Morpheme)

ഒന്നിനു പുറകെ ഒന്ന് എന്ന കണക്കിന് രൂപിമങ്ങൾ വരുന്നത് അനുബന്ധരൂപിമം.

ഉദാ : മിടുക്ക് + അൻ + മാർ

സംശ്ലിഷ്ട കക്ഷ്യയിൽപെട്ട ഭാഷയിൽ ഈ രൂപിമം കാണുന്നു.

## ധാതു (Root), പ്രകൃതി (Stem), പദം (Word), പ്രത്യയം (Affix)

### i) ധാതു (Root)

പ്രയോഗത്തിലുള്ള പദങ്ങളുടെയെല്ലാം മൂലരൂപമാണ് ധാതു. ക്രിയാർത്ഥം ജനിക്കുന്നതും ആവർത്തിച്ചു വരുന്നതും സ്വനിമതലത്തിൽ സാദൃശ്യമുള്ളതുമായ അംഗമാണ് ധാതു. ഒരു പദത്തിൽ ഒന്നോ അതിലധികമോ രൂപിമങ്ങളുണ്ടാവാം. ഒന്നിലധികം രൂപിമങ്ങളുള്ളപ്പോൾ സാധാരണയായി അവയിൽ ഒന്നുമാത്രമാണ് പ്രധാന അർത്ഥത്തെ സൂചിപ്പിക്കുന്നത്. അതിനെയാണ് ധാതു എന്നു പറയുന്നത്. (കേരളപാണിനിയുടെ കാഴ്ചപ്പാടിൽ ധാതുവിനെയാണ് പ്രകൃതി എന്നു പറയുന്നത്.

ഉദാ : നടക്കുന്നു

നടന്നു — ഇവിടെ 'നട' ക്രിയയുടെ മൂലരൂപം. അതായത് ധാതു

നടക്കും

### ii) പ്രകൃതി (Stem)

ധാതുവിനോടൊപ്പം ധാതുവിന്റെ കൂടെ അർത്ഥരഹിതമായ ഇടനിലകൾ ചേർത്തുണ്ടാക്കുന്ന രൂപം ഭാഷാശാസ്ത്രത്തിലെ പ്രകൃതി സങ്കല്പനത്തിൽ വരുന്നു. കേരളപാണിനി ഇതിനെ അംഗം എന്നു വിവക്ഷിക്കുന്നു. പ്രത്യയങ്ങൾ നീക്കിയതിനു ശേഷം പദത്തിൽ എന്താണോ അവശേഷിക്കുന്നത് അതാണ് പ്രകൃതി. (when all inflectional affixes are stripped from a word what is left is a stem).

### iii) പദം (Word)

വാക്യാംഗമാണ് പദം. ഒരു വാക്യത്തിന്റെ അംഗമായി നിൽക്കാൻ അർഹത നേടുന്നവയാണ് പദങ്ങൾ. വാക്യത്തിൽ സ്വതന്ത്രമായി പ്രയോഗിക്കാൻ കഴിയുന്ന അർത്ഥയുക്ത സ്വനിമസങ്കേതമാണ് പദങ്ങൾ. വാക്യം ഉച്ചരിക്കുമ്പോൾ എവിടെയെല്ലാം നിർത്തലുകൾ സാധ്യമാണോ അവയായിരിക്കും പദാതിർത്തികൾ. പ്രത്യയങ്ങൾ പ്രകൃതിയോടു ചേർത്ത് പദമുണ്ടാക്കാം. ചിലപ്പോൾ ധാതുവിനോട് നേരിട്ടു ചേർക്കുകയുമാ

വാം. ധാതു മാത്രമായിക്കൊണ്ടും ചിലപ്പോൾ പദമുണ്ടാകാം. ചുരുക്കത്തിൽ വാക്യത്തിന്റെ അംഗമായി നിൽക്കാൻ അർഹത നേടുന്നതെല്ലാം പദങ്ങളാണ്.

ഉദാ : ജനൽ – ധാതുമാത്രം

ജനൽ + ഇൽ – ധാതുവും പ്രത്യയവും

ജനൽ + ഇൻ + കൾ – ധാതു + ഇടനില + പ്രത്യയം

ധാതു, പ്രകൃതി, പദം ഇവയെക്കുറിച്ചുള്ള ദർശനങ്ങൾ താഴെക്കാണിക്കുന്ന പട്ടികയിൽ ക്രോഡീകരിക്കുന്നു.

| | ജനൽ | ജനൽ + ഇൽ | ജനൽ + ഇൻ | ജനൽ + ഇൻ + കൽ | ജനലിൽ/ ജനലിങ്കൽ |
|---|---|---|---|---|---|
| കേരള പാണിനി | പ്രകൃതി | പ്രകൃതി + പ്രത്യയം = പദം | പ്രകൃതി + ഇടനില = അംഗം | പ്രകൃതി + ഇടനില + പ്രത്യയം = പദം | പദം |
| ഭാഷാ ശാസ്ത്രം | ധാതു | ധാതു + പ്രത്യയം = പദം | ധാതു + ഇടനില = പ്രകൃതി | ധാതു + ഇടനില + പ്രത്യയം = പദം | പദം |

## പ്രത്യയം (affix)

ധാതുക്കളിലും പ്രകൃതികളിലും അർത്ഥഭേദം കാണിക്കുന്നതിന് ചേർക്കുന്ന ആശ്രിതരൂപിമങ്ങളാണ് പ്രത്യയം. സ്വതന്ത്ര പ്രയോഗാർഹത ഇല്ലാത്തതും പ്രകൃതിയോടു ചേരുമ്പോൾ അവയുടെ അർത്ഥത്തിൽ ചില പരിഷ്കാരങ്ങൾ വരുത്തുന്നതുമായ രൂപങ്ങളെ 'പ്രത്യയങ്ങൾ' എന്നു പറയുന്നു. പ്രത്യയങ്ങളെല്ലാം ബദ്ധരൂപിമങ്ങളാണെങ്കിലും ബദ്ധരൂപിമങ്ങളെല്ലാം പ്രത്യയമാവണമെന്നില്ല. ഉദാ : കൊണ്ട്, വച്ച്, നിന്ന് ഇവ ഗതികളാണ്. ബദ്ധരൂപിമങ്ങളാണ്. എന്നാൽ പ്രത്യയമല്ല.

പ്രത്യയം 3 വിധം

i) പുരപ്രത്യയം (Prefix)

ii) പരപ്രത്യയം (Suffix)

iii) അന്തഃപ്രത്യയം (മധ്യപ്രത്യയം) (Infix)

### i) പുരപ്രത്യയം (പൂർവ്വപ്രത്യയം)

ധാതുവിന് അഥവാ സ്വതന്ത്രരൂപിമത്തിന് മുമ്പിലാണ് പ്രത്യയങ്ങൾ ചേർക്കുന്നത് എങ്കിൽ അത് പുരപ്രത്യയം. (പ്രകൃതിക്കു മുമ്പു വരുന്ന പ്രത്യയം). സംസ്കൃത

ത്തിൽ ഇതിന് ഉപസർഗ്ഗം എന്നു പറയുന്നു. മലയാളത്തിൽ ഇതില്ല.

ഉദാ : അ + നശ്വരം - അനശ്വരം

വി + രൂപം - വിരൂപം

പ്രതി + പക്ഷം - പ്രതിപക്ഷം

un + happy - unhappy

pre + degree - Predegree.

ഇൻഡോ - യൂറോപ്യൻ ഭാഷകളിലാണ് പുരപ്രത്യയങ്ങൾ പൊതുവേ കാണുന്നത്.

## ii) പരപ്രത്യയം (suffix)

സ്വതന്ത്രരൂപിമത്തിനുശേഷം ചേർക്കുന്ന പ്രത്യയമാണ് പരപ്രത്യയം. (പ്രകൃതിക്കു ശേഷം വരുന്നത്)

ഉദാ : കുട്ടി + കൾ - കുട്ടികൾ

ഓട് + ഇ - ഓടി

'കൾ, ഉടെ, ഇ' എന്നിവ പരപ്രത്യയമാണ്. മലയാളഭാഷയിലെ പ്രത്യയങ്ങളെല്ലാം പരപ്രത്യയങ്ങളാണ്.

ഉദാ : ഓമനയുടെ

ഇലയിൽ

Goodness

going

## iii) അന്തഃപ്രത്യയം (Infix)

അർത്ഥവ്യത്യാസം വരുന്ന രീതിയിൽ ധാതുവിനുള്ളിൽ അഥവാ സ്വതന്ത്രരൂപിമത്തിനുള്ളിൽ വരുന്ന പ്രത്യയങ്ങളാണ് അന്തഃപ്രത്യയം (പ്രകൃതിക്കിടയിൽ വരുന്ന പ്രത്യയങ്ങൾ). ഫിലിപ്പൈൻസ് നാട്ടിലെ 'ബോൺടോക്ക്' എന്ന ഭാഷയിൽ നാമപ്രകൃതിയിൽ നിന്നോ നാമവിശേഷണപ്രകൃതികളിൽ നിന്നോ ക്രിയാപ്രകൃതികളെ വ്യുത്പാദിപ്പിക്കുന്നത് 'ഉം' എന്ന മധ്യപ്രത്യയം ചേർത്താണ്.

ഉദാ : ഫിക്സ് - ശക്തിയുള്ള

ഫുമിക്സ് - ശക്തിയാവുക

കിലദ് - ചുവന്ന

കുമിലദ് - ചുവപ്പാകുക.

ഇംഗ്ലീഷിൽ അന്തഃപ്രത്യയമില്ല. മലയാളത്തിൽ അപൂർവ്വമായി മാത്രം അതിന്റെ

സാന്നിധ്യമുണ്ട്.

## പുനരാവർത്തനം

ചില പ്രത്യയങ്ങൾ പ്രകൃതിയുടെ ഒരു ഭാഗത്തിന്റെ ആവർത്തനമായി വരുന്നു. ഇതിന് പുനരാവർത്തനം എന്നു പറയുന്നു.

ഉദാ : ചുടുചുടെ, തെരുതെരെ.

# വാക്യവിജ്ഞാനം

ഭാഷണക്രിയയിൽ ഏറ്റവും മുഖ്യമായതാണ് വാക്യതലം. കാരണം ഭാഷണത്തിലൂടെ ആശയവിനിമയം നടത്തുമ്പോൾ വാക്യങ്ങളെയാണ് ഉപയോഗിക്കുന്നത്. സ്വനങ്ങൾക്കോ രൂപങ്ങൾക്കോ ആശയവിനിമയത്തിൽ നേരിട്ട് പങ്കില്ല. അവ വാക്യങ്ങളുടെ ഘടകങ്ങൾ മാത്രമാണ്. പൂർണ്ണമായ ആശയത്തിന്റെ ഏറ്റവും ചെറിയ ഏകകമാണ് വാക്യം. ബാഹ്യഘടനയും ആന്തരഘടനയും തമ്മിലുള്ള സമന്വയമാണ് വാക്യരചനയിൽ മൗലികമാകുന്നത്. "വ്യാകരണപരമായി സംഘടിതവും അർത്ഥപരമായി സ്വീകാര്യവുമായ ആഖ്യാനത്തോടുകൂടിയ പദസംഘാതമാണ് വാക്യം." - കെ. എം പ്രഭാകരവാര്യർ

## വാക്യത്വനിർണയനത്തിന് ആധാരമാക്കേണ്ട സ്വഭാവങ്ങൾ

### 1.. പദസംഘാതം

വ്യാകരണപൂർത്തിയുള്ള വാക്യത്തിൽ ഒന്നലധികം പദങ്ങൾ ചേർന്നിരിക്കും. അതിനെയാണ് പദസംഘാതം എന്നു പറയുന്നത്. ചുരുങ്ങിയത് ആഖ്യയും ആഖ്യാതവും ഉള്ളതാണ് വാക്യം.

ഒറ്റയ്ക്കോ മറ്റു പദങ്ങളുടെ സഹായത്തോടെയോ നിൽക്കുന്ന കർതൃപദമാണ് ആഖ്യ. തനിച്ചു നിൽക്കുന്ന പൂർണ്ണ ക്രിയയോ മറ്റു പദങ്ങളുടെ സഹായത്തോടെ നിൽക്കുന്ന പൂർണ്ണ ക്രിയയോ ആണ് ആഖ്യാതം. ഭാഷാശാസ്ത്രമനുസരിച്ച് ഭാഷണ സന്ദർഭത്തിലെ സാമാന്യവിഷയമാണ് ആഖ്യ. ആഖ്യയെക്കുറിച്ചുള്ള വിശേഷ പ്രസ്താവനയാണ് ആഖ്യാതം.

ഉദാ : ഇന്നലെ മുതൽ കടുത്ത പനിപിടിച്ച രാമൻ (ആഖ്യ) വെയിൽ കൊണ്ട് തലകറങ്ങി വീണു (ആഖ്യാതം)

ആഭ്യന്തര രൂപഘടനയെ ആസ്പദമാക്കി വാക്യത്തെ രണ്ടായി തിരിക്കാം. (1) പൂർണ്ണവാക്യം, (2) ലഘുവാക്യം. ഘടനാപരമായി പൂർണ്ണമായവയെ അതായത് ആഖ്യവും ആഖ്യാതവും ഉള്ളവയെയാണ് പൂർണ്ണവാക്യങ്ങൾ എന്നു പറയുന്നത്. ഘടനാപരമായി പൂർണ്ണമല്ലാത്തവയാണ് ലഘുവാക്യങ്ങൾ. ലഘുവാക്യങ്ങൾ മൂന്നു തരത്തിലുണ്ട്. സംബോധന, ലുപ്തം, വ്യാക്ഷേപകം.

ഉദാ : സംബോധന - രാമാ, ദേവാ

ലുപ്തം - കണ്ടു, പോയി

വ്യാക്ഷേപകം - ഉം, അയ്യോ

വ്യാക്ഷേപങ്ങൾ ഒറ്റ നോട്ടത്തിൽ പദങ്ങളാണെന്നു തോന്നുമെങ്കിലും അവ വാക്യ വിഭാഗത്തിലാണുൾപ്പെടുന്നത്. സംബോധനാവാക്യത്തിൽ ആഖ്യാതമുണ്ടാവില്ല. ലുപ്ത വാക്യത്തിലാവട്ടെ ആഖ്യയും. ആഖ്യയും ആഖ്യാതവും ഇല്ലാത്തവയാണ് വ്യാക്ഷേപ ങ്ങൾ.

## 2. ആഖ്യതത്വം

ഭാഷണത്തിനുപയോഗിക്കുന്ന വാക്യങ്ങൾക്ക് രൂപഭേദം വരാം. പ്രസ്താവന, നിർദ്ദേശം, വിധി, നിഷേധം, ആജ്ഞ, ആശംസ, പ്രാർത്ഥന, സംശയം, സമ്മതം, ചോദ്യം ഇങ്ങനെ പല ഉദ്ദേശങ്ങളോടെയാണ് ആശയവിനിമയം നടത്തുന്നത്. ഇവയ്ക്ക് എല്ലാമുള്ള പൊതു തത്ത്വമാണ് ആഖ്യതത്വം. വാക്യത്തിന് നിർബന്ധമായും ഉണ്ടായി രിക്കേണ്ട സ്വഭാവമാണ് ആഖ്യാതത്വം. മിക്ക ഭാഷകളിലും ആഖ്യതത്വം പ്രത്യക്ഷവ ത്ക്കരിക്കുന്നത് ക്രിയാപദത്തിലൂടെയാണ്.

## 3. ഘടനാബന്ധം

വാക്യത്തിലെ പദങ്ങൾക്കുള്ള പരസ്ചരബന്ധത്തെയാണ് ആകാംക്ഷ എന്നു പറയുന്നത്. വാക്യത്തിലെ പദങ്ങൾ തമ്മിൽ ഘടനാപരമായി ബന്ധമുണ്ടാകണം. കർത്താവ്, കർമ്മം, ക്രിയ എന്നതാണ് മലയാളത്തിലെ വാക്യഘടന. ഈ ഘടന മാറ്റി യാലും ബന്ധം നഷ്ടപ്പെടണമെന്നില്ല. വ്യാകരണത്തിലെ ആകാംഷയാണ് ഘടനാബ ന്ധം.

## 4. ആർത്ഥികപൊരുത്തം

വാക്യത്തിന് ഘടകപദങ്ങൾ തമ്മിൽ അർത്ഥപരമായ പൊരുത്തം ആവശ്യമാ ണ്. ആർത്ഥകബന്ധത്തിന് ഭാരതീയ ആചാര്യന്മാർ നൽകുന്ന പേരാണ് 'യോഗ്യത'. ആർത്ഥികപൊരുത്തമില്ലാത്ത ഒരു വാക്യം ചുവടെ ചേർക്കുന്നു.

"വർണ്ണരഹിതമായ പച്ചനിറമുള്ള ആശയങ്ങൾ കോപത്തോടെ ഉറങ്ങുന്നു."

ഇവിടെ നാമവിശേഷങ്ങൾ വിശേഷ്യത്തോട് ചേരാത്തതും, ക്രിയാവിശേഷം അർത്ഥത്തോട് ചേരാത്തതുമാണ്.

## ഘടനാത്മക സമീപനം

ആധുനിക ഭാഷാശാസ്ത്രത്തിന്റെ ആരംഭഘട്ടത്തിൽ വാക്യാപഗ്രഥനത്തിന് ഘട നാത്മക രീതിയാണ് അവലംബമാക്കിയത്. വ്യാകരണത്തിൽ വർണ്ണം, അക്ഷരം, പദം എന്നിങ്ങനെ വേർതിരിച്ചാണ് വാക്യാപഗ്രഥനം നടത്തിയിരുന്നത്. വാക്യാപഗ്രഥനം പരമ്പരാഗത വ്യാകരണപരിധിയിൽ വരുന്നില്ല. ഭാഷാശാസ്ത്ര അപഗ്രഥനത്തിൽ പ്രാധാന്യം വാക്യത്തിനാണ്. വാക്യം ഘടനയാണ്. ഘടകങ്ങളുടെ വ്യവസ്ഥാപൂർവ്വ മായ സംയോഗത്തെയാണ് ഘടന എന്നു പറയുന്നത്. വാക്യത്തിലെ പ്രാഥമിക ഘട കങ്ങൾ പദങ്ങളാണ്. വാക്യത്തിൽ ഏതെല്ലാം പദങ്ങൾ ഏതേത് സ്ഥാനങ്ങളിൽ പ്രത്യ ക്ഷപ്പെടും എന്നും അങ്ങനെ പ്രത്യക്ഷപ്പെടുന്ന പദങ്ങൾക്ക് തമ്മിലുള്ള ഘടനാപര

മായ ബന്ധം എന്ത് എന്നും ഘടനാത്മക സമീപനം ഉപയോഗിച്ചുള്ള വാക്യവിശകലനത്തിൽ വ്യക്തമാക്കുന്നു. വാക്യത്തിൽ അടുത്ത ബന്ധം പുലർത്തുന്ന ഘടകങ്ങളെ സന്നിഹിത ഘടകങ്ങൾ എന്ന് പറയുന്നു. ഒരു വാക്യത്തിലെ സന്നിഹിത ഘടകങ്ങളെ ക്രമികമായി പിരിച്ചു കാണിക്കുന്ന പ്രക്രിയയാണ് സന്നിഹിതഘടകാപഗ്രഥനം. (Immediate Constituent Analysis - ICA).

ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാമഹൻ എന്ന് വിശ്രുതനായ സസ്സ്യൂർ ആണ് ഘടനാത്മകസിദ്ധാന്തത്തിന്റെ പരിധികൾ വ്യക്തമാക്കിയത്. അദ്ദേഹത്തിനു ശേഷം പ്രാഗ്സ്കൂൾ ഈ രംഗത്ത് സംഭാവനകൾ നൽകി. അമേരിക്കൻ ഘടനാസിദ്ധാന്തത്തിന്റെ വക്താക്കൾ സപീറും ബ്ലൂം ഫീൽഡുമാണ്. ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക സമീപനരീതിയുടെ ശക്തനായ വക്താവ് ബ്ലൂം ഫീൽഡാണ്. അദ്ദേഹത്തിന്റെ ഭാഷാപഗ്രഥനപദ്ധതിയെ വിവരണാത്മകം എന്നു വിവക്ഷിക്കുന്നു. ബ്ലൂം ഫീൽഡ് അവതരിപ്പിച്ച ഈ രീതിയെ വ്യവസ്ഥപ്പെടുത്തിയത് വെൽസും ഹാരിസും ചേർന്നാണ്. വാക്യത്തെ പൊതുവായി രണ്ടു ഘടകങ്ങളാക്കി തിരിച്ചതിനുശേഷം ഓരോ ഘടകവും അടിസ്ഥാന ഘടകത്തിലെത്തും വരെ ഈരണ്ടു വീതം ഘടകങ്ങളാക്കി വേർതിരിക്കുകയാണ് ഇതിന്റെ രീതിശാസ്ത്രം. രൂപിമങ്ങളും പദങ്ങളുമായിരിക്കും ഈ അടിസ്ഥാനഘടകങ്ങൾ. അപഗ്രഥനാന്ത്യത്തിൽ ലക്ഷ്യമാകുന്ന അടിസ്ഥാന ഘടകങ്ങൾ ചേർന്നാണ് ഘടനം സംഭവിക്കുന്നത്.

ഉദാ :

കേരള മുഖ്യമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട്

1. കേരള മുഖ്യമന്ത്രി / അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട്.
2. കേരള / മുഖ്യമന്ത്രി / അടുത്ത വെള്ളിയാഴ്ച / ദില്ലിക്ക് / പോകുന്നുണ്ട്.
3. കേരള / മുഖ്യമന്ത്രി / അടുത്ത / വെള്ളിയാഴ്ച / ദില്ലിക്ക് / പോകുന്നുണ്ട്.
4. കേരള / മുഖ്യമന്ത്രി / അടുത്ത / വെള്ളിയാഴ്ച / ദില്ലിക്ക് / പോകുന്നു / ഉണ്ട്.

ഇവിടെ വാക്യത്തെ വിഭജിക്കുന്നതിനുള്ള മാനദണ്ഡം ഘടകങ്ങൾക്ക് തമ്മിലുള്ള ബന്ധമാണ്. വാക്യത്തെ ആദ്യം (1) ആഖ്യ - ആഖ്യാതം ആയും അടുത്തതായി (2) ആഖ്യയിലെ വിശേഷണ വിശേഷ്യങ്ങളെയും ആഖ്യാതത്തിലെ കാലവാചിനാമപദബന്ധം, സ്ഥല സൂചകത്തോടുകൂടിയ ക്രിയാപദം എന്നിവയെയും വേർതിരിച്ചിരിക്കുന്നു. പിന്നീട് (3) ആഖ്യാതത്തിലെ കാലവാചിനാമ പദബന്ധത്തിലെ വിശേഷണവിശേഷ്യങ്ങളെയും ആഖ്യാതത്തിലെ ലക്ഷ്യം, ക്രിയ എന്നിവയെയും വേർപെടുത്തിയിരിക്കുന്നു. അവസാനമായി (4) സമസ്ത ക്രിയയിലെ മുഖ്യക്രിയ, സഹായക്രിയ എന്നിവയെ തിരിച്ചു കാണിച്ചിരിക്കുന്നു.

ഘടനാബന്ധത്തെ അവലംബമാക്കിയുള്ള വാക്യ വിഭജനം വേറൊരു രീതിയിലും ചിത്രീകരിക്കാം.




□ ഒരു ക്രിയ മാത്രമുള്ള ഘടനയാണ് സരളവാക്യം (Simple Sentence). ഒന്നിലധികം സരളവാക്യങ്ങൾ ചേർന്ന് സംയുക്തവാക്യം ഉണ്ടാകുന്നു. സംയുക്തവാക്യത്തിൽ രണ്ടു തരത്തിലുള്ള ഘടനയുണ്ട്. ഒന്നിലധികം അംഗിവാക്യങ്ങൾ ചേരുന്നത് സങ്കരവാക്യം. അംഗിവാക്യത്തോട് ഒന്നോ അതിലധികമോ അംഗവാക്യങ്ങൾ ചേർന്ന് സങ്കീർണ്ണവാക്യം (Compound Sentence) ഉണ്ടാവുന്നു.

അംഗിവാക്യം – പ്രധാനവാക്യം. അംഗവാക്യം – അപ്രധാനവാക്യം

ഉദാ : മഴവില്ലു കണ്ടപ്പോൾ / മയിൽ നൃത്തം ചെയ്തു

(അംഗവാക്യം) (അംഗിവാക്യം)

അവൾ നന്നായി പഠിച്ച്, പരീക്ഷയിൽ ജയിച്ചു. (ഇതിലെ അംഗവാക്യം വിനയെച്ചോപവാക്യമാണ്)

അടികൊണ്ട കുട്ടി കരയാൻ തുടങ്ങി. (ഇതിലെ അംഗവാക്യം പേരെച്ചോപവാക്യമാണ്)

ഘടനാബന്ധത്തിന്റെ അടിസ്ഥാനത്തിൽ പദബന്ധങ്ങളെ രണ്ടായി വർഗ്ഗീകരിക്കാം.

ഉദാ : കേരള മുഖ്യമന്ത്രി, അടുത്ത വെള്ളിയാഴ്ച, ദില്ലിക്ക് പോകുന്നുണ്ട്.

ഈ വാക്യത്തിൽ മൂന്ന് പദബന്ധങ്ങളുണ്ട്. ആദ്യത്തെ രണ്ടെണ്ണം ഒരു വിശേഷണപദവും ഒരു ശീർഷകപദവും ചേർന്നതാണ്. രണ്ടിലും ശീർഷകങ്ങൾ നാമങ്ങളാണ്. ഇത്തരം ഘടനകളെ നാമപദബന്ധങ്ങൾ എന്നു പറയുന്നു.

ഒരു പദത്തിന്റെ മൊത്തത്തിലുള്ള വ്യാകരണ സമ്പർക്കം ശീർഷകപദത്തിന്റേതായിരിക്കും. വ്യാകരണപരമായി ഈ പദങ്ങളെല്ലാം നാമത്തിൽ പെടുന്നു. വിശേഷണപദം ഇല്ലാതിരുന്നാലും ഘടനാപരമായി വ്യത്യാസം വരാത്ത വാക്യങ്ങൾ കേന്ദ്രീകൃതഘടന എന്നു പറയുന്നു.

'ദില്ലിക്കു പോകുന്നുണ്ട്' എന്ന വാക്യത്തിൽ വിശേഷണശീർഷകബന്ധം ഇല്ല. അതുകൊണ്ടുതന്നെ ഈ വാക്യം വ്യാകരണപരമായി ഒരു പദവർഗ്ഗത്തിൽ പെടുന്നില്ല. ഇവിടെ വിഭക്തി ബന്ധമാണ് വരുന്നത്. വിശേഷണ വിശേഷ്യം പോലെ ഘടനാപരമായി ബന്ധമില്ല. ഇത്തരം ഘടനകളെ വികേന്ദ്രീകൃത ഘടന എന്നു പറയുന്നു.

ഉദാ : എന്തുവില?

അതുമതി.

## രചനാന്തരണ പ്രജനക വ്യാകരണം (Transformational Generative Grammar - TGG)

കഴിഞ്ഞ നൂറ്റാണ്ടിൽ ഭാഷാഗോത്ര വീക്ഷണത്തിൽ അടിസ്ഥാനപരമായ മാറ്റം സൃഷ്ടിച്ച സിദ്ധാന്തമാണ് അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കിയുടെ രചനാന്തരണ പ്രജനക വ്യാകരണം. രചനാന്തരണ വ്യാകരണം വാക്യങ്ങളുടെ ആന്തരഘടനയെ കണ്ടെത്തുന്നു. ഈ ആന്തരഘടനാപഗ്രഥനമാണ് രചനാന്തരണവ്യാകരണ സിദ്ധാന്തത്തിനടിസ്ഥാനം.

രചനാന്തരണ സിദ്ധാന്തത്തിന് വിത്തുപാകിയത് 'സെലിഗ് ഹാരിസ്' ആണ്. ബ്ലൂം ഫീൽഡിന്റെ അനുയായിയായ അദ്ദേഹം സഹവർത്തനസിദ്ധാന്തം അവതരിപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് രചനാന്തരണ സിദ്ധാന്തം അവതരിപ്പിക്കപ്പെട്ടത്. ഒരു നാമവും ഒരു ക്രിയയും ചേർന്നാൽ വാക്യം ഉണ്ടാവുമെന്ന് പൊതുവെ പറയാമെങ്കിലും ഏതു നാമവും ഏതു ക്രിയയോടും ചേരില്ല.

ഉദാ : പക്ഷി ഇരമ്പുന്നു, കടൽ പറക്കുന്നു. ഇവ തമ്മിലും കടൽ ഇരമ്പുക, പക്ഷി പറക്കുക ഇവ തമ്മിലും എന്തെങ്കിലും ബന്ധമുണ്ട്. ഈ ബന്ധത്തിനാണ് സഹവർത്തനം എന്നു പറയുന്നത്.

**രചനാന്തരണം** : ഒരേ ആശയം ഒന്നിലധികം തരത്തിൽ ആവിഷ്ക്കരിക്കാൻ ഏതു

ഭാഷകനും കഴിയും. 'ഞാൻ ഓടി വന്നു' എന്ന വാക്യത്തിലെ ആശയം തന്നെയാണ് 'ഞാൻ ഓടിയാണ് വന്നത്', 'ഓടി വന്നതാണ് ഞാൻ', 'ഓടിയാണ് ഞാൻ വന്നത്' എന്നീ വാക്യങ്ങളിലുള്ളത്. ആദ്യത്തേതിന്റെ രചനാന്തരണങ്ങളാണ് പിന്നീടുപറഞ്ഞ മൂന്നെണ്ണം. വാക്യങ്ങളുടെ പരസ്പര സാദൃശ്യം ചൂണ്ടിക്കാണിക്കുന്നതിനു പകരം വാക്യാംശങ്ങളെ കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നതിനും രചനാന്തരണ രീതി പ്രയോജനപ്പെടുന്നു. എണ്ണമറ്റ പുതുവാക്യങ്ങളുടെ നിർമ്മിതിക്ക് ഉപകരിക്കുന്ന നിയമങ്ങളുടെ ആവിഷ്ക്കരണത്തിനാണ് രചനാന്തരണ വ്യാകരണം ശ്രദ്ധിക്കുന്നത്. രചനാന്തരണത്തിലൂടെ നിർമ്മിക്കപ്പെടുന്ന വൈവിധ്യങ്ങളാണ് പ്രജനകങ്ങൾ. അങ്ങനെ പുതിയ വാക്യങ്ങളുടെ പ്രജനനം സാധ്യമാക്കുന്ന ഈ വ്യാകരണ സമ്പ്രദായത്തെ രചനാന്തരണ പ്രജനക വ്യാകരണം എന്നു പറയുന്നു. പ്രജനനം എന്നു വെച്ചാൽ വ്യാകരണസാധുക്കളായ രൂപങ്ങളെ ജനിപ്പിക്കൽ എന്നാണർത്ഥം. നിഷ്പാദനം എന്നതുകൊണ്ട് പാരമ്പര്യവൈയാകരണൻ ഉദ്ദേശിക്കുന്നതും ഇതു തന്നെ.

ഭാഷയിലെ എണ്ണമറ്റ വാക്യങ്ങളിൽ ഏറ്റവും ലളിതവും ഹ്രസ്വവുമായ ചിലതിനെ മൂലവാക്യങ്ങളായും മറ്റുള്ളവയെ ഈ മൂലവാക്യങ്ങളിൽ നിന്ന് വ്യുൽപ്പന്നമായവയായും കണക്കാക്കണമെന്നതാണ് രചനാന്തരണ സിദ്ധാന്തത്തിന്റെ കാതൽ. ഏറ്റവും ലളിതവും ഹ്രസ്വവുമായ അഥവാ ഒരു ആഖ്യയും ആഖ്യാതവും ഉള്ള വാക്യങ്ങളെ മൂലവാക്യങ്ങൾ എന്നു പറയുന്നു. മൂലവാക്യത്തിൽ നിന്ന് വ്യുല്പന്നമാകുന്ന വാക്യങ്ങളെ derivered sentence എന്നു പറയുന്നു. അർത്ഥവ്യത്യാസം ഇല്ലാത്ത രചനാന്തരണങ്ങൾ ഉണ്ട്. അത്തരം വാക്യങ്ങളെ അന്യോന്യ രചനാന്തരണം എന്നു പറയുന്നു. ആന്തരഘടന ബാഹ്യഘടനയാക്കി മാറ്റുന്നതിനും രചനാന്തരണം എന്നു പറയുന്നു. ഒരു വാക്യത്തിന് രണ്ട് അർത്ഥമുണ്ടെങ്കിൽ രണ്ട് ആന്തരിക ഘടന വരും. രണ്ട് വാക്യങ്ങൾക്ക് ഒരേ അർത്ഥമാണെങ്കിൽ ആന്തരഘടന ഒന്നു തന്നെയായിരിക്കും.

## മലയാളത്തിലെ ചില വാക്യ വിഭജന നിയമങ്ങൾ

വാക്യം - ആഖ്യ + ആഖ്യാതം

ആഖ്യാതം - (കാരകം) (കാരകം) (കാരകം) ക്രിയാവാചകം

കാരകം - (സാക്ഷി) (സ്വാമി) (കരണം) (കാരണം) (അധികരണം)

ക്രിയാവാചകം - (വിശേഷണം) (കർമ്മം) ക്രിയ

ക്രിയ - ധാതു (അനുപ്രയോഗം) ((കാലം) (പ്രകാരം))

കർമ്മം - നാമവാചകം + പ്രതിഗ്രാഹിക

കാരകം - നാമവാചകം (ഗതി)

ആഖ്യ - ഭേദകം (കർത്താവ്)

കർത്താവ് - നാമവാചകം

നാമവാചകം - നാമം (ലിഗം) വചനം (വിഭക്തി)




## അർത്ഥവിജ്ഞാനീയം

അർത്ഥം എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ച് ഭാഷാപണ്ഡിതരും മറ്റ് വൈജ്ഞാനിക മേഖലയിൽ പ്രവർത്തിക്കുന്നവരും പഠിച്ചിട്ടുണ്ട്. അർത്ഥവിചാരത്തിന് ആധുനിക ഭാഷാശാസ്ത്രം വളരെ കുറച്ച് പ്രാധാന്യമേ നൽകിയിട്ടുള്ളൂ. അർത്ഥം ഒരു സങ്കീർണ്ണപ്രതിഭാസമായതിനാലാകണം ആധുനിക ഭാഷാശാസ്ത്രത്തിന്റെ പ്രമുഖ പാരമ്പര്യങ്ങൾ അർത്ഥത്തെ അവഗണിച്ചത്. അർത്ഥപഠനം വ്യവസ്ഥയില്ലാത്തതാണെന്നും വസ്തുനിഷ്ഠയോടുകൂടി അർത്ഥത്തെ പഠിക്കാനാവില്ലെന്നും ബ്ലൂം ഫീൽഡ് അഭിപ്രായപ്പെടുന്നു. അദ്ദേഹം അർത്ഥത്തെ നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. 'ഒരാൾക്ക് വെള്ളം കുടിക്കണമെന്ന് തോന്നി എന്നിരിക്കട്ടെ. അതിന് പ്രചോദനം (stimulas) എന്നു പറയാം. ഏതു പ്രചോദനത്തിനും പ്രതികരണം (reaction) ഉണ്ടാ

വാം. അത് ഭാഷാപരമോ ഭാഷേതരമോ ആകാം. വെള്ളം കുടിക്കണമെന്ന പ്രചോദനം ഉണ്ടായ ആൾ സ്വയം വെള്ളമെടുത്ത് കുടിച്ചാൽ അത് ഭാഷേതരമായ പ്രതികരണമാണ്. പകരം മറ്റൊരാളോട് വെള്ളം വേണമെന്നു പറയുകയാണെങ്കിൽ അത് ഭാഷാപരമായ പ്രതികരണമാണ്. അതു കേട്ടയാൾക്ക് ഉടൻ ഭാഷാപരമായ പ്രചോദനം ഉണ്ടാകുന്നു. വെള്ളം കൊടുക്കുകയാണെങ്കിൽ അത് ഭാഷേതരമായ പ്രതികരണമാകും. ഇക്കാര്യം താഴെ കാണുംപ്രകാരം വരച്ചു കാണിക്കാം. ഇതിൽ അടിവരയിട്ട അക്ഷരത്തിലുള്ളവ ഭാഷാപരവും മറ്റുള്ളവ ഭാഷേതരവുമാണ്.

പ്രചോദനം → പ്രതികരണം → പ്രചോദനം → പ്രതികരണം

മൃഗങ്ങളുടെ പ്രചോദനങ്ങളും പ്രതികരണങ്ങളും ഇതിൽനിന്ന് വ്യത്യസ്തമാണ്. ഭാഷാപരമായ പ്രതികരണം മൃഗങ്ങളിലില്ല. അവയിൽ ഭാഷേതരമായ പ്രചോദനവും പ്രതികരണവുമേ ഉണ്ടാവൂ. മനുഷ്യരുടെ ആശയപ്രകാശന കർമ്മങ്ങൾക്ക് ഭാഷാപരം, ഭാഷേതരം എന്നിങ്ങനെ രണ്ട് അടുക്കുകൾ ഉണ്ട്. ഇവ തമ്മിലുള്ള ബന്ധം രണ്ടു തരമാണ്.

1. പ്രചോദനം → പ്രതികരണം എന്നത് ഒരു തരം ബന്ധം.
2. പ്രചോദനം → പ്രതികരണം എന്നത് മറ്റൊരുതരം ബന്ധം.

ഈ രണ്ടു ബന്ധങ്ങളും തമ്മിൽ ദൃഢമായ ഐക്യമുണ്ട്. അവ രണ്ടും ഒന്നിച്ചു സംഭവിക്കും. ഇങ്ങനെ അർത്ഥത്തെ രണ്ടു വിധം നിർവ്വചിക്കാം.

1. പ്രചോദനം → പ്രതികരണം
2. പ്രചോദനം → പ്രതികരണം = അർത്ഥം.

ഇവയിൽ ആദ്യത്തേത് വക്താവിന്റെ ഭാഗത്തുനിന്നുള്ള നിർവ്വചനവും മറ്റേത് ശ്രോതാവിന്റെ ഭാഗത്തു നിന്നുള്ള നിർവ്വചനവും ആകുന്നു. മിക്കപ്പോഴും വക്താവ് ഉദ്ദേശിക്കുന്ന അർത്ഥം തന്നെയാണ് ശ്രോതാവ് മനസ്സിലാക്കുന്നത്. അതിനാൽ ഇവ രണ്ടും ഒന്നായിരിക്കും. എന്നാൽ അപൂർവ്വം ചില സന്ദർഭങ്ങളിൽ അവ വ്യത്യസ്തമാകാനും സാധ്യതയുണ്ട്.

പ്രജനക വ്യാകരണത്തിന്റെ ഒരു വകഭേദമായ പ്രജനാർത്ഥക വ്യാകരണത്തിൽ വാക്യങ്ങളുടെയും പദങ്ങളുടെയും അർത്ഥം ശാസ്ത്രീയമായി അപഗ്രഥിക്കുവാൻ ശ്രമം നടത്തിയിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വാക്യത്തിൽ പരമപ്രധാനമായത് അതിന്റെ അർത്ഥമാണ്.

ചില പദങ്ങൾക്ക് അവയുടെ അർത്ഥവുമായി നേരിട്ടു ബന്ധം ഇല്ല. ഇങ്ങനെ അർത്ഥവുമായി നേരിട്ടു ബന്ധമില്ലാത്ത പദങ്ങൾക്ക് രൂഢി എന്നു പറയും. ഉദാ : ആന, പശു, കടുവ, സിംഹം തുടങ്ങിയ പദങ്ങൾക്ക് അവയുടെ അർത്ഥം കുറിക്കുന്ന വസ്തുവുമായി നേരിട്ടു ബന്ധമില്ല. എന്നാൽ ചില പദങ്ങളിൽ വാഗർത്ഥബന്ധം യോജിച്ചു കാണുന്നതുകൊണ്ട് അവ യോഗം എന്ന വിഭാഗത്തിലുൾപ്പെടുന്നു. ഉദാ : കാക്ക എന്ന പദത്തിന് കാക്കയുടെ ശബ്ദത്തോട് നേരിട്ട് ബന്ധമുണ്ട്. ചില പദങ്ങൾക്ക് യോഗാർത്ഥവും രൂഢാർത്ഥവും ഒരുമിച്ചു കാണാം. അവയാണ് യോഗരൂഢി. ദശമുഖൻ (രാവണൻ), ദാശരഥി (ശ്രീരാമൻ), മരംചാടി (കുരങ്ങൻ) തുടങ്ങിയവ ഉദാഹരണമാണ്.

ബാഹ്യലോകത്തുള്ള വസ്തുക്കളെ സൂചിപ്പിക്കുവാനും പരാമർശിക്കുവാനും ശബ്ദങ്ങൾക്ക് കഴിയുന്നതെങ്ങനെ എന്ന അന്വേഷണമാണ് പാശ്ചാത്യ അർത്ഥവിജ്ഞാനത്തിന്റെ മുഖ്യഭാഗം. സസ്യൂർ ഈ കാര്യത്തെ ചിഹ്നസിദ്ധാന്തത്തിലും ഓഡൻ, റിച്ചാർഡ്സൺ എന്നിവർ ആർത്ഥിക ത്രികോണത്തിലും അവതരിപ്പിക്കുന്നു. ഭാഷാ ചിഹ്നത്തിനും അർത്ഥത്തിനും തമ്മിലുള്ള ബന്ധം ഒരു ത്രികോണമിതിയിൽ അവതരിപ്പിക്കുന്നു. ഭാഷാ ചിഹ്നമായ വാക്ക് ആശയം എന്ന മാധ്യമത്തിലൂടെ സൂചിതത്തോട് ബന്ധപ്പെട്ടിരിക്കുന്നു.

ആശയം

ചിഹ്നം .......................................... സൂചിതം

ഭാഷാതലങ്ങളിൽ കൊടുക്കുന്ന പ്രാധാന്യമനുസരിച്ച് അർത്ഥസമീപനം വ്യത്യാസപ്പെടുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അർത്ഥപഠനരീതികളെ തരംതിരിക്കാം. അർത്ഥത്തിന്റെ പ്രധാനപ്പെട്ട സമീപനങ്ങളെ ടൈലർ മൂന്നായി തരം തിരിക്കുന്നു.

(1) ഭാഷാലോക സമീപനം, (2) ഭാഷാന്തരിക സമീപനം (3) സങ്കല്പന സമീപനം.

## 1. ഭാഷാലോകസമീപനം

ഭാഷാവിഷ്കാരത്തിനുള്ള ലോകാനുഭവങ്ങളുമായി ബന്ധപ്പെടുത്തി പഠിക്കുന്ന ശാഖയാണിത്. ഒരു ഭാഷാവിഷ്കാരത്തിന്റെ ലോകസാഹചര്യത്തെയാണ് ഇവിടെ പഠനവിധേയമാക്കുന്നത്. മൂർത്തമായ കാര്യങ്ങളെ വിശദീകരിക്കാനാവുമെങ്കിലും അമൂർത്തമായ കാര്യങ്ങളെ വിശദീകരിക്കുവാൻ ഈ പദ്ധതിക്ക് കഴിയുകയില്ല. ഉദാ : ആത്മാവ്, വേദന ഇവയൊക്കെ എന്തെന്ന് വിശദീകരിക്കാനാവില്ല. ഇതൊരു പരിമിതിയാണ്. മനസ്സിനും കൽപനയ്ക്കും ഇവിടെ പ്രാധാന്യമില്ല. സൂക്ഷ്മമായ അർത്ഥവൈചിത്ര്യങ്ങളെയോ ഒന്നും വ്യക്തമാക്കാൻ ഈ സമീപനം മതിയാവുന്നില്ല. ഘടനാത്മകാർത്ഥവിജ്ഞാനത്തിന്റെ സമീപനം സാദൃശ്യ-വൈജാത്യങ്ങളുടെ അടിസ്ഥാനത്തിൽ അർത്ഥം വിശദീകരിക്കുന്നു. പദങ്ങൾ തമ്മിലുള്ള വിപരീതം, പര്യായം, നാനാർത്ഥം എന്നിവയെല്ലാം ഘടനാത്മകാർത്ഥവിജ്ഞാനം ഘടനയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നു.

## 2. ഭാഷാന്തരികസമീപനം

ഭാഷയ്ക്കുള്ളിലെ ഘടനാപരമായ ബന്ധങ്ങൾ അർത്ഥത്തെ എങ്ങനെ ഉളവാക്കുന്നുവെന്ന് അന്വേഷിക്കുന്ന സമീപനരീതിയാണിത്. ഈ സമീപനത്തിന് രണ്ട് രീതികളുണ്ട്. (1) ലംബാത്മകതല ബന്ധം (2) വിന്യാസപരബന്ധം.

അർത്ഥത്തിന്റെ വ്യത്യസ്ത ആവിഷ്ക്കാരങ്ങളായ പര്യായം, നാനാർത്ഥം, വിപരീതം, അന്തർഭാവം തുടങ്ങിയവയ്ക്കു പ്രാധാന്യം കല്പിച്ച് അർത്ഥത്തെ പഠിക്കാനാണ് ലംബാത്മകതലബന്ധം ശ്രമിക്കുന്നത്.

വിന്യാസപരബന്ധത്തിൽ വാക്യവിന്യാസരീതിയിലാണ് ഊന്നുന്നത്. വാക്യബ

ന്ധത്തിന്റെ സഹോപസ്ഥിതിയാണ് അർത്ഥത്തെ നിർണയിക്കുന്നതെന്ന് ഈ സമീപ നക്കാർ വിശ്വസിക്കുന്നു. മനുഷ്യനുമായി ബന്ധപ്പെടുത്തി 'നീ എന്തിന് കുരയ്ക്കുന്നു' എന്ന് പറയുന്നിടത്തെ കുരയ്ക്കൽ ലക്ഷകാർത്ഥത്തിലുള്ളതാണ്.

### 3. സങ്കല്പസമീപനം

ധൈഷണിക ഭാഷാശാസ്ത്രത്തിന്റെ സമപനമാണിത്. വളരെ യുക്തിയുക്ത മായ സമീപനമായിട്ടിതിനെ അതിന്റെ വക്താക്കൾ കരുതുന്നു. ഫിൽമോറിന്റെ ജ്ഞാനാർത്ഥവിചാരം, ഫുകോണിയറുടെ മനോതല സിദ്ധാന്തം, ലക്കോഫിന്റെ ഉത്തമ ധൈഷണിക മാതൃക, ലങ്ഗാക്കറുടെ ധൈഷണിക വ്യാകരണം, ടാൽമിയുടെ ധൈഷ ണികാർത്ഥ വിചാരം തുടങ്ങിയവ പുതിയ അർത്ഥ പഠനരീതികളാണ്.

## അർത്ഥക്ഷേത്രം (Semantic field)

അർത്ഥവിശകലത്തിനുള്ള ഏകകമായി പ്രസിദ്ധമായിത്തീർന്നതാണ് ലക്സീം (Lexeme). രൂപിമത്തോട് സാദൃശ്യമുള്ളതാണിത്. ലക്സീമിനെ ഡേവിഡ് ക്രിസ്റ്റൽ ഭാഷാശാസ്ത്രം എന്ന ഗ്രന്ഥത്തിൽ നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. A lexeme is the minimal distinctive unit into the semantic system of a language. ഈ നിർവ്വച നമനുസരിച്ച് WALK എന്നതിനെ ലക്സീം ആയും walk, walking, walked തുടങ്ങിയ വയെ അതിന്റെ വ്യാകരണപരമായ വ്യത്യസ്ത രൂപങ്ങളായും പരിഗണിക്കാം. ഒരു ലക്സീമിനെ വിശദീകരിക്കാൻ മറ്റൊരു ലക്സീം നാം ഉപയോഗിക്കുന്നു. ഉദാഹരണ മായി നിഘണ്ടുവിൽ benefit എന്ന ലക്സീം വിശദീകരിക്കുന്നതിന് advantage എന്നൊരു ലക്സീം നാം ഉപയോഗിക്കുന്നു. ഒരു വാക്യത്തിന്റെ ഭാഗമായി ഒരു ലക്സീം പ്രത്യക്ഷപ്പെടുമ്പോൾ അതിനെ ചുറ്റിപ്പറ്റി ഒരു വലയുണ്ട്. ഈ വലരൂപത്തിലുള്ള ക്രമത്തെ വിശദീകരിക്കാൻ ഉപയോഗിക്കുന്നത് അർത്ഥക്ഷേത്രം എന്നൊരു സങ്കല്പ നമാണ്. ഒന്നു മറ്റൊന്നുമായി ഒരു പ്രത്യേക ക്രമത്തിൽ ബന്ധപ്പെട്ടു കിടക്കുന്ന ലക്സീ മുകളുടെ ഒരു അർത്ഥമേഖലയാണ് ഓരോ ഭാഷയുടെയും പദസമ്പത്ത്. ഇതിൽത്തന്നെ മേഖല തിരിച്ചുള്ള പഠനങ്ങൾ സാധ്യമാണ്. ലക്സീമുകളുടെ ഗണത്തെ കണ്ടെത്തുക, വിവിധ ഭാഷകളിലെ ലക്സീമുകളുടെ ഗണങ്ങളെ താരതമ്യം ചെയ്യുക, വ്യത്യസ്ത കാലഘട്ടങ്ങളിലെയോ പ്രദേശങ്ങളിലെയോ ലക്സീമുകളെ പഠനവിധേയമാക്കുക എന്നിവ ഈ മേഖലയിലെ പ്രവർത്തനങ്ങളാണ്.

## അർത്ഥ പരിണാമം

അർത്ഥം ആശയലോകവുമായി ബന്ധപ്പെട്ടതാണ്. ആശയലോകം അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. പഴയ ആശയങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുക, പുതിയ ആശയങ്ങൾ ഉണ്ടാവുക, പഴയ ആശയങ്ങൾ സാഹചര്യ വ്യത്യാസം മൂലം പുതിയ ആശയങ്ങളായി മാറുക എന്നിവ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നു. പദങ്ങളുടെ അർത്ഥം ദേശകാലഭേദമനുസരിച്ച് മാറിവരും. അതിനാൽ ഈ പദത്തിന് ഈ അർത്ഥം

എന്നത് താൽക്കാലികം മാത്രമാണ്. ഓരോ അർത്ഥമാറ്റത്തിന്റെയും പിറകിൽ സാമൂഹികമോ സാംസ്കാരികമോ ആയ ഒരു ചരിത്രം ഉണ്ടായിരിക്കും. അർത്ഥപരിണാമ ഹേതുക്കൾ താഴെ പറയുന്നവയാണ്.

1. **പ്രയത്നലാഘവം:** അനൗപചാരിക ഭാഷണത്തിൽ ഉച്ചാരണസ്പഷ്ടത കുറവാണ്. ഉച്ചാരണത്തിലെ പ്രയത്നലാഘവം കൊണ്ട് അർത്ഥപരിണാമം സംഭവിക്കാം.

2. **സമീപസ്വനങ്ങളുടെ സ്വാധീനം** : ദ്രുതഭാഷണത്തിൽ അടുത്തടുത്തുള്ള സ്വനങ്ങൾ പരസ്പരം സ്വാധീനിച്ചേക്കും. തമിഴിലെയും മലയാളത്തിലെയും വാമൊഴിയിൽ ഇ>എ, ഉ>ഒ പരിണാമം സംഭവിച്ചത് ഇതിനുദാഹരണമാണ്.

3. **സവർണനം** : സന്ധിയിൽ സ്വനങ്ങൾക്ക് സംഭവിക്കുന്ന മാറ്റമാണിത്. സമീപസ്വനങ്ങളുടെ സ്വഭാവങ്ങൾ സന്ധിയിൽ മാറാറുണ്ട്. മലയാളത്തിൽ അനുനാസികാതിപ്രസരവും താലവ്യാദേശവും സന്ധിയിൽ സംഭവിക്കുന്ന സവർണനങ്ങളാണ്.

4. **സദൃശകല്പന** : രൂപിമം, പദം, പദബന്ധം എന്നിവയെ നിലവിലുള്ള രൂപങ്ങൾക്ക് സമാനമായി, കൃത്രിമമായി പരിഷ്ക്കരിക്കുകയോ പുതിയ രൂപങ്ങൾ സൃഷ്ടിക്കുകയോ ചെയ്യുന്നതിനെ സദൃശകല്പന എന്ന് പറയുന്നു. 'ഒരുത്തി' എന്ന പദത്തിന് സമാനമായി പുല്ലിംഗരൂപമായ 'ഒരുത്തൻ' ഭാഷയിൽ വന്നത് സദൃശകല്പനകൊണ്ടാണ്. 'ആൻ' എന്ന പുല്ലിംഗപ്രത്യയം കൃത്രിമമായി സൃഷ്ടിച്ചതാണ്.

5. **ആദാനം** : വ്യത്യസ്ത ഭാഷാസമൂഹങ്ങൾ സമ്പർക്കം മുഖേന പരസ്പരം സ്വാധീനിക്കും. അതിന്റെ ഫലമായി ഒരു ഭാഷയിലേക്ക് അന്യഭാഷാമൂലകങ്ങൾ വന്നുചേരും. ഈ പ്രക്രിയയെ ആദാനം എന്നു പറയുന്നു. ആദാനം എന്നാൽ സ്വീകരിക്കൽ എന്നർത്ഥം. അന്യഭാഷയിൽ നിന്ന് സ്വീകരിച്ച പദങ്ങളെ പരകീയപദങ്ങൾ എന്ന് പറയും. അന്യഭാഷയിലെ പദങ്ങളെ രൂപഭേദം വരുത്താതെ സ്വീകരിക്കുന്ന തത്സമങ്ങൾ, അന്യഭാഷാപദങ്ങളിലെ ആശയം സ്വകീയപദങ്ങളിൽ ആരോപിച്ചുണ്ടാക്കുന്ന ആഗതാർത്ഥപരിവൃത്തി, പരകീയ പദങ്ങളെ വിവർത്തനം ചെയ്ത് പുതിയ പദഘടനകൾ ഉണ്ടാക്കുന്ന ആഗതപരിഭാഷ, സമസ്തപദത്തിന്റെ ഒരു ഭാഗം പരകീയവും ബാക്കി ഭാഗം സ്വകീയവുമാക്കിയുള്ള മിശ്രിതരൂപങ്ങളായ ആഗതമിശ്രം എന്നിവയെല്ലാം ഈ വകുപ്പിൽ പെടും. ആദാനം കൊണ്ട് ഭാഷാപരിണാമങ്ങൾ സംഭവിക്കും.

6. **ഘടനാസമ്മർദ്ദം** : ഒരു ഭാഷയിലെ സാമാന്യവ്യവസ്ഥയ്ക്ക് പൊരുത്തപ്പെടുന്ന രീതിയിൽ മാറുന്നതിനെ ഘടനാസമ്മർദ്ദം എന്നു പറയുന്നു. സ്വാഭാവിക

ഘടനയുടെ സമ്മർദ്ദം മൂലം അപവാദരൂപങ്ങൾ സാമാന്യഘടനയായി മാറുന്നു. സംസ്കൃത സ്വാധീനത്താൽ മലയാളത്തിൽ പദഘടനയിൽ മാറ്റം സംഭവിച്ചിട്ടുണ്ട്.

## പ്രധാനപ്പെട്ട അർത്ഥപരിണാമങ്ങൾ

1. **അർത്ഥവികാസം (Widening)** : മൂലാർത്ഥം വികസിച്ച് പുതിയ അർത്ഥമുണ്ടാകുന്നതാണ് അർത്ഥവികാസം. കാശ്, ചക്രം, പണം, രൂപ മുതലായവ നാണയങ്ങളുടെ പേരുകളാണ്. എന്നാൽ ഇവ ഇന്ന് 'സമ്പത്ത്' എന്ന അർത്ഥത്തിൽ പൊതുവായി ഉപയോഗിക്കുന്നു.

2. **അർത്ഥസങ്കോചം (Narrowing)** : വിപുലമായ അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന ഒരു പദം ചുരുങ്ങിയ ഒരു അർത്ഥത്തിൽ മാത്രം ഉപയോഗിക്കുവാൻ തുടങ്ങുമ്പോൾ അർത്ഥസങ്കോചം സംഭവിക്കുന്നു. ഉദാ : കല്യാണം എന്നാൽ ഏതു മംഗളകർമ്മവുമാകാം. എന്നാൽ ഇന്ന് വിവാഹം എന്ന ഒരർത്ഥത്തിലേക്ക് ചുരുങ്ങി. കൗരവർ എന്ന പദം മറ്റൊരു ഉദാഹരണമാണ്.

3. **അർത്ഥോത്ക്കർഷം (Elevation)** : ഒരാശയം കുറിക്കുന്ന പദം അതിനേക്കാൾ ഉൽകൃഷ്ടവും സദൃശവുമായ മറ്റൊരാശയം കുറിക്കുന്നതിന് ഉപയോഗിച്ചാൽ അർത്ഥോത്ക്കർഷം സംഭവിക്കുന്നു. ഉദാ : 'ഭസ്മം' എന്നതിന് ചാരം എന്ന അർത്ഥം മാത്രമാണുണ്ടായിരുന്നത്. ഇന്നത് ദൈവവുമായി ബന്ധപ്പെടുത്തി ഉന്നതഗുണമുള്ള വസ്തുവായി മാറി.

4. **അർത്ഥാപകർഷം (Degeneration)** : അർത്ഥോത്ക്കർഷത്തിന് നേരെ വിപരീതമാണിത്. ഒരു കാലത്ത് വലിയ മാളികയെക്കുറിച്ചിരുന്ന 'മാടം' ഇന്ന് മലയാളത്തിൽ ചെറിയ കുടിലിനെ കുറിക്കുന്നു.

5. **അർത്ഥാദേശം (Transferance)** : പുതിയ അർത്ഥങ്ങൾ ഇവിടെ വന്നുചേരുന്നു. 'പാവാട' എന്നതിന് 'വിരിക്കുന്ന തുണി' എന്നായിരുന്നു അർത്ഥം. ഇപ്പോഴത് ഒരു വസ്ത്രത്തിന്റെ പേരായി. അതുപോലെ 'കോടതി' എന്നർത്ഥമുള്ള 'കച്ചേരി'യ്ക്ക് മറ്റൊരർത്ഥവും വന്നു ചേർന്നു.

6. **അർത്ഥസാദൃശ്യം (Metaphor)** : ആലങ്കാരികമായി സാദൃശ്യമുള്ള അർത്ഥം വരുന്നതിന് അർത്ഥസാദൃശ്യം എന്ന് പറയുന്നു. പൊന്ന്, മുള്ള്, മധുരം എന്നിവയുടെ മൂലാർത്ഥമല്ല പൊന്നോമന, മുള്ളുവാക്ക്, മധുരപ്പതിനേഴ് മുതലായവയിൽ കാണുന്നത്. ഇവിടെ ഈ പദങ്ങൾ ആലങ്കാരിക സാദൃശ്യത്തിന് ഉദാഹരണങ്ങളാണ്.

7. **അർത്ഥസാമിപ്യം (Metonymy)** : സാമിപ്യം കൊണ്ട് അർത്ഥം

ലഭിക്കുന്നതാണിത്. മുഖത്തിന്റെ ഒരു ഭാഗമാണ് താടി. എന്നാൽ ഇതിന് താടിയിൽ നീണ്ടുവരുന്ന രോമം എന്നൊരു അർത്ഥമുണ്ട്. ഈ അർത്ഥം സാമിപ്യം കൊണ്ട് സിദ്ധിച്ചതാണ്.

8. **അർത്ഥാതിശയം (Litotes)** : 'ദീനം' എന്നതിന് സാധാരണ അസുഖമെന്നേ അർത്ഥമുള്ളൂ. അത്യന്തം ഭീകരമായ മസൂരി രോഗത്തെ കുറിക്കാൻ ഉപയോഗിക്കുമ്പോൾ അതിന്റെ അർത്ഥത്തിന് അതിശയം സംഭവിക്കുന്നു.

9. **അർത്ഥന്യൂനം (Hyperbole)** : മാന്യനല്ലാത്ത ഒരാളെ 'മാന്യൻ' എന്നോ, മിടുക്കനല്ലാത്ത ഒരാളെ 'മിടുക്കൻ' എന്നോ വിശേഷിപ്പിക്കുമ്പോൾ അർത്ഥത്തിന് ന്യൂനത സംഭവിക്കുന്നു.

## അർത്ഥവും സമൂഹവും

ഗ്രീക്കുഭാഷയിൽ യഥാക്രമം ചിഹ്നം, സൂചിപ്പിക്കുക, അടയാളപ്പെടുത്തുക എന്നീ അർത്ഥങ്ങളുള്ള സെമ (നാമം) സെമൈൻസ് (ക്രിയ) എന്നീ പദങ്ങളോട് ബന്ധപ്പെട്ട ഇംഗ്ലീഷ് സംജ്ഞയാണ് Semantics. പൂവും കായുമില്ലാത്ത മരമാണ് നിരർത്ഥക ഭാഷണമെന്ന് ഋഗ്വേദം പറയുന്നു. വാക്കിന്റെ പൂവും കായുമാണ് അർത്ഥം. അർത്ഥമാണ് ഭാഷാപഗ്രഥനത്തിൽ പരമപ്രധാനം എന്ന നിലപാടിന് അർത്ഥപ്രാധാന്യവാദം എന്നു പറയും. വാർത്താനിവേദനം, അഭിവ്യഞ്ജകം, നിയോജകം,സൗന്ദര്യാത്മകം, സാമാജികം എന്നിങ്ങനെ 5 ധർമ്മങ്ങൾ ഭാഷയ്ക്കുണ്ട്. സമൂഹബന്ധം ഉണ്ടാക്കാനും നിലനിർത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള ഭാഷാധർമ്മമാണ് സാമാജിക ധർമ്മം. 'സുഖമല്ലേ', 'നാട്ടിൽ മഴയെങ്ങനെ', 'എന്തൊക്കെ വിശേഷങ്ങൾ' തുടങ്ങിയവ എന്തെങ്കിലും അറിയാനോ അറിയിക്കാനോ ഭാവമാവിഷ്കരിക്കാനോ അല്ല. മറിച്ച് മിണ്ടുന്നതിനുവേണ്ടിയുള്ള മിണ്ടലാണ്. സാഹചര്യമാണ് വാർത്താനിവേദന ത്തിനപ്പുറത്ത് വല്ല ധർമ്മവും ഭാഷാപ്രയോഗത്തിനുണ്ടോ എന്നു നിർണ്ണയിക്കുന്നത്. വക്താവിന്റെയും ശ്രോതാവിന്റെയും സാഹചര്യത്തിന്റെയും സവിശേഷത മൂലം സവിശേഷമായ അർത്ഥച്ഛായകൾ കലർന്നുവരാം. ചില പദങ്ങളുടെ വിവക്ഷ പലർക്കും പലതാകാം. അങ്ങനെ സ്നേഹത്തോടെ വിളിക്കുന്ന അണ്ണാച്ചി തമിഴിൽ ആദരസൂചകമാണ്. കേരളത്തിൽ അത് തമിഴനുള്ള അവമതിപ്പേരായി. അനിഷ്ടാർത്ഥം വന്നുകൂടിയാൽ മാന്യ വ്യവഹാരത്തിൽ അതൊഴിവാക്കും. അല്ലെങ്കിൽ മാറ്റിപ്പറയും.

വ്യക്തിജീവിതത്തിൽ അഭിധേയാർത്ഥത്തിന് അപചയം സംഭവിക്കുക മരണം, രോഗം, കുറ്റകൃത്യം, പാപം, നിഷ്ദ്ധം, രതി, ഗുഹ്യസ്ഥാനം, വിസർജനക്രിയ ഇവയുമായി ബന്ധപ്പെട്ട പദങ്ങൾക്കാണ്. പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് പദങ്ങൾ ഭംഗിപ്പെടുത്തി പറയുന്നു. അർത്ഥാപചയത്തെ മായ്ക്കാനും, അർത്ഥോൽക്കർഷം വരുത്താനും സമൂഹം പരിശ്രമം നടത്തുന്നു. പരസ്യതന്ത്രത്തിലൊന്ന് ഭാഷ ഉൽക്കർഷപ്പെടുത്തലാണ്. കൂട്ടുകാർ കണ്ടുമുട്ടുമ്പോൾ തമാശ പറയുന്നതുപോലും

സാമാജിക ധർമ്മനിർവ്വഹണത്തിനാണ്. പൊതുയോഗച്ചടങ്ങുകളിൽ സാമാജിക ധർമ്മത്തിന്റെ പങ്ക് വളരെയാണ്. വികാരം ചിന്തയെ കീഴ്പ്പെടുത്താത്ത അവസ്ഥയിൽ അഭിധേയാർത്ഥത്തിനായിരിക്കും മുൻതൂക്കം.

## പര്യായങ്ങൾ

വെവ്വേറെ രൂപത്തിന് ഒരേ അർത്ഥം. ഇതാണ് അർത്ഥസമത. ഇത്തരം രൂപങ്ങളാണ് പര്യായങ്ങൾ. പര്യായങ്ങളുടെ അർത്ഥപ്രതിനിധാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന നിയമങ്ങൾ ഉണ്ടായിരിക്കും. ഇത്തരം നിയമങ്ങളിൽ ഒന്നാണ് അന്തർഹിത നിയമം. മരം – വൃക്ഷം, ശാഖ, ആന – കരി, ഗജം, കളഭം മുതലായവ പര്യായങ്ങൾ ആണ്. എന്നാൽ നൂറു ശതമാനവും പര്യായമായ പദങ്ങൾ ഒരു ഭാഷയിലും ഇല്ലെന്ന് ചില ഭാഷാശാസ്ത്രകാരന്മാർ പറയുന്നു. മരവും വൃക്ഷവും പര്യായങ്ങളാണ്. എന്നാൽ 'മരത്തലയൻ' എന്നതിനു പകരം വൃക്ഷത്തലയൻ എന്ന് പറയാറില്ല. ഇങ്ങനെ നോക്കുമ്പോൾ ശരിയായ പര്യായപദങ്ങൾ ഒരു ഭാഷയിലും ഇല്ലെന്നു വരും. അതുകൊണ്ട് അർത്ഥം ഏകദേശം തുല്യമായാൽ പര്യായങ്ങളായി കണക്കാക്കും.

## നാനാർത്ഥം

ചില പദങ്ങൾക്ക് ഒന്നിലധികം അർത്ഥം കാണും. ഇവയ്ക്ക് നാനാർത്ഥം (polisemy) എന്ന് പറയും. ഉദാ : കൊമ്പ് (മരത്തിന്റെ കൊമ്പ്, വാദ്യോപകരണം), കര (മുണ്ടിന്റെ കര, പുഴയുടെ കര), അരി (നെല്ലിന്റെ അരി, ശത്രു) ഇവയ്ക്ക് സമരൂപങ്ങൾ (Homonyms) എന്ന് പറയും. നാനാർത്ഥ പദങ്ങളും സമരൂപപദങ്ങളും ഒന്നായിട്ടാണ് പരമ്പരാഗത വൈയാകരണന്മാർ കണക്കാക്കിയിരുന്നത്. എന്നാൽ അവ രണ്ടും രണ്ടാണ്. നാനാർത്ഥമെന്ന് പറയുമ്പോൾ പലേ അർത്ഥം വരുന്നത് ഒരേ പദത്തിനു തന്നെയാണ്. പദത്തിന്റെ അർത്ഥങ്ങൾ കുറിക്കുന്ന വസ്തുക്കൾ രൂപം കൊണ്ടോ പ്രയോഗം കൊണ്ടോ മറ്റോ സദൃശ്യങ്ങളാണെങ്കിൽ പദം നാനാർത്ഥകം. അല്ലെങ്കിൽ സമരൂപകം. മരത്തിന്റെ കൊമ്പും വാദ്യാപകരണമായ കൊമ്പും വളഞ്ഞിരിക്കുന്നതിനാൽ രൂപസാദൃശ്യമുണ്ട്. അതിനാൽ നാനാർത്ഥമാകുന്നു. എന്നാൽ നെല്ലിന്റെ 'അരി' മലയാളമാണ്. ശത്രു എന്ന അർത്ഥത്തിലുള്ള 'അരി' സംസ്കൃത പദമാണ്. ഇവയ്ക്ക് തമ്മിൽ ഉത്പത്തിപരമായി ബന്ധമൊന്നുമില്ല. അതിനാൽ ഇവ രണ്ടു പദങ്ങൾ ആകുന്നു. എന്നാൽ എന്തുകൊണ്ടോ യാദൃശ്ചികമായി ഇവയ്ക്ക് ഒരേ രൂപം കാണുന്നു. അതിനാൽ ഇവ സമരൂപികളായ വ്യത്യസ്തപദങ്ങളാണ്.

## വിപരീതാർത്ഥത (Antonym)

ഒന്നിന്റെ 'ഉണ്മ' മറ്റൊന്നിന്റെ ഇല്ലായ്മയെ കുറിക്കുന്ന ബന്ധമാണിത്. വളരെ വലിയ, അൽപം ചെറിയ തുടങ്ങിയ ശ്രേണീകരണ (gradation) സാധ്യത ഇതിന്റെ

സവിശേഷതയാണ്. വിപരീതത്വം, വിലോമത എന്നിങ്ങനെയും ഇവ അറിയപ്പെടുന്നു. അർത്ഥ വൈപരീത്യം മൂന്നു തരമുണ്ട്.

(1) പൂരകത (complementarity)

ഉദാ : ഗോപി വിവാഹിതനാണ് = ഗോപി അവിവാഹിതനല്ല.

(2) വൈരുധ്യം (Antonymy)

ഇതിന്റെ സവിശേഷ ലക്ഷണമാണ് ശ്രേണീകരണക്ഷമത (gradability). അല്പം നന്ന്, കുറച്ചുകൂടി നന്ന് എന്നൊക്കെ പറയാം.

ഉദാ : എന്റെ വീട് വലുതായി എന്നു പറഞ്ഞാൽ എന്റെ വീട് മുമ്പ് ഇപ്പോഴത്തേതിലും ചെറുതായിരുന്നു എന്നർത്ഥം.

നന്ന്/നല്ലത് x ചീത്ത

വലുത് x ചെറുത്

(3) പ്രതിലോമത (conversness)

ഉദാ : വിൽക്കുക x വാങ്ങുക

തോൽക്കുക x ജയിക്കുക

വരുക x പോവുക

## സാങ്കേതിക പദനിർമ്മാണം

ശാസ്ത്രസാങ്കേതിക വിദ്യകളും എല്ലാ മാനവിക വിഷയങ്ങളും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ലോകവ്യാപകമായി ഉയർന്നുവരുന്ന ജ്ഞാനസംബന്ധമായ രൂപങ്ങളും പദങ്ങളും നമുക്ക് ലഭിക്കുന്നത് ഇംഗ്ലീഷ് ഭാഷയിലൂടെയാണ്. ഇങ്ങനെ ലഭിക്കുന്ന ഇംഗ്ലീഷ് പദങ്ങൾക്ക് തത്തുല്യമായ പദങ്ങൾ കണ്ടെത്തുക, സാങ്കേതിക പദനിർമ്മാണം കൊണ്ട് ഉദ്ദേശിക്കുന്നു. മലയാളഭാഷ സമ്പന്നമാകാൻ ഏറ്റവും പുതിയ പദങ്ങൾ കൂടി മലയാളത്തിന്റെ ഭാഗമായിത്തീരേണ്ടതുണ്ട്. കമ്മീഷൻ ഫോർ സയന്റിഫിക് ആന്റ് ടെക്നോളജിക്കൽ ടെർമിനോളജി (CDTT) എന്ന സ്ഥാപനം ഇന്ത്യൻ ഭാഷകളെ വിദ്യാഭ്യാസത്തിനും ഉന്നതപഠനത്തിനും പ്രയോഗസജ്ജമാക്കാൻ വേണ്ടി പ്രവർത്തിക്കുന്നു. ഉന്നതവിദ്യാഭ്യാസം മാതൃഭാഷയിലാക്കാൻ സഹായിക്കുന്ന പദകോശങ്ങളും

നിഘണ്ടുക്കളും നിർവ്വചന നിഘണ്ടുക്കളും നിർമ്മിക്കാൻ ഈ സ്ഥാപനം സഹായിക്കുന്നു. ഓരോ ഭാഷയും സമ്പന്നമാകുന്നത് വികസിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനസമ്പത്ത് സ്വായത്തമാക്കുമ്പോഴാണ്.

വ്യവഹാരത്തിന്റെ ആധിക്യം കൊണ്ട് അഭിവൃദ്ധിയുണ്ടാകുമ്പോൾ മാറ്റങ്ങളും മറിച്ചിലുകളും നേരിടുന്നു. ഭാഷയുടെ വളർച്ചയ്ക്കനുസരിച്ചും പ്രവക്താവിന്റെ അറിവും ആവശ്യകതയും അനുസരിച്ചും പദഗതങ്ങളായ സങ്കേതങ്ങൾക്ക് വിവിധങ്ങളായ പരിണാമങ്ങൾ ലബ്ധപ്രതിഷ്ഠങ്ങളാകുന്നു.

## മൊഡ്യൂൾ 3

# സാമൂഹിക ഭാഷാശാസ്ത്രം

സമൂഹവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഭാഷാശാസ്ത്രശാഖയാണ് സാമൂഹിക ഭാഷാശാസ്ത്രം. സമൂഹവിജ്ഞാനമായും (sociology) നരവംശശാസ്ത്രമായും (Anthropology), സമൂഹമനഃശാസ്ത്രമായും (Social Psychology) ഈ പഠനശാഖ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഭാഷാഘടനയ്ക്ക് സമൂഹവിശദീകരണങ്ങൾ തേടിക്കൊണ്ടാണ് ഈ ശാഖ പുരോഗമിച്ചത്. ദേശം, സാമൂഹികപദവി എന്നിവയനുസരിച്ച് ഭാഷ മാറിക്കൊണ്ടിരിക്കുന്നു. ദേശത്തിനനുസരിച്ചാണെങ്കിൽ അതിനെ ദേശഭാഷാ എന്നും പദവിയനുസരിച്ചാണെങ്കിൽ അതിനെ സാമൂഹികഭാഷാഭേദം എന്നും പറയുന്നു. സപീർ വോർഫ് സിദ്ധാന്തം സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകുന്നു. സമൂഹത്തിനോ ഭാഷയ്ക്കോ കൊടുക്കുന്ന പ്രാധാന്യമനുസരിച്ച് സമൂഹത്തോട് ബന്ധപ്പെട്ടു കിടക്കുന്ന ഭാഷാശാസ്ത്രപഠനങ്ങളെ സാമൂഹിക ഭാഷാവിജ്ഞാനം, ഭാഷയുടെ സാമൂഹിക വിജ്ഞാനം എന്നിങ്ങനെ തരം തിരിക്കുന്നു. സാമൂഹിക ഘടന ഭാഷയിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചാണ് ആദ്യവിഭാഗം പ്രതിപാദിക്കുന്നതെങ്കിൽ ഭാഷാപ്രശ്നങ്ങൾ ഭാഷാസൂത്രണം എന്നിവ രണ്ടാമത്തെ വിഭാഗത്തിന്റെ പരിധിയിൽപ്പെടുന്നു. ഭാഷാഭേദവിജ്ഞാനവും സാമൂഹികഭാഷാവിജ്ഞാനവും പരസ്പരാശ്രിതങ്ങളാണ്.

### സാമൂഹികഭാഷാവിജ്ഞാനവും ഭാഷാഭേദവിജ്ഞാനവും അന്തരങ്ങൾ

| ഭാഷാഭേദവിജ്ഞാനം | സാമൂഹിക ഭാഷാവിജ്ഞാനം |
|---|---|
| 1. ഗ്രാമീണ മധ്യവയസ്കരായ ആവേദകരെ ആശ്രയിക്കുന്നു. | 1. ഭാഷയുടെ വൈവിധ്യത്തിൽ ഊന്നുന്നു. |
| 2. ആവേദകരിൽ നിന്ന് ലഭിച്ച വിശദീകരിക്കാനാവാത്ത പരിവർത്തനങ്ങൾ അവഗണിക്കുന്നു. | 2. വ്യതിയാന കാരണങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നു. ഉദാ : ചത്തു, മരിച്ചു, [illegible], അന്തരിച്ചു. |
| 3. ഭാഷണസ്വഭാവത്തിൽ കേന്ദ്രീകരിക്കുന്നില്ല. | 3. സ്വന്തം സംഭാഷണത്തിൽ വ്യക്തി ഏറ്റവും കുറച്ചു ശ്രദ്ധപതിപ്പിക്കുമ്പോഴുണ്ടാകുന്ന സ്വാഭാവിക ഭാഷണത്തിൽ ഊന്നുന്നു. |
| 4. ശൈലീ വ്യതിയാനങ്ങളിൽ ശ്രദ്ധിക്കുന്നില്ല. | 4. സ്വാഭാവിക ഭാഷണത്തോടൊപ്പം ആകസ്മിക ഭാഷണം, സശ്രദ്ധഭാഷണം ഇവയിൽ ഊന്നുന്നു. |
| 5. ഭാഷയിലെ പ്രാദേശികഭേദങ്ങൾക്ക് പ്രാധാന്യം നൽകുന്നു. | 5. ഭാഷണസന്ദർഭം, ഭാഷണശൈലി എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുന്നു. |

| | |
|---|---|
| 6. ഗവേഷണം നടത്തുന്ന സ്ഥലങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് കൃത്യത നേടുന്നു. | 6. ആവേദകരുടെ എണ്ണം വർദ്ധിപ്പിച്ച് കൃത്യത നേടുന്നു. |
| 7. സ്ഥിതിവിവര കണക്കുകളെ ആശ്രയിക്കുന്നു. | 7. മറ്റു പദ്ധതികളെ ആശ്രയിക്കുന്നില്ല. |
| 8. ഭാഷാശാസ്ത്രചരങ്ങളെ പരിഗണിക്കുന്നില്ല. | 8. അവയെ കണ്ടുപിടിച്ച് സാമൂഹിക ഘടകങ്ങളുമായി ബന്ധിപ്പിക്കുന്നു. |
| 9. വിവരണാത്മക വ്യാകരണം ഉപയോഗിക്കുന്നു. | 9. തനതായ വ്യാകരണപദ്ധതിയുണ്ട്. |
| 10. നിലവിലുള്ള ഭാഷാ പരിണാമങ്ങൾ പരിശോധിക്കുന്നു. | 10. ഭാഷാപരിണാമഗതിയിൽ ശ്രദ്ധിക്കുന്നു. |
| 11. ആവേദകരെ പരീക്ഷണശാലകളിൽ എത്തിക്കുന്നു. | 11. ആവേദകരെ തേടി അവരുടെ സ്വാഭാവിക താവളങ്ങളിലെത്തുന്നു. |
| 12. ഉപരിതലസ്പർശിയായ ഗവേഷണരീതി | 12. അഗാധതലസ്പർശിയായ ഗവേഷണരീതി |

1876-ൽ ജോർജ്ജ് വെങ്കർ ആണ് ഭാഷാഭേദപഠനങ്ങൾ ആരംഭിച്ചത്. 1964-ൽ കാലിഫോർണിയ സർവ്വകലാശാലയിൽ നടന്ന സെമിനാറിൽ വില്യം ബ്രൈറ്റ് അവതരിപ്പിച്ച പ്രബന്ധത്തിൽ സാമുഹികഭാഷാ വിജ്ഞാനത്തിന്റെ 7 മാനങ്ങൾ വിവരിക്കുന്നു.

1. വക്താവിന്റെ സാമൂഹിക വ്യക്തിത്വം
2. ശ്രോതാവിന്റെ സാമൂഹിക വ്യക്തിത്വം
3. ഭാഷണം നടക്കുന്ന ചുറ്റുപാട്
4. സാമൂഹിക ഭാഷാഭേദങ്ങളുടെ ഏകകാലിക ബഹുകാലിക അപഗ്രഥനം
5. ഭാഷയെക്കുറിച്ചുള്ള വക്താവിന്റെ വിലയിരുത്തൽ
6. ഭാഷാഭേദവ്യതിയാനങ്ങളുടെ വ്യാപ്തി

7. സാമൂഹികഭാഷാവിജ്ഞാനത്തിന്റെ പ്രയുക്തത.

വില്യം ലബോവ് നടത്തിയ സാമൂഹിക ഭാഷാവിജ്ഞാന പഠനവും ശ്രദ്ധേയമാണ്. അനൗപചാരിക ഭാഷണം, സശ്രദ്ധഭാഷണം, വായനാശൈലി, അല്പവ്യത്യയജോഡികൾ, സമൂഹത്തിന്റെ വിവിധ തട്ടിലുള്ളവർ പദങ്ങളെ എങ്ങനെ ഉച്ചരിക്കുന്നു എന്നിങ്ങനെയുള്ള വിവിധ കാര്യങ്ങൾ ലബോവ് പഠനവിധേയമാക്കി. സംസ്കാരത്തോടും സമൂഹത്തോടും ബന്ധപ്പെടുത്തി ഭാഷയെക്കുറിച്ച് പഠിക്കുന്നതാണ് സാമൂഹിക ഭാഷാശാസ്ത്രം. സാമൂഹിക ഭാഷാശാസ്ത്രപഠനത്തിന് നിയതമായ ഒരു രീതിയും ഇനിയും ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. ചോദ്യാവലികളും അഭിമുഖ സംഭാഷണങ്ങളും നേരിട്ടുള്ള നിരീക്ഷണവുമൊക്കെ ഇതിനായി ഉപയോഗപ്പെടുത്തുന്നു. സാമൂഹികഭാഷാശാസ്ത്രത്തിന്റെ പരമലക്ഷ്യം ഓരോ ജനവിഭാഗവും സ്വന്തമായി സ്വീകരിക്കുന്ന ഭാഷാഭേദങ്ങൾക്ക് നിയമപരമായ സാമൂഹികാംശങ്ങളെ കണ്ടെത്തുകയാണ്. കൂടാതെ ഓരോ പ്രത്യേക വിഭാഗങ്ങളുടെയും ഭാഷ, ഭാഷാഭേദങ്ങൾ, ഭാഷാരീതികൾ, അപഭ്രംശങ്ങൾ എന്നിവ എങ്ങനെ പ്രകടമാകുന്നുവെന്നും ഔപചാരികവും അനൗപചാരികവുമായ ഭാഷ, ഭരണഭാഷ, ഭാഷാസ്വീകരണത്തിൽ കടന്നുകൂടാറുള്ള സാംസ്കാരിക മൂല്യങ്ങളെപ്പറ്റിയുള്ള പൊതുപരിഗണനയിൽ നിന്നുണ്ടാകുന്ന ഭാഷ ഇവയെല്ലാം ഇതിന്റെ പരിധിയിൽ വരുന്നു.

## ഭാഷയും സമൂഹവും

സമൂഹജീവിയായ മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ആശയവിനിമയ ഉപാധിയാണ് ഭാഷ. ഭാഷയുടെ പരമപ്രാധാന്യം കൊണ്ടുതന്നെ അത് സമൂഹത്തിൽ, വിവിധ തരത്തിൽ, വ്യത്യസ്ത രൂപങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. പാരിസ്ഥിതിക സാഹചര്യങ്ങളും ഉപജീവനമാർഗ്ഗങ്ങളും ജീവിതരീതികളും ഇവയിൽ നിന്നുരിത്തിരിഞ്ഞ സംസ്കാരവുമാണ് ഓരോയിടത്തെയും ഭാഷയുടെ സ്വഭാവത്തെ നിർണ്ണയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ അവയ്ക്കുള്ള സാമൂഹികബന്ധം സുവ്യക്തമാണ്. സമൂഹത്തിൽ നിന്ന് ഭാഷയോ ഭാഷയിൽ നിന്ന് സമൂഹത്തെയോ മാറ്റി നിറുത്താൻ കഴിയില്ല. ഭാഷയ്ക്ക് ദേശംതോറും സമുദായം തോറും ഉണ്ടായിവരുന്നതും ഈ സാമൂഹ്യബന്ധത്തിന്റെ സവിശേഷത കൊണ്ടാണ്. ആയിരക്കണക്കിന് ഭാഷകൾ ലോകത്ത് സംസാരിക്കപ്പെടുന്നു എന്നു പറയുന്നതിന്റെ അടിസ്ഥാനം അതിന്റെ സാമൂഹിക സാംസ്കാരിക ബന്ധവും വൈവിധ്യവും അല്ലാതെ മറ്റൊന്നല്ല. സംസ്കാരം ഭാഷയേയും ഭാഷ സംസ്കാരത്തേയും സൃഷ്ടിക്കുന്നു. ഇത് പരസ്പര പൂരകങ്ങളാണ്. ലോകത്തിന്റെ ഇന്നത്തെ മുഖംതന്നെ ഭാഷയുടെ സൃഷ്ടിയാണ്.

## ഭാഷണസമൂഹങ്ങൾ

ഒരേ ഭാഷ സംസാരിക്കുന്നവരാണ് ഒരേ ഭാഷണസമൂഹത്തിലെ അംഗങ്ങൾ. എന്നാൽ ഒരേ ഭാഷ സംസാരിക്കുന്നു എന്നതുകൊണ്ടു മാത്രം രണ്ടുപേർ ഒരേ ഭാഷണ സമൂഹത്തിലെ അംഗങ്ങൾ ആയിക്കൊള്ളണമെന്നില്ല. സാമൂഹികവും സാംസ്കാരികവുമായി യാതൊരു സാമ്യമില്ലാത്തവരും ഇതനുസരിച്ച് ഒരേ ഭാഷണസമൂഹത്തിൽ ഉൾപ്പെടുന്നു. സംസാരിക്കുന്ന ഭാഷ എന്നതിലുപരി മനുഷ്യർ

തമ്മിലുള്ള ആശയവിനിമയത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നിർവ്വചനമാണ് മറ്റു ചിലർ ഭാഷണസമൂഹത്തിനു നൽകിയിരിക്കുന്നത്. ചിലരാകട്ടെ ഭാഷാപരമായും സാമൂഹികമായും ചില പ്രത്യേക സ്വഭാവവിശേഷങ്ങളുള്ള സമൂഹങ്ങളെ ഒരേ ഭാഷണസമൂഹത്തിൽ ഉൾപ്പെടുത്തുന്നു. ചുരുക്കത്തിൽ ഒരേ ഭാഷയും സംസ്ക്കാരവും പങ്കിടുന്നവരെ ഒരേ ഭാഷണ സമൂഹത്തിലെ അംഗങ്ങളായി കരുതാം.

## സാമൂഹികചരങ്ങളും ഭാഷാചരങ്ങളും

സമൂഹത്തിൽ നിലവിലുള്ള എല്ലാവിധ വ്യത്യാസങ്ങളും ഭാഷാപ്രയോഗത്തിൽ പ്രതിഫലിക്കും. മതം, ജാതി, എന്നീ വ്യത്യാസങ്ങൾക്ക് പുറമേ പ്രായം, തൊഴിൽ, ലിംഗം എന്നിവയും ഭാഷണവ്യത്യാസങ്ങൾക്ക് കാരണമാവും. ഭാഷാപ്രയോഗങ്ങളിൽ വ്യത്യാസം ഉണ്ടാക്കുന്ന സാമൂഹികാവസ്ഥകളെ സാമൂഹികചരങ്ങൾ എന്ന് പറയും. സാമൂഹികചരങ്ങളുടെ സ്വഭാവമനുസരിച്ച് ഭാഷാപ്രയോഗത്തിൽ ഉണ്ടാവുന്ന വ്യത്യാസങ്ങളെയെല്ലാം സാമൂഹിക ഭാഷാവിജ്ഞാനം പരിശോധിക്കുന്നു. പത്രഭാഷ, പരസ്യഭാഷ, സാമൂഹിക വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ ഭാഷ, പ്രസംഗഭാഷ, രാഷ്ട്രീയ ഭാഷ, വ്യാപാരികളുടെ ഭാഷ, കോടതിഭാഷ, അനുഷ്ഠാനഭാഷ തുടങ്ങിയവയെല്ലാം സാമൂഹിക ഭാഷാവിജ്ഞാനത്തിലെ പഠനഭാഗങ്ങളാണ്. സാന്ദർഭികഭാഷണം, സാമാജികഭാഷണം, കുടുംബബന്ധ സൂചകപദങ്ങൾ, സർവ്വനാമങ്ങളുടെ പ്രയോഗം, സംബോധനാ രൂപങ്ങൾ, ഭാഷാപ്രയോഗത്തിലെ സ്ത്രീപുരുഷഭേദം, വിലക്കുവാക്കുകൾ എന്നിവയെല്ലാം സാമൂഹികഭാഷാ വിജ്ഞാനത്തിന്റെ പരിധിയിൽപ്പെടുന്നു.

സാമൂഹികചരങ്ങളായ വിദ്യാഭ്യാസം, ജാതി, പ്രായം, സന്ദർഭം തുടങ്ങിയ ഘടകങ്ങളനുസരിച്ച് മാറ്റം വരുന്ന രണ്ടോ അതിൽക്കൂടുതലോ ഭേദങ്ങളുണ്ടാവുന്ന ഭാഷാമാത്രകളെ ഭാഷാശാസ്ത്രചരങ്ങൾ എന്നു പറയുന്നു. ഇതിന് ആദ്യമായി കണ്ടെത്തേണ്ടത് സാമൂഹികഘടകങ്ങളുടെ സ്വാധീനമനുസരിച്ച് മാറിമറിയാവുന്ന ഭാഷാശാസ്ത്ര ഘടകങ്ങളെയാണ്. ഇത്തരം സാമൂഹികചരങ്ങളെ കണ്ടെത്തി വിവിധ ഭാഷണശൈലികളിൽ ഒരു പദത്തിന് എത്രത്തോളം മാറ്റം സംഭവിക്കുന്നുണ്ടെന്ന് വീക്ഷിക്കുക

യാണ് സാമൂഹിക ഭാഷാശാസ്ത്രജ്ഞർ ചെയ്യുന്നത്. ഭാഷാശാസ്ത്രചരങ്ങൾ പല തരത്തിലുണ്ട്. സ്വനപ്രക്രിയാചരങ്ങൾ, പദസഞ്ചയചരങ്ങൾ, വ്യാകരണചരങ്ങൾ. ഭാഷാ ശാസ്ത്രചരങ്ങളുടെ ഭേദങ്ങൾക്ക് അർത്ഥവ്യത്യാസം വന്നാൽ അവ ആ പേരിന് അർഹ തയില്ലാത്തവയായിത്തീരും. ഭരണി എന്ന പദത്തിന്റെ ഉച്ചാരണം ശ്രദ്ധിക്കുക. 'ഭ' എന്ന ചരത്തിന് ഭ, ഫ, ബ, പ എന്നിങ്ങനെ നാലു ചരങ്ങളുണ്ട്. അതായത് ഭരണിയെ ഭര ണി, ഫരണി, ബരണി, പരണി എന്നിങ്ങനെ വ്യത്യസ്തമായി ഉച്ചരിക്കാമെന്നർത്ഥം. എന്നാൽ ഈ നാലു പദങ്ങളും ഒരേ വസ്തുവിനെയാണ് കുറിക്കുന്നത്. വ്യത്യസ്ത വസ്തുവിനെ ആ പദങ്ങൾ കുറിച്ചിരുന്നുവെങ്കിൽ അവ ഭാഷാശാസ്ത്രചരങ്ങൾ ആകു മായിരുന്നില്ല.

## ഭാഷാഭേദവിജ്ഞാനീയം (Dialectology)

ഒരു ഭാഷയ്ക്കുള്ളിൽ പ്രാദേശികവും സാമൂഹികവുമായ കാരണങ്ങൾ കൊണ്ട് ഉച്ചാരണം, വ്യാകരണം, പദം, അർത്ഥം എന്നീ തലങ്ങളിൽ വരുന്ന വ്യത്യാസങ്ങളെ ക്കുറിച്ചു പഠിക്കുന്ന ഭാഷാശാസ്ത്രശാഖയാണ് ഭാഷാഭേദവിജ്ഞാനീയം. പ്രാദേശിക വ്യത്യാസങ്ങൾക്കാണ് ഈ പഠനശാഖ മുൻതൂക്കം നൽകുന്നത്. ഓരോ വ്യക്തിക്കും ഓരോ ഭാഷയുണ്ട്. വ്യക്തിയുടെ ഭാഷയ്ക്ക് വ്യക്തിഭാഷ (ideolect) എന്ന് പറയുന്നു. അനേകം വ്യക്തിഭാഷകൾ ചേർന്നതാണ് ഒരു ഭാഷ. ഒരു ഭാഷ സംസാരിക്കുന്ന വ്യക്തി കളിൽത്തന്നെ ഒരു വിഭാഗത്തിന്റെ ഭാഷയ്ക്ക് മറ്റു വിഭാഗക്കാരുടെ ഭാഷയിലില്ലാത്ത ചില പ്രത്യേകതകൾ കണ്ടെന്നിരിക്കാം. അവരുടെ ഭാഷയ്ക്ക് ഭാഷാഭേദം അല്ലെങ്കിൽ dialect എന്നു പറയും. ദേശം, മതം, ജാതി, ലിംഗം എന്നിവയുടെ വ്യത്യാസം കൊണ്ട് വ്യത്യസ്ത തരത്തിൽ സംസാരിക്കപ്പെടുന്നുണ്ട്. പദതലത്തിലും അർത്ഥതലത്തിലും ഉച്ചാരണതലത്തിലും സംഭവിക്കുന്ന മാറ്റങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നതോടെ ഭാഷണത്തിന്റെ ശൈലിതന്നെ മാറിപ്പോവുകയും ഭാഷയ്ക്കുള്ളിലൊരു ഭാഷ നിർമ്മി ക്കപ്പെടുകയും ചെയ്യുന്നു. സാമൂഹികമായ അംഗീകാരം ഉള്ള ഭാഷയായ പരിനിഷ്ഠിത ഭാഷയിൽ നിന്നുള്ള മാറ്റങ്ങളെയാണ് ഭാഷാഭേദരൂപങ്ങൾ എന്നു പറയുന്നത്.

### ഭാഷാഭേദ കാരണങ്ങൾ

### 1. ദേശവ്യത്യാസം

ഒരു ഭാഷയ്ക്കകത്ത് വ്യത്യാസങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങ ളിലൊന്നാണ് പ്രദേശം. ഒരു പ്രദേശത്തെ ജനങ്ങൾക്ക് മറ്റൊരു പ്രദേശത്തെ ജനങ്ങളു മായി സമ്പർക്കം കുറയുമ്പോൾ അവരുടേതായ പല ഭാഷാ പ്രത്യേകതകളും മറ്റൊരു പ്രദേശത്തിലേക്കു പോകാതെ അവിടെത്തന്നെ വേരുറയ്ക്കും. പ്രദേശങ്ങൾ തമ്മിലുള്ള സമ്പർക്കങ്ങൾ കുറയുന്നതിന് പല കാരണങ്ങൾ ഉണ്ട്. തരണം ചെയ്യാനാവാത്ത പുഴ, കാട്, വലിയ മലകൾ, ഭരണപരമായ അതിർത്തികൾ ഇവയൊക്കെ. ഇത്തരത്തിലുള്ള ഭൂമിശാസ്ത്രപരമായ കാരണങ്ങൾ കൊണ്ട് ദേശങ്ങൾ തമ്മിലുള്ള സമ്പർക്കം കുറയു ന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ ഭാഷാഭേദങ്ങൾക്ക് ഇവ

യൊക്കെ കാരണമായിട്ടുണ്ട്.

## 2. ജാതിമതവ്യത്യാസം

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിങ്ങനെ ഓരോ വിഭാഗത്തിനും അവരവരുടേതായ പ്രത്യേക പദങ്ങൾ ഉണ്ട്. പിതാവ് എന്ന പദത്തെ കുറിക്കാൻ ബാപ്പ, ഉപ്പാ, അപ്പൻ, അപ്പച്ചൻ, അച്ഛൻ, പപ്പ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾക്ക് അച്ഛൻ അമ്മയുടെ സഹോദരനാണ്. ആ അർത്ഥം കുറിക്കാൻ ഹിന്ദുക്കൾ അമ്മാവൻ എന്ന പദം ഉപയോഗിക്കുന്നു. ഒരു കാലത്ത് ജാതിവ്യവസ്ഥ ശക്തമായിരുന്നതുകൊണ്ട് ഇത്തരത്തിലുള്ള വ്യത്യാസം ഭാഷയിലും സജീവമായി.

## 3. വർഗ്ഗവ്യത്യാസം/സാമൂഹികവിഭാഗങ്ങൾ

മേലാളന്റെയും കീഴാളന്റെയും ഭാഷകൾ വ്യത്യസ്തമാണ്. ജാതികേന്ദ്രീകൃതമായ സാമൂഹിക വ്യവസ്ഥ, സമ്പത്ത് കേന്ദ്രീകൃതമായ അവസ്ഥയിലേക്ക് പരിണമിക്കുമ്പോൾ ഈ വ്യത്യാസം സമൂഹത്തിൽ വേരുറയ്ക്കുന്നു. അടിയൻ, കുപ്പാട്, വിടകൊള്ളുക തുടങ്ങിയ പദങ്ങൾ കീഴാളനും, നോം, പള്ളിയുറക്കം, പള്ളിമഞ്ചം തുടങ്ങിയ പദങ്ങൾ മേലാളനും ഉപയോഗിക്കുന്നു.

## 4. സ്ത്രീ-പുരുഷ വ്യത്യാസം

സാമൂഹികമായി പുരുഷനും സ്ത്രീയ്ക്കും അനുഷ്ഠിക്കേണ്ടിവരുന്ന ധർമ്മങ്ങൾക്ക് വ്യത്യാസം ഉള്ളതുകൊണ്ട് ആ വ്യത്യാസങ്ങൾ അവരുടെ ഭാഷാരീതിയെയും സ്വാധീനിക്കുന്നു. മലയാളത്തിലെ ബന്ധസൂചക പദങ്ങളായ ആങ്ങള (സഹോദരൻ) എന്ന പദം സ്ത്രീകളും പെങ്ങൾ (സഹോദരി) എന്ന പദം പുരുഷന്മാരും ഉപയോഗിക്കുന്നു. സ്ത്രീകൾ പറയുമ്പോൾ ഓപ്പ എന്ന പദത്തിന് മൂത്ത സഹോദരൻ എന്നും പുരുഷന്മാർ ഉപയോഗിക്കുമ്പോൾ മൂത്ത സഹോദരി എന്നും അർത്ഥം ഉണ്ടാവുന്നു.

## 5. പ്രായഭേദം

പ്രായഭേദമാണ് ഭാഷയ്ക്കുള്ളിൽ വ്യത്യാസങ്ങൾ ഉണ്ടാക്കുന്ന മറ്റൊരു ഘടകം. ജപ്പാനിലെ ഐനു വർഗ്ഗക്കാർക്കിടയിൽ ചെറുപ്പക്കാരുടെയും പ്രായം ചെന്നവരുടെയും ഭാഷകൾക്കു തമ്മിൽ വ്യത്യാസമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്ക് ശിശുഭാഷ തന്നെയുണ്ട്. ഓരോ പ്രായത്തിലുള്ളവർക്കു തമ്മിൽ ആശയവിനിമയം നടത്താനായി ചില പദങ്ങൾ ഉപയോഗിക്കാറുണ്ട്.

തൊഴിൽ, ജനസമ്പർക്ക മാധ്യമങ്ങൾ എന്നിവയും ഭാഷാഭേദങ്ങൾക്ക് കാരണമാകുന്നു.

## പ്രാദേശിക ഭാഷാഭേദം

ഭാഷകൾക്ക് ഭൂമിശാസ്ത്രപരമായി മറ്റും ഉണ്ടാകുന്ന കാരണങ്ങളാൽ പ്രാദേശികഭാഷാഭേദങ്ങൾ ഉണ്ടാകാം. മലയാള ഭാഷയ്ക്ക് പ്രധാനമായി വടക്കൻ ഭാഷ, തെക്കനൻ ഭാഷ, മധ്യകേരള ഭാഷ എന്നിങ്ങനെ 3 പ്രാദേശിക ഭേദങ്ങൾ വ്യക്തമായി ഉണ്ട്. അവയ്ക്കുതന്നെ പല ഉപഭേദങ്ങളും ഉണ്ട്. തെക്കൻ ഭാഷ തന്നെ 3 വിധം.

1. തെക്കൻ തിരുവിതാംകൂർ (തിരുവനന്തപുരത്തിന് തെക്ക്)
2. മധ്യതിരുവിതാംകൂർ (കൊല്ലം)
3. വടക്കൻ തിരുവിതാംകൂർ (കോട്ടയം)

വടക്കൻ ഭാഷയും 3 വിധം

1. തെക്കൻ മലബാർ (പാലക്കാട്)
2. മധ്യ മലബാർ (കോഴിക്കോട്)
3. വടക്കൻ മലബാർ (കണ്ണൂർ)

മധ്യകേരളഭാഷയ്ക്ക് എറണാകുളം, തൃശ്ശൂർ എന്നിങ്ങനെ 2 ഭേദങ്ങൾ ഉണ്ട്. ഈ പ്രാദേശികഭാഷകൾക്ക് വീണ്ടും ഉപഭേദങ്ങൾ കല്പിക്കാം. കേരളത്തിൽ 12 പ്രാദേശിക ഭാഷാ ഭേദങ്ങളുണ്ടെന്ന് കേരള സർവ്വകലാശാല നടത്തിയ ഭാഷാഭേദപഠനം തെളിയിച്ചു. ഈ ഭാഷാഭേദങ്ങൾ ഏറ്റവും അധികം വ്യത്യാസം ഉള്ളത് പദതലത്തിലാണ്. അവ താഴെപ്പറയും പ്രകാരമാണ്.

1. തിരുവനന്തപുരം ജില്ലയും കൊല്ലം ജില്ലയിലെ തെക്കൻ പ്രദേശങ്ങളും
2. കൊല്ലം ജില്ലയുടെ വടക്കുഭാഗം, ആലപ്പുഴ-കോട്ടയം ജില്ലകളുടെ ചില ഭാഗങ്ങൾ.
3. വേമ്പനാട് കായലിന്റെ പടിഞ്ഞാറുള്ള ആലപ്പുഴ ജില്ലയുടെ വടക്കൻ പ്രദേശങ്ങൾ.
4. കോട്ടയം ജില്ലയിലെ മിക്കവാറും എല്ലാ പഞ്ചായത്തുകളും.
5. എറണാകുളം ജില്ല, തൃശ്ശൂർ ജില്ലയിലെ ചില ഭാഗങ്ങൾ.
6. തൃശ്ശൂർ ജില്ലയിലെ മിക്കവാറും എല്ലാ പഞ്ചായത്തുകളും പാലക്കാട് ജില്ലയിലെ ചില പഞ്ചായത്തുകളും.
7. പാലക്കാട് ജില്ലയിലെ തെക്കു കിഴക്കൻ പ്രദേശങ്ങൾ.
8. പാലക്കാട് ജില്ലയിലെ ചില പ്രദേശങ്ങൾ.

9. കോഴിക്കോട് ജില്ലയുടെ തെക്കൻ പ്രദേശങ്ങൾ, പാലക്കാട് ജില്ലയിലെ ചില പഞ്ചായത്തുകൾ.

10. കോഴിക്കോട് ജില്ലയിലെ കിഴക്കൻ പ്രദേശം.

11. കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ ഭൂരിഭാഗങ്ങളും.

12. കണ്ണൂർ ജില്ലയുടെ വടക്കേ അറ്റം.

ഉദാ : കേരളത്തിൽ ഉടനീളം ഭക്ഷണപദാർത്ഥമായി ഉപയോഗിക്കുന്ന ഒരു കിഴങ്ങു വർഗ്ഗത്തെ സൂചിപ്പിക്കുന്ന പ്രാദേശിക ഭേദങ്ങൾ.

കപ്പ - പൂള, കൊള്ളി, മരക്കിഴങ്ങ്, മരച്ചീനി, ചീനി, കപ്പ, പൂള, കപ്പച്ചീനി, മത്തോക്ക്.

മറ്റൊരു ഉദാഹരണം

കപ്പളങ്ങ - കപ്പ, കപ്പക്ക, കപ്പുക്ക, കപ്പക്കുംങ്കായ, കപ്പിളിങ്ങ, കൊപ്പക്കായ, കപ്പങ്ങ, പപ്പ, പപ്പായ, പപ്പയ്ക്ക, ഓമക്കായ, ഓമരിക്ക, കർമൂസ, കറൂത്ത.

## സാമൂഹിക ഭാഷാഭേദങ്ങൾ

രാഷ്ട്രീയം, മതം, ജാതി, തൊഴിൽ ഇവയുടെ അടിസ്ഥാനത്തിലുള്ള ഉപസമൂഹങ്ങളുടെ വ്യതിരിക്ത ഭാഷാസ്വഭാവങ്ങളെയാണ് സാമൂഹിക ഭാഷാഭേദങ്ങൾ എന്നു പറയുന്നത്. സാമൂഹിക ഭാഷാഭേദങ്ങൾ പ്രാദേശിക ഭാഷാഭേദങ്ങളുടെ ഉപഭാഷാഭേദം മാത്രമാണ്. കാരണം സാമൂഹിക ഭാഷാഭേദങ്ങൾക്ക് സാർവ്വത്രികമായ സമാന സ്വഭാവമില്ല. പ്രാദേശിക അടിസ്ഥാനത്തിൽ ഭാഷാഭേദങ്ങളെ വേർതിരിച്ചു കാണിക്കും പോലെ ഈഴവ ഭാഷാഭേദം, നമ്പൂതിരി ഭാഷാഭേദം, മുസ്ലീം-ക്രിസ്ത്യൻ ഭാഷാഭേദം എന്ന് വേർതിരിച്ച് പറയാനാവില്ല. പ്രാദേശിക ഭാഷാഭേദങ്ങളുടെ പൊതുസ്വഭാവങ്ങളിൽ ഭൂരിഭാഗവും സാമൂഹികഭാഷാഭേദങ്ങളും നിലനിർത്തിയിരിക്കും. കുടുംബബന്ധനാമങ്ങൾ, തൊഴിൽ പരമായ പദങ്ങൾ, വർഗ്ഗാചാരങ്ങളെസൂചിപ്പിക്കുന്ന പദങ്ങൾ എന്നിവയിലാണ് പ്രധാനമായും അവ വ്യത്യാസം പുലർത്തുന്നത്. ഉച്ചാരണ രീതിയിലെ വ്യത്യാസങ്ങൾ, ഭാഷാഭേദങ്ങളെ അകറ്റിനിർത്തുകയും അവയ്ക്ക് തനിമത്തം നൽകുകയും ചെയ്യുന്നു.

## വിദൂര ഭാഷാഭേദങ്ങൾ

ഒരു ഭാഷയുടെ മുഖ്യമണ്ഡലത്തിൽ നിന്ന് ചരിത്രപരമായ കാരണങ്ങളാൽ വളരെ അകന്നു നിൽക്കുന്ന സമൂഹങ്ങൾ ഉണ്ടാവാം. അവരുടെ വ്യവഹാരഭാഷകൾ പദപ്രയോഗത്തിലും വ്യാകരണകാര്യത്തിലും വളരെ അകല്ച കാണിച്ചെന്നും വരാം, ഇത്തരം ഭാഷാ ഭേദങ്ങളാണ് വിദൂരഭാഷാഭേദം.

ഉദാ : ആദിവാസി, ഗിരിവർഗ്ഗക്കാർ എന്നിവരുടെ ഭാഷകൾ.

## ഭാഷാഭേദഭൂപടം

ഒരു ഭാഷാഭേദമേഖലയിൽ ഉച്ചാരണം, വ്യാകരണരൂപം, അർത്ഥം എന്നിവയിൽ എല്ലാം വ്യത്യാസങ്ങൾ ഉണ്ടാവാം. ഒരേ പദം വ്യത്യസ്ത രീതിയിൽ ഉച്ചരിക്കുക ഒരേ അർത്ഥമുള്ള വ്യത്യസ്തപദം ഉപയോഗിക്കുക, ഒരേ വ്യാകരണധർമ്മം സൂചിപ്പിക്കാൻ വ്യത്യസ്ത രൂപം ഉപയോഗിക്കുക, ഒരേ പദത്തിന് വ്യത്യസ്ത അർത്ഥങ്ങൾ ഉണ്ടാവുക ഇങ്ങനെയുള്ള ഓരോന്നും ഏതേതു സ്ഥലത്താണ് ഉള്ളതെന്ന് അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന ഭൂപടങ്ങളാണ് ഭാഷാഭേദഭൂപടങ്ങൾ.

## സമഭാഷാംശ സീമാരേഖ

ഒരേ ഭാഷാംശത്തിന്റെ (സ്വനം, സ്വനിമം, രൂപം, രൂപിമം, സന്ധി, വാക്യഘടന, അർത്ഥം) വകഭേദങ്ങൾ പ്രചരിക്കുന്ന ഭൂവിഭാഗത്തിന്റെ അതിർത്തി ഭാഷാ ഭൂപടത്തിൽ വ്യക്തമാക്കുന്ന രേഖയാണ് സമഭാഷാംശ സീമാരേഖ അഥവാ സമഭാഷാരേഖ. മലനിര, നദി മുതലായവയും സമഭാഷാരേഖകളും പലപ്പോഴും ഒത്തുപോകാറുണ്ട്. ഉച്ചാരണപദം, വ്യാകരണരൂപം, അർത്ഥം എന്നിവയിൽ സമാനസ്വഭാവം ഉള്ളവയെ ബന്ധിപ്പിക്കുന്ന സാങ്കല്പിക രേഖയാണിത്. ഈ രേഖകൾ ഒരു സ്ഥലത്ത് അധികമായി കൂടിച്ചേർന്നാൽ ആ സ്ഥലം ഭാഷാഭേദത്തിന്റെ അതിർത്തിയായിരിക്കും.

ഒരു ഭൂപടത്തിൽ തന്നെ സദൃശ്യങ്ങളായ പല ഭാഷാംശരേഖകൾ ഒരുമിച്ച് കാണിക്കുന്നതിന് ഭാഷാംശരേഖാസഞ്ചയം (bundle of isoglasses) എന്ന് പറയും. ഒരു ഭാഷാംശരേഖാസഞ്ചയത്തിനകത്ത് കിടക്കുന്ന പ്രദേശത്തെ ഒരു ഭാഷാഭേദമേഖലയായി കണക്കാക്കാം. ആ മേഖലയിലെ പ്രധാനകേന്ദ്രത്തിന് 'കേന്ദ്രമേഖല' എന്ന് പറയും. അധികം പുറത്തേക്കു സഞ്ചരിക്കാതെ ഒരു സ്ഥലത്ത് ചില ഭാഷാരൂപങ്ങൾ ഒതുങ്ങിക്കൂടും. ഇത്തരം അവശിഷ്ടരൂപം ഉള്ള സ്ഥലമാണ് അവശിഷ്ടമേഖല. രണ്ട് ഭാഷാഭേദങ്ങൾ കൂട്ടിമുട്ടുന്ന അതിർത്തികളിൽ രണ്ട് ഭാഷാഭേദത്തിന്റെയും സ്വഭാവം കാണാം. ഇങ്ങനെ രണ്ട് ഭാഷാഭേദങ്ങളുടെയും സ്വഭാവം കലർന്നു വരുന്ന അതിർത്തിപ്രദേശമാണ് സംക്രമണ മേഖല.

## മാനകമലയാളം

ഭാഷകൾക്ക് പ്രാദേശികമായി മാത്രമല്ല, ഭേദങ്ങളുണ്ടാവുക. സാമുദായികമായും സാമൂഹ്യമായും മാറ്റങ്ങൾ ഉണ്ടാകും. വിവിധ സമൂഹങ്ങളിൽ പെട്ടവരുടെ ഭാഷകൾ പലപ്പോഴും പ്രാദേശികഭേദങ്ങൾക്കതീതമായി കാണാം. സമൂഹത്തിലെ ഉന്നതന്മാരുടെ ഭാഷയിൽ ദേശ്യഭേദങ്ങൾ അധികം കാണുകയില്ല. കൊച്ചിയിലും കോഴിക്കോടും തിരുവനന്തപുരത്തുമുള്ള ഉന്നതന്മാർ ഏതാണ്ട് ഒരു പോലെയാണ് സംസാരിക്കുന്നതും

എഴുതുന്നതും. സാധാരണക്കാരായ ഗ്രാമീണരുടെ ഭാഷയിൽ ദേശ്യഭേദങ്ങൾ സുലഭമായിരിക്കും. ഉന്നതർക്ക് പല ദേശങ്ങളിലെയും ജനങ്ങളുമായി സമ്പർക്കം ആവശ്യമുള്ളതുകൊണ്ടാണ് അവർ കഴിവതും ദേശ്യഭേദങ്ങൾ ഒഴിവാക്കിയ ഭാഷ ഉപയോഗിക്കുന്നത്. അവരുടെ ഭാഷ എല്ലാ പ്രദേശത്തുമുള്ള സാക്ഷരർക്ക് മനസ്സിലാകുന്നതും സ്വീകാര്യവുമായിരിക്കും. ഈ ഭാഷയാണ് മാനകഭാഷ (standard language) ആയി അംഗീകരിക്കപ്പെടുന്നത്. ഭാഷയിലെ തെറ്റും ശരിയും നിർണ്ണയിക്കുന്നത് മാനകഭാഷയുടെ അടിസ്ഥാനത്തിലാണ്. പത്രഭാഷ, ഔദ്യോഗികഭാഷ, ഗ്രന്ഥഭാഷ തുടങ്ങിയവയ്ക്കൊക്കെ ഉപയോഗിക്കുന്ന മാനകമലയാളഭാഷ നമുക്കുണ്ട്. എന്നാൽ ഒട്ടേറെ പ്രാദേശിക ഭാഷാഭേദങ്ങളും നിലവിലുണ്ട്. പ്രാദേശിക ഭാഷാഭേദത്തിൽ ഇന്ന് നിരവധി സാഹിത്യകൃതികളും സിനിമകളും പുറത്തുവരുന്നുണ്ട്.

## ഭാഷയും അധികാരവും

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലോ, ഒരു സമൂഹത്തിന് മറ്റൊരു സമൂഹത്തിനുമേലോ ഉള്ള നിയന്ത്രണവും സ്വാധീനവുമാണ് സാമാന്യമായ അർത്ഥത്തിൽ അധികാരം. ജാതി, ലിംഗം, പ്രായം, സമ്പത്ത് എന്നിവ അധികാരത്തെ നിയന്ത്രിക്കുന്നു. ഒരു വ്യക്തി ഇതെല്ലാം ചേർന്ന ഒരു വ്യവസ്ഥയാകുന്നു. ഭാഷയിലൂടെയാണ് വ്യക്തിയുടെ ആശയങ്ങൾ വിനിമയം ചെയ്യപ്പെടുന്നത്. അതിനാൽ വ്യക്തിയുടെ അധികാരബന്ധങ്ങൾ ഭാഷയുമായി ബന്ധപ്പെട്ടു കിടക്കുന്നു. സാമൂഹീകരണം സാമൂഹിക ധർമ്മങ്ങൾക്കനുസരിച്ച് വ്യക്തിയെ മാറ്റുകയാണ്. ഭാഷാർജനവും ഭാഷോപയോഗവും സാമൂഹീകരണത്തിന്റെ ഭാഗമാകുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വ നിർണ്ണയത്തിൽ സാമൂഹീകരണത്തിന് വലിയ പങ്കാളിത്തം ഉള്ളതുപോലെ ഭാഷയ്ക്കും പ്രാധാന്യമുണ്ട്.

ഏതെങ്കിലുമൊരു സാമൂഹിക സ്ഥാപനത്തെ അപഗ്രഥിച്ചാൽ ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം വെളിപ്പെടും. പരസ്പരാശ്രിതമായ ഘടനാബന്ധം ഇവ തമ്മിലുണ്ട്. സമൂഹത്തിലെ ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രോപകരണമായി മതസ്ഥാപനങ്ങളെയും കുടുംബത്തെയും കാണുന്ന അൽത്തുസർ ക്ലാസ്സ് മുറികളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ ഒരു രാഷ്ട്രീയത്തിന്റെ അഥവാ അധികാരത്തിന്റെ ഭാഷയാണെന്നും അതിനാൽ അതിന്റെ അപഗ്രഥനം രാഷ്ട്രീയാവസ്ഥയുടെയും അധികാരത്തിന്റെയും വിശകലനമായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു. അധ്യാപക-വിദ്യാർത്ഥി സംവാദങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ കൃത്യമായിത്തന്നെ സാമൂഹികാധികാരഘടനയെ പ്രത്യക്ഷമാക്കുന്നു. വിദ്യാലയങ്ങളിൽ നിന്ന് മറ്റ് സാമൂഹികാധികാര സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന വിദ്യാർത്ഥികൾ ക്രമേണ അവയുടെ അധികാരഘടനയും വശത്താക്കുന്നു. ജാതി, ലിംഗം, വർഗം, ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഭാഷയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ അധികാരവ്യവസ്ഥയും മേൽക്കോയ്മയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷയിൽ നിലനിൽക്കുന്ന ലിംഗവിവേചനം പുരുഷമേധാവിത്വ സമൂഹത്തിന്റെ അധികാരഘടനയുടെ പ്രതിഫലനങ്ങളാണ്. അതോടൊപ്പം ജാതി, പ്രായം, സമ്പത്ത് എന്നിവയിൽ ഏതേതിനെല്ലാം സമൂഹത്തിൽ മേൽക്കോയ്മ ലഭിക്കുന്നുവോ

തദനുസൃതമായി മേധാവിത്വപൂർണ്ണമായൊരു അധികാരബന്ധം ഭാഷയിലൂടെ വെളിപ്പെട്ടുവരും. ഒരു സമൂഹം താരതമ്യേന ഒരു ഭാഷ ഉപയോഗിക്കുമ്പോൾ ആ ഭാഷയ്ക്കകത്ത് പല തരത്തിലുള്ള വ്യതിരിക്തതകളും കാണാം. ഓരോ വ്യക്തിയുടെയും ജന്മപശ്ചാത്തലം, സാമൂഹിക സ്ഥിതി, സാമൂഹികചരങ്ങൾ എന്നിവ ഓരോ ഭാഷയിലും വൈജാത്യങ്ങൾ ഉണ്ടാക്കുന്നു. ഈ വൈജാത്യങ്ങൾ കൃത്യമായ അധികാരവ്യവസ്ഥയുടെ പ്രത്യക്ഷ ഘടകങ്ങളാണ്.

## അധികാര ഘടനയും മലയാള ഭാഷയും

ആധുനിക കേരളത്തിലെ സാമൂഹിക ഘടന ഭാഷയിലൂടെ അധികാര ബന്ധത്തെ പ്രകടിപ്പിക്കുന്നു. കേരളത്തിൽ വ്യത്യസ്ത മതവിഭാഗങ്ങളിൽ ഭാഷാഭേദങ്ങൾ കാണപ്പെടുന്നു. അവയിൽ ഹിന്ദുക്കളുടെ ഭാഷാഭേദത്തോടാണ് ഹിന്ദു-മുസ്ലീം, ക്രിസ്ത്യൻ ഭാഷാഭേദങ്ങളിൽപെട്ട ഭൂരിപക്ഷം ആവേദകർക്കും താല്പര്യം. മുസ്ലീം ഭാഷാഭേദത്തോട് മറ്റ് മതസ്ഥർക്ക് അത്ര താല്പര്യം കാണുന്നില്ല. ഹിന്ദു-മുസ്ലീം, ക്രിസ്ത്യൻ മതവിഭാഗക്കാരിൽ ഉൽക്കർഷവും ആകർഷകവുമായ മനോഭാവങ്ങൾ ഭാഷാഭേദത്തോട് വച്ചു പുലർത്തുന്നവരുണ്ട്. സ്ത്രീ-പുരുഷന്മാർക്കനുസരിച്ചും, പ്രായം, വിദ്യാഭ്യാസം, സമ്പത്ത് എന്നിവയ്ക്കനുസരിച്ചും ഭാഷാഭേദമനോഭാവങ്ങൾ മാറുന്നത് വിധേയത്വാധികാരവും ജ്ഞാനാധികാരവും ഒന്നിച്ചു പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഓരോ മതവിഭാഗവും തങ്ങളുടെ ഭാഷാഭേദങ്ങളോടുള്ള മനോഭാവവും നിലപാടും വ്യക്തമാക്കുന്നതിൽ പ്രത്യയശാസ്ത്രം ഒളിഞ്ഞുകിടപ്പുണ്ട്.

സംബോധനാരൂപങ്ങൾ, വീൺചാർച്ചപ്പേരുകൾ, വ്യക്തിനാമ സംബോധനാരൂപം, സർവ്വനാമം, ജാതിപ്പേര്, തൊഴിൽപ്പേര് എന്നിവയെല്ലാം അധികാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഭാഷണക്രിയയിൽ വക്താവിന്റെ മനോഭാവങ്ങളെ പ്രകടിപ്പിക്കുന്ന പ്രകാരങ്ങൾ, ഭാഷാപ്രയോഗത്തിലെ ഈണം എന്നിവയും അധികാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

വക്താവും ശ്രോതാവും ഭാഷണപ്രക്രിയയിൽ പരസ്പരം സംബോധന ചെയ്യുന്ന ഭാഷാരൂപങ്ങളായ സംബോധനാ പദങ്ങളെ ചാർച്ചപ്പേരുകൾ, വീൺചാർച്ചപ്പേരുകൾ, മധ്യമപുരുഷ സർവ്വനാമങ്ങൾ, വ്യക്തിനാമങ്ങൾ, തൊഴിൽപ്പേരുകൾ, ജാതിപ്പേരുകൾ, രാഷ്ട്രീയ സംബന്ധിയായ വിളികൾ, ശൂന്യസംബോധനകൾ എന്നിങ്ങനെ വർഗ്ഗീകരിക്കാം.

നഗരത്തിന്റെ അധികാരം പ്രതിഷ്ഠിതമാകുന്ന പ്രധാനചരം 'പ്രായം' ആണ്. പ്രായമുള്ളവരോട് മാന്യതയും ബഹുമാനവും പ്രായം കുറഞ്ഞവർ പ്രകടിപ്പിക്കുന്നു. കുടുംബബന്ധങ്ങളിൽ പ്രായം കൂടിയവരെ ചാർച്ചപ്പേരുകളേ വിളിക്കാവൂ എന്നതു കുടുംബത്തിൽ പ്രായത്തിനുള്ള മേധാവിത്വത്തെ കാണിക്കുന്നു. നിഗൂഢാധികാരമാണ് ചാർച്ചപ്പേരുകളുടെ സംബോധനാ രൂപങ്ങളിലുള്ളത്. വ്യവസ്ഥാപിതമാകുന്ന അധികാരമാണ് ചാർച്ചപ്പേരുകളുടെ വ്യവഹാരത്തിന്റെ അടിത്തറ. പ്രായത്തിന് സമൂഹം കല്പിച്ച അംഗീകാരവും മാന്യതയും ഭാഷയിലൂടെ നിലനിർത്താൻ കഴിയുന്നു. ലിംഗവിവേചനം സമൂഹത്തിലും ഭാഷയിലും നിലനിൽക്കുമ്പോഴും ആധുനിക വിദ്യാഭ്യാസം വഴി ലഭിച്ച സാമൂഹികബോധം സംബോധനാരൂപങ്ങളിൽ ചില മാറ്റങ്ങൾ വരുത്തുന്നു.

രക്തബന്ധമില്ലാത്തവരെ ചാർച്ചപ്പേർ ചൊല്ലിവിളിക്കുന്ന പ്രവണത വിദ്യാഭ്യാസമുള്ള, പ്രായം കുറഞ്ഞവരുടെ ഇടയിൽ പ്രചാരം നേടിക്കൊണ്ടിരിക്കുന്നു. ജാതി, മതം, സമ്പത്ത് എന്നിവയുടെ അടിസ്ഥാനങ്ങൾ രൂപീകൃതമാകുന്ന അധികാരബന്ധങ്ങളിൽ സംഭവിക്കുന്ന അയവിന്റെ നിദർശനങ്ങളാണ് വീൺചാർച്ചപ്പേരുകൾ. സാമൂഹിക ശ്രേണീരൂപങ്ങളിൽ വിദ്യാഭ്യാസത്തിനുള്ള കോയ്മ വീൺചാർച്ചപ്പേരുകൾ വെളിപ്പെടുത്തുന്നു.

സംബോധകനും സംബോധിതനും തമ്മിലുള്ള അധികാര ബന്ധത്തെ പ്രത്യക്ഷത്തിൽത്തന്നെ വെളിപ്പെടുത്താൻ വ്യക്തിനാമ സംബോധനകൾക്ക് കഴിയുന്നു. ജാതിവ്യവസ്ഥ നിലനിന്നിരുന്ന കേരളത്തിൽ സവർണർ പ്രായലിംഗഭേദമെന്യേ അവർണരെ പേരു വിളിച്ചിരുന്നു. ആധുനിക കേരളീയ സമൂഹത്തിൽ സാമൂഹികപദവിയിൽ ഉയർന്നവർ പദവിയിൽ താഴ്ന്നവരെ ലിംഗം, പ്രായം, ജാതി, മതം എന്നിവ പരിഗണിക്കാതെ തന്നെ വ്യക്തിനാമം സംബോധനയ്ക്കായി ഉപയോഗിക്കുന്നു. വ്യക്തിനാമങ്ങൾ എപ്രകാരം സംബോധന ചെയ്യപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് അധികാരവും ആശയൈക്യവും വെളിപ്പെടുന്നത്. ബഹുമാനദ്യോതകങ്ങളായ ഏട്ടാ/സാർ എന്നിവ ചേരുമ്പോൾ അധികാരം സംബോധനയെക്കാൾ അധികം സംബോധിതനാണെന്നു പ്രത്യക്ഷത്തിൽത്തന്നെ തിരിച്ചറിയാനാകുന്നു. ചെല്ലപ്പേർ, ഇരട്ടപ്പേർ എന്നിവ സംബോധനയിൽ ഉള്ളടങ്ങുന്ന അധികാരത്തെ നിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നു. പേർ വിളിക്കുന്നത് വിലക്കു ചൊല്ലിയിട്ടുള്ള സാമൂഹിക പരിസരങ്ങളിൽ കൃത്യമായി പ്രത്യക്ഷാധികാരംതന്നെ പ്രകടമാകുന്നു.

സംഭാഷണസന്ദർഭങ്ങളിലെ 'നീ', 'നിങ്ങൾ' എന്നിവ പ്രത്യക്ഷാധികാരത്തെയും ആശയൈക്യത്തെയും കൃത്യമായി പ്രതിഫലിപ്പിക്കുന്നു. 'നീ' എന്നത് ആശയൈക്യവും 'നിങ്ങൾ' എന്നത് അധികാരവും പൊതുവായി സൂചിപ്പിക്കുന്നു. മൂന്നു മതവിഭാഗത്തിലുള്ളവരും മാതാപിതാക്കളോടുള്ള ഭാഷണത്തിൽ നിങ്ങൾ എന്ന് വ്യവഹരിക്കാറുണ്ട്.

സവർണജാതിക്കാരെ മാത്രമേ ജാതിപ്പേർ വിളിച്ച് സംബോധന ചെയ്യുന്നുള്ളൂ. എന്നാൽ ചില അവർണരെ ബഹുമാനദ്യോതകമായി തൊഴിലിന്റെ അടിസ്ഥാനത്തിൽ 'പണിക്കർ', 'വൈദ്യർ' എന്നൊക്കെ വിളിക്കാറുണ്ട്. ജാതിയുടെ മേൽക്കോയ്മ അംഗീകരിച്ചു കൊടുക്കുന്ന ജനങ്ങളുടെ സാമാന്യബോധം ജാതിപ്പേർ സംബോധനയെ ദൃഢപ്പെടുത്തുന്നു.

സമൂഹം മാന്യത കൊടുക്കുന്ന തൊഴിലുകളുടെ പേർ സംബോധനയ്ക്കായി ഉപയോഗിക്കാം. തൊഴിൽ മേഖലയും അധികാരവും ആണ് സംബോധനയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ. ഉദ്യോഗസ്ഥരെ സ്ഥാനാനുസൃതം ലിംഗാടിസ്ഥാനത്തിൽ സാർ/മാഡം എന്നിങ്ങനെ വിളിക്കുന്നു.

ഭാഷകൊണ്ടും ഭാഷേതരമായ മാർഗങ്ങളിലൂടെയും പ്രയോക്താവിന്റെ വൈകാരികവും വൈചാരികവും മാനസികവുമായ വസ്തുതകളെ പ്രകടിപ്പിക്കാനാകും. ആംഗ്യം, ഭാവം, സ്വരതാനം എന്നിവ ഭാഷേതരവും വ്യാക്ഷേപകം, പ്രകാരം,

പദാവർത്തനം, വാക്യരീതി എന്നിവ ഭാഷാപരവും ആകുന്നു. ഭാഷേതരമായ സംബോധനകൾ സാമാന്യേന ആശയൈക്യമുള്ളവരോടാണ് ഉപയോഗിക്കുന്നത്. പ്രത്യക്ഷമായ അധികാരത്തിന്റെ വിളികളാണ് മതപരമായ സംബോധനകളും രാഷ്ട്രീയ സംബന്ധിയായ വിളികളും. രാഷ്ട്രീയവും സാമ്പത്തികവുമായ നിയന്ത്രണമുള്ള ആൾ ഭാഷാപരമായ ഇടപെടലിൽ കൂടുതൽ അധികാരത്തെ പ്രകടിപ്പിക്കുന്നു.

**ആചാരഭാഷ**

ഭാഷയിലൂടെ ആചാരത്തെ പ്രകടിപ്പിക്കലാണ് ആചാരഭാഷ. ഇത് മറ്റ് ആചാരങ്ങളെപ്പോലെ സാമൂഹിക ശ്രേണിയുടെ സംരക്ഷണത്തിനും പ്രകടനത്തിനുമുള്ള ഉപാധിയാണ്. സാമൂഹിക ഘടനയിൽ മാറ്റങ്ങൾ ഉണ്ടായതോടെ ഈ നില മാറിത്തുടങ്ങിയിട്ടുണ്ട്. എങ്കിലും ആചാരഭാഷ കേരളത്തിൽ നിന്നു പാടേ അസ്തമിച്ചിട്ടില്ല. വക്താവിന്റെയും ശ്രോതാവിന്റെയും സാമൂഹിക ശ്രേണിയിലെ സ്ഥാനത്തെ വ്യക്തമാക്കുന്ന തരത്തിലുള്ള ഭാഷാചിഹ്നങ്ങളാണ് ആചാരപദങ്ങൾ. സമൂഹത്തിന്റെ ശ്രേണീപരമായ ഘടനയാണ് ആചാരഭാഷയുടെയും ഉറവിടം. കേരളത്തിലിത് ജാതിപരമായ ശ്രേണീകരണം നിലനിർത്തുന്നതിനുവേണ്ടി ഉണ്ടായതാണ്. ഇങ്ങനെ ആചാരഭാഷ അതതു ഭാഷക്കാരുടെ സാമൂഹിക ഘടനയുമായിട്ടാണ് ബന്ധപ്പെടുന്നത്. കേൾക്കുന്ന ആളെ കുറിക്കാൻ നീ, നിങ്ങൾ, താൻ, താങ്കൾ, അങ്ങ്, അവിടുന്ന്, തിരുമനസ്സുകൊണ്ട് എന്നിങ്ങനെ നിരവധി പദങ്ങൾ ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നത് ഉദാഹരണം.

സമൂഹത്തെ നിയന്ത്രിച്ചിരിക്കുന്ന മേൽജാതിക്കാർക്ക് തങ്ങളുടെ മേധാവിത്വം ഉറപ്പിക്കാൻ ആചാരഭാഷയിലൂടെ സാധിച്ചു. താൻ ആരെന്നും സമൂഹത്തിലുള്ള സ്ഥാനമെന്തെന്നും നിഷ്പ്രയാസം വെളിപ്പെടുത്താൻ ആചാരഭാഷാ പ്രയോഗത്തിനു കഴിഞ്ഞു. ആചാരഭാഷ ആദരവും വിനയവും സൂചിപ്പിക്കുന്നു. ആ നിലയ്ക്ക് ആചാരഭാഷയെ ആദരസൂചകപദങ്ങളെന്നും വിനയസൂചക പദങ്ങളെന്നും തിരിക്കാം. ആദരസൂചകപദങ്ങൾ, വിനയസൂചകപദങ്ങൾ എന്നിങ്ങനെ ആചാരപദങ്ങളിൽ തന്നെ അന്യോന്യം ദൃഢബന്ധമുള്ള രണ്ടുതരം പദങ്ങളുണ്ട്. സമൂഹത്തിലെ മേലാളന്മാരെക്കുറിച്ച് പറയുമ്പോൾ അവരോടുള്ള ആദരവ് സൂചിപ്പിക്കാൻ ആദരസൂചക പദങ്ങളും എളിയവർ സ്വന്തം കാര്യം മേലാളന്മാരോട് പറയുമ്പോൾ തങ്ങളുടെ എളിമ പ്രകടിപ്പിക്കാൻ വിനയസൂചകപദങ്ങളും ഉപയോഗിക്കുന്നു. ആദരവും വിനയവും പ്രകടിപ്പിക്കുന്നതിനുള്ള ആചാരഭാഷ അതിന്റെ സവിശേഷതകൾ നിലനിർത്തുന്നത് മുഖ്യമായും സംബോധനാപദങ്ങളിലാണ്. കേരളീയ സാമൂഹിക ജീവിതത്തിലെ സ്വാമി-ഭൃത്യ ഭാവത്തെ ഉൾക്കൊള്ളുന്ന പദങ്ങളാണ് ആചാരഭാഷയിൽ സ്ഥാനം പിടിച്ചിരിക്കുന്നത്. പള്ളി, തിരു, തൃ, പഴ, അടി തുടങ്ങിയവ ഉപസർഗ്ഗങ്ങളെപ്പോലെ മുന്നിൽച്ചേർത്തും, ചാർത്ത് കൊള്ളുക തുടങ്ങിയവ അനുപ്രയോഗങ്ങളായി ചേർത്തുമാണ് ആചാരപദങ്ങൾ സൃഷ്ടിക്കുന്നത്. ആചാരഭാഷ മേൽ-കീഴ് ജാതിക്കാർ കണ്ടുമുട്ടുന്ന സന്ദർഭങ്ങളിൽ ആശയവിനിമയത്തിന് ഉപയോഗിക്കുന്നു. കീഴാളന്മാർ 'ഏറാൻ' മൂളുകയും അത്യാവശ്യ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളായിരുന്നു കൂടുതലും. ആചാരപദങ്ങൾ ചേർത്ത് സമ്പൂർണ്ണ വ്യാക്യങ്ങളാക്കി ആശയവിനിമയം നടത്തുന്ന രീതിയും ഉണ്ടായിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന ആചാരഭാഷകളുടെ ഉദാഹരണങ്ങൾ പാട്ടിലും മണിപ്രവാളത്തിലും

എഴുത്തച്ഛൻ, പൂന്താനം, നമ്പ്യാർ തുടങ്ങിയവരുടെ കവിതകളിലും വടക്കൻ പാട്ടുകളിലും ധാരാളമായി കാണാം. നാടകങ്ങൾ, ജീവചരിത്രങ്ങൾ, നോവലുകൾ എന്നിവയിലൊക്കെയും കാണുന്നു.

ആചാരം പറയുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ സാമൂഹിക സ്ഥാനം നിർണ്ണയിക്കാൻ കഴിഞ്ഞിരുന്നു. പഴയ ആചാരപദങ്ങളിൽ പലതും ഇന്ന് നിഘണ്ടുവിലേക്ക് പിൻവാങ്ങിയെങ്കിലും പുതിയ ആചാരങ്ങൾ ഇക്കാലത്ത് രൂപം കൊണ്ടിട്ടുണ്ട്. വി. സി, പി. വി. സി, രജിസ്ട്രാർ, ഡോക്ടർ തുടങ്ങി സ്ഥാന നാമം കൊണ്ടോ തൊഴിൽ നാമം കൊണ്ടോ മാത്രം ആളെ പരാമർശിക്കുന്നത് നമ്മുടെ കാലത്തെ ഒരാചാരമാണ്. രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ നേതാക്കന്മാരെ ലീഡർ, എ.കെ.ജി, ഇ.എം.എസ്, ടി.വി എന്നൊക്കെ വിളിക്കുന്നു. ഇതുപോലെ ഓരോ രംഗത്തും പേര് പറയാതെ കഴിക്കുന്ന ആചാരം നിലവിലുണ്ട്. മേല് – കീഴിന്റെ ഏതെങ്കിലും തരത്തിലുള്ള രൂപാന്തരങ്ങൾ ഇന്നും പുലർന്നുപോരുന്നു.

## വിവിധ തരത്തിലുള്ള പേരുകൾ

കേരളത്തിൽ ഓരോ മതത്തിനും തങ്ങളുടേതായ പേരുകൾ ഉണ്ട്. എന്നാൽ മതസൂചന ലഭിക്കാത്ത പേരുകളും ഉപയോഗിച്ചു വരുന്നു. അധികാരം സൂചിപ്പിക്കുന്നവയാണ് വിവിധ തരത്തിൽ പ്രയോഗിക്കുന്ന പേരുകൾ. രക്തബന്ധം ഉള്ളവർ തമ്മിൽ സംബോധനയ്ക്കോ ബന്ധപരാമർശത്തിനോ ഉപയോഗിക്കുന്ന പദങ്ങളാണ് ചാർച്ചപ്പേരുകൾ. ഒരു ജനസമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പല ലക്ഷണങ്ങളും ചാർച്ചപ്പേരുകൾക്ക് പിന്നിലുണ്ട്. ഒരു കുടുംബവ്യവസ്ഥയുടെ ബന്ധഘടനയിലേക്ക് അർത്ഥങ്ങൾ നൽകുന്നവയാണ് ചാർച്ചപ്പേരുകൾ. ചാർച്ചപ്പേരുകളിൽ ജാതിഭേദം നിലനിൽക്കുന്നു. ഹിന്ദുക്കളെ സവർണർ, അവർണർ എന്നിങ്ങനെ തിരിച്ചിരിക്കുന്നു. ഇതിൽ ഓരോരുത്തരുടെയും ചാർച്ചപ്പേരുകൾക്ക് തമ്മിൽ വ്യത്യാസമുണ്ട്. പ്രായത്തിന്റെ അടിസ്ഥാനത്തിലും ചാർച്ചപ്പേരുകൾക്ക് വ്യത്യാസമുണ്ട്. മുസ്ലീങ്ങളിൽ ചാർച്ചയെ പ്രാഥമികം, ദ്വിതീയം, തൃദീയം എന്നിങ്ങനെ തിരിക്കാം. അച്ഛൻ – അമ്മ ബന്ധം പ്രാഥമികം. അച്ഛൻ – അമ്മ എന്നിവരുടെ സഹോദരങ്ങളടങ്ങിയ ബന്ധം ദ്വിതീയം. അച്ഛൻ – അമ്മ എന്നിവരുടെ സഹോദരീഭർത്താവ് എന്നിവരടങ്ങിയ ബന്ധം തൃതീയം. ഹിന്ദു – മുസ്ലീം സമുദായങ്ങളെ അപേക്ഷിച്ച് ക്രിസ്ത്യാനികൾക്കിടയിൽ ചാർച്ചപ്പേരുകൾ കുറവാണ്. എന്നാൽ കുടിയേറി വന്ന പ്രദേശത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാദേശിക ഭേദങ്ങൾ ക്രിസ്ത്യാനികളുടെ ചാർച്ചപ്പേരിലുണ്ട്.

രക്തബന്ധമില്ലാത്തവർ തമ്മിൽ സംബോധനയ്ക്കായി ചാർച്ചപ്പേരുകൾ ഉപയോഗിക്കുന്ന പ്രത്യേകതയെ വീൺചാർച്ചപ്പേരുകൾ എന്നു വിളിക്കുന്നു. അച്ഛൻ, അമ്മ, അച്ഛമ്മ, അമ്മമ്മ, ചേച്ചീ, ചേട്ടൻ, മാമൻ, അമ്മായി എന്നിവ ഉദാഹരണങ്ങളാണ്. കോളേജ് വിദ്യാഭ്യാസമുള്ള 25 ന് താഴെ പ്രായമുള്ളവരാണ് ഏറ്റവും കൂടുതൽ വീൺചാർച്ചപ്പേരുകൾ ഉപയോഗിക്കുന്നത്. ചാർച്ചപ്പേരുകളും വീൺചാർച്ചപ്പേരുകളും ഒഴിച്ചുള്ള സാമൂഹിക സംബോധനാ രൂപങ്ങൾ ഭാഷാപരവും ഭാഷേതരവും ആയി നിലനിന്നിരുന്നു. സവർണജാതിപ്പേര് സമൂഹത്തിൽ മാന്യതയുടെ ഘടകമായതിനാൽ ഹിന്ദുക്കൾക്കിടയിൽ പേരിനോടൊപ്പം അവ ചേർത്തുപയോഗിക്കുന്നു. പുരപ്പേരുകൾ, ദിനചര്യാപദങ്ങൾ, ചിട്ടപ്പേരുകൾ എന്നിവയും നിലനിൽക്കുന്നുണ്ട്. കൊശവൻ

പോലുള്ള ജാതിപ്പേരുകൾ ചീത്ത വാക്കായും ചിലയിടങ്ങളിൽ ഉപയോഗിക്കുന്നു.

## തെറിവാക്ക്

എല്ലാ ഭാഷയിലും തെറിവാക്കുണ്ട്. ഓരോ സമൂഹത്തിനും ഓരോന്നാണ് തെറി. കാലത്തിനും ദേശത്തിനും സാമൂഹ്യസാഹചര്യത്തിനും അനുസരിച്ച് തെറിസങ്കല്പങ്ങൾ മാറിവരുന്നു. ജനങ്ങളുടെ കൂട്ടായ ഇച്ഛയ്ക്കനുസരിച്ചാണ് തെറിവാക്കുകൾ ഉണ്ടാവുന്നത്. അതുപോലെയാണ് ഒരു വാക്ക് തെറിയാകുന്നതും അല്ലാതാകുന്നതും. അതിന് നിയമങ്ങൾ ഒന്നുമില്ല. ഭാഷയ്ക്കു രൂപം നല്കുന്നതും അതു മാറ്റിത്തീർക്കുന്നതുമൊക്കെ ജനങ്ങളാണ്. അതിൽ അഭിപ്രായം പറയാനോ തീർപ്പെടുക്കാനോ സ്വന്തം തീർപ്പുകൾ അടിച്ചേൽപ്പിക്കാനോ ആർക്കും പഴുതില്ല.

മനുഷ്യരുടെ രഹസ്യാവയവങ്ങളുടെയും അവയുമായി ബന്ധപ്പെട്ട വിസർജനം, മൈഥുനം തുടങ്ങിയ പ്രവൃത്തികളെയും പരാമർശിക്കേണ്ടിവരുമ്പോൾ മറച്ചുവച്ചു പറയുന്ന രീതി എല്ലാ ഭാഷക്കാർക്കുമുണ്ട്. അതു മറവില്ലാതെ പറയുമ്പോൾ അശ്ലീലമായോ തെറിയായോ നാം കരുതുന്നു. മൂത്രമൊഴിക്കുക എന്നത് പരസ്യമായിപ്പറയുന്നത് ഇംഗ്ലീഷുകാർക്ക് തെറിയാണ്. ഇപ്പോൾ നാം തെറിയാണ് എന്നു കരുതുന്നത് കുറെ വർഷം കഴിയുമ്പോൾ തെറിയല്ലാതാകാം. ചില വാക്കുകൾ 'പാടില്ല' എന്ന് നമുക്ക് വിലക്കുവാനായേക്കും. അതിനപ്പുറം അത്തരം പദങ്ങളെ ഒരു സംഘടനയ്ക്കും ഒരു വ്യക്തിക്കും ഇല്ലാതാക്കാൻ ആവില്ല. ചിലപ്പോൾ 'അത്', 'ഇത്', 'മറ്റേത്' എന്നൊക്കെ പറഞ്ഞാലും തെറിയാകും. വാക്ക് തെറിയാകുന്നതിലും അല്ലാതാകുന്നതിലും സന്ദർഭത്തിനും ഒരു പങ്കുണ്ട്.

'ഇന്ന വാക്ക്' തെറിയാണെന്നു ബോധ്യമുള്ളതുകൊണ്ട് അത് ഞാൻ ഉപയോഗിക്കുകയില്ലായെന്നു തീരുമാനിക്കുകയും അത് നടപ്പാക്കുകയും ചെയ്യുകയാണ് ഓരോ വ്യക്തിയും ചെയ്യേണ്ടത്. വ്യക്തിയുടെ ആ തീരുമാനത്തിൽ മറ്റാർക്കും ഇടപെടാൻ സാധിക്കുകയില്ല.

## വിലക്ക് (Taboo)

ഭയം അഥവാ ബഹുമാനം, ലജ്ജ അഥവാ മാന്യതാസങ്കല്പം, ഔചിത്യബോധം ഇവയിൽ എന്തിന്റെയെങ്കിലും അടിസ്ഥാനത്തിൽ ചില വാക്കുകൾക്കും പ്രയോഗങ്ങൾക്കും പകരം മറ്റു ചിലവ ഉപയോഗിക്കുക എന്ന പ്രക്രിയയുടെ ഉറവിടമാണ് വിലക്ക് (taboo) ഉദാ : ദൈവത്തെയും പിശാചിനെയും മരണത്തെയും കുറിക്കാൻ ഉപയോഗിക്കാറുള്ള വളച്ചുകെട്ടു പ്രയോഗങ്ങൾ : പടച്ചോൻ, തമ്പുരാൻ, മൺമറയുക, ദിവംഗതനാവുക മുതലായവ. Sleep for ever, is no more, pass away. സ്വന്തം ഭർത്താവിന്റെ പേര് നേരിട്ടു പറയാതിരിക്കുക എന്ന ഗ്രാമീണരീതി, തന്നെക്കാൾ ഉയർന്ന പദവിയിലുള്ളവരെ അലക്ഷ്യമായി വെറും പേരുപറഞ്ഞ് വിളിക്കുകയോ പരാമർശിക്കുകയോ ചെയ്യാതിരിക്കൽ. ലൈംഗികാവയവങ്ങൾ, വിസർജനം, സംഭോഗം, ഗർഭധാരണം തുടങ്ങിയവയെ വളച്ചുകെട്ടിയ പ്രയോഗങ്ങൾകൊണ്ടു മാത്രം സൂചിപ്പിക്കൽ.

ആസ്ത്രേലിയയിലെ പല ആദിവാസി ഭാഷണസമൂഹങ്ങളിലും അതതു ഭാഷയെ അടിസ്ഥാനമാക്കി ചിഹ്നഭാഷകൾ അത്യന്തം സങ്കീർണ്ണതയോടെ വികസിച്ചിട്ടുണ്ട്.

മരണാനന്തരക്രിയകൾ, അനുഷ്ഠാനപരമായ പ്രാരംഭം തുടങ്ങിയ ഘട്ടങ്ങളിൽ ഭാഷണത്തിനു വിലക്കു (taboo) ഉള്ളതിനാൽ അവ പ്രയോജനപ്പെടുന്നു.

## ഈണവും അധികാരവും

മിക്ക ഭാഷകളിലും ഉപയോഗിക്കുന്ന ഈണവും ഭാഷാഭേദവും അവരുടെ മൂല്യ ബോധത്തിന്റെയും സ്വത്വബോധത്തിന്റെയും ചിഹ്നങ്ങളാണ്. അതുവഴി അവ അധി കാരത്തെ പ്രകടിപ്പിക്കുന്നു. അമേരിക്കയിൽ ലബോവ് നടത്തിയ പരീക്ഷണങ്ങൾ ശ്രദ്ധേ യമാണ്. ബ്രട്ടീഷ്, സ്കാട്ടിഷ്, വെൽഷ്, വടക്കൻ ഐറിഷുകാർ എന്നിവർ ദേശീയ തയ്ക്കും വംശീയതയ്ക്കും വേണ്ടി ഈണത്തെ സംരക്ഷിക്കുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആരോഹണാവരോഹണസ്ഥായി അധികാരത്തെയും അവരോ ഹണസ്ഥായി അനുജ്ഞയെയും സംശയത്തെയും നിമ്നസ്ഥായി അപരിചിതത്വം പോലുള്ള ഭാവനകളെയും ഉച്ചസ്ഥായി അധികാരത്തെയും മുന്നറിയിപ്പിനെയും കാണി ക്കുന്നു.

മലയാളഭാഷയുടെ ഈണത്തിന്റെ പൊതുസ്വഭാവം ഇവിടെയുള്ള ഭാഷാഭേദങ്ങ ളിലുണ്ട്. ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ഭാഷാഭേദങ്ങളിൽ ഇത് വ്യക്തമാണ്. സംബോധ നാരൂപങ്ങളിലെ ഈണ വ്യത്യാസം സമൂഹത്തിലെ അധികാരഘടനയെ പ്രത്യക്ഷീക രിക്കുന്നുണ്ട്. സംബോധനാരൂപങ്ങൾ നാമത്തിൽ പ്രത്യയം ചേർക്കാതെ അന്ത്യസ്വരം ദീർഘിച്ചാണ് വിളിക്കുന്നത്. ‘ഏ’ ചേർന്നും സംബോധനാരൂപമുണ്ട്. ഉദാ : അമ്മേ, ഉപ്പച്ചീ, അച്ചാ, സഖാവേ. എന്നാൽ സംബാധനകളുടെ അവസാനം അവരോഹണ സ്ഥായിയാണെങ്കിൽ വിളികൾ അധികാരമുള്ളവരുടേതാകുന്നു. സംബോധനാരൂപങ്ങ ളിലുണ്ടാകുന്ന പ്രധാന ഈണഭേദം അന്ത്യസ്വരം ദീർഘിച്ചും സംബോധനാ പദങ്ങ ളുടെ ആദ്യാക്ഷരസ്വരം ദീർഘിച്ചും അന്ത്യസ്വരം ഹ്രസ്വമാക്കിയും ആണ് വരുത്തുന്ന ത്. ഈ രണ്ടു ഭേദങ്ങളും അധികാരത്തിന്റെ പ്രതിഫലനങ്ങളാകുന്നു. വിധായകം, അനുജ്ഞായകം, നിയോജകം എന്നീ പ്രകാരങ്ങൾക്ക് വരുന്ന സ്ഥായീഭേദം അധികാ രഘടനയുമായി ബന്ധപ്പെടുന്നു. ചാർച്ചപ്പേരുകൾ, വീൺചാർച്ചപ്പേരുകൾ എന്നിവയും ഈണത്തിന് അനുസൃതമായിട്ടാണ് അധികാരത്തെയും ആശയൈക്യത്തെയും പ്രക ടിപ്പിക്കുന്നത്. ഭാഷയിലെ അധികാരത്തിന്റെ മർമ്മം സ്ഥായിഭേദങ്ങളുടെ ആകെത്തു കയായ ഈണം ആകുന്നു. ആരോഹണാവരോഹണസ്ഥായി, അവരോഹണസ്ഥായി

എന്നിങ്ങനെ സ്ഥായി തരംതിരിച്ചതിൽ ആദ്യത്തേത് അധികാരത്തെയും രണ്ടാമത്തേത് ആശയൈക്യത്തേയും കാണിക്കുന്നു. പ്രകാരങ്ങളിൽ വരുത്തുന്ന ഊണവ്യത്യാസം പ്രായത്തിന്റെ അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്ന ഒന്നാകുന്നു. വക്താവിന്റെ മനോഭാവത്തെ പ്രകടിപ്പിക്കുന്നതുകൂടിയാകയാൽ ഈ സ്ഥായിഭേദം അധികാരത്തെ നിലനിർത്തുവാനും ചോദ്യം ചെയ്യുവാനും പറ്റുന്ന തരത്തിൽ പ്രകാരങ്ങളെ നിയന്ത്രിക്കുന്നു. സ്വരമുയർത്തി സംസാരിച്ചാൽ നിന്ദിക്കലായും അപമാനിക്കലായും മാറുന്നു. പ്രായത്തെപ്പോലെ ലിംഗവ്യത്യാസം പ്രകടമായി കാണുന്ന ഒരു മേഖലയാണ് ഊണം. ഉച്ചസ്ഥായിയിൽ ആരോഹണാവരോഹണസ്ഥായിയിൽ പുരുഷന്മാരെ സ്ത്രീകൾ സംബോധന ചെയ്യുന്നില്ല. നിമ്ന-മധ്യസ്ഥായിയിൽ ആരോഹണ-സമതയിലാണ് അവർ വിളിക്കുന്നത്. അങ്ങനെ വിളിച്ചാലേ പുരുഷന്മാരോടുള്ള ബഹുമാനം പ്രകടിപ്പിക്കാനാവൂ. ഭാഷാഭേദങ്ങളുടെ ഊണത്തേക്കാൾ മാനകമലയാളത്തിന്റെ തനത് ഊണങ്ങളോടാണ് സാമാന്യേന വിദ്യാസമ്പന്നർക്ക് താല്പര്യം. ചുരുക്കത്തിൽ വ്യക്തികളുടെ അധികാരത്തെ നിയന്ത്രിക്കുവാൻ ഭാഷയിലെ മർമ്മമായി ഊണം നിലനിൽക്കുന്നു.

## ഭാഷാമനോഭാവം

മനുഷ്യരുടെ വ്യക്തിപരവും സാമൂഹികവുമായ പുരോഗതിയുടെ അടിസ്ഥാനം ഭാഷയാണ്. മനുഷ്യസമൂഹത്തിന്റെ ഇതഃപര്യന്തമുള്ള പുരോഗതി സാധ്യമാക്കിത്തീർത്ത ഉൽകൃഷ്ട സിദ്ധിവിശേഷം എന്ന നിലയിൽ ഭാഷയ്ക്കും മനുഷ്യജീവിതത്തിൽ മഹത്തായ സ്ഥാനമാണുള്ളത്. ആശയസ്വീകരണം, ആശയപ്രകടനം, സർഗ്ഗാത്മക വികാസം എന്നിവ ഭാഷയുടെ ധർമ്മങ്ങളാണ്. വിജ്ഞാന ആർജ്ജനത്തിനും സംസ്കാര രൂപീകരണത്തിനും, ഉയർന്ന ചിന്താശേഷി വളർത്തുന്നതിനും സഹായിക്കുന്ന ഭാഷ ഒരു ജനതയുടെ അനശ്വര സമ്പത്തിന്റെ കലവറയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി നാം ഭാഷാപോഷണത്തിന് തയ്യാറാകണം.

ഭാരതീയ സാഹചര്യത്തിൽ സംസ്ഥാന ഔദ്യോഗിക ഭാഷകളെ അധിനിവേശ ഭാഷ വലയം ചെയ്യുന്നു. സംസ്ഥാനങ്ങൾക്ക് അവരുടെ ഭാഷാവികസനത്തിന് വേണ്ടത്ര സാഹചര്യം ലഭിക്കാതെ പോകുന്നു. ഭാഷാപരമായ വർണ്ണവിവേചനം എന്നു വിശേഷിപ്പിക്കാവുന്ന ഭാഷാപരമായ പാളിച്ചകൾ ജീവിതത്തിൽ എല്ലാ മേഖലകളിലും വ്യാപിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിൽ ഭാരതീയഭാഷകളെ തഴയുന്നതുവഴി കോടിക്കണക്കിന് ജനങ്ങൾക്ക് അറിവു നേടാനുള്ള തുല്യ അവകാശവും ഉദ്യോഗത്തിനുള്ള അവസരങ്ങളും നിഷേധിക്കുന്നു. ഉയർന്ന വരുമാനമുള്ള, അതിവേഗം വളർച്ച പ്രാപിക്കുന്ന, സമ്പദ്ഘടനയുള്ള രാജ്യങ്ങൾ പ്രാദേശിക ഭാഷാമാധ്യമത്തിൽ ഉത്കൃഷ്ടമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് ഉന്നതവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നു. ഈയൊരു തിരിച്ചറിവ് ഭാഷകളോടുള്ള നമ്മുടെ മനോഭാവത്തിൽ ഉണ്ടാവേണ്ടതാണ്. മെച്ചപ്പെട്ട അറിവുനേടലിന് - വിജ്ഞാനത്തിന് മാതൃഭാഷാടിസ്ഥാന വിദ്യാഭ്യാസം പ്രസക്തമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. പ്രൈമറിതല വിദ്യാഭ്യാസത്തിനു വേണ്ടി ജി 8 -ൽ അംഗങ്ങളായ ഒരു വികസിത രാഷ്ട്രവും യൂറോപ്യൻ യൂണിയനും ഒ.ഇ.സി.ഡി രാജ്യങ്ങളും ഒരു വിദേശഭാഷയും ഉപയോഗിക്കുന്നില്ല. വാസ്തവത്തിൽ ഉന്നതവിദ്യാഭ്യാസത്തിലടക്കം അവർ എല്ലാ വിഷയങ്ങളും മാതൃഭാഷയിലാണ് പഠിപ്പിക്കുന്നത്. മാത്രമല്ല, ഗവേഷണശ്രമങ്ങൾ ഭാഷാപരമായ പരിമിതികളാൽ തടയപ്പെടുന്നുമില്ല. കേരളത്തിലെ ജനസംഖ്യയുടെ 3.34 ശതമാനം വരുന്ന അതിർത്തിപ്രദേശങ്ങളിൽ

താമസിക്കുന്ന ഭാഷാ ന്യൂനപക്ഷങ്ങൾ ഒഴിച്ചാൽ എല്ലാ മേഖലകളിലും മലയാളം നടപ്പാക്കുന്നതിൽ മറ്റ് ഭാഷാജനങ്ങളുടെ എതിർപ്പുണ്ടാവുകയില്ല. ജനങ്ങൾക്ക് അവരുടെ ഭാഷയിൽ സേവനം നല്കുക എന്ന എളുപ്പമായ ചുമതലയാണ് കേരളം നേരിടുന്നത്.

വർത്തമാനകാലത്തിൽ മലയാളികളെപ്പോലെ മാതൃഭാഷയെ ഇത്രയേറെ അവമതിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ഒരു ജനസമൂഹം ഉണ്ടാവില്ല. ഉപരിതല വർഗ്ഗത്തിനിടയിലുണ്ടായിരുന്ന ഈ പ്രവണത ഇന്ന് എല്ലാ മേഖലകളിലും ആയിരിക്കുന്നു. ഇന്ന് കേരളീയർ പരസ്പരം സംസാരിക്കുന്നതും എഴുതുന്നതുമായ ഭാഷയെ 'മലംഗ്ലീഷ്' എന്ന് പറയേണ്ടിവരും. വാർത്താമാധ്യമങ്ങൾ പലപ്പോഴും മലയാളത്തെ വികലമാക്കുന്നു. ഏതൊരു സമൂഹത്തിന്റെയും കലയും സംസ്കാരവും സമ്പൂർണ്ണമായി ആവിഷ്ക്കരിക്കപ്പെടേണ്ടതും സ്വന്തം മാതൃഭാഷയിലൂടെയാവണം. എന്നാൽ, സങ്കരവർഗ്ഗങ്ങൾ, സങ്കരജാതികൾ, സങ്കരമതങ്ങൾ, നെറികെട്ട രാഷ്ട്രീയ സംവിധാനങ്ങൾ, ഭരണക്രമങ്ങൾ, ന്യൂനപക്ഷ ഭൂരിപക്ഷ പ്രലോഭനങ്ങൾ, വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങൾ, ആഗോളവൽക്കരണ മുതലാളിത്ത പരസ്യ പ്രലോഭനങ്ങൾ,സ്ഥാപിത താല്പര്യ മാധ്യമ പ്രചാരണങ്ങൾ എന്നിങ്ങനെ സമ്മിശ്രമായ പല പല നൂലാമാലകളിൽ കുടുങ്ങി മലയാളികൾ സ്വത്വബോധം നഷ്ടപ്പെട്ട് ആത്മാഭിമാനമില്ലാത്തവരായിത്തീർന്നിരിക്കുന്നു.

ജനസംഖ്യാനുപാതത്തിൽ ആഗോളതലത്തിൽ 26-ാം സ്ഥാനത്തെത്തിനിൽക്കുന്ന ഒരു ഭാഷയാണ് മലയാളം. സാഹിത്യ നിർമ്മാണ പ്രക്രിയയിൽ ബംഗാളി ഭാഷയോടൊപ്പം കിടനിൽക്കുന്നതാണ് മലയാള ഭാഷയും. എന്നിട്ടും കേരളത്തിൽ മലയാളത്തെ സംരക്ഷിക്കാനും മലയാളത്തിന്റെ പദവി ഉയർത്താനുമുള്ള കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ല. സ്വന്തം സ്വത്വം നഷ്ടപ്പെട്ട ആത്മാഭിമാനം അശേഷമില്ലാത്ത ഒരു സമൂഹമായി മലയാളികൾ അധഃപതിച്ചിരിക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് മലയാളഭാഷയ്ക്ക് യാതൊരുവിധ പ്രോത്സാഹനവും ലഭിക്കുന്നില്ല. നിലവിലുള്ള നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തിയെങ്കിൽ മാത്രമേ മലയാളഭാഷയ്ക്ക് നിലനില്പുണ്ടാകൂ. അടിസ്ഥാനവിദ്യാഭ്യാസം മലയാളത്തിലായിരിക്കണം 12-ാം തരം വരെയെങ്കിലും എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിപ്പിക്കണം. ശാസ്ത്രവിഷയങ്ങളാണെങ്കിലും മലയാളത്തിൽ പഠിപ്പിക്കുന്നതാണ് ഉചിതം. കേരളത്തിൽ ഇന്ന് പ്രചാരപ്പെടുന്ന എല്ലാ വിഭാഗീക വിദ്യാഭ്യാസ സമ്പ്രദായങ്ങളും പാടേ നിർത്തലാക്കി പാവപ്പെട്ടവനെന്നോ, പണക്കാരനെന്നോ പക്ഷഭേദമില്ലാത്ത ഏകീകൃതമായ ഒരു നല്ല വിദ്യാഭ്യാസ സമ്പ്രദായം കണ്ടെത്തണം. ആ വിദ്യാഭ്യാസം പൂർണ്ണമായും സർക്കാർ അധീനതയിൽ മലയാളത്തിലായിരിക്കുകയും വേണം. മെക്കാളെയുടെ നേതൃത്വത്തിൽ അടിച്ചേൽപ്പിക്കപ്പെട്ട വിദേശീയ സാംസ്ക്കാരിക മേധാവിത്വത്തിനെതിരായ ഒരു ബഹുജനപ്രസ്ഥാനം ഉയർന്നുവരണം. ആസൂത്രിത വികസനമാണിവിടെ ഉണ്ടാകേണ്ടത്. മലയാളഭാഷ നമ്മുടെ ജീവിതത്തിന്റെ ഏതെല്ലാം മണ്ഡലങ്ങളിൽ എത്രത്തോളം ഉപയോഗയോഗ്യമാണെന്നു നാം തന്നെയാണ് തീരുമാനിക്കേണ്ടത്. സമയബന്ധിതമായ പരിപാടികൾ ആവിഷ്ക്കരിച്ച് ജനങ്ങളുടെ സമ്പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തിക്കൊണ്ടു മുന്നോട്ടു പോകാൻ പുരോഗമനോന്മുഖമായ പല പരിപാടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സർക്കാരിനു കഴിയും.

ഭാഷാസംവിധാനമെന്ന പ്രയുക്തഭാഷാശാസ്ത്രശാഖയുടെ കാഴ്ചപ്പാടിൽ ഭാഷാസസംരക്ഷണ യത്നങ്ങൾ അർത്ഥവത്താക്കുന്ന ഒരു രംഗം മാനകീകരണത്തി

ന്റേതത്രേ. ഭാഷയുടെ ആസൂത്രിതവികസനം ഏതു സർക്കാരിന്റെയും സാംസ്കാരിക നയത്തിന്റെ സുപ്രധാന ഭാഗമായിരിക്കണം. ഭാഷയെപ്പറ്റി വിവരങ്ങൾ വസ്തുനിഷ്ഠ മായും ശാസ്ത്രീയമായും ശേഖരിച്ചുകൊണ്ടിരിക്കാനും ആവശ്യം വരുമ്പോൾ വിരൽത്തു മ്പിലെത്താൻ തക്കവണ്ണം അവ വർഗീകരിച്ചു സൂക്ഷിക്കാനും പോന്ന ഒരു കമ്പ്യൂ ട്ടർവൽകൃത സംവിധാനം ഏർപ്പെടുത്തുകയും അതേസമയം ഭാഷാപ്രയോഗത്തിന്റെ സമസ്ത മേഖലകളെയും നിരന്തരം പരിശോധിച്ചുകൊണ്ടിരിക്കുകയും ആവശ്യാനു സരണംവഴികാട്ടികളുടെ സേവനം ലഭ്യമാക്കുകയും ചെയ്യണം. ആത്മാർത്ഥതയുറ്റ ഒരു സംഘം ഗവേഷകർക്ക് വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങളും വ്യക്തമായ ലക്ഷ്യബോ ധവും നിരന്തരം ഉറപ്പാക്കിക്കൊടുക്കാൻ കഴിവുള്ള ഒരു സാഹചര്യത്തിൽ മാത്രമേ ഈ രംഗത്ത് നേട്ടങ്ങൾ പ്രതീക്ഷിക്കേണ്ടതുള്ളൂ. സാമ്പ്രദായിക വ്യാകരണം വച്ചു നോക്കി ശരിതെറ്റുകൾ കൽപ്പിക്കാൻ ശ്രമിക്കുമ്പോൾ ഒരു ഭാഷയുടെയും ആരോഗ്യക രമായ വികസനത്തിലേക്ക് ഗണ്യമായ ഒരു സംഭാവനയും നൽകാനാവില്ല. ഭാഷാസം രക്ഷണം ഒരു ബഹുജനപ്രസ്ഥാനമായി വളരണം. നമ്മുടെ പരസ്യബോർഡുകൾ, വീട്ടുപേരുകൾ, സ്ഥലനാമങ്ങൾ, മേൽവിലാസം, കല്യാണക്കുറി തുടങ്ങിയവയൊക്കെ മലയാളത്തിലെഴുതാൻ മലയാളി ശീലിക്കണം. നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖ ലകളിലും വിദ്യാഭ്യാസം, സംസ്കാരം, മതം, ശാസ്ത്രം, ഭരണം, നീതിന്യായപാലനം, ആരോഗ്യരക്ഷ എന്നിങ്ങനെ എവിടെയും മലയാളത്തിന് ഒന്നാം സ്ഥാനം ലഭിക്കണം. കേരളത്തിലെ ഭരണഭാഷയും കോടതികളിലെ ഭാഷയും നഴ്സറി തൊട്ട് ഡോക്ടർ ബിരുദാനന്തരബിരുദതലം വരെയുള്ള വിദ്യാഭ്യാസത്തിന്റെ മാധ്യമവും ആരാധനാല യങ്ങളിലെയും ഗാനമേളകളിലെയും സംഗീതക്കച്ചേരികളിലെയും പ്രമുഖഭാഷയും മല യാളമേ ആകാവൂ. ഇതിന് അടിസ്ഥാനപരമായി മലയാളിയുടെ മനോഭാവത്തിലാണ് മാറ്റം വരേണ്ടത്. അടിസ്ഥാനപദാവലിയിൽ പോലും സംസ്കൃതപദങ്ങളെ ഉയർത്തി ക്കാട്ടുകയും ശുദ്ധമലയാള പദങ്ങളെ തഴയുകയും ചെയ്യുന്ന രീതി മാറണം. ഭാഷാസം വിധാനപരവും ശാസ്ത്രീയവുമായ ഒരു കാഴ്ചപ്പാടും വികസനതന്ത്രവുമാണ് സ്വീകാ ര്യമായിട്ടുള്ളത്.

മറ്റു ഭാഷകളിൽ നിന്ന് നമ്മുടെ ഭാഷയ്ക്ക് മുതൽക്കൂട്ടാവുന്ന നേട്ടങ്ങൾ കണ്ടെ ത്തണം. വാക്കുകളും പ്രയോഗങ്ങളും വാക്യഘടനാവിശേഷങ്ങളുമെല്ലാം മുതൽക്കൂ ട്ടുകളാണ്. സർഗ്ഗാത്മകവും വിജ്ഞാനപ്രദവുമായ കൃതികളുടെ നിരന്തരമായ വിവർത്തനം നമ്മുടെ സാഹിത്യത്തിന്റെയും ഭാഷയുടെയും ചക്രവാളങ്ങളെ വർദ്ധിപ്പി ക്കും. ഏതു വിഷയത്തിലും എത്ര ഉയർന്ന തലത്തിലുള്ള അറിവു പകർന്നുതരുന്ന പുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാകണം. കേരളത്തിലെ വിദ്യാഭ്യാസമാധ്യമം എല്ലാ ത്തലത്തിലും മലയാളമാകണം. മലയാളഭാഷയുടെ സമഗ്രവികസനത്തിന് അവശ്യം വേണ്ടുന്ന ഇനങ്ങൾ താഴെ പറയുന്നവയാണ്.

1. കമ്പ്യൂട്ടറിനു വായിക്കാവുന്നതും നിരന്തരം നവീകരണവിധേയവും വരമൊഴി യെന്നപോലെ വാമൊഴിയെയും സഗൗരവം കണക്കിലെടുക്കുന്നതുമായ മല യാള രേഖാ സഞ്ചയം (Data Bank)
2. നവീകൃത സാങ്കേതിക ശബ്ദാവലികൾ
3. വിജ്ഞാനശാഖാനിഷ്ഠ നിഘണ്ടുക്കൾ
4. പ്രയോഗ നിഘണ്ടുക്കൾ

5. വിവർത്തന സഹായി

6. സർവ്വ വിജ്ഞാനകോശീയ വ്യാകരണം

7. ശ്രേണീകൃതവ്യാകരണങ്ങളും ഇലക്ട്രോണിക് മാധ്യമ പാഠങ്ങളും ഉൾപ്പെടെയുള്ള കാലാനുകൂലമായ ഭാഷാബോധനോപകരണങ്ങൾ.

ഏതൊരു ഭാഷയിലെയും സ്വാഭാവികമായ രൂപഭേദങ്ങൾ വിശകലനം ചെയ്ത് സർവ്വഥാ സ്വീകാര്യമായ രൂപം, അല്ലെങ്കിൽ രൂപങ്ങൾ ഇവ കണ്ടെത്തുകയും അവയുടെ പ്രചാരണതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കുകയും ചെയ്യുന്നതിനെ ആസ്പദമാക്കിയാണ് ഭാഷാവികസനത്തിന്റെ വിജയം. ലിപി വ്യവസ്ഥാപനം, മാനകീകരണം, ആധുനുകീകരണം (Grasphisation, standardisation, Modenisation) എന്നിങ്ങനെയുള്ള ത്രിമുഖ പദ്ധതികളിലൂടെയാണ് ഭാഷാവികസനം പുരോഗമിക്കുക. വിവിധ ഭാഷാഭേദങ്ങളുടെ പ്രത്യേകതകളിൽ നിന്നുയർന്ന് ഭാഷണ സമുദായാംഗങ്ങളിൽ ഏവർക്കും സമ്മതമാവാനിടയുള്ള രൂപങ്ങൾ കണ്ടെത്തി പാഠപുസ്തകങ്ങളിലും പ്രക്ഷേപണ-സംപ്രേഷണങ്ങളിലും സർക്കാർ പ്രസിദ്ധീകരണങ്ങളിലും മറ്റും പ്രയോഗിക്കാൻ പാകത്തിൽ ചിട്ടപ്പെടുത്തുക എന്നതാണ് മാനകീകരണം. സന്ദേശ വിനിമയത്തിന്റെ മാധ്യമം എന്ന നിലയിൽ വികസിതമായ അന്യഭാഷകളോടൊപ്പം നിൽക്കാൻ തക്കവണ്ണം പ്രസക്തഭാഷയെ സജ്ജമാക്കുകയാണ് ആധുനികീകരണം. പദസമ്പത്തിന്റെ വികസനത്തിനായി കടം വാങ്ങലോ പുതിയ പദനിർമ്മിതിയോ നടത്തുകയും ഭാഷാവികസനത്തിന് ആവശ്യമാണ്.

കേരളത്തിലെ ഭരണഭാഷ തികച്ചും മലയാളത്തിലാക്കുക എന്നതാണ് മലയാളഭാഷയെ സംരക്ഷിക്കാനുള്ള ഒരു പ്രധാന മാർഗ്ഗം. സർക്കാർ കാര്യാലയങ്ങളിൽ കൈകാര്യം ചെയ്യുന്ന അപേക്ഷകളും ഉത്തരവുകളും നിയമനങ്ങളും ഉദ്യോഗസ്ഥ വിഷയങ്ങളുമെല്ലാം മലയാളത്തിലാക്കുക. പ്രത്യേകിച്ച് കോടതിയുടെ ഭാഷയും എഴുത്തുകുത്തുകളും വാദപ്രതിവാദങ്ങളും വിധിന്യായങ്ങളുമെല്ലാം മാതൃഭാഷയിൽ തന്നെ ആയിരിക്കണമെന്ന് വ്യവസ്ഥപ്പെടുത്തുക, ഈ വ്യവസ്ഥകൾ സർക്കാർ കാര്യാലയങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും കടകമ്പോളങ്ങളിലും നടപ്പിൽ വരുത്തുക, എല്ലാ സ്ഥാപനങ്ങളുടെയും പരസ്യപ്പലകകൾ മാതൃഭാഷയിലാക്കുക, മതപരമായ ഭാഷാ പ്രീണന നയങ്ങൾ പാടേ നിരുത്സാഹപ്പെടുത്തുക, ദേവാലയങ്ങളിലെ പ്രാർത്ഥനകളും മന്ത്രജപങ്ങളും പ്രബോധനങ്ങളുമെല്ലാം മാതൃഭാഷയായ മലയാളത്തിലേക്ക് പരിവർത്തിക്കുക തുടങ്ങിയവയൊക്കെ ഭാഷാവികസനത്തിനായി ചെയ്യാവുന്നതാണ്.

ഭരണഭാഷ മലയാളമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഏക ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്ന നിയമം സംസ്ഥാനനിയമസഭ പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ചട്ടങ്ങൾ നിലവിൽ വരികയും വേണം. കീഴ്ക്കോടതികളിൽ മലയാള മാധ്യമം അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം 1978-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചുവെങ്കിലും അത് പൂർണ്ണമായി മലയാളത്തിലാക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ എല്ലാ തലങ്ങളിലുമുള്ള ഉദ്യോഗസ്ഥർക്കും മലയാള ഭാഷാപരിജ്ഞാനം നിർബന്ധമാക്കേണ്ടാതാണ്. പി.എസ്.സി പരീക്ഷകൾ, ഡിപ്പാർട്ട്മെന്റ് ടെസ്റ്റുകൾ തുടങ്ങിയവയിൽ മറ്റു

സംസ്ഥാനങ്ങളുടെ മാതൃകയിൽ മലയാളഭാഷാപരിജ്ഞാനം പരിശോധിക്കുന്ന ഭാഗങ്ങൾ എല്ലാ ജനങ്ങൾക്കും ഒഴിവാക്കാനാവില്ലെന്ന നില വരണം. അതോടൊപ്പം അന്യഭാഷക്കാർക്കാവശ്യമായ മലയാളം അവരെ വേഗം പഠിപ്പിക്കാൻ പര്യാപ്തമായ പ്രത്യേക സജ്ജീകരണങ്ങൾ സംവിധാനം ചെയ്യണം. ഭരണഭാഷാ വിചക്ഷണനായ ഒരു ഭാഷാവിദഗ്ധന്റെ നേതൃത്വത്തിൽ ഒരു മേജർ ഡയറക്ടറേറ്റ് രൂപവത്ക്കരിച്ച് ഭരണഭാഷ എല്ലാ തലങ്ങളിലും മലയാളമാക്കാൻ തക്ക അധികാരങ്ങളും ചുമതലകളും ആ വകുപ്പിന് നൽകണം. ഭരണഭാഷാ മാറ്റത്തിന് ആക്കം കൂട്ടുന്ന ഒരു മുഖ്യഘടകം വിവർത്തനസൗകര്യമാണ്. വിവർത്തന പരിശീലന പരിപാടികൾ നടക്കണം. ബോധനമാധ്യമം നഴ്സറി വിദ്യാഭ്യാസം മുതൽ മലയാളമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. സർക്കാരിന്റെ ഭരണഭാഷ മലയാളമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും ഭരണമാധ്യമം മലയാളമാകുന്നതാണ് ഉത്തമം. ഭരണഭാഷ മലയാളമാകുമ്പോൾ വേണ്ടിവരുന്ന നൂറുകണക്കിന് വാക്കുകളും പ്രയോഗങ്ങളും ഉൾക്കൊള്ളുന്ന ഒരു നിഘണ്ടു നിർമ്മിക്കേണ്ടതാണ്. 1956 നവംബർ 1 ന് ഐക്യകേരളം ഭാഷാടിസ്ഥാനത്തിൽ പിറന്നതിന്റെ അടിസ്ഥാനത്തിൽ നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും നാം ആഘോഷിക്കുന്നു. എന്നാൽ ഓരോ മലയാളിയുടെയും ആരോഗ്യകരമായ മനോഭാവമാറ്റം സംഭവിച്ചെങ്കിലേ മലയാളത്തിന്റെ ഭാവി ശോഭനമാകൂ.

ദീർഘകാലത്തെ പരിശ്രമത്തിന്റെ ഫലമായി 2013 മെയ് 13 ന് മലയാളം ക്ലാസ്സിക്കൽ ഭാഷയായി ഉയർത്തപ്പെട്ടു. ഉന്നതനിലവാരവും പ്രാക്തനതയും മാനദണ്ഡമായി എടുത്തുകൊണ്ടാണ് ഭാഷകളുടെ ക്ലാസിക് പദവി നിശ്ചയിക്കുന്നത്. ക്ലാസിക് പദവിക്ക് പരിഗണിക്കപ്പെടുന്ന കാലപ്പഴക്കം 1500 – 2000 വർഷമായി കേന്ദ്രസർക്കാർ നിജപ്പെടുത്തിയതാണ് മലയാളത്തിന് ക്ലാസിക് പദവി ലഭിക്കാതിരിക്കാൻ കാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നാൽ ഭാഷയുടെ പുരാതനത്വത്തെപ്പറ്റിയുണ്ടാകുന്ന തർക്കങ്ങളെ വസ്തുതകൾ കൊണ്ട് പ്രതിരോധിക്കാൻ ഭാഷാപണ്ഡിതന്മാർക്ക് കഴിഞ്ഞു. ശ്രേഷ്ഠഭാഷാപദവി പല ഉത്തരവാദിത്വങ്ങളും മലയാളികളെ ഭരമേൽപ്പിക്കുന്നു. ഭാഷാസംരക്ഷണത്തിനും ഭാഷാ പ്രകാശനത്തിനും വിവിധ വേദികളുണ്ടാവണം. നമ്മുടെ ഭാഷാപദകോശം വിപുലമാക്കാനും സാങ്കേതികപദകോശം വികിപ്പിക്കാനും കഴിയണം. മലയാളം ലക്സിക്കന്റെ പൂർത്തീകരണം, മലയാളം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപനം തുടങ്ങി നിരവധി കർമ്മപദ്ധതികളിലൂടെ വേണം ഭാഷാപദവി നിലനിർത്താൻ.

മലയാളഭാഷ ഇന്ന് പല വെല്ലുവിളികളും നേരിടുന്നുണ്ട്. ഭരണഭാഷ സമ്പൂർണ്ണമായി പ്രയോഗത്തിൽ വരാത്തതും മലയാളം നിർബന്ധിത അധ്യയനമാധ്യമം ആകാത്തതും മൂലം വേണ്ടത്ര പരിഗണന മലയാളഭാഷയ്ക്ക് ഇന്ന് ലഭിക്കുന്നില്ല. പാശ്ചാത്യസ്വാധീനത്തിൽ പെട്ട് വാർത്താമാധ്യമങ്ങൾ മലയാളത്തെ വികലമാക്കിക്കൊണ്ടിരിക്കുന്നു. മലയാളം എഴുത്തിന്റെ വഴിയിൽ ഇന്നും ഒരുപാട് വൈഷമ്യങ്ങൾ നാം നേരിടുന്നുണ്ട്. മലയാളത്തിലെ എല്ലാ അക്ഷരങ്ങളെയും കുറിക്കാൻ ലിപികളില്ല. നമ്മുടെ ലിപി സംഖ്യയുടെ പെരുപ്പം മറ്റൊരു വശത്ത് ആശങ്ക ഉളവാക്കുന്നു. മലയാളത്തിലെ വ്യഞ്ജനങ്ങളുടെ ഇരട്ടിച്ച രൂപങ്ങൾക്ക് ഇപ്പോൾ ഐകരൂപ്യം ഇല്ല. ഭരണഭാഷാ നിഘണ്ടു, സാങ്കേതിക പദാവലി നിഘണ്ടു എന്നിവയിൽ നാം വേണ്ടത്ര പൂർണ്ണതയിൽ

എത്തിയിട്ടില്ല. ടൈപ്പ്റൈറ്ററിനും കമ്പ്യൂട്ടറിനും വേണ്ടി മലയാളത്തെ നാം വെട്ടമുറിച്ചു. നമ്മുടെ ഭാഷയ്ക്കനുസരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ മലയാളി ശ്രമിച്ചില്ല. മലയാളം ഫോണ്ടുകൾക്കും ടെക്സ്റ്റ് എഡിറ്ററുകൾക്കും പരക്കെ സ്വീകാര്യതയോ വിപണിയോ നേടാറായിട്ടില്ല. ഭാഷാപഠന ഗവേഷണങ്ങൾക്ക് വിവരസാങ്കേതികവിദ്യ ഇന്നു മലയാളത്തിൽ ഉപയോഗക്ഷമമല്ല. കണക്കെഴുത്തോ ഓഫീസ് ഫയലെഴുത്തുകളോ മലയാളത്തിലാക്കാൻ നമുക്കാവുന്നില്ല. വിവരങ്ങളുടെ ക്രമീകരണം, വിവരവിനിമയം തുടങ്ങി അടിസ്ഥാനകാര്യങ്ങൾ ഒന്നും ശാസ്ത്രീയമായി നിർവ്വഹിക്കുവാൻ മലയാളത്തിന് ഐ.ടിയുടെ ഫലപ്രദമായ സംവിധാനങ്ങളില്ല. ഭാഷാശാസ്ത്രപരമായ എല്ലാ സവിശേഷതകളെയും കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കാൻ കഴിയും. പുതിയ ലിപിയും പഴയലിപിയും തമ്മിലുള്ള അവ്യവസ്ഥ ഇന്നും നിലവിലുണ്ട്. മറ്റു ഭാഷകൾ ഉപയോഗിക്കുന്ന തലങ്ങളിലെല്ലാം മലയാളവും ഉപയോഗിക്കാം എന്ന അവസ്ഥ ഉണ്ടാവണം.

## മൊഡ്യൂൾ 4

# പ്രാഗ്ഭാഷ

നൂറ്റാണ്ടുകൾക്ക് മുമ്പ് മനുഷ്യവർഗ്ഗംഭൂമിയിൽ പല സ്ഥലങ്ങളിലായി പല സമൂഹങ്ങളായി ജീവിച്ചിരുന്നിരിക്കണം. ഓരോ സമൂഹവും ഉപയോഗിച്ചിരുന്ന ഭാഷയും ഇതരഭാഷകളിൽ നിന്ന് വ്യത്യസ്തമായിരുന്നു. ഈ സമൂഹങ്ങൾ അന്യദേശങ്ങളിലേയ്ക്ക് കുടിയേറിയപ്പോൾ അവരുടെ ഭാഷയും മറ്റു ദേശങ്ങളിലേക്ക് ചെന്നു. ആദ്യം നിലനിന്നിരുന്ന മൂലഭാഷകളെ പ്രാഗ് ഭാഷകൾ എന്നും ഓരോ പ്രാഗ്ഭാഷയിൽ നിന്നും പിരിഞ്ഞ് സ്വതന്ത്രഭാഷയായിത്തീർന്ന ഭാഷകളെ അംഗഭാഷകൾ അല്ലെങ്കിൽ പുത്രീഭാഷകൾ എന്നും പറയുന്നു. ഒരു പ്രാഗ്ഭാഷയിൽ നിന്നു പിരിഞ്ഞുവന്ന ഭാഷകളെ ഒന്നിച്ചുചേർത്ത് ഗോത്രം അല്ലെങ്കിൽ കുടുംബം എന്നു പറയും.

അംഗഭാഷകൾക്കും മൂലഭാഷയ്ക്കും തമ്മിലുള്ള ബന്ധം ശാഖകൾക്കും വൃക്ഷത്തിനും തമ്മിലുള്ള ബന്ധത്തിന് സദൃശ്യമാണ് എന്ന നിരീക്ഷണമാണ് കുടുംബവൃക്ഷസിദ്ധാന്തം എന്ന പേരിൽ അറിയപ്പെടുന്നത്. ഈ സിദ്ധാന്തത്തിൽ ഭാഷകളെ ജൈവികപ്രതിഭാസങ്ങളായി സങ്കല്പിക്കുന്നു.

### പ്രാഗ്ഭാഷാ പുനർ നിർമ്മാണം

ഭാഷകളുടെ പ്രാഗ്രൂപം മനസ്സിലാക്കാനുള്ള രണ്ട് അപഗ്രഥന പദ്ധതികളാണ് ആന്തരപുനർ നിർമ്മാണവും ബാഹ്യപുനർനിർമ്മാണവും. ആദ്യത്തേതിൽ ഒരു ഭാഷയുടെ പൂർവ്വരൂപം അന്വേഷിക്കുന്നു. രണ്ടാമത്തേതിൽ സജാതീയ ഭാഷകളുടെ മൂലരൂപവും. ഒരു ഭാഷയുടെ പ്രാഗ്രൂപം ആരായുന്നതിൽ ആ ഭാഷയിൽ ക്രമികമായി സംഭവിച്ച പരിണാമങ്ങളെയാണ് ആധാരമാക്കേണ്ടത്. പ്രാധാനമായും ലഭ്യമായ രേഖകളെ അവലംബിച്ചാണ് ഭാഷയുടെ ചരിത്രം ആരായുന്നത്. എന്നാൽ വ്യവഹാരത്തിലുള്ള ഭാഷാഭേദങ്ങൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, ആദിവാസി ഭാഷകൾ എന്നിവയിൽ നിന്ന് കിട്ടുന്ന സൂചനകളും ആന്തരിക പുനർനിർമ്മാണത്തിന് പ്രയോജനപ്പെടുത്താം. മലയാളഭാഷയിൽ അനുനാസിക-ഖരസംയുക്തങ്ങളായ ങ്ക, ഞ്ച, ന്ത ഇവ പലേടത്തും ങ്ങ, ഞ്ഞ, ന്ന എന്ന് അനുനാസികാതിപ്രസര

വിധേയമായിത്തീർന്നതിന് രേഖാപരമായ തെളിവുകൾ ഉണ്ട്. ഈ പരിണാമത്തിന് ആന്തരപുനർനിർമ്മാണത്തിലൂടെയും തെളിവുകൾ ഹാജരാക്കാൻ കഴിയും. ഒമ്പതാം നൂറ്റാണ്ട് മുതലുള്ള ശാസനങ്ങളിൽ ഈ മാറ്റം ക്രമികമായി സംഭവിക്കുന്നത് കാണാം. മാറ്റം സംഭവിക്കാത്ത ചില അവശിഷ്ടരൂപങ്ങൾ ഇന്നും ഭാഷയിൽ നിലനിൽക്കുന്നു. ഉദാ : വെന്തു, നൊന്തു, താങ്കൾ. ആഭ്യന്തരതെളിവുകളെ ആധാരമാക്കി പുനർനിർമ്മാണം ചെയ്ത് കിട്ടുന്ന ഭാഷാരൂപത്തെ പൂർവ്വഭാഷ എന്ന് പറയും.

ഒരു ഗോത്രത്തിലെ അംഗഭാഷകളുടെ സ്വഭാവങ്ങൾ താരതമ്യം ചെയ്ത്, ആ ഗോത്രത്തിന്റെ മൂലഭാഷാസ്വഭാവം പുനർനിർമ്മിക്കുന്ന പദ്ധതിയെ ബാഹ്യപുനർനിർമ്മാണം എന്ന് പറയുന്നു. സജാതഭാഷകളുടെ തുലനാത്മക പഠനത്തിലൂടെ അവയുടെ പ്രാഗ്ചരിത്രവും മൂലഭാഷയുടെ സ്വഭാവവും കണ്ടെത്തുന്ന രീതിയെയാണ് ബാഹ്യപുനർനിർമ്മാണം എന്ന് പറയുന്നത്. ബാഹ്യപുനർനിർമ്മാണത്തിൽ മൂന്ന് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. അകന്നു കിടക്കുന്ന പ്രദേശങ്ങളിലെ ഭാഷകളിൽ സമാനസ്വഭാവം കാണുന്നുണ്ടെങ്കിൽ അത് പ്രാഗ്ഭാഷാ സ്വഭാവമാകാൻ സാധ്യതയുണ്ട്.
2. ഒരു സ്വഭാവം ഭൂരിപക്ഷം ഭാഷകളിലും രൂപവ്യത്യാസമില്ലാതെ കാണുന്നുവെങ്കിൽ അത് പൂർവ്വഭാഷാസ്വഭാവമായിരിക്കും.
3. മാറ്റം സാഹചര്യബദ്ധമാണെങ്കിൽ അത് ചരിത്രപരിണാമമാകാനാണ് സാധ്യത.

ബാഹ്യ പുനർ നിർമ്മാണരീതിയെ ഉദാഹരിക്കാം.

ദ്രാവിഡഭാഷകളിൽ ചോദ്യാർത്ഥം പ്രകാശിപ്പിക്കാൻ മൂന്ന് രീതികൾ ഉപയോഗപ്പെടുത്തുന്നു.

(എ) അയാൾ എങ്ങനെ പറഞ്ഞു?

(വാക്യാവസാനത്തിലെ ആരോഹണസ്ഥായി ചോദ്യാർത്ഥം ധ്വനിപ്പിക്കും.)

(ബി) എന്ത്, ഏത്, ആര്, എപ്പോൾ, എങ്ങനെ, എത്ര എന്നീ ചോദ്യവാചികൾ ഉപയോഗിച്ച്.

(സി) അത് ശരിയാണോ?

(ക്രിയാപദങ്ങളോട് ഓ പ്രത്യയം ചേർത്ത്)

ഇവയിൽ ചോദ്യവാചിപ്രത്യയത്തിന്റെ ചരിത്രമാണ് അന്വേഷണവിഷയം.

ഒരു പദത്തിന്റെ സജാതരൂപങ്ങൾ മാത്രം പരിശോധിച്ചല്ല താരതമ്യപഠനം നടത്തുന്നത്. സമാന പദങ്ങളെ എല്ലാം പരിശോധിച്ചാൽ മാത്രമേ ബാഹ്യപുനർനിർമ്മാണക്രിയ പൂർത്തിയാവൂ.

ഭാഷാപരിണാമം നടക്കുന്നത് പല തരത്തിലുള്ള ബാഹ്യ സമ്മർദ്ദങ്ങൾക്കും വഴങ്ങിക്കൊണ്ടാണ്. അതുകൊണ്ട്, ഭാഷയ്ക്കകത്തുള്ള കാര്യങ്ങൾ മാത്രം പരിശോധിച്ചുകൊണ്ട് ഭാഷാചരിത്രം പുനർനിർമ്മിക്കാൻ കഴിയില്ല. മാറ്റങ്ങൾ നടക്കുന്ന കാലങ്ങളിലെ സാമൂഹിക-സാംസ്ക്കാരിക പശ്ചാത്തലങ്ങൾ കൂടി പരിഗണിച്ചായിരിക്കണം ചരിത്രം രചിക്കുന്നത്.

## മലയാളഭാഷാ രൂപീകരണ സിദ്ധാന്തങ്ങൾ

മലയാളഭാഷയുടെ ഉൽപത്തിയെ സംബന്ധിച്ച് വ്യത്യസ്ത മതങ്ങൾ നിലവിലുണ്ട്. അതുകൊണ്ട് വിവിധ വാദങ്ങൾ ക്രോഡീകരിച്ച് അവയുടെ സാംഗത്യം പരിശോധിക്കുകയാണ് കരണീയം. മലയാളഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ച് പ്രധാനമായും നാലു വാദങ്ങളാണുള്ളത്.

### 1) സംസ്കൃതജന്യവാദം

ലീലാതിലകകാരനും കോവുണ്ണി നെടുങ്ങാടിയും വടക്കുംകൂർ രാജരാജവർമ്മയും ഈ വാദം ഉന്നയിക്കുന്നു. ലീലാതിലകത്തിലെ സംസ്കൃതജന്യവാദം ചഞ്ചലവും അവ്യക്തത നിറഞ്ഞതുമാണ്. ''ഭാഷയ്ക്ക് ആദിയുണ്ട്. അത് സംസ്കൃതത്തിൽ നിന്നുണ്ടായതായിരിക്കണം'' എന്ന് 15-ാം സൂത്രത്തിന്റെ വൃത്തിയിലും "ഭാഷയ്ക്ക് ആദിയുണ്ട്. ആദി സംസ്കൃതമാണെന്നും ഗ്രഹിക്കണം'' എന്ന് 135-ാം സൂത്രത്തിന്റെ വൃത്തിയിലും ലീലാതിലകകാരൻ പറഞ്ഞിട്ടുണ്ട്. ഇതേ ലീലാതിലകകാരൻ തന്നെ കേരളരെ ദ്രമിഡരെന്നു പറയാമെന്നുള്ളതുകൊണ്ട് അവരുടെ ഭാഷയ്ക്കു ദ്രമിഡശബ്ദത്തിന്റെ അപഭ്രംശരൂപമായ തമിഴ് എന്ന പേർ ഉപയോഗിക്കുന്നു എന്നും വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല വ്യാകരണകാര്യത്തിലുള്ള വ്യത്യാസങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ലിംഗവചന വിഭക്തി പ്രത്യയങ്ങളുടെ പൊരുത്തം ക്രിയാപദങ്ങളിൽ ദീക്ഷിക്കുക എന്ന പതിവ് മലയാളത്തിലില്ലെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. 'കൂന്തൽ'വാദത്തിലൂടെ മലയാളത്തിന്റെ തനിമയും ഉത്തമ മണിപ്രവാളത്തിന്റെ ലക്ഷണവും വിവരിക്കുന്നിടത്ത് ശുദ്ധഭാഷയുടെ സവിശേഷതയും വിവരിക്കുന്നുണ്ട്. ഈ തെളിവുകൾ നോക്കുമ്പോൾ കേരളഭാഷ സംസ്കൃതഭിന്നമാണെന്ന അഭിപ്രായമാണ് ലീലാതിലകകാരന് ഉണ്ടായിരുന്നത് എന്ന് പറയാൻ കഴിയും.

സംസ്കൃതജന്യവാദം ഉയർത്തിയ മറ്റൊരു ഭാഷാപണ്ഡിതനാണ് കോവുണ്ണി നെടുങ്ങാടി. അദ്ദേഹത്തിന്റെ 'കേരള കൗമുദി' എന്ന ഗ്രന്ഥത്തിലെ മംഗളശ്ലോകം ഇപ്രകാരമാണ്.

"സംസ്കൃതഹിമഗിരിഗളിതാ

ദ്രാവിഡവാണീകളിന്ദുജാമിളിതാ

കേരളഭാഷാഗംഗ വിഹരതു

മമ ഹൃത്സരസ്വദാസംഗാ"

സംസ്കൃതത്തോടും ദ്രാവിഡവാണിയായ തമിഴിനോടും ചേർന്ന കേരളഭാഷ തന്റെ മനസ്സിൽ വിഹരിക്കുന്നു എന്നേ ഇതിൽ പറയുന്നുള്ളൂ. കേരളകൗമുദിയിൽ ഭാഷാഗമം വിവരിക്കുന്ന മൂന്നാം കാരികയുടെ വിവരണത്തിൽ "സംസ്കൃത പിതൃഭാവവും ദ്രമിളമാതൃഭാവവും ഈ പുസ്തകത്തിൽ ഒരു പ്രകൃതമായിരിക്കുമെന്നും മറ്റും അറിഞ്ഞുകൊൾക" എന്ന് നെടുങ്ങാടി ഓർമ്മിപ്പിച്ചിട്ടുണ്ട്. കേരളഭാഷയുടെ അമ്മ ദ്രമിളവും അച്ഛൻ സംസ്കൃതവുമാണെന്നും കോവുണ്ണി ഇവിടെ സ്പഷ്ടമാക്കി. അഞ്ചാം കാരികയുടെ വിവരണത്തിൽ "സംസ്കൃതദ്രമിള സംമിശ്രമെന്നർത്ഥമായ മണിപ്രവാളമായിരിക്കുന്ന ഈ മലയാളഭാഷയ്ക്ക് ഉണ്ടാകുന്ന വ്യാകരണവും മേൽപ്രകാരം മണിപ്രവാളമായിരുന്നാലേ തക്കതാവൂ" എന്ന് പറയുന്നു. കേരളഭാഷ എന്ന പ്രയോഗം കൊണ്ട് നെടുങ്ങാടി അർത്ഥമാക്കിയിരിക്കുന്നത് മണിപ്രവാളത്തെയാണെന്ന് സ്പഷ്ടമാകുന്നു. ചുരുക്കത്തിൽ സംസ്കൃതജന്യവാദം കോവുണ്ണി പൂർണ്ണമായ അർത്ഥത്തിൽ അവതരിപ്പിക്കുന്നില്ല.

സംസ്കൃതജന്യവാദത്തിൽ ഉറച്ചുനിൽക്കുന്നത് വടക്കുംകൂർ രാജരാജവർമ്മ മാത്രമാണ്. എന്നാൽ അതു തെളിയിക്കുന്നതിനുള്ള തെളിവുകൾ ഒന്നും അദ്ദേഹത്തിനില്ല. മാത്രമല്ല, റവ. കാൽഡ്വൽ, ഏ. ആർ. രാജരാജവർമ്മ, ആറ്റൂർ കൃഷ്ണപ്പിഷാരടി, ഡോ. ഗോദവർമ്മ തുടങ്ങിയവർ സംസ്കൃതവും ഭാഷയും ഭിന്നഗോത്രത്തലിലും കക്ഷിയിലും പെട്ട ഭാഷകളാണെന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്. ആകയാൽ സംസ്കൃതജന്യവാദത്തിന് നിലനില്പില്ല.

## 2. മൂലദ്രാവിഡഭാഷയിലെ സ്വതന്ത്രശാഖ

ഈ വാദത്തിന്റെ അവതാരകൻ ആറ്റൂർ കൃഷ്ണപ്പിഷാരടി ആണ്. ആർ. നാരായണപ്പണിക്കരും ഡോ. കെ. ഗോദവർമ്മയും ഡോ. കെ. എം. ജോർജ്ജും ഈ അഭിപ്രായക്കാരാണ്. ഈ വാദം സൂക്ഷ്മപരിശോധനയിൽ പൊരുത്തക്കേടുകളുടെയും അപൂർണ്ണതകളുടെയും സമാഹാരമാണ്. തമിഴ്, തെലുങ്ക്, കന്നട, മലയാളം, തുളു തുടങ്ങിയ ദ്രാവിഡഭാഷകൾ സ്വതന്ത്രഭാഷയായി വേർപിരിയുന്നതിന് മുമ്പ് ദ്രാവിഡപ്രദേശത്തുണ്ടായിരുന്ന അവിഭക്ത ഭാഷയാണ് മൂലദ്രാവിഡഭാഷ. മൂലദ്രാവിഡഭാഷയുടെ പേര് 'തമിൾ' എന്നായിരുന്നുവെന്നു ആറ്റൂർ വ്യക്തമാക്കിയിട്ടുണ്ട്. തമിഴ്, തമിൾ, ദമിള, ദ്രമിള, ദ്രമിഡ, ദ്രവിഡ എന്നിങ്ങനെ പല ഭിന്ന സോപാനങ്ങൾ കടന്ന് ഒടുവിൽ ദ്രാവിഡമായി പരിണമിച്ചു എന്നാണ് മഹാകവി ഉള്ളൂർ ദ്രാവിഡശബ്ദത്തിനു നിഷ്പത്തി പറഞ്ഞിരിക്കുന്നത്. ഈ മൂലഭാഷയിൽ അനേകം ദേശ്യഭേദങ്ങൾ ഉണ്ടായിരുന്നു. അവയെ ദേശനാമവുമായി ബന്ധപ്പെടുത്തി ആദ്യമൊക്കെ നാമനിർദ്ദേശം ചെയ്തിരുന്നു. മൂലദ്രാവിഡഭാഷ പല ശാഖകളായി പിരിയുന്നതിന് ആറ്റൂർ പറയുന്ന പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്

എ) ജനവാസത്തിനു സൗകര്യമില്ലാത്ത വലിയ മലകൾ കൊണ്ടോ മരുഭൂമികൊണ്ടോ നടുവിൽ ഒരു വിഭിന്ന ജനസമുദായമായ് വന്നുകൂടി സ്ഥിരതാമസം

ചെയ്തതുകൊണ്ടോ മറ്റോ പരസ്പരം വേർതിരിഞ്ഞിരിക്കുന്ന ദേശങ്ങളിൽ വേറെ വേറെ രാജാക്കന്മാരായിത്തീർന്ന അതേ നിലയിൽത്തന്നെ കുറേക്കാലം കഴിഞ്ഞുകൂടുക.

ബി) അങ്ങനെ തിരിഞ്ഞിട്ടുള്ള പ്രത്യേകദേശങ്ങളിൽ മറ്റുചില ഭാഷകളുടെ സംസർഗം ഉണ്ടായിത്തീരുക.

സി) അങ്ങനെ ഓരോ പ്രദേശത്തും സംസർഗമുണ്ടാകുന്ന അന്യഭാഷകൾതന്നെ വിഭിന്നങ്ങളായിരിക്കുക.

ഡി) സംസർഗ്ഗമുണ്ടാകുന്ന അന്യഭാഷ ഒന്നാണെങ്കിൽത്തന്നെയും ആ സംസർഗ്ഗത്തിന് ഓരോ പ്രദേശങ്ങളിൽ ഏറ്റക്കുറവുണ്ടായിത്തീരുക മുതലായവയാണ്.

പുരുഷപ്രത്യയം ചേർന്നതും ചേരാത്തതുമായ രൂപങ്ങൾ മൂലദ്രാവിഡത്തിൽ ഉണ്ടായിരുന്നു. മലയാളം പുരുഷപ്രത്യയം ചേരാത്ത പദങ്ങൾ സ്വീകരിച്ചു. മൂലദ്രാവിഡത്തിൽ നിന്നും നേരിട്ടു പിരിഞ്ഞ ശാഖയാണ് മലയാളം എന്നതിന് തെളിവായി ആറ്റൂർ ഈ വസ്തുത ചൂണ്ടിക്കാണിക്കുന്നു. ഈ വാദവും പൂർണ്ണമായി ശരിയല്ല. പുരുഷപ്രത്യയം ഉള്ളതും ഇല്ലാത്തതുമായ പ്രയോഗങ്ങൾ മലയാളത്തിലുണ്ട്. ഉദാ : കേൾപ്പിൻ, വരുവിൻ തുടങ്ങിയവ. ഇങ്ങനെ പുരുഷഭേദത്തോടെയുള്ള പ്രയോഗങ്ങൾ പാട്ടുസാഹിത്യം, മണിപ്രവാളകൃതികൾ, ശാസനങ്ങൾ, നമ്പ്യാന്തമിഴ്, മിഷണറി ഗദ്യം തുടങ്ങിയവയിലെല്ലാം കാണാം. അപ്പോൾ, മലയാളം മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണെന്ന വാദം സുഭദ്രമാണെന്ന് പറയാൻ കഴിയില്ല.

### 3. തമിഴ്ജന്യവാദം

ഏറ്റവും ശക്തമായ വാദമാണിത്. മലയാളം തമിഴിൽനിന്ന് ഉത്ഭവിച്ചു. ഈ വാദത്തിന് രണ്ടു ശാഖകളുണ്ട്.

1. തമിഴിന്റെ ഉപഭാഷയാണ് മലയാളം
2. കേരള പ്രദേശത്തുണ്ടായിരുന്ന കൊടുന്തമിഴ് - വ്യവഹാരഭാഷ - മലയാളമായി രൂപാന്തരപ്പെട്ടു.

ഇതിൽ ആദ്യവാദത്തിന്റെ ഉപജ്ഞാതാവ് റവ. റോബർട്ട് കാൽഡ്വൽ ആണ്. മലയാളം തമിഴിന്റെ അതിപ്രാചീനമായ ഒരു ശാഖയാണെന്നും അത് തമിഴിന്റെ ഉപഭാഷ ആണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഔൽപ്പത്തികമായി മലയാളത്തെ തമിഴിന്റെ പുത്രിയായിട്ടാണ് അദ്ദേഹം കരുതുന്നത്. ഇതിന് ഉപോൽബലകമായി അദ്ദേഹം പല വസ്തുതകളും ചൂണ്ടിക്കാട്ടുന്നു.

### എ) തമിഴ്ക്കുടിയേറ്റം

പാശ്ചാത്യർ പടിഞ്ഞാറൻ തീരത്ത് വാണിജ്യകേന്ദ്രങ്ങൾ കൂടുതൽ സ്ഥാപിച്ചതിനാൽ തമിഴർ കൂടുതലായി കേരളത്തിൽ കുടിയേറിപ്പാർത്തു. വടക്ക് ചന്ദ്രഗിരിപ്പുഴ മുതൽ തെക്ക് തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളിലാണ് കുടിയേറ്റം നടന്നത്. മലയാളം കൂടുതലായി ഉപയോഗിക്കുന്നത് ഈ പ്രദേശത്താണ്.

## ബി) ബ്രാഹ്മണവൽക്കരണം

ദക്ഷിണേന്ത്യൻ ആര്യബ്രാഹ്മണർ ഏറ്റവും കൂടുതൽ എത്തിയത് കേരളത്തിലാണ്. ഏറ്റവും കുറവ് വന്നത് തമിഴ്നാട്ടിലാണ്. ഇവരുടെ ഭാഷ സംസ്കൃതവുമാണ്. ക്രമേണ ബ്രാഹ്മണവൽക്കരണം ഭാഷയിൽ നടന്നു. അതായത് സംസ്കൃതം തമിഴുമായി കൂടിച്ചേർന്നു. അതിൻഫലമായി ഗ്രന്ഥാക്ഷരലിപിയും സംസ്കൃതപദങ്ങളും ധാരാളമായി മലയാളം സ്വീകരിച്ചു. സംസ്കൃതസാന്നിധ്യംകൊണ്ട് പുരുഷഭേദനിരാസം ശക്തിപ്പെടുകയും ചെയ്തു.

ഈ സവിശേഷതകൾ വളർന്ന് മലയാളം തമിഴിന്റെ ഉപഭാഷ എന്ന അവസ്ഥയിൽ നിന്നും സഹോദരഭാഷ എന്ന അവസ്ഥയിലേക്ക് ഗതിമാറ്റം നടത്തിയെന്നാണ് കാൽഡ്വൽ അഭിപ്രായപ്പെടുന്നത്. ഇതിനു തെളിവായി അദ്ദേഹം കിഴക്ക്, മേക്ക എന്നീ തമിഴ്പദങ്ങൾ കാണിക്കുന്നു. തമിഴിൽ കിഴക്ക് സൂര്യൻ ഉദിക്കുന്ന ദിക്കും പടിഞ്ഞാറ് സൂര്യൻ അസ്തമിക്കുന്ന ദിക്കുമാണ്. മലയാളത്തിലും ഇതേ അർത്ഥത്തിലാണ് പ്രയോഗിക്കുന്നത്. അതുകൊണ്ട് മലയാളം തമിഴിന്റെ പുത്രിയാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

## കൊടുന്തമിഴ്ജന്യവാദം

തമിഴിലെ ഗ്രന്ഥഭാഷയ്ക്കു ചെന്തമിഴ് എന്നും നാടോടിഭാഷയ്ക്കു കൊടുന്തമിഴ് എന്നും പറഞ്ഞിരുന്നു. തമിഴ് പ്രദേശം 12 നാടുകളായി വേർതിരിച്ചിരുന്നു. തെൻപാണ്ടി, കുട്ടം, കുടം, വേൺ, പൂഴി എന്നീ 5 നാടുകൾ ഇന്നത്തെ കേരളത്തിൽ ഉൾപ്പെടുന്നു. ഈ അഞ്ചു നാടുകളിൽ നിലനിന്നിരുന്ന കൊടുന്തമിഴ് മലയാളമായി രൂപാന്തരം പ്രാപിച്ചു. ഈ വാദത്തിന്റെ ഉപജ്ഞാതാവ് കേരളപാണിനിയാണ്. ഈ വാദത്തിന് ഉപോൽബലകമായ സാഹചര്യപരവും ഭാഷപരവുമായ തെളിവുകൾ അവതരിപ്പിക്കുന്നു.

1. **സാഹചര്യത്തെളിവുകൾ**

   ഭൂമിശാസ്ത്രപരമായ സാഹചര്യത്തിൽ മലയാള ദേശത്തിന്റെ കിടപ്പാണ് സൂചിപ്പിക്കുന്നത്. കിഴക്ക് പശ്ചിമഘട്ട പർവ്വതനിരകൾകൊണ്ട് കേരളം വൻകരയുമായി വേർപെട്ടു കിടക്കുന്നു. പടിഞ്ഞാറ് അറബിക്കടലും. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ട അവസ്ഥ.

2. മലനാട്ടുകാരുടെ തനതു പ്രത്യേകതകൾ - ഭക്ഷണരീതീയും വസ്ത്രരീതിയും

3. നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡ സങ്കരവും മലയാളനാട്ടിൽ ശക്തമായിരുന്നു. മലനാട്ടിലെ കൊടുന്തമിഴിൽ നിന്നും മലയാളം വേർതിരിയുവാൻ ഏറ്റവും കൂടുതലായി സഹായിച്ചത് ഈ ആര്യദ്രാവിഡസങ്കരം തന്നെ.

## ഭാഷാപരമായ തെളിവുകൾ

ഭാഷാപരമായ തെളിവുകളിൽ പ്രധാനം അദ്ദേഹത്തിന്റെ പ്രസിദ്ധമായ ആറു നയങ്ങളാണ്.

അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, പുരുഷഭേദനിരാ

സം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നീ ആറു നയങ്ങളിലൂടെ മലയാളവും തമിഴും തമ്മിലുള്ള മൗലിക വ്യത്യാസങ്ങളാണ് കേരളപാണിനി ചൂണ്ടിക്കാട്ടുന്നത്. ചുരുക്കത്തിൽ മേൽ സൂചിപ്പിച്ച ഭൂമിശാസ്ത്രപരവും ആചാരപരവും ചരിത്രപരവുമായ സാഹചര്യങ്ങൾ ഇവിടുത്തെ വ്യവഹാരഭാഷയായ കൊടുന്തമിഴിൽ ശക്തമായ സമ്മർദ്ദങ്ങൾ ചെലുത്തി. ഈ സമ്മർദ്ദങ്ങൾ മൂലം കൊടുന്തമിഴ് തമിഴിൽ നിന്നും വ്യത്യസ്തമായ പല പ്രവണതകളും ഉൾക്കൊണ്ടു. ഈ പ്രവണതകൾ ഭാഷാപരമായ ആറു നയങ്ങളിലൂടെ പ്രവർത്തിച്ച് കൊടുന്തമിഴ് മലയാളമായി പരിണമിച്ചു.

**4. ഭാഷാസംക്രമവാദം**

പ്രൊഫ. സി. എൽ. ആന്റണിയാണ് ഈ വാദത്തിന്റെ നായകൻ. കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന നീചജാതിക്കാർ ഉപയോഗിച്ചിരുന്ന ഭാഷയെ വ്യവഹാരഭാഷയെന്നു വിളിക്കുന്നു. അത് രാജഭാഷയായ ചെന്തമിഴിലേക്ക് കടന്നുകയറുകയും സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെയുണ്ടായ സ്വതന്ത്രവും സംശുദ്ധവുമായ ഭാഷയാണ് മലയാളം. ഈ അഭിപ്രായമാണ് ഭാഷാസംക്രമവാദമെന്ന് അറിയപ്പെടുന്നത്. പ്രൊഫ. സി. എൽ. ആന്റണിക്ക് ഈ വാദത്തിന് പ്രേരണ നൽകിയത് ഫ്രഞ്ചു ഭാഷാശാസ്ത്രജ്ഞനായ വേന്ദ്രേയും ഉള്ളൂരുമാണ്. ശാസനഭാഷയിൽ നിന്നും അക്കാലത്തെ മലയാളത്തിന്റെ സ്വരൂപം നിർണ്ണയിക്കുവാൻ യാതൊരു മാർഗ്ഗവുമില്ല. മറ്റു പട്ടയങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. എന്നാൽ വേറെ ചില രേഖകളിലെ തമിഴിൽ മലയാളത്തിന്റെ സംക്രമം സ്പഷ്ടമായി കാണ്മാനുണ്ട്. ഉള്ളൂരിന്റെ ഈ അഭിപ്രായം കൂട്ടുപിടിച്ചാണ് ഭാഷാസംക്രമണവാദം അവതരിപ്പിച്ചത്.

ക്രിസ്തുവാർഷാരംഭത്തിനു മുമ്പുതന്നെ മികച്ച സാഹിത്യഭാഷകളായ സംസ്കൃതവും ചെന്തമിഴും കേരളത്തിൽ പ്രചരിച്ചിരുന്നു. ആര്യന്മാരായ നമ്പൂതിരിമാർ സംസ്കൃതത്തേയും സമുദായത്തിലെ മറ്റു സമ്പന്നർ ചെന്തമിഴിനേയും സ്വീകരിച്ചു. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന കീഴ്പന്തിയിലുള്ളവരുടെ വ്യവഹാരഭാഷ ഇവയിൽ നിന്നും വിഭിന്നമായിരുന്നു. സംസ്കൃത ചെന്തമിഴ് അധീശത്വം മൂലം കേരളഭാഷയ്ക്ക് 9–ാം നൂറ്റാണ്ടുവരെ ഒരു സാഹിത്യഭാഷ സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല. എ. ഡി 10 മുതൽ 13 വരെ കേരളത്തിന്റെ തെക്കൻ പ്രദേശത്ത് ചോളപാണ്ഡ്യരുടെ ആക്രമണം ഉണ്ടായി. ഇതിനെ ചെറുക്കാൻ ആര്യരും അനാര്യരും ഒത്തുചേരേണ്ടിവന്നു. വിദേശശക്തിക്കെതിരെയുള്ള ഈ ഒത്തുചേരലിൽ കീഴാളരുടെ ഭാഷ മേലാളരും വശമാക്കേണ്ടിവന്നു. ബഹുഭൂരിപക്ഷം വരുന്ന കീഴാളരുടെ ഭാഷയാണ് സാർവ്വജനീനമായത്. രാജഭാഷയുടെ ഉപയോഗം ചുരുങ്ങിപ്പോകുകയും ചെയ്തു. രാജശാസനങ്ങളിൽ പോലും ഭടജനങ്ങളുടെ ഭാഷ കയറിപ്പറ്റി. ഭാഷാസംക്രമം എന്ന് പ്രൊഫ. സി. എൽ. ആന്റണി വിശേഷിപ്പിക്കുന്നത് നീചഭാഷയുടെ ഈ കടന്നുകയറ്റത്തെയാണ്.

സംക്രമവാദം ഒരു ഭാഷോല്പത്തിവാദമല്ലെന്ന് കാണാം. മലയാളഭാഷ എഴുത്തച്ഛന്റെ കാലമായ എ. ഡി 16-ാം ശതകത്തിൽ തന്നെ വ്യവസ്ഥാപിതമായതായി സാഹിത്യചരിത്രകാരൻ പറയുന്നു. നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമകണക്കേ ശരണം എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറയുന്നു. ഗദ്യഭാഷയും 17-ാം നൂറ്റാണ്ടിനു മുമ്പു തന്നെ വളർച്ച പ്രാപിച്ചിരുന്നു. അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം, ഭൂതവാക്യം, ഉത്തരരാമായണം ഗദ്യം തുടങ്ങിയവ 17-ാം നൂറ്റാണ്ടിനു മുമ്പുണ്ടായവയാണ്. വ്യവഹാരഭാഷയുടെ മേൽ തുല്യശക്തിയോടെ രണ്ടു ഭാഷകൾ സമ്മർദ്ദം ചെലുത്തിയെന്നു പറയുന്നു. സംസ്കൃതവും ചെന്തമിഴും. 10-ാം നൂറ്റാണ്ടിനും 13-ാം നൂറ്റാണ്ടിനുമിടയ്ക്കുണ്ടായ യുദ്ധങ്ങളും ജനകീയ പ്രബുദ്ധതയുമാണ് ഭാഷാസംക്രമത്തിന് കാരണമായതെന്ന് വിവരിക്കുന്നു.

## കേരളപാണിനിയുടെ ആറു നയങ്ങൾ

കൊടുന്തമിഴായിരുന്ന കേരളഭാഷ ബാഹ്യമായ ചില സാഹചര്യങ്ങളാലും ആഭ്യന്തരമായ ചില പരിണാമങ്ങളാലും മലയാളമായിത്തീർന്നു എന്ന് കേരളപാണിനി അഭിപ്രായപ്പെട്ടിരിക്കുന്നു. ആഭ്യന്തര പരിണാമങ്ങൾ ആറു നയങ്ങളിലൂടെയാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്.

### 1. അനുനാസികാതിപ്രസരം

അനുനാസിക വർണം അതിനടുത്തുവരുന്ന ഖരത്തിലേക്ക് വ്യാപിച്ച് ആ ഖരത്തെക്കൂടി അനുനാസികമാക്കുന്നു. ഇതാണ് അനുനാസികാതിപ്രസരം. അനുനാസികം, ഖരം എന്നിവ യഥാക്രമം മുമ്പും പിമ്പുമായി കൂട്ടക്ഷരം വന്നാൽ അനുനാസികം ഇരട്ടിച്ച ഫലമാകും.

ഉദാ : മാങ്കാ - മാങ്ങാ

നെഞ്ച് - നെഞ്ഞ്

വന്താൻ - വന്നാൻ

തിരുമ്പുക - തിരുമ്മുക

ഖരവർണം ഒരു പ്രത്യയത്തിന്റെ ആദ്യാക്ഷരമായി വരുന്നിടത്തെല്ലാം ഈ നിയമം സാർവ്വത്രികമായിക്കാണും എന്ന് പറയുന്നുണ്ട്. ഇങ്ങനെയുള്ള പ്രത്യയങ്ങൾ ഭാഷയിൽ 3 എണ്ണമാണുള്ളത്.

കൾ - ബഹുവചന പ്രത്യയം

തു - ഭൂതകാല പ്രത്യയം

കൽ - ആധാരികാ വിഭക്തി പ്രത്യയം

ഉദാ : മരങ്കൾ - മരങ്ങൾ

തിന്തു - തിന്നു

എന്നാൽ 'താങ്കൾ' അനുനാസികാതിപ്രസരം വന്ന് 'താങ്ങൾ' എന്നാകുന്നില്ല. ആ നിലയ്ക്ക് ഇത് ഒരു നിത്യവിധി ആയി കരുതന്നതിൽ അപാകതയുണ്ട്. 'കണ്ടു' എന്നതും ഇതുപോലെയാണ്. എന്നാൽ 'കൽടാവുകൾക്കില്ലിതത്രേ, അതിപ്രസരമെന്നത്" (കാരിക 24) എന്ന് കേരളപാണിനി വിശദീകരണം നൽകുന്നുണ്ട്. ഈ പ്രത്യേകത മലയാളിയുടെ സംസ്കൃതോച്ചാരണത്തെയും സ്വാധീനിച്ചിട്ടുണ്ട്. സംസ്കൃതപദങ്ങളിലാകുമ്പോൾ ഖരത്തേക്കാൾ മൃദുവിനാണീ മാറ്റം സംഭവിച്ചു കാണുന്നത്.

ഉദാ : മങ്ഗലം - മംഗലം - മങ്ങലം

അജ്ജനം - അഞ്ഞനം

മണ്ടപം - മണ്ണപ്പം

**2. തവർഗോപമർദ്ദം (താലവ്യാദേശം)**

താലവ്യസ്വരങ്ങൾക്കും (ഇ, എ, ഐ) താലവ്യമായ 'യ' കാരത്തിനും ശേഷം വരുന്ന ദന്ത്യമായ ത കാരത്തിന് സവർണനം സംഭവിച്ച് 'ച'കാരം ആയിത്തീരുന്ന വർണപരിണാമത്തെയാണ് താലവ്യാദേശം എന്നു പറയുന്നത്. ഈ പരിണാമം മുഖ്യമായും സന്ധിയിൽ വരുന്നതാണ്. ഈ നയത്തിന് താലവ്യാദേശം എന്ന പേരിട്ടത് ദന്ത്യത്തിന് താലവ്യം ആദേശം വരുന്നതുകൊണ്ടാണ്. താഴെ കാണുന്ന രീതിയിൽ പൊരുത്തമനുസരിച്ചാണ് ആദേശം ചെയ്യുക.

ത - ച

ത്ത - ച്ച

ന - ഞ

ന്ന - ഞ്ഞ

ന്ത - ഞ്ച

താലവ്യാദേശവും അനുനാസികാതിപ്രസരവും ഉള്ളിടത്ത് താലവ്യാദേശത്തിന് ശേഷം അനുനാസികാതിപ്രസരം സംഭവിക്കുന്നു. പ്രത്യയങ്ങളിലാണ് ഈ മാറ്റം സാർവ്വത്രികമായും കാണുന്നത്.

ഉദാ : അലൈന്താൻ - അലഞ്ചാൻ

- അലഞ്ഞാൻ (അനു. പ്രസരം)

അറിന്താൻ - അറിഞ്ചാൻ

- അറിഞ്ഞാൻ (അനു. പ്രസരം)

പിടിത്താൻ - പിടിച്ചാൻ (ക്രിയാപദം)

ചീന്തു - ചീഞ്ഞു

പ്രകൃതിയിലും ഈ മാറ്റം കാണാം.

പിത്തള - പിച്ചള (നാമപദം)

ഇത്തിരി - ഇച്ചിരി

താലവ്യസ്വരത്തിന് പരമായി വരാത്ത ദന്ത്യത്തിനു ചിലപ്പോൾ താലവ്യാദേശം വരാം.

ഉദാ : നരമ്പ് - ഞരമ്പ്

നാൻ - ഞാൻ

നൊറി - ഞൊറി

താലവ്യാദേശത്തിൽ നിഴലിച്ചുകാണുന്ന താലവ്യപ്രതിപത്തി സംസ്കൃതക്കാർക്കും ഉണ്ട്. ധാതുവിന്റെ ആദിമവർണ്ണം fŽ ꣹ൽ ഇരട്ടിക്കുമ്പോൾ ഇത് ധാരാളം കാണാം.

ഉദാ : ഗഗാമ - ജഗാമ

കകാര - ചകാര

സംസ്കൃതശബ്ദങ്ങൾ തമിഴിലേക്ക് കടക്കുമ്പോഴും ദന്ത്യത്തിന് താലവ്യാദേശം വരുന്നതു കാണാം.

ഉദാ : സ്വാതന്ത്ര്യം - ചുതാന്തിരം

**3. സ്വരസംവരണം**

സ്വരങ്ങളെ വേണ്ടിടത്തോളം വിട്ട് തുറന്ന് ഉച്ചരിക്കാതെ അടച്ച് ഒതുക്കിപ്പിടിച്ച് ഉച്ചരിക്കുകയാണ് ഇതിന്റെ സ്വഭാവം. 'ഉ'കാര ഉച്ചാരണത്തിലാണ് ഇത് പ്രധാനമായി കാണുന്നത്. സംവരണം ചെയ്ത് (മൂടിപ്പിടിച്ച്) ഉച്ചരിക്കുന്നതുകൊണ്ട് അതിന് സംവൃതോകാരം എന്നു പറയുന്നു. എന്നാൽ തമിഴിൽ ഇത് കേവലം ഉച്ചാരണവൈലക്ഷണ്യം മാത്രമാണ്. അത് വ്യാകരണപ്രക്രിയെയോ അർത്ഥത്തേയോ സ്പർശിക്കുന്നുമില്ല. മലയാളത്തിൽ മുൻവിനയെച്ചത്തിനും മുറ്റുവിനയ്ക്കുമുള്ള ഭേദം കുറിക്കുന്നതും പലപ്പോഴും ഉകാരത്തിന്റെ ധ്വനിഭേദം കൊണ്ടാണ്. മറ്റുവിനയ്ക്ക് ശരിയായ വിവൃത രൂപവും മുൻ വിനയെച്ചത്തിന് സംവൃതോകാരവുമാണ് ചേർക്കുക.

ഉദാ : കണ്ടു (മുറ്റുവിന)

കണ്ട് (മുൻ വിനയെച്ചം)

വേലു (സംജ്ഞാപദം)

വേല് (ആയുധം)

പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും ഒടുവിൽ വരുന്ന 'ഐ' കാരം ചുരുങ്ങി 'അ' കാരമായിത്തീരും

ഉദാ : മഴൈ - മഴ

ഇലൈ - ഇല

വിലൈ - വില

'ഐ'കാരമല്ല 'അ'കാരമാണ് പൂർവ്വരൂപം എന്ന അഭിപ്രായം കാൽഡ്വലിനു പോലും ഉണ്ടായിരുന്നു. മലയാളവും തെലുങ്കും പൂർവ്വരൂപം നിലനിർത്തിയപ്പോൾ തമിഴ് പുതിയ രൂപങ്ങൾ സ്വീകരിച്ചുവെന്നാണ് അദ്ദേഹത്തിന്റെ നിഗമനം. ഡോ. കെ. ഗോദവർമ്മയുടെ അഭിപ്രായത്തിൽ 'മഴയ്' എന്നാണ് മൂലഭൂതമായ രൂപം. തമിഴ് താല വ്യവ്യഞ്ജനത്തിനു പകരം താലവ്യസ്വരമായ 'ഐ' ചേർത്തു എന്നും മലയാളികൾ അന്ത്യവ്യഞ്ജനം ഉപേക്ഷിച്ച് 'മഴ' എന്ന രൂപം നിലനിർത്തി എന്നും അദ്ദേഹം അഭി പ്രായപ്പെടുന്നു.

വ്യവസ്ഥാപിതമായി പറയാൻ നിവൃത്തിയില്ലെങ്കിലും അകാര എകാരങ്ങളും ഇകാര ഉകാരങ്ങളും പലയിടത്തും മാറിവരുന്നതായി കാണാം.

ഉദാ : തമിഴ് : പരുമാറ്റം, പടുക, പിരാൻ, പുറാവ്

മലയാളം : പെരുമാറ്റം, പെടുക, പുരാൻ, പിറാവ്

**4. പുരുഷഭേദനിരാസം**

തമിഴിലെ ക്രിയകൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനുവേണ്ടി ലിംഗം, പുരുഷൻ, വചനം ഇവകളെ കുറിക്കുന്ന പ്രത്യയങ്ങൾ ചേർക്കാറുണ്ട്. ദ്രാവിഡ ഭാഷ കളിൽ മലയാളം മാത്രമേ ഈ പ്രത്യേകതകൾ എല്ലാം പൂർണ്ണമായി ഉപേക്ഷിച്ചു കാണുന്നുള്ളൂ.

തമിഴിലെ അവൻ വന്താൻ

അവൾ വന്താൾ

അവർ വന്താൻ ഇവയ്ക്ക് സമാനമായി മലയാളത്തിൽ ഉപയോഗി

ക്കുന്നത് ‘വന്നു’ എന്ന രൂപം മാത്രമാണ്. കർത്താവ് ഏതു പുരുഷനിലായാലും ‘വന്നു’ എന്ന രൂപമേയുള്ളൂ.

ഞാൻ വന്നു

നീ വന്നു

അവൻ വന്നു എന്നിങ്ങനെ പ്രയോഗിക്കുന്നു.

തമിഴിലെപ്പോലെ മലയാളത്തിലും പണ്ട് പുരുഷപ്രത്യയങ്ങൾ നിലവിലിരുന്നുവെന്നും അത് ക്രമേണ മലയാളം ഉപേക്ഷിച്ചുവെന്നുമാണ് ഈ തത്ത്വത്തിന്റെ സാരം. ഡോ. കാൽഡ്വൽ, ഗുണ്ടർട്ട് തുടങ്ങിയവരും ഈ അഭിപ്രായക്കാരാണ്.

സംസ്കൃതം തുടങ്ങിയ ഇൻഡോ യൂറോപ്യൻ ഭാഷകളിലും ക്രിയാരൂപങ്ങളുടെ ഈ പ്രത്യേകത ഈ രീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ കാണാം. ക്രിയകളുടെ പുരുഷവചനഭേദം സംസ്കൃതം തുടങ്ങിയ ഭാഷകളിലുണ്ട്. ഇംഗ്ലീഷ് ഭാഷയിൽ കർത്താവിന്റെ ഏകത്വം മനസ്സിലാക്കാമെന്നിരിക്കെ ഒരു ‘ട’ കൂടി ചേർത്ത് ഈ ഏകവചനത്വം ആവർത്തിച്ചു സൂചിപ്പിക്കുന്ന സമ്പ്രദായം കാണാം. അവികസിത ദ്രാവിഡ ഭാഷകളിലെല്ലാം ക്രിയകൾക്ക് പുരുഷഭേദമുണ്ട്. മലയാളത്തിൽ തന്നെ മണിപ്രവാളകൃതികളിലും നാടൻ പാട്ടുകളിലും പ്രാചീന ഗദ്യകൃതികളിലും ഇത് കാണാം. സാധാരണക്കാരായ കേരളീയർ വന്താൻ, ഇരുന്താൻ, തേങ്ക, മാങ്ക എന്നൊക്കെ സംസാരിക്കാറുമുണ്ടായിരുന്നുവെന്ന് ലീലാതിലകകാരൻതന്നെ സമ്മതിക്കുന്നു. ‘വരുവിൻ’, ‘കാണ്മിൻ’ മുതലായ ക്രിയാരൂപങ്ങളിൽ പുരുഷഭേദത്തിന്റെ അംശം ഇന്നും തങ്ങിനിൽക്കുന്നതായ ഡോ. ഗോദവർമ്മ ചൂണ്ടിക്കാട്ടുന്നു.

വചനപ്രകരണത്തിൽ ഏ. ആറിന്റെ അഭിപ്രായം ഇപ്രകാരമാണ്: “........ അതിനാൽ ലിംഗ പുരുഷവചനങ്ങളിൽ കർത്താവിനും ക്രിയയ്ക്കും പൊരുത്തം വേണമെന്നുള്ള ഏർപ്പാട് വരുംമുമ്പുതന്നെ മലയാളം തമിഴിൽ നിന്ന് പിരിഞ്ഞ് പ്രത്യേകഭാഷയായി പരിണമിച്ചിരിക്കണം.” ഈ അഭിപ്രായം കണക്കിലെടുത്താൽ പുരുഷഭേദനിരാസം ഒരു നിരാസമല്ല അഭാവമാണ് എന്നു പറയേണ്ടിവരും. “മലയാളം പുരുഷപ്രത്യയങ്ങളെ സർവ്വഥാ നിരസിച്ചിട്ടില്ല. അതുകളെ കവികൾ ധാരാളം പ്രയോഗിച്ചിട്ടുണ്ട്” എന്നും കേരളപാണിനി അഭിപ്രായപ്പെട്ടിട്ടുണ്ട്. മലയാളത്തിൽ പുരുഷപ്രത്യയങ്ങൾ ഉണ്ടായിരുന്നു. പക്ഷെ അത് ഇടക്കാലത്ത് വന്നുചേർന്നതാണ്. അതും കവിപ്രയോഗങ്ങളിൽ മാത്രം എന്നു പറയുന്നതാകും കൂടുതൽ ശരി. പുരുഷപ്രത്യയത്തിന്റെ അഭാവത്തെയല്ല, നിരാസത്തെയാണ് ഇവ സൂചിപ്പിക്കുന്നത്. ഈ വിഷയത്തെക്കുറിച്ച് സി. എൽ. ആന്റണി പ്രസ്താവിച്ചിരിക്കുന്നത് ഇപ്രകാരമാണ്. “..... കേരളപാണിനിയുടെ ‘മഹാനയ’ങ്ങളിൽ ഏതിനെല്ലാം മറിച്ചടി വേണ്ടിവന്നാലും പുരുഷഭേദനിരാസം അചഞ്ചലമായി നിലകൊള്ളുകതന്നെ ചെയ്യും.

**5. ഖിലോപസംഗ്രഹം**

ഒരു കാലത്ത് പ്രയോഗത്തിലിരുന്ന പ്രകൃതികളും പ്രത്യയങ്ങളും പില്ക്കാലത്ത് പ്രയോഗത്തിൽ നിന്ന് അപ്രത്യക്ഷമാകാം. അവയെ ഖിലരൂപങ്ങൾ എന്ന് പറയുന്നു. അത്തരം രൂപങ്ങളെ വീണ്ടും ഉപയോഗിക്കുന്നതിനെ ഉപസംഗ്രഹം എന്ന് പറയും. ഖിലം എന്നാൽ അപ്രയുക്തം. പഴയകാലത്ത് തമിഴിൽ വ്യാകരണകാര്യങ്ങൾക്ക് വികല്പേന ഉപയോഗിച്ചിരുന്ന പല പ്രത്യയങ്ങളും ഇന്ന് മലയാളത്തിൽ മാത്രമേ നടപ്പുള്ളൂ. ഉദാ : പിൻവിനയെച്ചത്തെക്കുറിക്കുന്ന 'ആൻ' പ്രത്യയം മലയാളത്തിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. തമിഴിൽ ഇത് അപ്രയുക്തമായിപ്പോയി. കുളിക്കാൻ വന്നു, വായിക്കാൻ പോകുന്നു. എന്നിവയ്ക്ക് സമാനമായി തമിഴിൽ വർത്തമാനകാലത്തെ കുറിക്കുന്ന നടുവിനയെച്ചം തന്നെയാണ് ഉപയോഗിക്കുക. അതായത് കുളിക്ക വന്തേൻ, വായിക്ക പോകിറേൻ എന്ന്.

ഖിലോപസംഗ്രഹത്തിന് ഉദാഹരണമായി പ്രത്യയങ്ങൾ മാത്രമേ ഏ. ആർ നിർദ്ദേശിക്കുന്നുള്ളൂ. പീടിക, അളിയൻ, കളരി മുതലായ തമിഴിൽ ലുപ്തപ്രചാരമായ പദങ്ങൾ ഉദാഹരണമായി കണക്കാക്കാവുന്നതാണ്.

പുതിയ ഭാഷയുടെ ഉത്പത്തിചിന്തയിൽ ഖിലോപസംഗ്രഹത്തെ പരിണാമമായി ചൂണ്ടിക്കാണിക്കുന്നത് ശരിയല്ല. ഖിലോപസംഗ്രഹം എന്ന നയത്തിലൂടെ കേരളപാണിനി ചൂണ്ടിക്കാണിക്കുന്നത് പ്രാഗ് ഭാഷാസ്വഭാവ സംരക്ഷണം മാത്രമാണ്. ആഭ്യന്തരപരിണാമത്തിന് പ്രേരകമായ ചരിത്രപരിണാമമായി ഖിലോപസംഗ്രഹത്തെ നിർദ്ദേശിക്കുന്നത് ശരിയല്ല.

**6. അംഗഭംഗം**

പഴയ ദ്രാവിഡത്തിലെ ചില പ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളഭാഷ സൗകര്യത്തിനുവേണ്ടി അക്ഷരലോപം ചെയ്ത് ചുരുക്കിക്കളഞ്ഞുവെന്ന് ഏ. ആർ അഭിപ്രായപ്പെടുന്നു. ഉദ്ദേശികാ വിഭക്തി പ്രത്യയത്തിനും സംബന്ധികാപ്രത്യയത്തിനും സംഭവിച്ച സങ്കോചത്തെയാണ് അംഗഭംഗമായി കേരളപാണിനി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പ്രത്യയങ്ങളാണ് ഏ. അർ മുഖ്യമായും ഉദാഹരിക്കുന്നത്. ഉദ്ദേശികാ പ്രത്യയമായ 'ക്കു' വിനെ 'ഉ്' എന്നു ചുരുക്കി സംബന്ധികാപ്രത്യയമായ 'ഉടയ'യെ 'ഉടെ', 'ടെ', 'ന്റെ' എന്നിങ്ങനെ അക്ഷരലോപം ചെയ്തിരിക്കുന്നു.

ഉദാ : ആവൻ + ഉടെ → അവനുടെ → അവൻ + ടെ → അവൻടെ → അവന്റെ

അതിൻ + ഉടെ → അതിനുടെ → അതിൻടെ → അതിന്റെ

ഇവിടെ പൂർണ്ണസവർണ്ണനം കൂടി പ്രവർത്തിച്ചിരിക്കുന്നു.

വേണ്ടും (ചെയ്യുവേണ്ടും) അണം (ചെയ്യണം) ആയതും, ആകും (ചെയ്യു ആകും)

ആം (ചെയ്യാം) ആയതും അംഗഭംഗങ്ങളായി കരുതാമെന്ന് കേരളപാണിനി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ ചെയ്യണം, വരണം തുടങ്ങിയ പ്രയോഗങ്ങൾ ആധുനിക തമിഴിലെ അനൗപചാരിക ഭാഷയിലുണ്ട്. ചെയ്യ ആകും എന്നല്ല, ചെയ്യൽ ആകും എന്നാണ് തമിഴിലെ രൂപം. അതാകട്ടെ ചെയ്യലാം എന്നായി തമിഴിലും മാറിയിട്ടുണ്ട്. അതുകൊണ്ട് ഈ രണ്ടു മാറ്റങ്ങളും മലയാളത്തിൽ മാത്രം സംഭവിച്ചതല്ല.

## മലയാളത്തിന്റെ വളർച്ചയും മാറ്റങ്ങളും

### ഘട്ടവിഭജനം

മലയാളഭാഷയുടെ വളർച്ചയുടെ ചരിത്രത്തെ ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. ഈ വിഭജനത്തിൽ ഒരു ഏകാഭിപ്രായം ഉണ്ടായിട്ടില്ല. വ്യത്യസ്ത വീക്ഷണങ്ങൾ താഴെ പറയും പ്രകാരമാണ്.

1. കരിന്തമിഴ് കാലം - കലിവർഷം 1 മുതൽ 3000 വരെ
   പഴയ മലയാളം - കലിവർഷം 3000 മുതൽ കൊല്ലവർഷാരംഭം വരെ
   മധ്യമലയാളം - കൊല്ലവർഷാരംഭം തൊട്ട് കൊല്ലം 600 വരെ
   നവീന മലയാളം - കൊല്ലം 600 മുതൽ

   (മലയാളഭാഷാ ചരിത്രം - പി. ഗോവിന്ദപ്പിള്ള)

2. കരിന്തമിഴ് കാലം - ക്രി. പി. 825 - 1325
   മലയാണ്മ കാലം - ക്രി. പി. 1325 - 1625
   മലയാള കാലം - ക്രി. പി. 1625 മുതൽ

   (കേരളപാണിനീയം - ഏ. ആർ. രാജരാജവർമ്മ)

3. പ്രാചീന മലയാളം - കൊല്ലം 5-ാം ശതകം വരെ
   മധ്യമലയാളം - കൊല്ലം 5 മുതൽ തുഞ്ചത്തെഴുത്തച്ഛന്റെ കാലം വരെ
   ആധുനികമലയാളം - എഴുത്തച്ഛൻ മുതൽ

   (മലയാളസാഹിത്യചരിത്ര സംഗ്രഹം - പി. ശങ്കരൻ നമ്പ്യാർ)

4. ആദികാലം - എഴുത്തച്ഛന് മുമ്പ്
   മധ്യകാലം - എഴുത്തച്ഛൻ മുതൽ വലിയകോയിത്തമ്പുരാൻ വരെ
   അധുനാതനകാലം - വലിയകോയിത്തമ്പുരാന് ശേഷം

   (സാഹിതീസർവ്വസ്വം - വടക്കുംകൂർ രാജരാജവർമ്മ)

5. പരതന്ത്രഘട്ടം - ക്രി. പി. 9-ാം നൂറ്റാണ്ട് വരെ
   സംക്രമണഘട്ടം - ക്രി. പി. 9 മുതൽ 17-ാം നൂറ്റാണ്ട് വരെ

സ്വതന്ത്രഘട്ടം - 17-ാം നൂറ്റാണ്ടിനു ശേഷം

(സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ)

ആധുനിക സമീപനത്തിൽ രണ്ടു ഘട്ടം മാത്രമേ കല്പിക്കുന്നുള്ളൂ. എഴുത്തച്ഛൻ വരെ പ്രാചീനഘട്ടം. എഴുത്തച്ഛൻ മുതൽ അർവാചീനഘട്ടം. കൈരളിയുടെ വികാസനിർണ്ണയത്തിൽ ആശ്രയിക്കേണ്ട മൂന്നു ഘടകങ്ങളാണ് ശാസനഭാഷ, മലയാള ഗദ്യം, പദ്യസാഹിത്യശാഖ എന്നിവ. വാഴപ്പള്ളി ശാസനം, ജൂതശാസനം, തരിസാപ്പള്ളി ശാസനം, വീരരാഘവപട്ടയം തുടങ്ങിയവയാണ് പ്രധാന ശാസനങ്ങൾ. ശാസനഭാഷ ശ്രദ്ധേയമാണ്. മലയാളഗദ്യശാഖയുടെ ആദിരൂപം കാണുന്നത് മധ്യകാല മലയാളഗദ്യത്തിലാണ്. ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം തുടങ്ങിയവ മധ്യകാലത്തിലെ പ്രധാന ഗദ്യകൃതികളാണ്. നമ്പ്യാന്തമിഴ് മലയാളഭാഷയുടെ വളർച്ചയ്ക്ക് സഹായിച്ച ഒരു സുപ്രധാന ഘടകമാണ്.

ശാസനങ്ങൾക്കും മധ്യകാലമലയാള ഗദ്യത്തിനും സമാനമായി മലയാള പദ്യസാഹിത്യശാഖയും വളർന്നുകൊണ്ടിരുന്നു. പദ്യസാഹിത്യശാഖയിലെ പ്രമുഖവിഭാഗം പാട്ടുപ്രസ്ഥാനമായിരുന്നു. രാമചരിതം പോലുള്ള പ്രൗഢകൃതികൾക്കൊപ്പം വടക്കൻ പാട്ടുകളും തെക്കൻ പാട്ടുകളും തോറ്റം പാട്ടുകളും നാടൻ പാട്ടുകളും ഈ വിഭാഗത്തിൽപ്പെടുന്നു. പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട കൃതികളാണ് നിരണം കൃതികളും കൃഷ്ണഗാഥയും. രാമചരിതത്തിൽ നിന്നും എഴുത്തച്ഛനിലേക്ക് എത്തിച്ചേർന്ന ഭാഷാവളർച്ചയയിലെ സുപ്രധാന നാഴികക്കല്ലുകളാണ് കണ്ണശ്ശ കൃതികൾ.

മലയാളഭാഷയുടെ വളർച്ചയിലെ മറ്റൊരു നാഴികക്കല്ലാണ് മണിപ്രവാളസാഹിത്യശാഖ. മണിപ്രവാളത്തിന്റെ ഭാഷാസ്വരൂപവും സാഹിത്യസ്വരൂപവും വിവരിക്കുന്ന ഗ്രന്ഥമാണ് ലീലാതിലകം. മണിപ്രവാള പ്രസ്ഥാനത്തിലൂടെ മലയാളഭാഷയുടെ ലിപിയും അക്ഷരമാലയും വികാസം പ്രാപിച്ചു. വൈശികതന്ത്രം, ചന്ദ്രോത്സവം തുടങ്ങിയവ ലക്ഷണമൊത്ത മണിപ്രവാള കൃതികളാണ് ഉണ്ണിയച്ചീ ചരിതം, ഉണ്ണിച്ചിരുതേവീ ചരിതം, ഉണ്ണിയാടീ ചരിതം തുടങ്ങിയ പ്രാചീന ചമ്പുക്കളും ഉണ്ണുനീലി സന്ദേശം, കോകസന്ദേശം തുടങ്ങിയ സന്ദേശകാവ്യങ്ങളും മറ്റും ഗണികാവൃത്താന്ത വിവരണങ്ങളാണ്.

മലയാളഭാഷയുടെ വികാസചരിത്രത്തിൽ എഴുത്തച്ഛന് അദ്വിതീയമായ സ്ഥാനമാണുള്ളത്. കാവ്യസരണിക്ക് ഭാവസുഭഗതയും രൂപഭംഗിയും വരുത്തി ഭാഷാക്രമക്കണക്ക് നൽകിയത് എഴുത്തച്ഛനാണ്. എഴുത്തച്ഛൻ ക്രമക്കണക്ക് വരുത്തിയ ഭാഷയും സാഹിത്യവുമാണ് കുഞ്ചൻനമ്പ്യാരും ഉണ്ണായിവാര്യരും കൊടുങ്ങല്ലൂർ കവികളും ആശാനും ഉള്ളൂരും വള്ളത്തോളും മറ്റും നെഞ്ചേറ്റി വളർത്തിയത്.

കിളിപ്പാട്ടു പ്രസ്ഥാനത്തിനുശേഷം ഭാഷയിൽ വളർന്നുവന്ന ജനകീയ സാഹിത്യരൂപമാണ് തുള്ളൽ. മലയാളഭാഷയുടെ വളർച്ചയ്ക്ക് നിദാനമായ മറ്റൊരു ഘടകമാണ് ആട്ടക്കഥാ സാഹിത്യം. സംസ്കൃതാഭിമുഖ്യത്തിന് നേരെ വിപരീതമായ ഒരു പ്രവണതയായിരുന്നു വെണ്മണിപ്രസ്ഥാനം അഥവാ പച്ചമലയാള പ്രസ്ഥാനത്തിലൂടെ ഉടലെടുത്തത്.

പദ്യശാഖയിൽ പിന്നീടു കാണുന്ന പ്രവണത കാല്പനിക പ്രസ്ഥാനമാണ്. മലയാളത്തിലെ ആധുനിക ഗദ്യശാഖയുടെ വളർച്ചയ്ക്ക് സഹായിച്ച പ്രധാനപ്പെട്ട മൂന്നു ഘടകങ്ങളാണ് മിഷണറി ഗദ്യവും ഇംഗ്ലീഷ് സ്വാധീനവും പത്രഭാഷയും. ഇവ മലയാ

ളഭാഷയുടെ വളർച്ചയ്ക്ക് സഹായകമായി.

## അന്യഭാഷാസ്വാധീനം

ഒരു ഭാഷയിൽ അന്യഭാഷാസ്വാധീനം ഉണ്ടാവുന്നത് പ്രധാനമായും 5 കാരണങ്ങൾ കൊണ്ടാണ്. (1) ഭൂപരമായ ഐക്യം, (2) ഭരണഭാഷാസ്വാധീനം, (3) സാംസ്കാരിക സമ്പർക്കം, (4) മതസ്വാധീനം, (5) വാണിജ്യ സമ്പർക്കം. അന്യഭാഷാ പദങ്ങൾ സ്വീകരിക്കുന്നതിനെ കടം കൊള്ളൽ എന്നോ ആദാനം എന്നോ പറയുന്നു. അന്യഭാഷാസ്വാധീനം എന്നും ഈ പ്രക്രിയ അറിയപ്പെടുന്നു. സ്വീകരിക്കുന്ന ഭാഷാസ്വഭാവങ്ങളെ 'പരകീയം' ഉപയോഗിച്ച് വിശേഷിപ്പിക്കുന്നു. അന്യഭാഷാസ്വാധീനം വർണതലം, വ്യാകരണരൂപതലം, പദതലം, വാക്യതലം എന്നിവയിലെല്ലാം ഉണ്ടാവുന്നു.

ഭാരതീയം എന്ന വിശേഷണം ചേരുന്ന പാരമ്പര്യങ്ങളിൽ അധികവും സംസ്കൃതഭാഷയോട് ബന്ധപ്പെട്ടതായിരിക്കും. സംസ്കൃതവുമായുള്ള അടുപ്പം മലയാള ഭാഷയെയും സ്വാധീനിച്ചിട്ടുണ്ട്. സംസ്കൃതം കേരളഭാഷയെ വിവിധ തലങ്ങളിൽ സ്വാധീനിച്ചിട്ടുണ്ട്. (1) സംസ്കൃതവർണമാല സ്വീകരിച്ചതുമൂലം കേരളഭാഷയിലെ വർണവ്യവസ്ഥ വിപുലമായി. (2) സംസ്കൃത തത്സമങ്ങളുടെ സ്വീകരണം മൂലം പഴന്തമിഴിന് സഹജമല്ലാത്ത വ്യഞ്ജനസംഘാതങ്ങളും മലയാളത്തിൽ പ്രയോഗത്തിൽ വന്നു. (3) സംസ്കൃതപദങ്ങൾ ധാരാളമായി പ്രവേശിച്ചപ്പോൾ മലയാളഭാഷയുടെ പദസമ്പത്ത് ഗണ്യമായ തോതിൽ വർദ്ധിച്ചുവെങ്കിലും പ്രയോഗത്തിലുണ്ടായിരുന്ന പല പദങ്ങളെയും സംസ്കൃതം പുറംതള്ളിയിട്ടുണ്ട്. (4) സംസ്കൃതപദങ്ങൾ സ്വീകരിച്ചപ്പോൾ അവയോടൊപ്പം വ്യാകരണരൂപങ്ങളും ഭാഷയിൽ പ്രചരിച്ചു. (5) സംസ്കൃതഭ്രമം മൂലം ശുദ്ധദ്രാവിഡപദങ്ങളെ സംസ്കൃതരൂപം കൊടുത്ത് വികൃതമാക്കിയിട്ടുണ്ട് (ഭോഷൻ < പോഴൻ) (മൂർഖൻ < മൂർക്കൻ). (6) സംസ്കൃതഭാഷ മലയാളഭാഷയുടെ സൗന്ദര്യവും ഗാംഭീര്യവും ആശയസംവേദനക്ഷമതയും വളർത്തുന്നതിൽ സഹായിച്ചിട്ടുണ്ട്. ഒപ്പം നമ്മുടെ ഭാഷയുടെ സ്വതന്ത്രനിലയെയും ആശയവിനിമയത്തിനുള്ള പുതിയ ഉപാധികൾ നിർമ്മിക്കാനുള്ള കഴിവിനെയും സംസ്കൃതം തളർത്തിയിട്ടുണ്ട്.

ഇംഗ്ലീഷ് ഭാരതത്തിലെ ഭരണഭാഷയായതുകൊണ്ടും ലോകഭാഷയായി പരിഗണിക്കുന്നതുകൊണ്ടും വൈജ്ഞാനിക രംഗത്ത് പ്രത്യക്ഷപ്പെടുന്ന പുതിയ പുതിയ ആശയങ്ങൾ നാം തത്സമങ്ങളായും ആശയവിവർത്തനങ്ങളായും ഇന്നും സ്വീകരിച്ചുകൊണ്ടിരിക്കുന്നു. മലയാളത്തിൽ പ്രചാരത്തിലുള്ള പരകീയപദങ്ങളുടെ എണ്ണം തിട്ടപ്പെടുത്തിയാൽ ഒന്നാം സ്ഥാനം സംസ്കൃതത്തിനും രണ്ടാം സ്ഥാനം ഇംഗ്ലീഷിനും ആണ്. മലയാളഭാഷയുടെ പ്രയോഗതലത്തിൽ പല സ്വാധീനങ്ങളും ചെലുത്താൻ ഇംഗ്ലീഷിന് കഴിഞ്ഞിട്ടുണ്ട്.

അനാവശ്യമായ 'ഒരു' പ്രയോഗം (രാമനെ 'ഒരു' പാമ്പ് കടിച്ചു), ആവശ്യമില്ലാതെ വാക്യത്തിൽ കർത്താവിനെ നിർദ്ദേശിക്കുക (ആ പഴയ വീടിന് ചുറ്റും വാഴകൾ നിൽക്കുന്നത് 'ഒരു സന്ദർശകന്' കാണാം) നൈസർഗ്ഗികമല്ലാത്ത ഗതിപ്രയോഗം (ഈ തത്ത്വങ്ങളെ'പ്പറ്റി'യും അഭിപ്രായങ്ങളെ'പ്പറ്റി'യും പഠിക്കാൻ....) തുടങ്ങിയവ ഇംഗ്ലീഷ് സ്വാധീനഫലമായുണ്ടായ ശൈലീഭംഗങ്ങളായി കുട്ടിക്കൃഷ്ണമാരാർ ചൂണ്ടിക്കാട്ടുന്നു. ഇംഗ്ലീഷിലെ പദബന്ധഘടനയും വാക്യഘടനയും മലയാളത്തെ സ്വാധീനിച്ചിട്ടുണ്ടെന്ന് വാസുദേവഭട്ടതിരി ചൂണ്ടിക്കാണിക്കുന്നു.

ഉദാ : 1. കേരളത്തിന്റെ ഭാഷ (കേരളത്തിലെ ഭാഷ)

2. പോസ്റ്റ് ചെയ്യുക, സ്വിച്ചോൺ ചെയ്യുക

ഡോ. ജാൻസി ജയിംസ് മറ്റു ചില സ്വാധീനതകൾ ചൂണ്ടിക്കാട്ടുന്നു. ഫാൻ, ഫീസ്, ഫയൽ എന്നിവയിലെ ആദ്യവ്യഞ്ജനം. വ്യത്യസ്ത ലിപി ഉപയോഗത്തിലില്ലാത്തതിനാൽ ചിലരുടെ ഉച്ചാരണത്തിൽ ഫലം, ഫണം, ഫലിതം എന്നിവയിലെ ആദ്യവ്യഞ്ജനം ആംഗല വർണത്തിന്റെ രീതിയിലായിട്ടുണ്ട്. സംസ്കൃതസ്വാധീനഫലമായി പ്രചാരത്തിൽ വന്ന കർമ്മണി പ്രയോഗം ഇംഗ്ലീഷുമായുള്ള സമ്പർക്കത്താൽ വ്യാപകമായിട്ടുണ്ട്. ഇംഗ്ലീഷ് ശൈലിയെ അനുകരിക്കുന്നതുമൂലം വാക്യഘടന സങ്കീർണ്ണമായി. എം.എൽ.എ, എം. പി തുടങ്ങിയ ചുരുക്കെഴുത്തുകൾ ഇംഗ്ലീഷ് രീതിയിലുള്ളവയാണ്. ഇംഗ്ലീഷ് പദങ്ങളെ വ്യാകരണരൂപങ്ങളോടെ നാം സ്വീകരിച്ചിട്ടുണ്ട്. ഡ്രൈവർ, റിസർവ്ഡ്, ലോവർ, ഓപ്പറേഷൻ തുടങ്ങിയ പദങ്ങൾ പ്രത്യയങ്ങളോടെ മലയാളത്തിൽ പ്രയോഗിച്ചുവരുന്നുണ്ട്.

പ്രാകൃതം, ഹീബ്രു, പേർസ്യൻ, സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, അറബി, ഹിന്ദി, മറാഡി എന്നീ ഭാഷകളിൽ നിന്ന് പദങ്ങൾ മലയാളത്തിലേക്ക് പ്രവേശിച്ചിട്ടുണ്ട്.

**മലയാളത്തിൽ കൂടുതൽ പ്രചാരത്തിലുള്ള പരകീയ പദങ്ങക്ക് ഉദാഹരണങ്ങൾ**

**പ്രാകൃതപദങ്ങൾ**

| | | | | |
|---|---|---|---|---|
| അരയൻ | ഓച്ഛാനം | പട്ടയം | അച്ചാരം | തച്ചൻ |
| പട്ടം | മോതിരം | കൂടാരം | കച്ചവടം | കഷണ്ടി |
| റാണി | ആലവട്ടം | കൊത്തളം | ചന്ത | കമ്പം |
| വീരിയം | പല്ലക്ക് | താവളം | ചരക്ക് | ചാണകം |
| അത്താണി | കഴകം | പത്തി | ചെട്ടി | തൂൺ |
| കാരിയം | കപ്പം | പന്തി | വാണിയൻ | തളിക |
| ഞായം | തളി | പാളയം | അച്ചം | ചരുവം |
| ഗോപുരം | താനം | ചമ്മട്ടി | നാഴി | പെട്ടി |
| അവൽ | കുന്തുരുക്കം | അച്ചി | പന്തയം | കാവ് |
| ചക്കര | തൊപ്പി | ലോഹ്യം | മേളം | |
| കമ്പിളി | പൊട്ട് | വക്കാണം | അക്കം | |

**സംസ്കൃതപദങ്ങൾ**

| | | | |
|---|---|---|---|
| അരചൻ | ഉതിരം | നിന്ദ | ചോദ്യം |
| ഉദ്യോഗസ്ഥൻ | ജാലകം | ശല്യം | പത്രം |

| | | | |
|---|---|---|---|
| അവധി | പട്ടിക | സൗജന്യം | ത്രാണി |
| പ്രമാണം | പലിക | ആകാശം | ഭംഗി |
| ദത്തം | കമ്പ | മോക്ഷം | ദൃഢം |
| അംഗം | പലഹാരം | വിഷമം | |
| അവസ്ഥ | കളഭം | പുച്ഛം | |
| പട | | | |

**ഹിന്ദി പദങ്ങൾ**

കച്ചേരി, ദോത്തി, സാരി, പപ്പടം, ലാത്തി, പഞ്ചായത്ത്, ചട്ടിണി, ബന്ദ്, പൈസ, ബീഡി, ഗുണ്ട, പോക്കിരി, ലഡ്ഡു, പടക്കം

**മറാഠി പദങ്ങൾ**

റാണാ, ദളവാ, കത്തീ, കോന്തല, കിച്ചടി, തപാൽ, വട, സാമ്പാറ്

**പേർസ്യൻ പദങ്ങൾ**

അച്ചാർ, അബ്കാരി, ഉഷാർ, ഗുമസ്ഥൻ, ചപ്പാത്തി, തയ്യാർ, പീരങ്കി, ബിരിയാണി, ശിപായി, സവാരി, സുമാർ, ഗുമസ്തൻ, ജവാൻ.

**ഹീബ്രു**

ഓശാന, മിശിഹാ, മെത്ത

**അറബി**

ഇനാം, ഉലുവ, കത്ത്, കരാർ, ഖജാൻജി, ജപ്തി, തവണ, മൈതാനം, നാരങ്ങ, മരാമത്ത്, മാമൂൽ, മൈതാനം, റാക്ക്, റൊക്കം, വക്കീൽ

**സുറിയാനി**

കപ്യാർ, കുർബാന, കൂദാശ, മാമ്മോദീസാ, യേശു, സാത്താൻ

**ഗ്രീക്ക്**

അക്കാദമി, ക്രിസ്തു, ബൈബിൾ, സൂനഹദോസ്

**ലാറ്റിൻ**

അൾത്താര, എ. ഡി, ക്രിസ്ത്യാനി, സെമിത്തേരി, സെമിനാരി, പാപ്പർ, സർക്കസ്, എ. എം, പി.എം.

### പോർത്തുഗീസ്

അലമാര, ഇസ്തിരി, കപ്പിത്താൻ, 'കശു'മാവ്, കസേര, കുരിശ്, ചാക്ക്, ജന്നൽ, പാതിരി, മേശ, വരാന്ത, ലേലം.

## ആനുകാലിക മലയാളത്തിന്റെ സവിശേഷതകൾ

### നവമാധ്യമങ്ങളും ഭാഷയും

ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളുടെ കാലം പിന്നിട്ട് 1980 കൾ മുതൽ നവമാധ്യമ (New Media) ങ്ങളിലേക്ക് കടക്കുമ്പോൾ സാങ്കേതികതയും സാമൂഹികതയും അതിൽ ചർച്ചാവിഷയങ്ങളാകുന്നു. നവ മാധ്യമങ്ങളിൽ ഒരു വിഭാഗം സാമൂഹ്യമാധ്യമം (Social Media) എന്നാണ് അറിയപ്പെടുന്നതുതന്നെ. പരമ്പരാഗത വ്യാവസായിക, ബഹുജനമാധ്യമങ്ങൾ എന്നൊക്കെ പരാമർശിക്കപ്പെടുന്ന ആധുനിക മാധ്യമങ്ങളിൽപ്പെടുന്നവയാണ് അച്ചടി മുതൽ ടെലിവിഷൻ വരെയുള്ളവ. കമ്പ്യൂട്ടർ അനുബന്ധ മാധ്യമങ്ങളും ആധുനിക മാധ്യമങ്ങളുടെ ഡിജിറ്റൽ രൂപങ്ങളും ഉൾപ്പെടുന്നവയാണ് നവമാധ്യമങ്ങൾ.

നവമാധ്യമങ്ങളുടെ സ്വാധീനഫലമായി ലോകത്തിലെല്ലായിടത്തും ഭാഷയിൽ ചലനാത്മകമായ വ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇന്റർനെറ്റും മൊബൈൽ ഫോണും, കമ്പ്യൂട്ടറുമൊക്കെ നൽകുന്ന നവഭാഷാസാധ്യതയുടെ പ്രധാനപ്പെട്ട ഉദാഹരണങ്ങളാണ് ടെക്സ്റ്റെസെ (textese), ചാറ്റ്പീക്ക് (chatpeak), ടെക്റ്റീസ് (textes) തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ലിഖിതഭാഷ. അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളും ചുരുക്കപ്പേരുകളുമൊക്കെ ചേർത്ത് നിർമ്മിക്കപ്പെട്ട വരമൊഴി ഭാഷ പദശുദ്ധി, വാക്യഘടന, വ്യാകരണനിയമം തുടങ്ങി എല്ലാ ഭാഷാനിയമങ്ങളെയും ഈ പുതുഭാഷ അതിലംഘിക്കുന്നു. ആഗോളഭാഷ എന്ന ആശയത്തിന്റെ സാധൂകരണം കൂടിയാണിത്. ആഗോളവത്ക്കരണത്തിന്റെ ഭാഷയായ ഇംഗ്ലീഷ് ഭാഷയ്ക്കാണ് പുതുഭാഷയുടെ കർത്തൃത്വം. ഓരോ പ്രാദേശികഭാഷയിലും ഇംഗ്ലീഷ് ഭാഷയുമായി ചേർന്ന് മറ്റൊരുഭാഷ രൂപപ്പെടുന്നു. മലയാളത്തിൽ ഇത്തരത്തിൽ രൂപപ്പെട്ട ഭാഷയാണ് മംഗ്ലീഷ് ഭാഷ. അനൗദ്യോഗിക സംഭാഷണഭാഷയിലേക്ക് പുതിയ പദങ്ങൾ കടന്നുവരുന്നു. പ്രാദേശികഭാഷാ വഴക്കങ്ങൾ നഷ്ടപ്പെടുകയും പുതിയ ശൈലിയും ഉച്ചാരണവും രൂപപ്പെടുകയും ചെയ്യുന്നു.

ഭാഷയുടെ ഏറ്റവും പുതിയ ഒരവസ്ഥയാണ് സൈബർഭാഷ. ഈ ഭാഷയുടെ വ്യക്തിത്വം ബഹുസ്വരതയിൽ അധിഷ്ഠിതമാണ്. ഇംഗ്ലീഷ് മാത്രമാണ് ഇന്റർനെറ്റിന്റെ ഭാഷയെന്ന ധാരണയെ സാങ്കേതികമായി തിരുത്താൻ ശേഷിയുള്ളതാണ് യൂണികോഡ് ഫോണ്ടുകൾ. വിവിധ ഭാഷകളിലുള്ള യു ട്യൂബ്, ആവിഷ്കാരത്തിന്റെയും ഭാഷയു

ടെയും ദൃശ്യസാന്നിധ്യമുള്ള ആഖ്യാനരൂപങ്ങളാണ്. ബ്ലോഗുകൾ ആശയാവിഷ്ക്കാരത്തിന്റെ വൈവിധ്യമാണ് കാണിച്ചുതരുന്നത്. ഗ്ലോബിഷ് എന്ന പേരിൽ വളർന്നുവരുന്ന ഭാഷയും ശ്രദ്ധേയമാണ്.

## പരസ്യഭാഷ

കാഴ്ചയ്ക്ക് രസകരവും ഉപഭോക്താക്കൾക്ക് പ്രയോജനപ്രദവും മാധ്യമങ്ങളുടെ മുഖ്യവരുമാന മാർഗ്ഗവുമാണ് പരസ്യങ്ങൾ. കുട്ടികൾ മാത്രമല്ല മുതിർന്നവരും ഇത് ആസ്വദിക്കുന്നു. ഒരു ഉല്പന്നത്തെ സംബന്ധിച്ച പുതുമയുള്ള ആശയം അവതരിപ്പിക്കാനായി ഉപയോഗിക്കുന്ന ഭാഷ പ്രധാനമാണ്. ഹ്രസ്വവും അതിവേഗം ആശയകൈമാറ്റം നടത്തുന്നതും കേൾവിക്ക് സുന്ദരവുമായിരിക്കണം അതിലെ ഭാഷ. ഉച്ചാരണശുദ്ധിയും പ്രധാനമാണ്. ആദിമധ്യാന്തങ്ങൾ ഒരു പരസ്യത്തിനുണ്ട്. ആദ്യം പ്രേക്ഷകരെ പിടിച്ചിരുത്തുന്ന രീതിയിൽ തലവാചകങ്ങളും വിഷ്വലുകളും കാണാം. മധ്യത്തിൽ ഉൽപ്പന്നത്തിന്റെ ഉൽകൃഷ്ടമൂല്യം വിളിച്ചോതുന്ന ട്രീറ്റ്മെന്റ്. ഒടുവിൽ മുദ്രാവാക്യം പോലെ മുഴങ്ങുന്ന ഒരു കൊച്ചു വാചകം. ജീവനുള്ള പദങ്ങൾ, ഈണമാർന്ന സംഗീതം, ചടുലവും മനസ്സിൽ തറയ്ക്കുന്നതുമായ വിഷ്വൽസ് എന്നിവ അവശ്യഘടകങ്ങളാണ്. ഇന്ന് പരസ്യങ്ങളിലും മംഗ്ലീഷ് ഉപയോഗിക്കുന്ന പ്രവണത അധികമായി കാണുന്നു. പഴഞ്ചൊല്ലുകൾക്കു പകരം പരസ്യവാചകങ്ങളാണ് ഇന്ന് ജനങ്ങളുടെ നാവിൻതുമ്പിൽ നിറഞ്ഞു നിൽക്കുന്നത്. What an idea, അതിമനോഹരമായിരുക്കുന്നു, വന്നല്ലോ വനമാല, ഒരു ചെയ്ഞ്ച് ആരാണ് ഇഷ്ടപ്പെടാത്തത്, നിങ്ങളില്ലാതെ എനിക്കെന്താഘോഷം, വിശ്വാസം – അതല്ലേ എല്ലാം തുടങ്ങി നിരവധി പരസ്യവാചകങ്ങൾ സംഭാഷണരീതിയെത്തന്നെ മാറ്റിമറിക്കുന്നു. പരസ്യഭാഷ ഇന്ന് ദൈനംദിന ജീവിതത്തിൽ ഇടപെടുന്നു.

## കോംപയറിംഗ് മലയാളം

ടെലിവിഷൻ പ്രോഗ്രാമുകളിലെ ഏറ്റവും ജനപ്രിയവിഭാഗമായ റിയാലിറ്റി ഷോകളുടെ ജനപ്രിയത നിർണ്ണയിക്കുന്ന പ്രധാനഘടകങ്ങളാണ് അവതാരകരുടെ ഭാഷയും അവതരണരീതിയും. മലയാളത്തിലെ ടെലിവിഷൻ റിയാലിറ്റി ഷോകളിൽ സാധാരണയായി ഉപയോഗിക്കുന്ന ഭാഷ ഇംഗ്ലീഷ് പദങ്ങൾ ധാരാളമായി കൂട്ടിച്ചേർത്ത മലയാളഭാഷയാണ്. റിഥം, ടെമ്പോ, പിച്ച്, സ്റ്റൈൽ, എക്സ്പ്രഷൻ, എലിമിനേഷൻ റൗണ്ട്, സെലിബ്രിറ്റീസ്, കമന്റ്, പോയിന്റ്സ്, എസ്.എം.എസ്, ഫോർമാറ്റ് മുതലായ പദങ്ങൾ ധാരാളമായി ഉപയോഗിക്കുന്നു. മലയാളഭാഷ അത്ര പരിചയമില്ലാത്ത അവതാരകരും ജഡ്ജസും വികലമായിട്ടാണ് പലപ്പോഴും ഉച്ചരിക്കുന്നത്. പല ഇംഗ്ലീഷ് വാക്കുകളും മലയാള ഭാഷയ്ക്കൊപ്പം ചേർത്തുപയോഗിക്കുന്നു. ബയങ്കരം, ബാര്യ, കുറ്റി എന്നിങ്ങനെ തെറ്റായ ഉച്ചാരണങ്ങൾ ധാരാളം കാണും. OK, but, so, became, I think, fantastic, superb, fabulous, extra vagent, ridiculuos ഇങ്ങനെ ഇംഗ്ലീഷ്

വാക്കുകൾ ഇടയ്ക്കിടെ തിരുകിക്കൊണ്ടുള്ള അവതരണമാണ് പലപ്പോഴും ചാനലുകളിൽ നടക്കുക. വീണ്ടുമൊരു കോളനീകരണത്തിന് നാമിവിടെ വിധേയമാകുന്നു.

## എസ്. എം. എസ് മലയാളം

ഏറ്റവും പ്രധാനപ്പെട്ട ജനകീയ മാധ്യമമായി മൊബൈൽ ഫോൺ മാറി. നേരിട്ട് സംസാരിക്കാൻ കഴിയാത്തതു പലതും എഴുതിച്ചേർക്കുന്ന രീതി വ്യാപകമായിരിക്കുന്ന സംസ്കാരത്തിൽ മൊബൈൽ എസ്. എം. എസിന് പ്രാധാന്യം കൂടിവരുന്നു. ഷോർട്ട് മെസ്സേജ് സർവ്വീസ് എന്നതിന്റെ ചുരുക്കപ്പേരാണ് എസ്. എം. എസ്. ഭാഷ നിലനിന്നുകൊണ്ട് അക്ഷരമാല അന്യമാവുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. മലയാളവും ഇംഗ്ലീഷും ഇടകലർത്തി എഴുതി നാം സംസാരിക്കുന്ന രീതി അതേപടി ഇംഗ്ലീഷിൽ എഴുതുന്ന സംസ്ക്കാരസംക്രമണത്തിന്റെ കാലമാണിത്. ആശയസംവേദനത്തിന് കാര്യം അറിയിക്കുക എന്നതാണ് ധർമ്മം. അതിനാൽ വലിച്ചു നീട്ടാതെ ചുരുക്കി എഴുതുന്നു. ചുരുക്കെഴുത്തു സംസ്ക്കാരമാണ് എസ്. എം. എസ് കൈമാറുന്നത്. എസ്. എം. എസ് ഭാഷയിലെ പ്രധാനസവിശേഷത ഒരക്ഷരമോ, അക്കമോ, ചിഹ്നമോ കൊണ്ട് ഒരു വാക്കോ വാക്കിന്റെ ഭാഗത്തെയോ പ്രതിനിധീകരിക്കുന്നതാണ്. മലയാളഭാഷയിലെ പല പദങ്ങളും ആധുനിക ഇംഗ്ലീഷ് ഡിക്ഷനറികളിൽ കാണാം. പിക്ടോഗ്രാമുകളും ലോഗ്രോഗ്രാമും (ഒറ്റയക്ഷരമോ അക്കങ്ങളോ പ്രതീകങ്ങളോ ഉപയോഗിക്കുന്ന രീതി), ഒരു വാക്കിന്റെ പ്രഥമാക്ഷരം കൊടുത്ത് പദം കൊടുക്കുന്ന രീതി (initialism), പദങ്ങളിലെ ബീജാക്ഷരമല്ലാത്തവയെ ഒഴിവാക്കുന്ന രീതി, വാക്കുകളിലെ വ്യത്യസ്തത അക്ഷരങ്ങളിലൂടെ പ്രതിഫലിപ്പിക്കുന്ന രീതി തുടങ്ങിയവ എസ്. എം. എസ് ഭാഷയിൽ ഉപയോഗിക്കുന്നു. ഭാഷയും സംസ്ക്കാരവും എസ്. എം. എസ്സിലൂടെ പുതിയൊരു തലത്തിലേക്കു പ്രവേശിക്കുന്നു.

ഇംഗ്ലീഷ് ലിപിയിലൂടെ കൈമാറ്റം ചെയ്യുന്ന മലയാളസന്ദേശം നിലവിലിരിക്കുന്ന ഒരു ഭാഷായാഥാർത്ഥ്യമാണ്. മലയാള ഭാഷയുടെ ലിപ്യന്തരപ്രവേശത്തിനു കാരണം നവ മാധ്യമങ്ങളാണ്. ഭാഷയെപ്പറ്റിയും അതിന്റെ വ്യാകരണം, ഉച്ചാരണം എന്നിവയെപ്പറ്റിയുമുള്ള ധാരണകൾ എസ്. എം. എസ്സിൽ അടിമുടി മാറുന്നു. ആശയവിനിമയത്തിൽ ഇവ സങ്കീർണ്ണതകളുണ്ടാക്കുന്നുണ്ട്. ലിപ്യന്തരണം ചെയ്ത മലയാള സന്ദേശങ്ങൾ ഇംഗ്ലീഷ് രീതിയിലുള്ള ചുരുക്കെഴുത്തുകൾ ഉപയോഗിക്കുന്നു. മലയാള സന്ദേശങ്ങൾ മലയാള ലിപിയിൽ എഴുതപ്പെടുമ്പോൾ ചുരുക്കെഴുത്തു നിർമ്മാണം അസാധ്യമാണ്. ചുരുക്കത്തിൽ മൊബൈൽ ഫോണിലെ എസ്. എം. എസ് ഭാഷ മറ്റൊരു വ്യവഹാരമാതൃകയായി ഇന്ന് മാറിക്കഴിഞ്ഞു.

## സൈബർ ഭാഷ

പുതുഭാഷകളുടെ നിർമ്മിതിയും വിനിമയവും മനുഷ്യപുരോഗതി സാധ്യമാക്കുന്നു. ഭാഷയുടെ പുതുരൂപമാണ് സൈബർ ഭാഷ. ഈ ഭാഷയുടെ വ്യക്തിത്വം ബഹുസ്വരതയിൽ അധിഷ്ഠിതമാണ്. ആശയനിർമ്മിതിയിലെ ലളിതവൽക്കരണം, വിനിമയത്തിലെ വേഗം തുടങ്ങിയവയ്ക്കൊപ്പം സ്വീകരണത്തിലെ മാധ്യസ്വാധീനവും ഈ ഭാഷയുടെ സവിശേഷതയാണ്. അടിസ്ഥാനപരമായി ഓരോ മാധ്യമത്തിനും അതിന്റേതായ ഭാഷാരൂപീകരണ രീതിയും വിനിമയ രീതിയുമാണുള്ളത്. ഇവിടെ ഭാഷതന്നെ മാധ്യമത്തിനനുസരിച്ച് മാറുന്നുണ്ട്.

ഇംഗ്ലീഷ് ഭാഷ ആധിപത്യമുറപ്പിച്ച സൈബർ സ്പേസിൽ വൈകിയെത്തിയ ഭാഷകളിലൊന്നാണ് മലയാളം. മലയാളം ബ്ലോഗുകളാണ് കമ്പ്യൂട്ടറിൽ മലയാളം ഉപയോഗിക്കുന്നത് വ്യാപകമാക്കിയത്. യൂണികോഡ് എന്നറിയപ്പെടുന്ന കമ്പ്യൂട്ടർ ലിപിവ്യവസ്ഥ വന്നതോടുകൂടി മലയാളം കമ്പ്യൂട്ടറിനു വഴങ്ങുന്ന ഒന്നായി. എല്ലാ ഭാഷയ്ക്കും തനതായ ലിപിസ്ഥാനങ്ങൾ നിശ്ചയിച്ചുകൊണ്ട് അന്താരാഷ്ട്രതലത്തിൽ വന്നിട്ടുള്ള സംവിധാനമാണ് യൂണികോഡ്. ലോകമലയാളികൾ അവനവന്റെ നാട്ടുഭാഷയിൽ സംസാരിക്കുകയും ഭാഷാവൈവിദ്ധ്യങ്ങളുടെ സൗന്ദര്യം തിരിച്ചറിയുകയും ചെയ്യുന്ന ആഗോള പ്രാദേശികത (glocalism)യാണ് സൈബർ മലയാളത്തിൽ കാണുക. ഭാഷയുടെ തുറവിയെ തിരിച്ചറിയുന്ന പുതിയ വാക്കുകളും വ്യാകരണരൂപങ്ങളുമാണ് സൈബർ മലയാളത്തിന്റെ പ്രത്യേകത. അതിന്റെ ഭാഗമായി ഇന്റർനെറ്റുമായി ബന്ധപ്പെട്ട സാങ്കേതികപദങ്ങൾ മലയാളത്തിലുണ്ടായി. ബ്ലോഗൻ, ബ്ലോഗി, അനോനി, വിക്കിപ്പീഡിയന്മാർ തുടങ്ങിയവ ഉദാഹരണങ്ങളാണ്. മലയാളത്തിലെ പദസങ്കരണം (blending) മംഗ്ലീഷ് എന്ന വാക്കിലൊതുങ്ങിയിരുന്നിടത്ത് നിരവധി പുതിയ സങ്കരപദങ്ങൾ ഉടലെടുത്തു. ബ്ലോത്രം, ബ്ലോഗന തുടങ്ങിയവ ഉദാഹരണങ്ങളാണ്. തിരമൊഴി (hyper text) തിരക്കണ്ണി (hyper link) തുടങ്ങിയ സമസ്തപദങ്ങളും ഉണ്ടായി. ഇന്റർനെറ്റിലെ വ്യാകരണരൂപങ്ങളിലും പുതുമകൾ കടന്നുവന്നു. ഇന്റർനെറ്റിലൂടെ പുതിയ നാമധാതുക്കൾ കടന്നുവരുന്നു. മഴയുക, തീയുക, വെയിലുക തുടങ്ങിയവ സൈബർ പദങ്ങളാണ്. ചാറ്റുക, ലിങ്കുക, പോസ്റ്റുക, ലൈക്കുക, കമന്റുക, ബ്രൗസുക തുടങ്ങി ക്രിയയിൽ ക്രിയാപ്രത്യയം ചേർക്കുന്ന രീതിയും കാണാം. പദവ്യാകരണരൂപങ്ങളിലും വാക്യഘടനയിലും ശൈലികളിലും നവീനത നേടുകയാണ് സൈബർമലയാളം.